പരിഭവങ്ങളില്ലാത്ത പകയില്ലാത്ത



# എന്റെ ജീവിതാനുഭവങ്ങൾ

ഡോ. എൻ. ഗോപാലകൃഷ്ണൻ

INDIAN INSTITUTE OF SCIENTIFIC HERITAGE
Thiruvananthapuram - 695 018

Heritage Publication Series - 100

Scanned with CamScanner

തുമായി ഒരു ബന്ധവുമില്ലാത്തവർക്കും ശരിയായ ജാതകം എഴുതുന്നതിനു വേണ്ടിയാണ് നഷ്ട ജാതകാദ്ധ്യായത്തിലെ അറിവുകൾ ഉപയോഗിക്കുക. അതിന്റെ അടിസ്ഥാനത്തിൽ എന്റെ സംസാര രീതി, പെരുമാറ്റം, ശരീരപ്രകൃതി ഇവയെല്ലാം സൂക്ഷ്മമായി പരിശോധിച്ചതിനുശേഷം തയ്യാറാക്കിയ രാശിചക്രമാണ് എന്നെ കാണിച്ചത്.

ആയിരക്കണക്കിന് പശുക്കളുള്ള കേന്ദ്രത്തിലേക്കാണ് ഞങ്ങൾ പിന്നീട് പോയത്. എല്ലാ പശുക്കൾക്കും ലളിതാസഹസ്രനാമത്തിലെ പേരുകളാണ് നൽകിയിട്ടുള്ളത്. കഴുത്തിൽ മാലയും നെറ്റിയിൽ കുങ്കുമവുണ്ട്. ഡയറിയുടെ മാനേജർ ആ നഗരത്തിലെ അമേരിക്കക്കാരനായ മേയറാണ്. അവിടെയും ചെറുതും വലുതുമായ ചർച്ചകളും ക്ലാസുകളും കഴിഞ്ഞ് ഞങ്ങൾ പ്രദീപിന്റെ വീട്ടിലെത്തി.

**വേദനാജനകമായ ഒരു പ്രഭാഷണം**

അയോവാ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ ഒരുവൻപരിപാടി സംഘടിപ്പിച്ചിരുന്നു. പ്രധാന സംഘാടകയായ ഡോക്ടറോട് (സ്ത്രീയായിരുന്നു) ഞാൻ പറഞ്ഞിരുന്നു. ആർക്ക് സംശയമുണ്ടെങ്കിലും എഴുതിത്തരാൻ പറയണം. മൈക്ക് സെറ്റിലൂടെയുള്ള സംശയനിവാരണം വേണ്ടായെന്ന്. പക്ഷേ ആ ലേഡി ഡോക്ടർ പറഞ്ഞു. "ഇതമേരിക്കയാണ് ആർക്കും നേരിട്ടു ചോദിക്കാനുള്ള അവസരമുണ്ട്." അതു പ്രശ്നമുണ്ടാക്കുമെന്നും ഞാൻ പറഞ്ഞത് അവർ നിസ്സാരമാക്കിത്തള്ളിക്കളഞ്ഞു. മതപരിവർത്തനത്തേയും ചിലരീതിയിലുള്ള രാഷ്ട്രീയ പ്രവർത്തനങ്ങളേയുമെല്ലാം അതിശക്തമായ ഭാഷയിൽ എതിർക്കുന്ന എന്റെ കാസറ്റുകളും സിഡികളും അമേരിക്കയിൽ ധാരളമായി പ്രചരിച്ചിട്ടുണ്ട്. അതിനാൽ അത് കേട്ട് ചിലരെങ്കിലും പ്രതികരിക്കാനിടയുണ്ടെങ്കിൽ സദസ്സിൽ അതൊരു പ്രശ്നമാകാതിരിക്കാനാണ് ഞാൻ അപ്രകാരം ഒരു മുൻകരുതലെടുക്കണമെന്ന് സംഘാടകരോട് പറഞ്ഞത്.

അതൊരസാധാരണമായ പ്രഭാഷണമായിരുന്നു. നല്ല ചോദ്യോങ്ങളുമുണ്ടായിരുന്നു. അവസാനം എബ്രഹാം എന്നുപേരായ ഒരു ചെറുപ്പക്കാരൻ അനാവശ്യമായ പല കമന്റുകളും മൈക്കിലൂടെ പറഞ്ഞ് സദസ്സ് അലങ്കോലപ്പെടുത്തി. വേദനാജനകമായ ഈ സംഭവം നല്ലൊരു പരിപാടിയുടെ ചൈതന്യം നശിപ്പിച്ചു. കേരള ക്രൈസ്തവരുടെ പ്രതിനിധിയായി വന്ന് സനാതനധർമ്മത്തിന്റെ പ്രകാശമില്ലാതാക്കുകയായിരുന്നു അയാളുടെ ലക്ഷ്യമെന്ന് പിന്നീട് വ്യക്തമാകുകയുണ്ടായി. അടുത്തുള്ള മലയാളികളുടെ പള്ളിയിൽ നിന്ന് ചിലരാണ് എബ്രഹാമിനെ പറഞ്ഞയച്ചതെന്നറിയാൻ സാധിച്ചു. ആ സംഘാടകരിൽ ഒരാളായ ലേഡി ഡോക്ടറാകട്ടെ ഈ സംഭവം നടക്കുമ്പോൾ സാവധാനത്തിൽ



Scanned with CamScanner

അവിടെനിന്നും അപ്രത്യക്ഷയാവുകയും ചെയ്തു. പങ്കെടുത്തവർക്കെല്ലാം ആത്മാഭിമാനം തോന്നുകയും ഇന്ത്യയിൽ നിന്നുകൊണ്ടുപോയ പ്രഭാഷണ സിഡികളുടെ നൂറുകണക്കിന് കോപ്പി ജനങ്ങളിലെത്തുകയും ചെയ്തു. ഈ എബ്രഹാമിന്റെ വെല്ലുവിളി ഇന്നും മനസ്സിൽ വേദനാജനകമായി നിൽക്കുന്നു. പല നല്ല സംശയങ്ങളും, ചർച്ചകളും, പരസ്പരം അഭിനന്ദനങ്ങളും കൊണ്ട് നിറഞ്ഞു നിന്ന് അവസാനിക്കേണ്ടിയിരുന്ന പ്രഭാഷണത്തിന്റെ അന്ത്യത്തിൽ ഇങ്ങിനെയൊന്നു സംഭവിച്ചതിൽ പലർക്കും ദുഃഖം തോന്നി. ഇത്തരത്തിലൊരു അനുഭവം എനിക്ക് ജീവിതത്തിലാദ്യമായിരുന്നു.

അടുത്തദിവസം തന്നെ പ്രദീപ് എന്നെ ചിക്കാഗോവിൽ ജയപ്രകാശിന്റെ വീട്ടിലെത്തിച്ചു. അവിടെനിന്ന് ചിക്കാഗോവിലെ സീയേഴ്സ് ടവറും, സ്വാമി വിവേകാനന്ദൻ പ്രസംഗിച്ച സ്ഥലവും മ്യൂസിയവുമെല്ലാം കണ്ണുനിറയെ കണ്ടു. സ്വാമി വിവേകാനന്ദന്റെ സന്ദേശങ്ങൾ രക്തത്തിലലിയിപ്പിക്കാൻ സാധിക്കുമാറ് വിസ്തരിച്ചായിരുന്നു ഈയവസരത്തിലെ സന്ദർശനം, ഒരു ഓട്ടപ്രദിക്ഷിണമായിരുന്നില്ല. ഒരു പഠനാനുഭവാസ്വാദനമായിരുന്നു, കൂടെ ചർച്ചയും.

**ക്ളീവ് ലാണ്ട് യൂണിവേഴ്സിറ്റിയിലേക്ക്!**

തിരുവനന്തപുരത്തു വരുന്ന ക്ലീവ്ലാണ്ട് യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾക്ക് എല്ലാ ജൂലൈ മാസത്തിലും ഞാൻ ക്ലാസെടുക്കാറുണ്ട്. അവിടെ പ്രൊഫസറായി പ്രവർത്തിക്കുന്ന ഡോ. മുരളി.ഡി.നായരുടെ ക്ഷണമനുസരിച്ചായിരുന്നു ചിക്കാഗോവിൽ നിന്ന് ക്ലീവ്ലാണ്ടിലേക്കുള്ള യാത്ര. 23ന് അതിരാവിലെ ഉണർന്ന് 6 മണിക്കുള്ള ഫ്ളൈറ്റിൽ ക്ലീവ്ലാന്റിലേക്കു പുറപ്പെട്ട് 9 മണിക്കവിടെയെത്തുകയും ചെയ്തു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കുന്നതു മുതൽ വെബ്സൈറ്റിന്റെ മുഴുവൻ ചിലവും, അത് വികസിപ്പിക്കലും, അതിൽ പുതിയ പ്രഭാഷണങ്ങളെല്ലാം അപ്ലോഡ് ചെയ്യലും ശ്രീ. ശ്രീധരൻനായരുടെ സോഫ്ട് റൂട്ട് എന്ന ഐടി കമ്പനിയായിരുന്നു (തിരുവനന്തപുരത്തു ചെയ്തുകൊണ്ടിരുന്നത്). അദ്ദേഹമാണ് എന്നെ സ്വീകരിക്കാൻ എയർപോർട്ടിലേക്ക് വന്നത്. ശ്രീധർജിയുടെ വീട്ടിലായിരുന്നു എന്റെ താമസം. അവിടെ അന്നു രണ്ടു ക്ലാസ്സുകളുണ്ടായിരുന്നു. വളരെ ശാന്തനായ ശ്രീ ശ്രീധരൻനായർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിലെ ഇന്റർനെറ്റ് ബന്ധിത കാര്യങ്ങൾക്ക് ആദ്യകാലം മുതൽക്കു തന്നെ നേതൃത്വം നൽകിയിരുന്നു. കൂടാതെ ഒന്നുമില്ലായിരുന്ന ഇൻസ്റ്റിറ്റ്യൂട്ടിനെ ലോകജനതയ്ക്ക് പരിചയപ്പെടുത്തിയതും ഇന്റർനെറ്റ് നിലനിർത്തു



Scanned with CamScanner

ന്നതിന്റെ ചെലവെല്ലാം വഹിക്കുന്നതും അദ്ദേഹമായിരുന്നു. സ്വന്തം ജോലിക്കാരെക്കൊണ്ടു തന്നെ വെബ്സൈറ്റിന്റെ എല്ലാകാര്യങ്ങളും അദ്ദേഹം ചെയ്യിപ്പിച്ചിരുന്നു.

**ഡെത്ത് ആന്റ് ഡൈയ്യിങ് ക്ലാസ്**

ഇൻസ്റ്റിറ്റ്യൂട്ടിന്റെ എല്ലാ പ്രവർത്തനങ്ങളും ആരംഭകാലം മുതൽക്കുതന്നെ ശ്രദ്ധയോടെ വീക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്ന പ്രൊഫ. മുരളി.ഡി. നായർ പ്രവർത്തിക്കുന്ന ക്ലീവ്ലാണ്ട് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലാണ് അടുത്തദിവസം ഞാൻ പോയത്. വിദ്യാർത്ഥികൾക്ക് എന്റെ ക്ലാസ് ഏർപ്പെടുത്തിയിരുന്നു. ക്ലാസിൽ കയറിയതിനുശേഷമാണ് എനിക്ക് വിഷയം തന്നത്. 'ഡെത് ആന്റ് ഡൈയ്യിംഗ്' ആയിരുന്നു വിഷയം. അന്നുവരെ ഇപ്രകാരമൊരു വിഷയത്തിൽ ക്ലാസെടുത്തിട്ടില്ല. എങ്കിലും ഷോഡശ കർമ്മങ്ങളിൽ അന്ത്യേഷ്ടിയെക്കുറിച്ച് പദാനുപദം വിവരിച്ചു. അത്യാകർഷകമായിരുന്നു എന്ന് ആ ക്ലാസിന്റെ ചാർജ്ജുള്ള പ്രൊഫസറും പറഞ്ഞു. അതിൽ പങ്കെടുത്ത വിദ്യാർത്ഥികളെല്ലാവരും ചോദിച്ചത് ഞങ്ങൾ ഹിന്ദുക്കളാകാൻ ആഗ്രഹിക്കുന്നു. അതിനുള്ള വഴിയെന്താണ് എന്നായിരുന്നു. ക്ലീവ്ലാണ്ട് യൂണിവേഴ്സിറ്റിയിൽ സോഷ്യോളജി ഡിപ്പാർട്ടുമെന്റിൽ ഇത്തരം ഒരു ക്ലാസ്സ് എടുക്കുന്നതിനു മുമ്പ് എന്റെ മലയാള ചുവയുള്ള ഇംഗ്ലീഷ് അവിടത്തെ വിദ്യാർത്ഥികൾക്ക് മനസ്സിലാകുമോ എന്ന ഭയവുമുണ്ടായിരുന്നു. പക്ഷേ ഓരോ വിദ്യാർത്ഥിയും ക്ലാസിലിരുന്ന രീതിയും പോയിന്റുകളെഴുതിയെടുത്ത രീതിയും രസകരമായിരുന്നു. വിഷയം അവരെ വല്ലാതെ സ്വാധീനിച്ചതുകൊണ്ടാണ് അവരെല്ലാം ഹിന്ദുക്കളാകാൻ ആഗ്രഹിക്കുന്നു എന്നു പറഞ്ഞതും. ആ ക്ലാസു കഴിഞ്ഞപ്പോൾ എനിക്കു തോന്നി ഒരാറുമാസം ഞാൻ അമേരിക്കൻ പര്യടനം നടത്തിയാൽ അവിടത്തുകരെ സനാതനധർമ്മത്തിലേക്കു കൊണ്ടുവരാൻ വലിയ ബുദ്ധിമുട്ടുണ്ടാകില്ല എന്ന്. അതേ പ്രൊഫസറുടെതായിരുന്നു ഞാൻ കൈകാര്യം ചെയ്ത അടുത്തക്ലാസും. മന്ത്രത്തിന്റെ മഹത്വത്തെക്കുറിച്ചായിരുന്നു എന്റെ രണ്ടാമത്തെ ക്ലാസ്. അത്യത്ഭുതത്തോടുകൂടിയാണ് വിദ്യാർത്ഥികൾ ക്ലാസ് കേട്ടതും മന്ത്രം ചൊല്ലിയതും. ഓരോ വിദ്യാർത്ഥിയെയും നിലത്തിരുത്തി മന്ത്രം ചൊല്ലിച്ചു. ഓരോ പദത്തിന്റേയും അർത്ഥവും മന്ത്രസന്ദേശവും വിവരിച്ചുകൊടുത്തു. അവരെല്ലാം ആദ്യമായി കേൾക്കുന്ന മന്ത്രങ്ങൾ, അവരുടെ ശരീരത്തിലുണ്ടാകുന്ന വൈബ്രേഷൻ അവരറിയുന്നു എന്നു പറഞ്ഞു. എല്ലാവിദ്യാർത്ഥികളും പ്രൊഫ. മുരളി.ഡി.നായരുടെയടുത്തു വന്നു ഇങ്ങിനയൊരു ക്ലാസ് സംഘടിപ്പിച്ചതിന് നന്ദിപറയുന്നുണ്ടായിരുന്നു. രണ്ടു ക്ലാസുകളും കഴി



Scanned with CamScanner

ഞ്ഞപ്പോൾ ഇംഗ്ലീഷുകാരനായ പ്രൊഫസർ പറഞ്ഞു "എന്റെ ജീവിതത്തിൽ ഞാനിങ്ങിനെ രണ്ടു ക്ലാസ്സുകൾ കേട്ടിട്ടില്ല. മുപ്പതു പേജ് നോട്ടുകളാണ് ഞാനെഴുതിയെടുത്തത്. നിങ്ങളുടെ ഒരു പ്രഭാഷണം ക്ലീവ്ലാന്റ് റേഡിയോവിൽ കൊടുക്കണമെന്ന് ഞാൻ വൈസ്ചാൻസലറോടു പറഞ്ഞിട്ടുണ്ട്."

**കർട്ടിസ് വിൽസൺ അവാർഡ് ലഭിച്ചത്.**

ക്ലീവ്ലാണ്ട് സ്റ്റേറ്റ് യൂണിവേഴ്സിറ്റി, ഞാൻ ഭാരതീയ പൈതൃക പഠന പ്രചരണത്തിന് ചെയ്ത എല്ലാ കർമ്മധർമ്മങ്ങളും വിലയിരുത്തി. എനിക്ക് ഈ പ്രഭാഷണത്തിന്റെ അന്ത്യത്തിൽ കർട്ടിസ് വിൽസൺ കൊളോകിയം സീരീസ് അവാർഡ് സമ്മാനിച്ചത് അവിസ്മരണീയമായ അനുഭവമായിരുന്നു. കുറേക്കാലമായി ഭാരതം സന്ദർശിക്കുന്ന ക്ലീവ്ലാണ്ട് യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും. തിരുവനന്തപുരത്ത് വച്ച് ഞാൻ ക്ലാസ്സെടുക്കുന്നതും ഈ അവാർഡിന് എന്നെ അർഹനാക്കിയതിൽ ഒരു ഘടകമായിരുന്നു. നവംബർ 25 ന് ഗ്രീൻസ് പാർട്ടിയുടെ അമേരിക്കൻ പ്രസിഡന്റ് സ്ഥാനാർത്ഥിയായ വ്യക്തിയേയും എന്നേയും ഒരുമിച്ചായിരുന്നു പ്രൊഫ. ബ്രോഡി എന്ന പ്രൊഫസർ റേഡിയോ ഇന്റർവ്യൂ നടത്തിയത്. എന്റെ ഇന്റർവ്യൂ ഏകദേശം ഒരു മണിക്കൂർ നേരിട്ടു ബ്രോഡ്കാസ്റ്റിംഗ് ആയിരുന്നു. എനിക്ക് ലഭിച്ചതിൽ വച്ച് ഏറ്റവും വലിയ അംഗീകാരമായിരുന്നു ഇത്. എന്റെ ക്ലാസും റേഡിയോ ഇന്റർവ്യൂവും പല വ്യക്തികളും വൈസ്ചാൻസലറും കേട്ടിരുന്നുവത്രെ. അവർ ഉടനെ വൈകുന്നേരം ഒരു സ്പെഷ്യൽ ലക്ചർ ക്ലാസ് 'എ ഗ്രേഡ് ക്ലാസെന്നറിയപ്പെടുന്ന'ക്ളാസിന് വേണ്ടതായ ഏർപ്പാടുകൾ ചെയ്തു. സ്ഥലം ഐ.ജി. ഉന്നതപോലീസ് ഉദ്യോഗസ്ഥർ, അഡ്വക്കേറ്റുമാർ, രണ്ടുമൂന്നു ക്രൈസ്തവ പുരോഹിതന്മാർ, പ്രൊഫസർമാർ, സാമൂഹ്യപ്രവർത്തകർ, വൈസ്ചാൻസലർ തുടങ്ങി പലരും ക്ലാസിലുണ്ടായിരുന്നു. ക്ലാസിൽ കയറിയിരുന്നതിനുശേഷമാണ് വിഷയം (അവിടേയും) തന്നത്. ആരോ ബോർഡിലെഴുതിയിരുന്ന 'എക്സലൻസ്' എന്ന ഒരു വാക്ക് വിഷയമായിട്ടെടുക്കാൻ വൈസ്ചാൻസലർ പറഞ്ഞു. ഒരു മണിക്കൂർ എന്റെ ക്ലാസു കഴിഞ്ഞപ്പോൾ പങ്കെടുത്തവർ പറഞ്ഞു. "ഇപ്രകാരമുള്ള ക്ലാസുകളിൽ പ്രഭാഷണത്തിന് വരുന്നവരെല്ലാം അവരവരുടെ മഹത്വത്തെക്കുറിച്ച് കുറേ പറഞ്ഞിട്ടുപോകും. ഇതാദ്യമായാണ് കുറേ അറിവുമായി ഒരു ക്ലാസു കഴിഞ്ഞ് ഞങ്ങൾ തിരിച്ചു പോകുന്നത്. ആയിരം ഡോളറിന്റെ ക്ലാസാണ് ഞങ്ങൾക്ക് ലഭിച്ചത്." ഒരു മണിക്കൂർകൊണ്ട് പ്രഗത്ഭരായ വ്യക്തികൾക്ക്



Scanned with CamScanner

ക്ലാസുകൾ സംഘടിപ്പിക്കുക, വരുന്ന അതിഥിമാരുടെ അറിവ് പരമാവധി പ്രയോജനപ്പെടുത്തുക, ഇവയെല്ലാം അമേരിക്കക്കാരുടെ പ്രത്യേകതയായിട്ടനുഭവപ്പെട്ടു. ഈ ക്ലാസ്സിൽ പങ്കെടുത്തവരുടെ പേരും പദവിയും അടുത്ത ദിവസം മനസ്സിലാക്കാൻ അവസരം ലഭിച്ചപ്പോഴാണ്, അവരുടെയും ഈ യൂണിവേഴ്സിറ്റിയുടേയും മഹത്വം മനസ്സിലായത്.

**ഭാരതീയ പത്ത് കൽപനകൾ**

അന്നുച്ചയ്ക്ക് രണ്ടു മണിക്കൂർ സമയം മുരളി.ഡി.നായരുടെ ഓഫീസ് മുറിയിലിരിക്കുമ്പോൾ ക്ലീവ്ലാന്റ് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ മാനേജ്മെന്റ് വിഷയം പഠിപ്പിക്കുന്ന പ്രൊഫസർ വന്നു ചോദിച്ചു. “ബൈബിളിൽ പത്തു കൽപ്പനകളുണ്ട്. നിങ്ങളുടെ മതത്തിൽ അങ്ങനെയെന്തെങ്കിലും കൽപനകളുണ്ടോ?” ഞാനുടനെ പറഞ്ഞു “പതഞ്ജലി മഹർഷി പറഞ്ഞ പത്തു കൽപനകളുണ്ട്” എന്ന്. അദ്ദേഹം രചിക്കുന്ന പുതിയ മാനേജ്മെന്റ് പുസ്തകത്തിൽ ഭാരതീയമായ നല്ല അറിവുകൾ ചേർക്കാനായി പല ഭാരതീയരേയും അദ്ദേഹം ബന്ധപ്പെട്ടു. ആർക്കും കാര്യമായിട്ടൊന്നും വിവരിച്ചുതരാൻ സാധിച്ചില്ല എന്നും അദ്ദേഹം എന്നോടു പറഞ്ഞു. ഞാൻ പറഞ്ഞുകൊടുത്തത് യോഗവിദ്യയുടെ യമനിയമങ്ങളായിരുന്നു. അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം, ശൗചം, സന്തോഷം, തപഃ, സ്വാധ്യായം, ഈശ്വര പ്രണിധാനം. ഇവയുടെ പദാനുപദ അർത്ഥവും സന്ദേശങ്ങളും, അത് മാനേജ്മെന്റ് പഠനത്തിലും പ്രയോഗത്തിലും എത്രത്തോളം സഹായിക്കുമെന്നതുമായിരുന്ന വിവരിച്ചുകൊടുത്തത്. അതു പൂർണമായും മനസ്സിലാക്കി അദ്ദേഹം എഴുതി പ്രിന്റിംഗിനു പോയ പുസ്തകത്തിൽ ചേർക്കാനായി കൊടുക്കുകയും ചെയ്തു. അന്നുരാത്രി മുരളി.ഡി. നായരുടെ വീട്ടിലായിരുന്നു ഊണും ഉറക്കവും. എല്ലാവർഷവും മുപ്പതു-നാൽപ്പതു വിദ്യാർത്ഥികളെ കേരളത്തിൽ കൊണ്ടുവന്ന് കേരളീയരെപോല ജീവിപ്പിച്ച് അനുഭവങ്ങൾ പങ്കുവയ്പ്പിക്കുന്ന യജ്ഞത്തിൽ ഞാനും, (അവർ തിരുവനന്തപുരത്ത് വരുമ്പോൾ) ക്ലാസെടുക്കാറുണ്ട്. ആ ബന്ധമാണിങ്ങനെ വളർന്നത്. പ്രൊഫ. നായരുടെ സുഹൃത്തായ ശ്രീനാഥ്, എന്നെ 26-ാം തീയതി കെയർ യൂണിവേഴ്സിറ്റിയിലേക്ക് കൂട്ടികൊണ്ടുപോയി. അവിടെയുള്ള ഒരു വൻ സമൂഹം ഇന്ത്യൻ വിദ്യാർത്ഥികൾക്ക് ഭാരതീയ പൈതൃകത്തെക്കുറിച്ച് ക്ലാസെടുത്ത്, ശ്രീനാഥിന്റെ വീട്ടിൽ ഭക്ഷണവും കഴിച്ച്, ഒരു കൂട്ടം സുഹൃത്തുക്കൾക്ക് ഭാരതത്തെക്കുറിച്ച് സുദീർഘമായി ക്ലാസെടുത്ത്, തിരിച്ചുവന്ന്, അന്നുരാത്രി ശ്രീധരൻനായരുടെ വീട്ടിലാണ് വിശ്രമിച്ചത്.

കെയർ യൂണിവേഴ്സിറ്റിയിലെ ക്ലാസിൽ പങ്കെടുത്ത ഭാരതീയരായ വിദ്യാർത്ഥികൾക്കെല്ലാം നമ്മുടെ പൈതൃകം മനസ്സിലാക്കുവാനും അതിൽ അഭിമാനിക്കാനുമുള്ള അതിയായ ആഗ്രഹം വളരെ പ്രകടമായിരുന്നു. ഓരോ ഭാരതീയ വിദ്യാർത്ഥിയും അമേരിക്കക്കാരനാകാൻ ആഗ്രഹിച്ചിരുന്ന കാലഘട്ടത്തിൽ നിന്ന് വലിയൊരു തിരിച്ചുവരവ് അവിടെ പ്രത്യക്ഷമായി കാണാമായിരുന്നു. അവരുടെ ഹൃദയം ഭാരതത്തെ സ്നേഹിക്കാൻ കൊതിക്കുന്നതായി കാണാൻ സാധിച്ച ആദ്യത്തെ അനുഭവമായിരുന്നു കെയർ യൂണിവേഴ്സിറ്റിയിലുണ്ടായത്. തികച്ചും തൃപ്തനായിട്ടായിരുന്നു ഞാൻ, അവരുടെ എല്ലാ സംശയങ്ങൾക്കും മറുപടി പറഞ്ഞ് തിരിച്ചുവന്നത്. നവംബർ 27 ന് പ്രൊഫ. മുരളി.ഡി.നായർ എന്നെ എയർപോർട്ടിലെത്തിച്ചു. അവിടെ നിന്നും ചിക്കാഗോവിലേക്കും നേരെ ഹ്യൂസ്റ്റണിലേക്കും വൈകു. 5 മണിക്ക് എത്തിയപ്പോൾ ശ്രീ സോമരാജൻനായർ എന്നറിയപ്പെടുന്ന ഒരു ഭാരതീയ പൈതൃക പ്രചാരകനാണ് സ്വീകരിച്ചത്. അമേരിക്കൻ പ്രസിഡന്റ് ബുഷിന്റെ കൈയ്യൊപ്പോടുകൂടിയ കത്തുകൾ നേരിട്ടു ലഭിച്ചിട്ടുള്ള വ്യക്തിയും, അമേരിക്കയിൽ പ്രകൃതിക്ഷോഭങ്ങളുണ്ടാകുമ്പോൾ അരയും തലയും മുറുക്കി എല്ലാവരേയും സഹായിക്കുന്ന വ്യക്തിയുമാണദ്ദേഹം. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏക്കാലത്തേയും പ്രവർത്തനങ്ങളിൽ ഒരു വെള്ളിനക്ഷത്രം പോലെ അദ്ദേഹം വിളങ്ങുന്നു. പെട്ടെന്ന് കാണുമ്പോഴും സംസാരിക്കുമ്പോഴും ഒരു സാധാരണക്കാരനായി മാത്രം നമുക്കനുഭവപ്പെടുന്ന അദ്ദേഹം ഭാരതീയമായ എല്ലാ കർമ്മങ്ങളിലും നന്മകളിലും പങ്കെടുക്കാറുണ്ട്. എല്ലാവിഭാഗം ജനങ്ങൾക്കും തളരാതെ, തിരിച്ചൊന്നും പ്രതീക്ഷിക്കാതെ സഹായമെത്തിക്കാറുമുണ്ട്. മാതാ അമൃതാനന്ദമയീ ദേവീ അവിടെ വരുമ്പോഴും, മറ്റു സനാതനധർമ്മ പ്രവർത്തകർ വരുമ്പോഴുമെല്ലാം സാധാരണക്കാരനായി പിൻനിരയിലദ്ദേഹം ഉണ്ടാകും. മുൻനിരയിലുള്ളവരേക്കാൾ വലിയ കർമ്മയോഗിയായിട്ടായിരിക്കും അദ്ദേഹത്തിന്റെ പ്രവർത്തനം. അദ്ദേഹം ഹ്യൂസ്റ്റണിലെ മീനാക്ഷിക്ഷേത്രത്തിന്റെ ഭാരവാഹിയും, അനവധി ഭാരതീയ ചൈതന്യ പ്രചരണ കർമ്മങ്ങൾക്ക് നേതൃത്വം നൽകുന്ന ധർമ്മബോധമുള്ള വ്യക്തിയുമാണ്. അദ്ദേഹത്തോടൊപ്പം എല്ലാ കർമ്മങ്ങളിലും പരിമിതികളെല്ലാം മറന്ന് പ്രവർത്തിക്കുന്ന ശാന്തനായ ശ്രീ ഷണ്മുഖനും, ശ്രീ സുകുമാരൻനായരുമുണ്ടായിരുന്നു. ഇവരെന്നെ കേരള ഹിന്ദു അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക വാർഷിക സെമിനാർ നടക്കുന്ന വേദിയായ മാരറ്റ് ഹോട്ടലിൽ കൊണ്ടുപോയി അവിടെയായിരുന്നു എന്റെ താമസം.



Scanned with CamScanner

## അമേരിക്കയിലെ മലയാളി ഹിന്ദുസമ്മേളനം

യാത്രാവേളയിൽ അമേരിക്കയായതുകൊണ്ടുതന്നെ അനവധി സെക്യൂരിറ്റി പ്രശ്നങ്ങളുണ്ട്. ഷൂസും, ബെൽട്ടും എല്ലായിടത്തും അഴിച്ചു കാണിക്കണം. അങ്ങിനെയൊക്കെയുള്ള കർക്കശമായ നിയമങ്ങളും പലയിടത്തും ഉണ്ടായിരുന്നു. നവംബർ 28 നായിരുന്നു കോൺഫറൻസിന്റെ ആരംഭം. ഉദ്ഘാടനവേളയിൽ ചെറിയൊരു പ്രഭാഷണം മാത്രമായിരുന്നു എനിക്ക് ആദ്യം ഉണ്ടായിരുന്നത്. കേരളത്തിലെ പ്രഗത്ഭരായ പല സന്യാസിമാരും, വെള്ളാപ്പള്ളി നടേശനുമെല്ലാം മലയാളി ഈ ഹിന്ദു സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. കോൺഫറൻസു സമയത്തും, വിശ്രമവേളയിലും, ചായയുടെ സമയത്തുമെല്ലാം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എല്ലാവരേയും ഞാൻ അറിയിച്ചുകൊണ്ടേയിരുന്നു. ഇവിടെ നിന്നും കൊണ്ടുപോയ സിഡികൾ കോപ്പിയെടുത്ത് ചെറിയ ഒരു വിലയ്ക്ക് വിതരണം ചെയ്യുന്നുമുണ്ടായിരുന്നു. എല്ലാ ആഡംബരങ്ങളോടും കൂടിയുള്ളതും ആനയും അംബാരിയും ചേർന്നുള്ളതുമായ സ്വീകരണത്തിലൊന്നും ഞാൻ പങ്കെടുത്തില്ല. അതിൽ സംഘാടകരിൽ ചിലർക്ക് വിഷമമുണ്ടായിരുന്നു. മാലയിട്ട് കുങ്കുമം തൊട്ട് ഞെളിഞ്ഞ് എല്ലാവരുടേയും നേതാവിനെപോലെ നടക്കാൻ എനിക്കു സാധിക്കുമായിരുന്നില്ല. അതുകൊണ്ടുതന്നെ ഞാൻ ഒതുങ്ങികൂടി കഴിയുകമാത്രമാണ് ചെയ്തത്. എന്നെ വളരെയധികം സ്നേഹിക്കുന്ന ഒരു കോസ്സേരി എന്ന ബിസിനസ്സുകാരൻ എനിക്ക് സ്വെറ്ററും ഒരു ഷർട്ടും വാങ്ങിക്കൊണ്ടുവന്നുതന്നു. അദ്ദേഹത്തിന്റെ എളിമയും ശാന്തപെരുമാറ്റവും ആജന്മബന്ധമുള്ളവരെപോലെയുള്ള പ്രതികരണമാണുളവാക്കിയത്.

അടുത്തദിവസം വെള്ളാപ്പള്ളി നടേശന്റെ പ്രഭാഷണത്തിനു ശേഷമായിരുന്നു എന്റെ പ്രഭാഷണം. പിന്നീട് മറ്റുപലരുടെയും പ്രഭാഷണങ്ങൾ! പലരും ഇൻസ്റ്റിറ്റ്യൂട്ടിന് സംഭാവന നൽകാനായി മുമ്പോട്ടു വന്നു. ഉച്ചയ്ക്കുശേഷം കേരളീയ അമേരിക്കൻ യുവാക്കൾക്ക് ഉജ്ജ്വലമായ ഒരു ക്ലാസെടുക്കാൻ സാധിച്ചു. അവരുടെ നിലവാരത്തിൽ നിന്നുകൊണ്ടുള്ള ക്ലാസായതിനാൽ അവരെ അത് കാര്യമായി സ്വാധീനിച്ചു എന്നറിഞ്ഞതിൽ ആഹ്ളാദിച്ചു. ഈ ക്ലാസ്സിൽ പല രക്ഷാകർത്താക്കൾക്കും പങ്കെടുക്കണമെന്നാഗ്രഹം പ്രകടിപ്പിച്ചിരുന്നു. വിദ്യാർത്ഥികൾ അതെതിർത്തതിനാൽ ഞാൻ വിദ്യാർത്ഥികളോടൊപ്പം നിന്നു. അവരുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഒരു മണിക്കൂർ ക്ലാസെടുത്ത്, അരമണിക്കൂർ ചോദ്യോത്തരവേളയും കഴിഞ്ഞ് ഇറങ്ങിയപ്പോൾ അവരുടെ ഒട്ടനവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിച്ചതുപോലുള്ള



Scanned with CamScanner

അനുഭൂതിയായിരുന്നു. 3.30 ന് ശ്രീ. സോമരാജൻ നായർ എന്നെ ചില പ്രധാന സ്ഥലങ്ങളിലേയ്ക്ക് കൂട്ടികൊണ്ടുപോയി, ഭാരതീയ ചിന്താധാരകൾ ജനങ്ങളിലെത്തിക്കാൻ കഴിവുള്ളവരുമായ ബന്ധപ്പെട്ടു. മലയാളി കോൺഫറൻസിൽ ഔദ്യോഗിക ചർച്ചകൾക്കും പങ്കെടുത്ത് വലുതും ചെറുതുമായ കുടുംബസംഗമങ്ങളിലും, ഗീതാ സമിതികളിലും സുഹൃത്‌വേദികളിലുമെല്ലാം സന്ദേശം ഹൃദയസ്പർശിയായവിധത്തിലെത്തിച്ചു. അന്നും അടുത്തദിവസവും രണ്ടുമൂന്നു റേഡിയോ പരിപാടികളിലും പങ്കെടുത്തു. പലരും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിൽ വളരെ തൃപ്തരായിരുന്നു. പല സഹായങ്ങളും വാഗ്ദാനം ചെയ്തു.

ഡിസംബർ 2 ന് ശ്രീ. ശശിധരൻനായരുടെ വീട്ടിൽ നടന്ന പൂജയിൽ പങ്കെടുത്തു. അവിടെ മാത്യൂസ് എന്നൊരു വ്യക്തി വന്നിരുന്നു. അദ്ദേഹം ഇന്ത്യാക്കുരടേതായ ഒരു വാരിക പത്രമായി ഇറക്കുന്നുണ്ടായിരുന്നു. അതിൽ ഹിന്ദുക്കൾ, ക്രിസ്ത്യാനികളേയും അച്ചന്മാരേയും കന്യാസ്ത്രീകളേയും ചുട്ടുകൊല്ലുന്നു എന്ന കൃത്രിമമായ വാർത്ത നിരന്തരം അച്ചടിച്ചു പ്രചരിപ്പിക്കുന്നുണ്ടായിരുന്നതിനാൽ ഈ വേദിയിൽ വച്ച് ഞാനയാളോട് ശക്തിയായി ഈ വിഷയത്തിൽ പ്രതികരിച്ചു. അമേരിക്കയിലെ കേരള ക്രിസ്ത്യാനികളെ ഒരുമിച്ചു നിർത്തണമെങ്കിൽ ഇതൊക്കെ ആവശ്യമാണെന്നയാൾ പറഞ്ഞു. അതിനോട് ചേർന്ന ഒരു സാനതനധർമ്മ ക്ലാസ്സും നടത്തിയത് ശ്രദ്ധേയമായി. ഫെയർഫീൽഡിൽ നിന്നും ലഭിച്ച നിർദ്ദേശമനുസരിച്ച്  മഹർഷി മഹേശ് യോഗിയുടെ സ്ഥാപനത്തിൽ നിന്ന്, യോഗിയുടെ പ്രചാരകന്മാർ എന്നെ ഈ ദിവസം ഇവിടെ വന്നു കണ്ടിരുന്നു. അവരുടെ നല്ല കർമ്മങ്ങൾ ലോകമെമ്പാടും പ്രചരിപ്പിക്കേണ്ടതെങ്ങിനെയാണെന്നു നല്ലരീതിയിൽ ചർച്ച ചെയ്ത് വിവരിച്ചുകൊടുത്തു. അടുത്തദിവസം ഡാള്ളസിലായിരുന്നു പ്രഭാഷണപരമ്പര. അവിടെയടുത്തുള്ള മീനാക്ഷിക്ഷേത്രത്തിലും കുടുംബസദസ്സുകളിലും ക്ലാസ്സെടുത്തു. ഒരു  ന്യൂറോളജിസ്റ്റിന്റെ വീട്ടിലായിരുന്നു താമസം. നല്ല മനുഷ്യനായ അദ്ദേഹത്തിന്റെ ഓരോ വാക്കും പ്രത്യേക രീതിയിലുള്ള വികാരം നിറഞ്ഞതായി പലർക്കും തോന്നി. സ്വയം വിവരിക്കാനായിരുന്നു അദ്ദേഹം കൂടുതൽ സമയവും ചെലവഴിച്ചത്. ഓരോ മിനിറ്റും സ്വന്തം നേട്ടങ്ങൾ/ കാര്യങ്ങൾ പറയാനായിതന്നെ ഉപയോഗിച്ചു. സമ്പത്തിന്റെ കൂമ്പാരത്തിൽ വസിക്കുന്ന അദ്ദേഹവും ഡാള്ളസിൽ നല്ല പൊതുജനസമ്പർക്കം നടത്തി എന്റെ ക്ലാസ് വലിയ വിജയമാക്കിത്തീർത്തു.

ഡിസംബർ 5 ന് അടുത്തദിവസം രാവിലെ 2 മണിക്കുണർന്ന് 4 മണിക്കുള്ള ഫ്ളൈറ്റിൽ ചിക്കാഗോ വഴി നെവാർക്കിലേക്ക് (ന്യൂ

യോർക്കല്ല) യാത്രയായി. അവിടെ ശ്രീ വിശ്വനാഥൻപിള്ള കാത്തു നിൽക്കുന്നുണ്ടായിരുന്നു. ശാന്തനായ അദ്ദേഹം നല്ല ഹൃദയത്തിന്റെയും ശാന്തസ്വഭാവത്തിന്റെയും ഉടമയും കർമ്മോത്സുകനുമായിരുന്നു. ഭക്തി കാര്യങ്ങളിൽ വളരെ ശ്രദ്ധിച്ചിരുന്നു. അതിശക്തമായി മഞ്ഞുപെയ്യുന്നുണ്ടായിരുന്നു. അവിടെ നിന്ന് ഫിലാഡൽഫിയായിലെ ചിന്മയാ ആശ്രമത്തിൽ എത്തി മുന്നു മീറ്റർ ഉയരത്തിൽ മഞ്ഞു നിറഞ്ഞിരുന്ന പ്രദേശമെല്ലാം കടന്ന് ആശ്രമത്തിലും ഒരു ക്ലാസ്സെടുത്തു. യാത്ര അതിദുഷ്കരമായിരുന്നു. സാവധാനത്തിൽ കാറോടിച്ച് അവിടെയെത്താൻ മണിക്കൂറുകളെടുത്തു. നല്ല ഒരു പ്രഭാഷണം ചിന്മയാ മിഷനിൽ ഞാൻ നടത്തി. അതിശക്തമായ മഞ്ഞിലൂടെ അടുത്തദിവസം ന്യൂയോർക്കിലേക്ക് കാറോടിച്ചുവന്നു. ആദ്യമായിട്ടല്ലായിരുന്നു ന്യൂയോർക്ക് നഗരത്തിൽ വന്നത്. ശ്രീ. വിശ്വനാഥന്റെ ചെറിയ വീട്ടിലെ താമസവും, യാത്രയും, മഞ്ഞിയുള്ള പ്രയാണവുമെല്ലാം ഒരു സ്വപ്നംപോലെ തോന്നുന്നു. വളരെ പ്രത്യേകതകൾ നിറഞ്ഞ സ്ഥലത്തുകൂടെ യാത്ര ചെയ്യുമ്പോഴും ഫിലാഡെൽഫിയയിലെമണിയെക്കുറിച്ചോർത്തു, എന്റെ ക്ലാസ്സുകളിൽ ഞാൻ ചിലപ്പോൾ പറയാറുള്ള മണി. അതെല്ലാം ഉള്ള സ്ഥലത്തുകൂടെയായിരുന്നു, ന്യൂയോർക്ക് നഗരത്തിൽ പ്രവേശിച്ചത്. ഇവരെല്ലാം വഴി തെറ്റാതെ കാറോടിക്കുന്നത് എങ്ങിനെയാണെന്ന് ഞാൻ അത്ഭുതപ്പെട്ടിരുന്നു. നൂറുകണക്കിന് വഴികൾ, എല്ലാം ഒരേപോലെയുള്ളവ. അടയാളത്തിനൊന്നുമില്ല, വഴിയിൽ ആരോടെങ്കിലും ചോദിക്കാൻ ഒരാളുപോലും കാൽനടയാത്രക്കാരനായിട്ടില്ല. പ്രത്യേകിച്ചും കനത്ത മഞ്ഞു പെയ്യുന്ന വേളയിൽ, ആരെങ്കിലും വഴിയിൽ കണ്ടാൽ, അവരുടെയടുത്തേക്ക് വഴി ചോദിച്ചുപോയാൽ നാം വരുന്നതുകണ്ട് വല്ല കൊള്ളക്കാരാണോ എന്നു വിചാരിച്ച് അവർ ഓടിയകലും.

ന്യൂയോർക്കിൽ ഡിസംബർ 6 ന് ഒരു നല്ല സ്വീകരണവും ക്ലാസ്സും സംഘടിപ്പിച്ചിരുന്നു. ശ്രീ. രാജുനാണു എന്ന നല്ല ഒരു പൊതുപ്രവർത്തകനും ശ്രീനാരായണഗുരു ഭക്തനുമാണ് ഈ പരിപാടി സംഘടിപ്പിച്ചത്. ധാരാളം ചെറുപ്പക്കാരായ പ്രവർത്തകരും അവിടെയെത്തിയിരുന്നു. ന്യൂയോർക്കിൽ അത്യാകർഷകമെന്ന് അവർ വിലയിരുത്തിയ രണ്ടു പ്രഭാഷണങ്ങൾ നടന്നു. പുറത്ത് ആഞ്ഞടിക്കുന്ന കാറ്റും മഞ്ഞുവീഴ്ചയുമുണ്ടായിരുന്നതിനാൽ താപനില -10 ഡിഗ്രി സെന്റിഗ്രേഡിലും താഴെയായിരുന്നു. ശ്രോതാക്കൾ വാതിലിനകത്തു നിൽക്കാൻ കഴിയാതെ ഹാളിനകത്ത് വിഷമിക്കുന്നുണ്ടായിരുന്നു. അസാധാരണമായ അനുഭവമായിരുന്നു ന്യൂയോർക്കിലെ പ്രഭാഷണത്തിലുടനീളമുണ്ടായത്. പല വ്യക്തികളും സ്വമേധയാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സംരംഭങ്ങൾക്ക് സഹായം

നൽകുകയുമുണ്ടായി. അത്യാഹ്ലാദം അലതല്ലിയ ഒരു ചെറിയ ഉത്സവം പോലെയായിരുന്നു അവിടത്തെ പ്രഭാഷണം. ഒരു അപൂർവ വ്യക്തി വന്നതുപോലയായിരുന്നു പങ്കെടുത്തവരുടെയെല്ലാം മുഖഭാവം. എന്തെല്ലാമോ അറിവു ലഭിക്കണമെന്നാഗ്രഹത്തോടെയെത്തിയവർ. എന്തെല്ലാമോ ലഭിച്ചു എന്ന ചാരിതാർത്ഥ്യത്തോടെ മടങ്ങി.

ന്യൂയോർക്ക് റോഡിലൂടെ തലങ്ങും വിലങ്ങും അതുപോലെ എയർപോർട്ടിലേക്കും സഞ്ചരിച്ചപ്പോൾ വഴിയിൽ ധാരാളം പച്ചനിറത്തിലുള്ള കെട്ടിടങ്ങൾ കണ്ടു. അതെന്താണെന്ന് എന്നോട് വിവരിച്ചു തന്നു. പുതിയതായി ധാരാളം കറുത്ത വർഗ്ഗക്കാർ ഇസ്ലാമിലേക്ക് മതം മാറുന്നുണ്ട്. വൻതോതിൽ മതംമാറ്റം നടക്കുന്നു. കഴിഞ്ഞ രണ്ടു മൂന്നു നൂറ്റാണ്ടുകളായി കറുത്ത വർഗ്ഗക്കാരോടു ഇംഗ്ലീഷ്കാർ ക്രൂരമായി പെരുമാറിയതിന് തിരിച്ചടിക്കാൻ അവരെ ഇസ്ലാം മതം സ്വീകരിക്കാൻ പ്രോത്സാഹിപ്പിക്കുകയാണെന്ന് എന്നോടു പറഞ്ഞു. വളരെ വേഗത്തിലാണ് ഇസ്ലാം മതം അമേരിക്കയിലെ കറുത്ത വർഗക്കാരിൽ പ്രചരിപ്പിക്കുന്നത്. വെല്ലുവിളിയും പകയും തീർക്കാനെന്ന രീതിയിലാണ് ഈ പ്രചരണം.

ഡിസംബർ 8 ന് ന്യൂയോർക്കിൽ ക്ലാസ് കഴിഞ്ഞ് ഉച്ചവരെ വിശ്രമിച്ച് ലണ്ടനിലേയ്ക്ക് പുറപ്പെട്ടു. അവിടെനിന്നും അർദ്ധരാത്രി ബോംബെയിലെത്തി, അടുത്തദിവസം രാവിലെ 10 മണിക്ക് ബോംബെയിൽ നിന്നും പുറപ്പെട്ട് ഉച്ചയോടെ തിരുവനന്തപുരത്തും എത്തി.

**നടക്കാതെ പോയ റഷ്യൻ യാത്ര**

ഡിസംബർ മാസത്തിൽ ദേശീയ സംസ്കൃത വിദ്യാപീഠത്തിൽ നിന്ന് അറിയിച്ചിരുന്നു, റഷ്യയിൽ നടക്കുന്ന ഭാരതീയ പൈതൃക സെമിനാറിലും എക്സിബിഷനിലും പങ്കെടുക്കണമെന്ന് മാനവവിഭവശേഷി വകുപ്പ മന്ത്രി അറിയിച്ചിട്ടുണ്ട് എന്ന്. എന്നെ പ്രത്യേകമായി ഉൾപ്പെടുത്തണമെന്നും അറിയിച്ചിരുന്നത്രെ. അവിടത്തെ ചാൻസലർ എന്നെ ഫോണിൽ വിളിച്ചു പറയുകയുംചെയ്തു. എല്ലാകാര്യങ്ങളും തയ്യാറാക്കിയിരുന്നു. അവിടത്തെ മലയാളികളായ വിദ്യാർത്ഥികൾ ഒരു സൂചന നൽകിയിരുന്നു. "സയിന്റിസ്റ്റ് എന്ന നിലയിലും, പ്രസംഗിക്കുമ്പോൾ സംസ്കൃതം നിരന്തരം ഉദ്ധരിക്കുന്നതിൽ നല്ല സ്വാധീനം ഉണ്ടാക്കാൻ സാധിക്കുന്നതിനാലും ചിലപ്പോൾ ഗോപാലകൃഷ്ണൻ സാറ് മറ്റുള്ളവരേക്കാൾ മുമ്പിൽ നിൽക്കുമോ എന്ന് ചിലർക്ക് സംശയമുണ്ട്. അതുകൊണ്ട് ചിലപ്പോൾ സാറിനെ ഈ യാത്രയിൽ നിന്ന് മാറ്റിയേക്കും" എന്ന്. ഏതായാലും അപ്രതീക്ഷിതമായി ലഭിച്ച ക്ഷണം പ്രാവർത്തിക



Scanned with CamScanner

മാകാതെ പോയതിന് പല കാരണങ്ങൾ പറയുന്നുണ്ടെങ്കിലും അവയിൽ ഒന്ന് ഇതായിരിക്കാനിടയുണ്ട്. മൂന്നുമാസങ്ങൾക്കു ശേഷമാണ് ഈ റഷ്യൻ യാത്രയിൽ ഞാനില്ലെന്നറിഞ്ഞത്. അപ്പോഴേയ്ക്കും അവരുടെ യാത്രയ്ക്കുള്ള എല്ലാ പരിപാടികളും പൂർണമായിക്കഴിഞ്ഞിരുന്നു, എങ്കിലും പ്രയോജനപ്പെട്ടില്ല.

2004 ജനുവരി-ഫെബ്രുവരിയിൽ ഒമാനിലെ വ്യത്യസ്ഥ സ്ഥലങ്ങളിലേക്കുള്ള യാതയ്ക്കുവേണ്ടുള്ള തയ്യാറെടുപ്പും കേരളത്തിലെല്ലായിടത്തുമായി ഈ ഒരൊറ്റവർഷം ഗിന്നസ് പുസ്തകത്തിലേക്ക് കടക്കാൻ വേണ്ടതിനേക്കാൾ കൂടുതൽ പ്രഭാഷണങ്ങളുമുണ്ടായിരുന്നു. വെറുതെയൊന്ന് എണ്ണിനോക്കിയപ്പോൾപോലും 600 പ്രഭാഷണങ്ങൾ ഒരൊറ്റവർഷത്തിൽ, ദേശത്തിലും വിദേശത്തിലുമായി നടത്തിയിട്ടുണ്ട്. ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത് വിദേശത്തുള്ള പ്രഭാഷണങ്ങൾ മാത്രമാണ്.

**ഒമാനിലെ തെക്കു മുതൽ വടക്കേയറ്റം വരെ**

2004 ഫെബ്രുവരി ആദ്യവാരം ഒമാനിലേക്ക് യാത്രക്കുള്ള തയ്യാറെടുപ്പായിരുന്നു. ശ്രീ പ്രസന്നനും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നവരും അതിനിഷ്കർഷതയോടെ അവയെല്ലാം ക്രമീകരിച്ചു. ഒമാന്റെ വടക്കുള്ള സോഹറിൽ രമേഷും, ബാബുവും, അനന്തനും അവരുടെ കൂടെ അനേകം, പേരെടുത്തു പറയേണ്ടതായ വ്യക്തികളും പങ്കെടുത്തുകൊണ്ടുള്ള ക്രമീകരണമായിരുന്നു. ഇതിനേക്കാളും അൽപം പോലും കുറയാതെയായിരുന്നു തെക്കേയറ്റത്തുള്ള സലാലയിലെ ക്രമീകരണങ്ങൾ. ഇതിനുമുമ്പ് ഒമാനിൽപോയി വളരെ ശ്രദ്ധയോടെ അനവധി പരിപാടികൾ സംഘടിപ്പിച്ചതിന്റെ അലയൊലികൾ നിലനിൽക്കേ തന്നെയായിരുന്നു ഈ യാത്രയുടെ ആരംഭവും. ഒമാനിലെ ഇന്ത്യാക്കാരെ മുഴുവൻ ഭാരതീയതയെന്താണെന്ന് ബോധ്യപ്പെടുത്തണം. അതായിരുന്നു സംഘാടകരുടെ ലക്ഷ്യവും മാർഗവും. അതിനായിതന്നെ അവർ നല്ല ഒരു സമിതിയുണ്ടാക്കി പ്രവർത്തിക്കുകയുംചെയ്തു.

ഫെബ്രുവരി 11-ാംതീയതി ഞാൻ മസ്ക്കറ്റിലിറങ്ങി. രാവിലെ 10 മണിക്ക് തുടങ്ങിയ ചെറുതും വലുതുമായ പ്രഭാഷണങ്ങളും ക്ലാസുകളും നല്ലരീതിയിൽ ശ്രീ പ്രസന്നൻ, ദിവാകരൻ, സി.എൻ.പി. നമ്പൂതിരി, എന്നിവർ ക്രമീകരിച്ചു. നല്ല തണുപ്പുണ്ടായിരുന്നതിനാൽ എനിക്ക് ഇത്രയും ക്ലാസുകൾ കഴിഞ്ഞപ്പോൾ ക്ഷീണം തോന്നിയില്ല. 12-ാം തീയതിയും മസ്ക്കറ്റിൽ തന്നെയായിരുന്നു. നൂറുകണക്കിന് ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്ലാസ്സുകളായിരുന്നു അവയെല്ലാം. ഒമാനിൽ ഇത്തരത്തിലുള്ള പരിപാടികൾ വിരളമായിട്ടേ നടക്കാറുള്ളൂ. ഏതെങ്കിലും



Scanned with CamScanner

ചില സ്വാമിമാരോ വടക്കേയിന്ത്യൻ ആത്മീയ നേതാക്കന്മാരോ വന്നാൽ ക്ഷേത്രത്തിൽ നടത്തുന്ന പരിപാടികളായിരിക്കും ഏതാണ്ടെല്ലാം. ആ പരിപാടികൾക്കാകട്ടെ ആത്മീയതയുടെ നിറം മാത്രമേ ഉണ്ടാകാറുള്ളു. മസ്കറ്റിലെ ക്ഷേത്രത്തിന്റെ പൂർണ ഉത്തരവാദിത്വം അവിടത്തുകാരനായ ഗുജറാത്തി കനക്സിബായി കിംജിക്കാണ്. വലിയൊരു വ്യവസായിയായ അദ്ദേഹത്തിന് ആത്മീയതയല്ലാതെ ഭാരതീയ പൈതൃകത്തെക്കുറിച്ചൊന്നും അറിയില്ല. അവിടത്തെ സുൽത്താൻ ബോംബെയിൽപഠിച്ച വ്യക്തിയായിതനാൽ ഭാരതവും ഭാരതീയരുമായി സുൽത്താനും കുടുംബത്തിനും നല്ല ബന്ധവുമാണ്. ഇവിടെയുള്ള എന്റെ ക്ലാസുകൾ ആത്മീയതക്കപ്പുറത്തുള്ളതായതിനാൽ ഭക്തന്മാരല്ല പങ്കെടുത്തത്. ഇത്തരത്തിലുള്ള പ്രഭാഷണങ്ങളെല്ലാമൊരു ചരിത്രസംഭവപരമ്പരയായിരുന്നു. 13-ാം തീയതി മസ്കറ്റിൽ നിന്ന് കാറിൽ സോഹറിലെത്തി. അന്നത്തെ യാത്രയുടെ അവസാനത്തിൽ കുറേ ഭാരതീയ കുടുംബാംഗങ്ങളെ പരിചയപ്പെട്ട് അവരോടൊപ്പം ചിലവഴിച്ചു. കുടുംബാംഗങ്ങളുടെ ക്ലാസും കുറേലക്ഷ്യങ്ങളും കർമ്മ മാർഗ്ഗങ്ങളും വിവരിക്കുകമാത്രമാണ് ചെയ്തത്. ദുബായിലെ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിച്ചിരുന്ന എന്റെ അനുജൻ ശ്രീ. രാജഗോപാലനും കൂടെയുണ്ടായിരുന്ന ഒരു രാധാകൃഷ്ണനും സഹപ്രവർത്തകരും ദുബായിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനെക്കുറിച്ച് ചർച്ചയുമുണ്ടായിരുന്നു. ഫെബ്രുവരി 14 ന് സോഹറിൽ നടന്നത് പ്രസന്നന്റെ നേതൃത്വത്തിൽ എല്ലാ മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലും പ്രവർത്തനം വ്യാപിപ്പിക്കുന്നതിനെകുറിച്ചുള്ള ചർച്ചയായിരുന്നു. രാധാകൃഷ്ണനും കൂട്ടത്തിലുള്ളവരും സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന രീതിയോട് പ്രകടനമായ വിയോജിപ്പ് എല്ലാവർക്കുമുണ്ടായിരുന്നു. ശ്രീ. ഭാസിയും കൂടെയുണ്ടായിരുന്നു. കാര്യമായ ധാരണപിശക് ഈ ചർച്ചയിലുണ്ടായി. ഒരു സംഘടന വളരുമ്പോൾ അതിനകത്തു ഇടിച്ചുകയറാൻ ശ്രമിക്കുന്നവരുടെ പെരുമാറ്റം വളരെ വ്യക്തമായി, ഇവിടെ വച്ച്, മനസ്സിലാക്കുവാൻ സാധിച്ചു. പലർക്കും നേതാവാകണം അതു മാത്രമായിരുന്നു ചർച്ചയിൽ പരോക്ഷമായിവിവരിച്ചത്.

**ചേരമാൻ പെരുമാൾ മരിച്ച സലാലസന്ദർശനം**

ചേരമാൻ പെരുമാൾ ഇസ്ലാം മതം സ്വീകരിച്ചു എന്നും സലാലയിൽ വച്ച് മരിച്ചു എന്നുമുള്ള വസ്തുതകൾ അറിയണമെന്ന ആഗ്രഹം പണ്ടുമുതൽക്കേ ഉണ്ടായിരുന്നു. കൊടുങ്ങല്ലൂരിലുള്ള എന്റെ ബന്ധുകുടുംബങ്ങളിലേക്കു പോകുമ്പോഴും തിരുവഞ്ചികുളം ക്ഷേത്രം



Scanned with CamScanner

സന്ദർശിക്കുമ്പോഴും തൊട്ടടുത്തുള്ള ചേരമാൻ പള്ളി നിരന്തരം എന്റെ ശ്രദ്ധയിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. മതം മാറ്റ വിഷയം ഒരു വേദനയായി നിലനിൽക്കുന്നുമുണ്ട്. ചോളചേര പാണ്ഡ്യവംശക്കാരെന്നു പറയുമ്പോഴും ചേരവംശജരുടെ ചരിത്രവും കൊടുങ്ങല്ലൂരും മനസ്സിൽ വരും. ആ രാജവംശത്തിലെ ചേരമാൻ പെരുമാൾ മതം മാറിയോ എങ്കിൽ അതിന്റെ ചരിത്ര വസ്തുതകളെന്ത്? അദ്ദേഹം സലാലയിൽ വച്ച് മരിച്ചു എന്നും അവിടെ അദ്ദേഹത്തിന്റെ ശരീരമടക്കം ചെയ്തു എന്നും കേട്ടിട്ടുണ്ട്. അതെല്ലാം എത്രത്തോളം ശരിയാണെന്നറിയണം. അതിനുലഭിക്കുന്ന ആദ്യത്തെ അവസരമാണ് സലാലയാത്ര. സലാലയിൽ നിന്ന് കപ്പൽ കയറിയാൽ മുസിരിസ് എന്നറിയപ്പെടുന്ന കൊടുങ്ങല്ലൂർക്ക് വളരെ കുറച്ചു ദൂരമേയുള്ളൂ എന്നതിനാലാണ് അദ്ദേഹം അവിടെ കപ്പൽ കയറാൻ വന്നതും രോഗഗ്രസ്ഥനായി ഈശ്വരാനുഗ്രഹത്താൽ, ഇവിടെ വന്ന് ഇവിടെയുള്ള ഹിന്ദുക്കളെ മതം മാറ്റാൻ അവസരം ലഭിക്കാതെ, അവിടെവച്ചു തന്നെ മരിച്ചതും.

പൈതൃകത്തിന്റെ വേദനയും ഹിന്ദു അനുഭവിച്ച ദുഃഖവും എന്ന എന്റെ പുസ്തകത്തിൽ ഈ വിഷയത്തെകുറിച്ചെഴുതിയകാലത്തും എന്റെ ഉള്ളിൽ ഈ ചേരമാൻ പെരുമാളിന്റെ ശവകുടീരം കാണണമെന്ന ആഗ്രഹം ഉണ്ടായിരുന്നു. വേദനയോടെയാണെങ്കിലും ആ കാഴ്ച കാണാൻ അവസരമുണ്ടായത് ശ്രീ രമേഷും പ്രസന്നനും മറ്റെല്ലാവരും ചേർന്ന് മസ്ക്കറ്റിൽ നിന്ന് എനിക്ക് സലാലവരെ പോകാനും അവിടെ പലപ്രമുഖരായ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തകരുടെ നേതൃത്വത്തിൽ ക്ലാസെടുക്കാനും അവസരം നൽകിയപ്പോഴാണ്. അവിടെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളും, സ്ഥലങ്ങളും കാണാനും പ്രഭാഷണ പരമ്പരകൾ തന്നെ പലസ്ഥലത്തും നടത്താനും അവസരം കിട്ടിയതും ജഗദീശ്വരാനുഗ്രഹവും ഉൽക്കടമായ ആഗ്രഹവും കൊണ്ടാണ്.

പ്രഗത്ഭനായ സാമൂഹ്യ പ്രവർത്തകനും, ഇന്ത്യൻ കൗൺസിലേറ്റിന്റെ തന്നെ പ്രതിനിധിയേപോലെ പ്രവർത്തിക്കുന്നതുമായ ശ്രീ സനാതന്റെ നേതൃത്വത്തിലായിരുന്നു പരിപാടികളുടെ ക്രമീകരണം. അമൃതാനന്ദമയീദേവിയുടെ കർമ്മമണ്ഡലത്തിലെ പ്രവർത്തകർക്കിടയിലുണ്ടായിരുന്നു തെറ്റിദ്ധാരണകളകറ്റാനും, ഒരേസദസ്സിൽ വ്യത്യസ്ഥവിഭാഗം ജനങ്ങൾക്ക് വ്യത്യസ്ഥ വിഷയങ്ങിൽ ക്ലാസുകളെടുക്കുവാനും സാധിച്ചു. വളരെ വലിയൊരു നേട്ടമായി ഈ ക്ലാസ്സുകൾ ഇന്നും സ്മൃതിമണ്ഡപത്തിൽ നിറഞ്ഞുനിൽക്കുന്നു.

(2004) ഫെബ്രുവരി 19 ന് ചേരമാൻ പെരുമാളിന്റെ ഖബർ കാണാനായി പോയി. അറബിയിലെഴുതിയിരിക്കുന്ന വരികൾ ഒന്നും മനസ്സി



Scanned with CamScanner

ലാക്കാൻ സാധിച്ചില്ല. ആ പ്രദേശം മുഴുവനും തനി കേരളം പോലെ യുണ്ടായിരുന്നു. എല്ലാ അർത്ഥത്തിലും ഒരു ഗ്രാമ കേരളമാണ് സലാല. അതിൽ ചേരമാന്റെ ശവകുടീരം കണ്ടപ്പോൾ എന്തെല്ലാമോ വികാരങ്ങൾ മനസ്സിലൂടെ കടന്നുപോയി. സലാലക്കാർക്കും മലയാളികൾക്കും ചേരമാന്റെ ശവകുടീരം ഒരു പ്രധാന കേന്ദ്രമേയല്ല. കാടും പടലും പിടിച്ചു കിടക്കുന്നതു കണ്ടാലറിയാം, ചേരമാൻ പെരുമാളിനോടും അയാൾ മതം മാറിയതിനോടുമുള്ള വികാരം! 20-ാം തീയതി കുടുംബാംഗങ്ങൾക്കുള്ള ഉപദേശങ്ങളായിരുന്നു, പ്രഭാഷണ വിഷയം. അവിടെനിന്നും മസ്ക്കറ്റിലേക്ക് 21-ാംതീയതിയും 22-ാം തീയതി മസ്ക്കറ്റിൽ നിന്നും തിരുവനന്തപുരത്തുമെത്തി.

ഈ ഒരു ഒമാൻയാത്ര ഒരു രാജ്യത്തിലെ പല കർമ്മ മണ്ഡലങ്ങളിലേർപ്പെട്ടിരിക്കുന്ന മലയാളികളുടെ മനസ്സിലേയ്ക്ക് പൈതൃകത്തിന്റെ ശക്തമായ വികാരങ്ങൾ ഒഴുക്കി വിടുകയാണ് ചെയ്തത്. കേരളീയമായ പല ക്ലബ്ബുകളും, ജാതീയ സംഘടനകളും, ആത്മീയ സംഘടനകളും പരസ്പരം കലഹിച്ചും തമ്മിലടിച്ചും കഴിച്ചുകൂട്ടിയിരുന്ന വേളയിൽ അവരുടെ വാശിയും പകയും കുറെയൊക്കെ തീർത്ത് ധർമ്മത്തിന്റെ അടിസ്ഥാനത്തിൽ ഒരുമയുണ്ടാക്കാൻ സാധിച്ചു.

## ഡൗസിങ്ങ് റോഡിന്റെ പാപഭാരം

ദുഃഖകരമായി തോന്നിയ അനുഭവം ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിശ്വാസ്യതയുടെ അടിസ്ഥാനത്തിൽ ചിലർ ഡൗസിങ് റോഡുപയോഗിച്ച് പ്രഗത്ഭരായ പലരുടേയും വീടുകളിൽ പോയി വീടും, അടുക്കളയും, ഗേറ്റും എല്ലാം നെഗറ്റീവ് എനർജിയുള്ളതാണന്നു പറഞ്ഞു ഭയപ്പെടുത്തുന്നുണ്ടായിരുന്നു. അതിന്റെ സ്ഥാനമെല്ലാം മാറ്റണമെന്ന് ഉപദേശിച്ച് പല വീടുകളിലും കാര്യമായ സങ്കീർണ പ്രശ്നങ്ങളുണ്ടാക്കുന്നുമുണ്ടായിരുന്നു. ഞാൻ പോയ ചില ഒമാനിലെ വീടുകളിൽ ലക്ഷക്കണക്കിന് രൂപ ചെലവാക്കി ഗേറ്റും അടുക്കളയുമെല്ലാം ഈ ഡൗസിങ് റോഡുകാരുടെ ഉപദേശമനുസരിച്ച് മാറ്റി സ്ഥാപിക്കുന്നതും കാണുകയുണ്ടായി. ഇപ്രകാരം സംഭവിച്ചതിനെയെല്ലാം ഞാൻ അതിശക്തിയായി എതിർത്തു. ഡൗസിങ് റോഡ് ശുദ്ധ അന്ധവിശ്വാസമാണെന്നും എല്ലാവരേയും അറിയിച്ചു. പലർക്കും അതൊരു ആശ്വാസമായി എന്ന് പിന്നീടുള്ള യാത്രാവേളകളിൽ അറിഞ്ഞു.

## സുദീർഘമായ കനേഡിയൻ യാത്ര

ഒരു വിദേശയാത്രക്കും അനുഭവിക്കേണ്ടിവരാത്ത ഒരു ടെൻഷൻ 2004 ആഗസ്റ്റ് 4-ാം തീയതി ആരംഭിച്ച കനേഡിയൻ യാത്രക്കുണ്ടാ



Scanned with CamScanner

യിരുന്നു. ഇക്കാലത്ത് സെബാറ്റിക്കൽ ലീവായിരുന്നതിനാൽ ദേശീയ സംസ്കൃത വിദ്യാപീഠത്തിൽ നിന്നുള്ള അനുമതി മാത്രം മതിയാകും വിദേശത്തേക്കു പോകാനെന്നായിരുന്നു ഞാൻ വിചാരിച്ചിരുന്നത്. അതനുസരിച്ച് ഒരു മാസം മുമ്പതന്നെ അനുവാദത്തിനായി അപേക്ഷകളും അവിടെ സമർപ്പിച്ചിരുന്നു. പക്ഷേ ഫാക്സ് വഴി അനുമതി ലഭിച്ചത് ആഗസ്റ്റ് 3ന് ഉച്ചയ്ക്ക് ശേഷമായിരുന്നു. അനുമതി രേഖയിലാകട്ടെ ആർ ആർഎല്ലിന്റെ ഡയറക്ടറുടെ അനുമതിയുണ്ടെങ്കിൽ എന്നൊരു കണ്ടീഷനുമുണ്ടായിരുന്നു. അതനുസരിച്ച് ഞങ്ങളുടെ പുതിയ ഡയറക്ടർ ഡോ. ചന്ദ്രശേഖരയെ കാണാനായി അന്നേദിവസം വൈകുംവരെ കാത്തുനിന്നു. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും ഡയറക്ടറുടെ പി. എയും ചീഫ് അക്കൗണ്ട്സ് ഓഫീസറും പറഞ്ഞു. "ഡയറക്ടറുടെ അനുവാദമില്ലാതെ വിദേശത്തു പോയാൽ ജോലിപോകും. അതുകൊണ്ട് കനേഡിയൻ യാത്രക്കുള്ള ടിക്കറ്റ് ക്യാൻസൽ ചെയ്യുന്നതാണുത്തമം." ഏകദേശം 40 ദിവസങ്ങൾ നീണ്ടു നിൽക്കുന്ന കനേഡിയൻ യാത്രയിൽ കുറഞ്ഞത് 100 പരിപാടികളിലെങ്കിലും പ്രഭാഷണങ്ങളും ക്ലാസ്സുകളും ക്രമീകരിച്ചിട്ടുണ്ട്. അവിടെ പോയില്ലെങ്കിൽ നടക്കാവുന്നത് ഭയാനകമായിരിക്കും എന്നെനിക്കുറപ്പായിരുന്നു. അവസാനം വരെ ഡയറക്ടറെ കാണാനും നേരിട്ട് അനുവാദമെടുക്കാനും സാധിച്ചില്ല. വരുന്നതുവരട്ടെയെന്നു തീർച്ചപ്പെടുത്തി ഡയറക്ടറെ കണ്ട് അനുവാദം വാങ്ങാൻ സാധിക്കില്ലെന്ന് മനസ്സിലായപ്പോൾ ഞാൻ എല്ലാ പേപ്പറുകളും ഡയറക്ടറുടെ ഓഫീസിൽ സമർപ്പിച്ചിട്ട് ജോലി പോകുമെന്നുറപ്പിച്ചുതന്നെ, (അടുത്ത ദിവസം) 2004 ആഗസ്റ്റ് 4 ന് അതിരാവിലെ 5 മണിക്ക് തിരുവനന്തപുരത്തുനിന്നും പുറപ്പെട്ടു. ഖത്തർ എയർവേയ്സിലായിരുന്നു ടിക്കറ്റ്. അതുകൊണ്ട് ദോഹയിലേയ്ക്കും അവിടെ നിന്ന് ലണ്ടനിൽ ഹീത്രുവിലും ഇറങ്ങി. അന്നുരാത്രിതന്നെ അർദ്ധരാത്രിക്ക് ഞാൻ ടൊറന്റോവിലും എത്തി. പല എയർപോർട്ടുകളും നിരന്തരമുള്ള യാത്ര കാരണം വളരെ പരിചിതമായിരുന്നു. പല പ്രാവശ്യമുള്ള യാത്രകൾ അനുഭവങ്ങളുടെ സമ്പത്തുതന്നെ നൽകിയിരുന്നു. അതിനാൽ ഹീത്രൂവും ദോഹയുമെല്ലാം തിരുവനന്തപുരത്തെ കിഴക്കേക്കോട്ടപോലെമാത്രമേ ഇപ്പോൾ തോന്നാറുള്ളൂ. ശ്രീ ബാബുസഹദേവ്, ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രഗത്ഭനായ കോർഡിനേറ്റർ ടൊറന്റോ എയർപോർട്ടിൽ കാത്തുനിൽക്കുന്നുണ്ടായിരുന്നു. കുറേക്കാലം ബഹ്റിനിൽ പ്രവർത്തിച്ച് പിന്നീട് കാനഡയിൽ സകുടുംബം സെറ്റിലായ ശ്രീ സഹദേവ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിൽ ഭൂമിയോളം താഴ്മയോടെ കാര്യങ്ങൾ കൈകാരും ചെയ്യുന്നതിന് കർമ്മവൈഭവം കാണിച്ച വ്യക്തിയാണ്.



Scanned with CamScanner

ഇന്നും അസാധാരണ സംഘടനാപാഠവം കാനഡായാത്രയിൽ, അദ്ദേഹത്തിന്റെ വാക്കിലും പ്രവൃത്തിയിലും വ്യക്തമായി തെളിയാറുണ്ട്. അദ്ദേഹത്തിന്റെ വീടാണ് എന്റെ താമസകേന്ദ്രവും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളുടെ എപ്പിസെന്ററും.

അടുത്തദിവസം രാവിലെ ഒരു ഗയാനക്കാരനായ ഹിന്ദുവിശ്വാസി ഡോ. ദുബെയെ കണ്ടു. കുറേകാര്യങ്ങളും ഒരു ദിവസത്തെ സെമിനാർ നടത്തുന്നതിനെക്കുറിച്ചുള്ള ചർച്ചകളും നടത്തി. നല്ല ജെറ്റ് ലാഗ് ഉണ്ടായിരുന്നതിനാൽ ഉച്ചഭക്ഷണം കഴിച്ച് ഉറങ്ങി. എന്റെ പ്രഭാഷണങ്ങളുടെ നൂറുകണക്കിന് സിഡികൾ സഹദേവന്റെ കമ്പ്യൂട്ടറിൽ കോപ്പിയെടുത്ത് വിതരണം ചെയ്യാനായി തയ്യാറാക്കുകയും ചെയ്തു. 6-ാം തീയതി വൈകുന്നേരം ഗുജറാത്തികളുടെ ക്ഷേത്രത്തിൽ നല്ല ഒരു പ്രഭാഷണം നടത്താൻ അവസരമുണ്ടായി. അസാധാരണമായ തിരക്കുണ്ടായിരുന്നു. കാനഡയിലെ മലയാളികളല്ലാത്തവരുടെ ഏറ്റവും വലിയ ഒരു സദസ്സായിരുന്നു അത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ അവർ വളരെയേറെ ആകൃഷ്ടരായികണ്ടു. 7-ാം തീയതി ടൊറന്റോയിലെ ഗണേശ ക്ഷേത്രത്തിലായിരുന്നു ക്ലാസ്. ഉച്ചക്കുശേഷം ശ്രീ രവി എന്ന നല്ല സംഘാടകന്റെ മേൽനോട്ടത്തിലായിരുന്നു ക്ലാസ് ക്രമീകരിച്ചത്. ക്ലാസിൽ നല്ല ഒരു സമൂഹം മലയാളികളുണ്ടായിരുന്നു. അവിടെ പങ്കെടുത്ത വ്യക്തികളിൽ ഒരാൾ ആർ.ആർ.എല്ലിൽ ഉണ്ടായിരുന്ന വ്യക്തിയായിരുന്നു. ക്ലാസു കഴിഞ്ഞ ഉടനെ അടുത്തു വന്ന് രണ്ടു കൈകളും എന്റെ തോളത്തിട്ട്, ചിരകാല പരിചിതരാണെന്നഭിനയിച്ച് കുറേകാര്യങ്ങൾ സംസാരിക്കാൻ തുടങ്ങി. ഞാൻ കൈകൾ രണ്ടും മാറ്റി, അയാൾ പറഞ്ഞുതുടങ്ങിയ വിഷയവും മാറ്റി. വീണ്ടും വീണ്ടും ഒരേവിഷയത്തിലേക്കു അയാൾ വന്നപ്പോൾ ഞാൻ അവിടെ നിന്നും വഴുതിമാറി. എന്റെ ഈ പെരുമാറ്റം അയാൾക്ക് സുഖിച്ചില്ലെന്നു തോന്നി. ഒന്നു രണ്ടു ദിവസം കഴിഞ്ഞപ്പോൾ ആർ.ആർ.എല്ലിൽ എന്റെ ഡിവിഷനിലെ പ്രവർത്തനങ്ങളെകുറിച്ച് കുറേ തെറ്റിയ കഥകളുണ്ടാക്കി അയാൾ പ്രചരിപ്പിച്ചു എന്നറിഞ്ഞു. 8-ാം തീയതി വിഷ്ണുക്ഷേത്രത്തിലും രണ്ടുമൂന്നു ചെറിയ സംഗമങ്ങളിലും ക്ലാസുണ്ടായിരുന്നു. ഈ സദസ്സുകളിലെല്ലാം പ്രഭാഷണങ്ങളുടെ സിഡികൾ ധാരാളമായി ചിലവാകുന്നുമുണ്ടായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ വൻ പ്രൊജക്ടുകൾക്ക് ഇതെല്ലാം ആശ്വാസ ധനമായിത്തീർന്നു. 9-ാം തീയതിയും പതിവുപോലെ ക്ലാസുകളുണ്ടായിരുന്നു. 10-ാം തീയതി വൈഷ്ണോദേവി ക്ഷേത്രത്തിലായിരുന്നു ക്ലാസ്. ശ്രീബാബുസഹദേവന്റെ ന്യൂജഴ്സിയിലുള്ള ബന്ധുക്കളും വന്നിരുന്നു. അതും ചേർത്ത് വീട്ടിൽ തന്നെ നല്ല പരിപാടിയും ക്ലാസും സംഘടിപ്പി

ക്കുകയുണ്ടായി. വന്ന അതിഥികൾ ക്രിസ്ത്യാനികളുടെ ഐക്യത്തെ ക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും കുറേയധികം പുകഴ്ത്തിയപ്പോൾ ഞാൻ അൽപം പരുഷമായി സംസാരിച്ചു. അത് തെറ്റായിപ്പോയി എന്ന് ഇന്നും മനസ്സോർമ്മിപ്പിക്കുന്നു. ഒരാളുടെ വീട്ടിൽ താമസിച്ച്, അവിടെ യെത്തിയ അദ്ദേഹത്തിന്റെ അതിഥികളോട് കുറേക്കൂടി മാന്യമായി ഞാൻ പെരുമാറേണ്ടതായിരുന്നു എന്നു തോന്നി. പക്ഷേ ശ്രീ സഹദേവൻ എന്റെ വാദത്തെ ന്യായീകരിച്ചു എങ്കിലും ഞാൻ ചെയ്തത് തെറ്റായി രുന്നു എന്ന് എനിക്ക് കുറ്റബോധമുണ്ട്.

## നയാഗ്രാ വെള്ളച്ചാട്ട ദർശനസൗഭാഗ്യം

ലോകത്തിലെ ഏറ്റവും വലിയ വെള്ളച്ചാട്ടം നയാഗ്രായാണെന്നു പഠിച്ചിട്ടുണ്ട്. നാലാം ക്ലാസു മുതൽ അതെന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നുണ്ടായിരുന്നു. അതുകാണാൻ ഒരാഗ്രഹം ആഗ്രഹമായി മാത്രം നിലനിൽക്കുമെന്നറിയാമായിരുന്നു. പക്ഷേ ദൈവനിശ്ചയം ഗോപാ ലകൃഷ്ണന്റെ എല്ലാ ആഗ്രഹങ്ങളും നിറവേറ്റിക്കൊടുക്കണമെന്നായി രിക്കാം. അതുകൊണ്ടുതന്നെ ജന്മസുകൃതംപോലെ ആഗസ്റ്റ് 11 ന് ടൊറൺടോയിൽ നിന്നും സഹദേവന്റേയും സുഹൃത്തുക്കളുടേയും കൂടെ കാറിൽ നയാഗ്ര കാണാനായി പുറപ്പെട്ടു. ജന്മസാഫല്യംപോലെ, വ്യക്തമായി രണ്ടു കരയിൽ നിന്നും ഒഴുകിവീഴുന്ന മനോഹരമായ ദൃശ്യവും അതിലൂടെ കപ്പലിൽ യാത്ര ചെയ്യാനുള്ള, ഭാഗ്യവും കൂടി യായപ്പോൾ പത്തു ജന്മത്തെ പുണ്യം ഒരുമിച്ചനുഭവിച്ച സംതൃപ്തിയാ യിരുന്നു ലഭ്യമായത്. നല്ല തിരക്കുണ്ടായിരുന്നെങ്കലും കാലാവസ്ഥ അതി സുന്ദരമായിരുന്നതിനാൽ അമേരിക്കയുടെ ഭാഗത്തു നിന്നും ഒഴുകി വരുന്ന നദിയും കാനഡയുടെ ഭാഗത്തു നിന്നു വരുന്നതും ഒന്നായി അഗാധഗർത്തത്തിലെത്തുമ്പോൾ സന്ധിക്കുന്ന കാഴ്ച ജന്മത്തിലൊ രിക്കലെങ്കിലും കാണണം. എത്ര കണ്ടാലും മതിവരാത്ത കാഴ്ച, കു തിച്ചുചാടുന്നതും, അതിന്റെ സഹസ്രാബ്ദങ്ങളായുള്ള ശബ്ദവും, പരി സരങ്ങളുമെല്ലാം കണ്ടപ്പോൾ തോന്നി, അവിടെയൊരു ചെടിയായി കുറച്ചു നേരമെങ്കിലും, നിൽക്കാൻ സാധിച്ചിരുന്നുവെങ്കിൽ എന്ന്.

## വിന്നി പെഗ്ഗിലേക്ക്

2004 ആഗസ്റ്റ് 12 ന് രാവിലെ 5 മണിക്ക് ടൊറന്റോ എയർപോർട്ടിലെ ത്തി 7.30 നുള്ള ഫ്ളൈറ്റിൽ വിന്നിപെഗ്ഗിലെത്തി. 9.30 ന് എഡ്മണ്ടനിലെ ഡോ. ഭാസ്കരനും അദ്ദേഹത്തിന്റെ ധർമ്മപത്നി രമയും, വിന്നിപെഗ്ഗിലെ ആത്മസ്ഥക്കാരാനയ എഞ്ചിനീയർ റാവുവിനോട് അവിടെ പ്രഭാഷണപരിപാ ടികൾ നടത്താൻ വേണ്ടതായ ഏർപ്പാടുകൾ ചെയ്യാൻ പറഞ്ഞിരുന്നു.



Scanned with CamScanner

ഇവർ അഭ്യർത്ഥിച്ചതനുസരിച്ചാണ് ആഗസ്റ്റ് 12 ന് സായിസേവാ സെന്ററിലും മാനിറ്റോബാ യൂണിവേഴ്സിറ്റിയിലും ക്ലാസ് സംഘടിപ്പിച്ചത്. പാലക്കാട്ടുകാരനായ പ്രൊഫ. ഡോ. പത്മനാഭന്റെ വിദ്യാർത്ഥികൾക്കും ക്ലാസ്സെടുത്തു. അത് മാനിറ്റോബാ യൂണിവേഴ്സിറ്റിയിലായിരുന്നു.

മാനിറ്റോബാ യൂണിവേഴ്സിറ്റി മുഴുവനും നടന്നു കണ്ട്. പ്രൊഫ. പത്മനാഭന്റെ ചെറിയവീട്ടിൽ പോയി ഭക്ഷണം കഴിച്ചു. ഭാരതീയ പൈതൃകത്തിൽ കുറെയറിവുള്ള അദ്ദേഹവുമായി ഗണിതശാസ്ത്രത്തെക്കുറിച്ച് ചർച്ച ചെയ്തത് എനിക്കും അദ്ദേഹത്തിനും വളരെ പ്രയോജനപ്പെട്ടു.

### ഒരിന്ത്യാക്കാരനായ പ്രൊഫസറുടെ പെരുമാറ്റം

മാനിറ്റോബാ യൂണിവേഴ്സിറ്റിയിലെ ഒരിന്ത്യാക്കാരനായ അദ്ധ്യാപകൻ, കാനഡക്കാരുടെ മുമ്പിൽ ഇന്ത്യയിലൊന്നുമുണ്ടായിരുന്നില്ലെന്നും, ഒറിജിനൽ ഐഡിയ ഇംഗ്ലീഷുകാർക്കേയുള്ളൂ എന്നും കാണിക്കാനായി, വലിയ സദസ്സിൽ വച്ച് എന്നോട് ചോദിച്ചു. "താങ്കൾ പറയുന്നതെല്ലാം ആര്യഭടൻ എഴുതിയിട്ടുണ്ട് എന്നുള്ളതിന് എന്താണ് തെളിവ്? ആര്യഭടൻ സ്വന്തം കൈകൊണ്ട് എഴുതിയ താളിയോലഗ്രന്ഥം ഇന്ന് എവിടെ ലഭിക്കും? ഞാൻ ലോകത്തിലെല്ലായിടത്തും അന്വേഷിച്ചിട്ടും അതിന്റെ കോപ്പിയുണ്ട്, പക്ഷേ അദ്ദേഹം എഴുതിയ ഒറിജിനൽ ഗ്രന്ഥം ലഭിച്ചില്ല. കോപ്പിയിൽ മറ്റുള്ളവരെന്തെങ്കിലും അവരുടേതായിട്ടുള്ളത് എഴുതി ചേർത്തിട്ടുണ്ടാകുമെന്നുറപ്പാണ്. അതിലെനിക്കുവിശ്വാസമില്ല!" എന്നു പറഞ്ഞു. ഞാനുടനെ മറുപടി കൊടുത്തു. "തിരുവനന്തപുരത്ത്, കാര്യവട്ടത്ത് കേരള യൂണിവേഴ്സിറ്റിയിലെ മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ വലതുവശത്തെ ആറാമത്തെ റാക്കിൽ മൂന്നാമത്തെ തട്ടിൽ ഒന്നാമതായി വെച്ചിരിക്കുന്നത് ആര്യഭടൻ സ്വന്തം കൈകൊണ്ട് എഴുതിയ ഒറിജിനൽ താളിയോല ഗ്രന്ഥമാണ്." എല്ലാവരും കയ്യടിച്ചു. പിന്നെ അയാളൊന്നും പറഞ്ഞില്ല. (അങ്ങിനെയൊന്ന് കേരളാ യൂണിവേഴസിറ്റിയിലില്ല) ചില ഇന്ത്യാക്കാർക്ക്, ഇന്ത്യയിലൊന്നുമില്ലെന്നും ഇംഗ്ലീഷുകാരാണ് എല്ലാം കണ്ടുപിടിച്ചതെന്നും പറയുമ്പോൾ, ഇംഗ്ലീഷുകാർ ഇവരെ ബഹുമാനിച്ചാദരിക്കുമെന്ന മിഥ്യാധാരണയുണ്ട്, അതായിരുന്നു ഇവിടെ കണ്ടത്! എന്റെ പ്രഭാഷണപരിപാടികളിൽ, കേരളത്തിലുള്ള ചില ശാസ്ത്രസാഹിത്യ പരിഷത്തു പ്രവർത്തകർ, ചില മതവിഭാഗത്തിന്റെ കയ്യടിവാങ്ങാൻ അങ്ങിനെ പറയുന്നതു കേട്ടിട്ടുണ്ട്. ഇന്ത്യക്കു പുറത്തും ഇത്തരം ഇന്ത്യാക്കാർ ധാരളമുണ്ടുതാനും. പക്ഷേ എന്റെ വിദേശപര്യടനവേളയിൽ ഇതാദ്യമായാണ് ഒരു 'ബുദ്ധിജീവി' വിഭാഗത്തിലൊരാളെ കാണുന്നത്. കാര്യവട്ടത്തിലെ റാക്കിലെക്ക് വിരൽ ചൂണ്ടിയതോടെ ഈ നായകന്റെ ബുദ്ധി സ്തംഭിച്ചു.



Scanned with CamScanner

വേനൽക്കാലമായിരുന്നതിനാൽ മാനിറ്റോബയിൽ രാത്രി 10 മണിക്കായിരുന്നു സൂര്യാസ്തമയം. അതുകൊണ്ട് ഉറങ്ങിയത് 12 മണിക്കായിരുന്നു. 14ന് ഒരു വലിയ ഐമാക്സ് ചിത്രം കണ്ടു. പ്രൊഫ. പത്മനാഭനുമായി വീണ്ടും ചർച്ച ചെയ്ത് രണ്ടു ക്ലാസുകളും കൂടിയുണ്ടായിരുന്നതെടുത്തു. ശ്രീ റാവുവിന്റെ കുടുംബം സ്നേഹത്തിന്റെ നിറകുടമായിരുന്നു. അവരുടെ പെരുമാറ്റവും സംസാര രീതിയും കേരള ഭവനങ്ങളിൽ വിരളമാണ്. അദ്ദേഹത്തിന്റെ വീട്ടിലെ കൃഷിയുൽപ്പന്നങ്ങൾ കണ്ടാൽ ഉണ്ടാകുന്ന അത്ഭുതം വിവരിക്കാനേ സാധ്യമല്ല. പറമ്പിൽ ഒപ്പം ഇരുന്ന്, കുറേകാര്യങ്ങൾ ആജന്മബന്ധുക്കളെപോലെ അദ്ദേഹം പറഞ്ഞുതന്നു.

അഗസ്റ്റ് 15 ന് മാനിറ്റോബയിൽ ഭാരതസ്വാതന്ത്ര ദിനാഘോഷമുണ്ട്. അവിടത്തെ അസംബ്ലിഹാൾ ഇന്ത്യാക്കാർക്കായി തുറന്നുകൊടുക്കുന്നദിവസമാണിത്. ഞാനതിനകത്തുപോയി. ആദ്യം കണ്ടത് ഏറ്റവും മുകളിലെഴുതിയിരിക്കുന്നു ലോകത്തിലെ ആദ്യത്തെ നിയമനിർമ്മാതാവ് മനു" എന്ന്. മനുസ്മൃതിയെ അനുസ്മരിച്ചുകൊണ്ടാണിതെഴുതിയിട്ടുള്ളത്. ഭാരതസ്വാതന്ത്ര്യദിനത്തിൽ ഈ അസംബ്ലിഹാളിൽ ധാരാളം ഇന്ത്യാക്കാരെത്തിയിരുന്നു. സമയനിഷ്ടയും അച്ചടക്കവും ഒന്നുമുണ്ടായിരുന്നില്ല. എങ്കിലും അവരിൽ പലരും ഭാരതത്തെക്കുറിച്ചോർക്കുന്നു എന്നതിന് തെളിവായിരുന്നു ഇത്. അന്ന് മഴുവഞ്ചേരിയിൽ ഭാരതപൂജ പതിവുള്ളതിനാൽ മാനിറ്റോബായിൽ നിന്ന് വിളിച്ച് കാര്യങ്ങൾ നടക്കുന്നുണ്ടെന്നു ഉറപ്പുവരുത്തി. ഈ ലെജിസ്ലേറ്റീവ് അസംബ്ലി ഹാളിൽ ഞാനൊരു ക്ലാസെടുത്തു. ഭാരതത്തെക്കുറിച്ച് അറിയാത്ത ഭാരതീയർക്ക് അതൊരനുഭവമായിരുന്നു. മാനിറ്റോബയിൽ ഇറങ്ങിയ ദിവസം കുറേ കറുത്ത കൊടികൾ പല കെട്ടിടങ്ങളിലും കെട്ടിയിരുന്നതു കണ്ടു. വളരെയധികം കടകൾ അടഞ്ഞു കിടന്നിരുന്നു. വളരെക്കുറച്ചുപേർ മാത്രമേ, വേനലവധിയായിരുന്നിട്ടും റോഡിലൂടെ നടക്കുന്നുണ്ടായിരുന്നുള്ളൂ. കാരണമന്വേഷിച്ചപ്പോൾ അറിഞ്ഞത് അവിടത്തെ പ്രശസ്തനായ ഒരു ജൂതൻ മരിച്ചതുകൊണ്ടുള്ള ദുഃഖമായിരുന്നുവത്രെ. ഒന്നുമില്ലാതെ ഇസ്രായേലിൽ നിന്ന് കുടിയേറിപ്പാർത്ത അദ്ദേഹം മാനിറ്റോബാ യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദമെടുത്ത് ഒരു നല്ല ബിസിനസുകാരനായി ത്തീർന്നു. ആ യൂണിവേഴ്സിറ്റിയിലെ, ഏകദേശം ഒരു കിലോമീറ്റർ നീളവും അഞ്ചുനിലകളുമുള്ള ബിസിനസ് എഡ്യൂക്കേഷൻ ബ്ലോക്ക്, നിർമ്മിച്ചു നൽകി, മാനിറ്റോബയുടെ പിതാവായിത്തീർന്നു അദ്ദേഹം. ഞാൻ തിരിച്ചുള്ള യാത്രക്കൊരുമ്പെടുമ്പോൾ തലേദിവസം രാത്രി സായി സേവാസമിതിയിലെ പ്രഭാഷണത്തിൽ പങ്കെടുത്ത അനേകം ചൈന

ക്കാരുടേയും, ജപ്പാൻകാരുടെയും കൊറിയാക്കാരുടേയും മുഖമായിരുന്നു മനസ്സിൽ നിറഞ്ഞുനിന്നത്.

### യൂണിവേഴ്സിറ്റി ഓഫ് ആൽബർട്ടയിലൂടെ വീണ്ടും

ഏതു വിദേശ സരസ്വതീക്ഷേത്രത്തിൽ നിന്നിറങ്ങിയാണോ പത്തു വർഷം കഴിഞ്ഞത്, ഏതു യൂണിവേഴ്സിറ്റിയിൽ പ്രവർത്തിച്ചതുമുതൽക്കാണോ ഞാൻ അറിയപ്പെടാൻ തുടങ്ങിയത്, ഏതു സർവകലാശാലയെക്കുറിച്ചാണോ ഞാൻ പലപ്രാവശ്യം സ്വപ്നം കണ്ടത്, ആ സർവ്വകലാശാലയിലേക്കു വീണ്ടും വരാൻ ഉൽക്കടമായ ആഗ്രഹമുണ്ടായിരുന്നു. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ എന്നെ ഞാനാക്കി മാറ്റിയ ഈ യൂണിവേഴ്സിറ്റിയിലൂടെ നടക്കുന്നതും ക്ലാസെടുക്കുന്നതുമെല്ലാം, കുറഞ്ഞത് ഒരു നൂറു പ്രവാശ്യമെങ്കിലും ഞാൻ സ്വപ്നത്തിൽ കണ്ടിട്ടുണ്ട്. അതാണിപ്പോൾ സഫലമായിരിക്കുന്നത്. എഡ്മണ്ടനിലേക്ക് ഞാൻ വീണ്ടും ആഗസ്റ്റ് 16 ന് 8.30 ന് മാനിറ്റോബായി (വിന്നിപെഗ്) ൽ നിന്നു എത്തി. ഡോ. ഭാസ്കരനും കുടുംബാംഗങ്ങളും എയർപോർട്ടിലെത്തിയിരുന്നു. നേരെ പോയത് യൂണിവേഴ്സിറ്റി ഓഫ് ആൽബർട്ടയിലേക്കാണ്. പത്തുവർഷങ്ങൾക്കു മുമ്പ് ജീവിച്ച എഡ്മണ്ടനിലെ യൂണിവേഴ്സിറ്റി ഓഫ് ആൽബർട്ടയിലാണ് ഞാനെത്തിയതെന്നറിഞ്ഞപ്പോൾ അത്യാഹ്ലാദംകൊണ്ട് ഹൃദയം ത്രസിച്ചു. ഓരോ മുക്കിലും മൂലയിലും നടന്നു കണ്ടു. പഴയ മുഖങ്ങളെ സ്നേഹത്തോടെ അനുസ്മരിച്ചു. ഞാൻ പ്രവർത്തിച്ച മേശയും ഇരുന്ന കസേരയും ഉപയോഗിച്ച ഉപകരണങ്ങളുമടക്കം അയവിറക്കിയതുപോലെ കൺമുമ്പിൽ ഞാനിവിടെയുണ്ടായിരുന്നു എന്നത്, എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല. മുറികളുടെയും ലാബറട്ടറികളുടെയും കാര്യത്തിൽ പുനഃക്രമീകരണം ധാരളമായി നടന്നിട്ടുണ്ട്. ഒരുമാറ്റവും വരാത്ത ഭാഗങ്ങളുമുണ്ട്.

അന്ന് ഗയാന, ട്രിനിഡാഡ് എന്നിവിടങ്ങളിൽ നിന്ന് വന്നവർക്കായിരുന്നു ക്ലാസുകൾ സംഘടിപ്പിച്ചത്. രാത്രി അവിടത്തെ ക്ലാസുകഴിഞ്ഞ് അവരുടെ ഭക്ഷണവും കഴിച്ച് ചർച്ച ചെയ്തു. പരമാവധി സിഡികൾ കോപ്പിയെടുത്ത് 18 ന് വൈകുന്നേരം 6 മണിക്ക് വാൻകുവറിലേക്കു പോയി. രാത്രി 9.00 ന് വാൻകുവറിലെത്തി, ശ്രീലങ്കക്കാരനും സായിഭക്തനുമായ നാമിത്യാഗരാജനും കുടുംബാംഗങ്ങളും എയർപോർട്ടിൽ എന്നെ സ്വീകരിച്ചു. അന്ന് ചിങ്ങം 1-ാം തീയതിയായിരുന്നു.

മഴുവഞ്ചേരി നാഷണൽ ഹെറിറ്റേജ് സെന്ററിൽ രണ്ടാംനിലയുടെ പണിയാരംഭിച്ചു, എന്ന് എന്നെ ഫോണിൽ വിളിച്ചറിയിച്ചു. ത്യാഗരാജന്റെ കുടുംബത്തിൽ വേദത്തെക്കുറിച്ചൊരു ക്ലാസുണ്ടായിരുന്നു. അടുത്തദിവസം സായി സെന്ററിലും, ചൈന, കൊറിയ, ജപ്പാൻ എന്നീ രാജ്യ



Scanned with CamScanner

ങ്ങളിലുള്ളവരുമുണ്ടായിരുന്നു. അവരെല്ലാം സായിഭക്തരായിരുന്നു. ഭാരതീയ പൈതൃകം കുറേയൊക്കെ അറിയുന്നവർ. പൂർണവിശ്വാസം സായിബാബയിൽ അർപ്പിച്ചിരിക്കുന്നവരാണവർ. അടുത്തദിവസം ചെറിയ ക്ലാസുകൾ പള്ളിയിലും ക്ലബിലുമുണ്ടായിരുന്നു. വൈകുന്നേരത്തെ ക്ലാസ് സായിസെന്ററിലായിരുന്നു. അവിടത്തെ പള്ളി വിലയ്ക്കുവാങ്ങിയിട്ടായിരുന്നു സായിസെന്ററാക്കിയിരുന്നത്. ഭാരതീയ പൈതൃകം, ശ്രീ സത്യസായിബാബ, എങ്ങിനെ ജീവിതത്തിൽ പകർത്തുന്നു എന്നതായിരുന്നു വിഷയം. അത് അവർക്ക് പുതുമയുള്ള വിവരണമായിരുന്നു. 21 ന് രാവിലത്തെ ഫ്ളൈറ്റിൽ വീണ്ടും എഡ്മണ്ടനിലെത്തി. അവിടത്തെ കുടുംബാംഗങ്ങളുടെ യോഗത്തിലും വൈകുന്നേരം സായിസെന്ററിലും ക്ലാസെടുത്തു. സായിസെന്ററിൽ സാധാരണയായി എന്നെപോലുള്ളവരെ ക്ലാസെടുക്കാൻ ക്ഷണിക്കാറില്ല. സായി സമിതിയിലെ അംഗങ്ങളും പ്രവർത്തകരുമല്ലാത്തവരുടെ ക്ലാസുകൾ നടത്തുന്നതിന് ടൊറന്റോവിലെ സായിസമിതിയിൽ നിന്നനുവാദം വേണം. ഞാൻ സായി സേവാസമിതി പ്രവർത്തകനാണെന്നു എല്ലാവരും വിശ്വസിച്ചിരുന്നു എന്നുതോന്നുന്നു! അതുകൊണ്ട് ആരത്തി നടത്താൻ എന്നെ എൽപ്പിച്ചു. ഞാനതു ചെയ്യാറില്ലെന്ന് പറഞ്ഞത് പലരിലും സംശയമുദിപ്പിച്ചു. ഞാൻ സായിബാബയുടെ ഭക്തനല്ലേ? അതിനൊന്നും ഞാൻ മറുപടി പറഞ്ഞില്ല. എന്റെ ശരീരം ശുദ്ധമാണെങ്കിൽ മാത്രമേ ആരത്തി നടത്താറുള്ളു എന്നു പറഞ്ഞൊഴിഞ്ഞു. അടുത്ത രണ്ടുദിവസങ്ങളിൽ ക്ഷേത്രത്തിലും ചെറിയ കുടുംബസംഗമങ്ങളിലും ക്ലാസെടുത്തു. 23 ന് 150 കിലോമീറ്റർ ദൂരത്തുള്ള സെന്റ്പോൾ എന്ന സ്ഥലത്തേക്ക് പോയി. ഞാൻ കുറേനേരം കാറോടിച്ചു. അമേരിക്കൻ ഉപഭൂഖണ്ഡത്തിൽ സ്വയം 120 കിലോമീറ്റർ വേഗത്തിൽ റൈറ്റ് ഹാന്റ് ഡ്രൈവിൽ കാറോടിക്കുന്നത് ആദ്യമായിട്ടായിരുന്നു. വളരെ വലിയ ട്രക് ഇടതുവശത്തുകൂടി മറികടക്കുമ്പോൾ വിറച്ചുപോയിരുന്നു. എന്റെ ജ്യേഷ്ഠസഹോദരന്റെ സ്ഥാനത്തുള്ള ശ്രീ വേണുച്ചേട്ടനാണ് സ്വന്തം കാറിൽ എന്നോടു ഡ്രൈവ് ചെയ്യാൻ പറഞ്ഞ്, ഈ ഭാഗ്യം നൽകിയത്. (ഈ വരികൾ ഞാനിവിടെ എഴുതുന്ന സമയത്ത് മഴുവഞ്ചേരി സന്ദർശിക്കാനെത്തിയ ശ്രീ വേണുചേട്ടൻ എന്നെ വിളിച്ചു എന്നതിൽ അത്ഭുതം തോന്നി.)

എപ്പോഴെല്ലാം അദ്ദേഹത്തിനെക്കുറിച്ചു ചിന്തിക്കാറുണ്ടോ അപ്പോഴെല്ലാം അല്ലെങ്കിൽ ആ ദിവസം അദ്ദേഹമെന്നെ വിളിച്ചിരിക്കും. അന്ന് അവിടെ ശ്രീ വേണുഗോപാലന്റെ (വേണുച്ചേട്ടൻ) വീട്ടിൽ താമസിച്ചു. അടുത്തദിവസമായിരുന്നു മടക്കയാത്ര. തുടർന്നുള്ള മൂന്നു ദിവസങ്ങളിൽ പല ഗൃഹങ്ങളിലും അതിഥിയായും, യുണിവേഴ്സിറ്റിയി



Scanned with CamScanner

ലേക്കും യാത്രയുണ്ടായിരുന്നു. സി.ഡി. റൈറ്റിംഗും സായിസെന്ററിലെ ക്ലാസുകളുമായും നീങ്ങി. രണ്ടുമുന്നൂ മണിക്കൂർ സമയം എന്റെ പ്രൊഫസറായിരുന്നു ജോങ്ങ് എസ് സിമുമായി യൂണിവേഴ്സിറ്റിയിൽ പോയി സംസാരിച്ചുകൊണ്ടിരുന്നു. പത്തുവർഷങ്ങൾക്കു, മുമ്പ് ഇവിടെ ചെയ്ത ഗവേഷണങ്ങളെല്ലാം അദ്ദേഹം ഓർത്തു. ബൈബിളിനെക്കുറിച്ചും കുറെ പറഞ്ഞു. അതെല്ലാം ഞാൻ ചിരിച്ചുകൊണ്ട് ഖണ്ഡിച്ചു എങ്കിലും തർക്കിക്കാൻ നിന്നില്ല. ആഗസ്റ്റ് 28 ന് മലയാളികൾക്ക് ഓണസന്ദേശം കൊടുത്തു. ഓണസന്ദേശത്തിൽ ഡോ. കൃഷ്ണന് എന്റെ സന്ദേശവും സാന്നിദ്ധ്യവും ഇഷ്ടപ്പെട്ടില്ല എന്നുതോന്നി. മാത്രമല്ല അവിടെ ഒരു പത്മനാഭപിള്ള എന്നോടു കയർത്തു സംസാരിച്ചു. "നിങ്ങളെല്ലാം അവിടെയുണ്ടായിരുന്നിട്ടും ഗുരുവായൂർ ദർശനത്തിന് കൈക്കൂലികൊടുക്കേണ്ടി വരുന്നത് ദുഃഖകരമാണ്. നിങ്ങൾക്കെന്തെങ്കിലും ചെയ്തുകൂടേ?" എന്ന്. ഞാനതിനു മറുപടി കൊടുത്തു. "എന്തിനാ കൈക്കൂലി കൊടുത്തു ഗുരുവായൂരിൽ തൊഴാനായി പോകുന്നത്. എത്രയോ കൃഷ്ണക്ഷേത്രങ്ങൾ വേറെയുണ്ടല്ലോ?" അതദ്ദേഹത്തിന് തീരെ രുചിച്ചില്ല. എന്റെ യാത്ര ചിലവിനായി അദ്ദേഹവും കുടുംബവും നൽകിയ 50 ഡോളർ ചെക്ക് ആ ദേഷ്യത്തിൽ തിരിച്ചുവാങ്ങിച്ചുവെങ്കിലും, എനിക്കൊന്നും തോന്നിയില്ല. അതിനുശേഷം ഞാൻ കാൽഗറിയിൽ പോയി, അവിടത്തെ ഓണാഘോഷത്തിനും സന്ദേശം കൊടുത്തത്, സദസ്സിന് വളരെ ഇഷ്ടപ്പെട്ടു എന്നുതോന്നി. അന്ന് കാൽഗറിയിൽ രവി എന്ന തൃശ്ശൂർകാരന്റെ വീട്ടിൽ താമസിച്ചു, വളരെക്കാര്യമായി വേണുച്ചേട്ടൻ ഇൻസ്റ്റിറ്റ്യൂട്ടിന് സാമ്പത്തിക സഹായം നൽകണമെന്ന് അദ്ദേഹത്തോടഭ്യർത്ഥിച്ചു. ചെറിയൊരു സംഖ്യ നൽകി ആ അഭ്യർത്ഥന അദ്ദേഹം സ്വീകരിച്ചു. അദ്ദേഹത്തിന്റെ മകളുടെ ഒരു പ്രത്യേക രോഗത്തിന്റെ ദുഃഖത്തിലായിരുന്നു ആ കുടുംബം. അടുത്തദിവസം രാവിലെതന്നെ കാറിൽ മടക്കയാത്ര ചെയ്തു. എഡ്മണ്ടനിൽ തിരിച്ചെത്തി. ഡോ. ഭാസ്കരന്റെ വീട്ടിൽ താമസിച്ച് കൈയ്യിൽ കിട്ടിയപുസ്തകങ്ങളെല്ലാം വിശ്രമസമയത്ത് വായിച്ചു. ആദ്യം ലഭിച്ചത് ഡോ. വി.പി. ഗംഗാധരൻ എഴുതിയ ജീവിതം ഒരത്ഭുതം എന്ന പുസ്തകമായിരുന്നു. അത് വായിച്ചു കുറേനേരം കരഞ്ഞു. അടക്കാനാകാത്ത കരച്ചിൽ ജീവിതത്തിലനുഭവിച്ചത് ഈ ദിവസം, ആഗസ്റ്റ് 30 ന്, ആയിരുന്നു. വളരെ ചെറുപ്പത്തിൽ എല്ലാവരും പല വികൃതമായ പേരുവിളിച്ച് എന്നെ അവഹേളിക്കുമ്പോഴും ഇങ്ങിനെ ഞാൻ കരയുമായിരുന്നു. ഈ പുസ്തകം വായിച്ചു കഴിഞ്ഞതും എന്റെ മകന് വീണ്ടും മലേറിയയാണെന്ന് ടെലിഫോൺ കാൾ കിട്ടി. ജീവിതത്തിൽ പത്തുപതിനഞ്ചുപ്രാവശ്യം 16 വയസ്സിനുള്ളിൽ അവന് ഈ



Scanned with CamScanner

മലേറിയ പോലുള്ള രോഗം വന്നിട്ടുണ്ട്.

ഈ രോഗവും വച്ചുകൊണ്ടുതന്നെയായിരുന്നു മെലിഞ്ഞുചുളിഞ്ഞ ശരീരവുമായി അവൻ എഞ്ചിനീയറിംഗ് അഡ്മിഷനുപോയതെന്നോർക്കുമ്പോൾ എന്റെ ഹൃദയം വിങ്ങി. സെപ്റ്റംബർ 2 ന് (2004) എഞ്ചിനീയറിംഗിന് കേരളത്തിൽ അഡ്മിഷൻ സ്വീകരിച്ചവരിൽ ഒന്നാമനായ വിദ്യാർത്ഥിയായിരുന്നതുകൊണ്ട് അവനെ ഹാളിൽ സ്വീകരിക്കുവാൻ വിദ്യാഭ്യാസമന്ത്രിയും വിദ്യാഭ്യാസ സെക്രട്ടറിയും, എൻട്രൻസ് കമ്മീഷണറുമുണ്ടായിരുന്നെങ്കിലും അവന്റെ അച്ഛനായ ഗോപാലകൃഷ്ണൻ ഉണ്ടായിരുന്നില്ല. എനിക്ക് ദുഃഖിക്കാനല്ലാതെ എന്ത് സാധിക്കും. കണ്ണടച്ച് ഈ അച്ഛൻ പ്രാർത്ഥിച്ചു, എന്റെ മകന്റെകൂടെ ഞാനില്ലല്ലോ! ഭാര്യയും, സഹായിക്കാൻ എന്റെ സുഹൃത്തുക്കളും മാത്രം! ഹൃദയവേദനയോടെ അവനുവേണ്ടി വീണ്ടും വീണ്ടും ഞാൻ കാനഡയിലിരുന്നു പ്രാർത്ഥിച്ചു കരഞ്ഞു. മകന് നന്മവരുത്തേണമേ അസുഖം വേഗത്തിൽ ഭേദമാക്കണമേ ജഗദീശ്വരാ. സെപ്റ്റംബർ 3 ന് ടൊറൻടോവിൽ തിരിച്ചെത്തിയതിനുശേഷം തുടർച്ചയായ പത്തുദിവസം ടൊറന്റോയിൽ 25ലധികം പ്രഭാഷണപരമ്പരകൾ നടത്തി. പ്രത്യേകിച്ചും ഓണക്കാലവും കൂടിയായിരുന്നതിനാൽ ഓണാഘോഷപരിപാടികളുടെ ലിസ്റ്റിൽ പ്രഭാഷണവും പെടുത്തിയിരുന്നു.

**ഭാരതത്തിനു പുറത്തൊരു ശിബിരം**

സെപ്റ്റംബർ 11 ന് (2004) ഒരു പൂർണദിന സെമിനാർ നടത്തി. ആ ദിവസത്തിന്റെ പ്രത്യേകതയെന്നത് ന്യൂയോർക്കിൽ തീവ്രവാദികൾ രണ്ടു ടവർ പൊട്ടിത്തെറിപ്പിച്ച ദിവസമായിരുന്നു. ഭാരതത്തിനുപുറത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഒരു പൂർണദിന സെമിനാർ സംഘടിപ്പിക്കുന്നത് ഇതാദ്യമായിട്ടാണ്. അതിനുശേഷവും, ഇതെഴുതുന്നതുവരെ അത്തരത്തിലൊരു പരിപാടി ആവിഷ്കരിച്ചിട്ടില്ല. നല്ല പ്രതികരണമുണ്ടായിരുന്നു. ഡോ. ദുബെയായിരുന്നു സ്ഥലവും സൗകര്യങ്ങളും ഭക്ഷണവും എല്ലാം ക്രമീകരിച്ചത്. ഡോ. ഭാസ്കരനും അദ്ദേഹത്തിന്റെ, മെഡിസിനു പഠിക്കുന്ന, മകളും ക്ലാസ്സെടുത്തു. സംശയനിവാരണവുമുണ്ടായിരുന്നു. നല്ലപ്രവർത്തകർ എല്ലാകാര്യങ്ങളും ശ്രീസഹദേവന്റെ നേതൃത്വത്തിൽ ക്രമീകരിച്ചിരുന്നു. ആത്മസംതൃപ്തിയോടെയായിരുന്നു സെമിനാർ മുന്നോട്ടുപോയത്. നല്ല ക്ലാസുകൾ നടത്തി. പ്രഭാഷണത്തിനിടക്ക് ആന്ധ്രാമുഖ്യമന്ത്രി വൈ.എസ്.ആർ. റെഡ്ഡി ക്രിസ്ത്യാനിയാണെന്നു ഞാൻ പറഞ്ഞത് സദസ്സിൽ ഒരാന്ധ്രാക്കാരന് ഇഷ്ടപ്പെട്ടില്ല. ഞാൻ വീണ്ടും വ്യക്തമായി പറഞ്ഞു അദ്ദേഹം ക്രിസ്ത്യനാണ് എന്ന്. സെമിനാർ നടത്തിയ ക്ഷേത്രത്തിലെ ആഡിറ്റോറിയത്തിനകത്തു സംഘടിപ്പിക്കുന്ന മ്യൂസിയത്തിന്റെ ആർക്കി

ട്ടക്റ്റ് കൂടിയായ ആന്ധ്രക്കാരന്റെ വിമർശനാത്മകമായ അഭിപ്രായത്തിന് സദസ്സിൽ നിന്ന് മറ്റൊരു ആന്ധ്രക്കാരൻ മറുപടി പറഞ്ഞു. ആന്ധ്രമുഖ്യമന്ത്രിയുടെയും കുടുംബാംഗങ്ങളുടെയും പേര് യേശു സാമുവൽ രാജശേഖര റെഡി, യേശു സാമുവേൽ വിവേകാനന്ദ റെഡ്ഡി, യേശു സാമുവൽ രാമകൃഷ്ണ റെഡ്ഡി എന്നാണെന്ന്. ഇതു കേട്ടപ്പോൾ സദസ് ശാന്തമായി. അന്നുവൈകുന്നേരം ഞാൻ ക്ഷേത്ര ഭരണാധികാരികളോടുപറഞ്ഞു. ക്ഷേത്രകാര്യങ്ങൾ ചെയ്യുന്ന ഇദ്ദേഹം തീവ്ര ക്രിസ്ത്യാനിയാണെന്ന്. അതു ശരിയായിരുന്നുതാനും. വളരെ നല്ലരീതിയിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏകദിന ശിബിരം പര്യവസാനിച്ചു.

സെപ്റ്റംബർ 12 ന് 2004 ടൊറൻടോയിൽ നിന്ന് ദോഹവഴി 14ന് രാവിലെ തിരുവനന്തപുരത്തെത്തി. ഒരു പ്രശ്നവുമില്ലാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൗത്യം പുനരാരംഭിച്ചു. ദീർഘമായ എന്റെ കനേഡിയൻ യാത്രയെക്കുറിച്ച് പുറകോട്ടു തിരിഞ്ഞ് ചിന്തിച്ചപ്പോൾ സന്തോഷം തോന്നി. ഒരു രോഗവും വരാതെ, ക്ഷീണവുമുണ്ടാകാതെ, ഞാനാർക്കും ഭാരമാകാതെ ഒരു ഡോക്ടറേയും കാണേണ്ടതായ അവസ്ഥയുണ്ടാകാതെ, ഞാനെന്ന മനുഷ്യന്റെ മനസ്സ് തളരാതെ, ശരീരം വിറയ്ക്കാതെ, തിരിച്ചെത്തിയപ്പോൾ ഓർമ്മിച്ചു അഹം എന്ന സിനിമയിൽ മോഹൻലാൽ പാടിയ പാട്ട് "നന്ദിയോരോടു ഞാൻ ചൊല്ലേണ്ടൂ! ഈശ്വരാ, മാതാപിതാക്കളെ, പ്രണാമം!"

### ഒരു ദുബായ് യാത്രകൂടി

2004 ഒക്ടോബർ 6 ന് ദുബായിലെത്തി. അന്നുമുതൽ തന്നെ വൈകുന്നേരം ഇന്ത്യൻ കോൺസുലേറ്റ് ഹാളിൽ പ്രഭാഷണ പരമ്പരകൾ കേരളീയർക്കും മലയാളികളല്ലാത്തവർക്കും പ്രത്യേകമായി സജ്ജമാക്കിയിരുന്നു. ഒമാനിലെ ഹിന്ദു സുൽത്താൻ എന്നറിയപ്പെടുന്ന കനക്സീഭായി കിംജിയുടെ പ്രധാന വ്യാപാരവ്യവസായ സ്ഥാപനങ്ങളിൽ ഭാരതത്തിന്റെ മാനേജ്മെന്റ് സമ്പ്രദായത്തെക്കുറിച്ച് ക്ലാസുകളുണ്ടായിരുന്നു. മുസ്ലീം രാജ്യത്തിൽ വേദങ്ങളുദ്ധരിച്ചുകൊണ്ട് വ്യവസായികൾക്കുവേണ്ടി നടത്തുന്ന ആദ്യത്തെ മാനേജ്മെന്റ് ക്ലാസിന് വൻ സ്വീകരണമായിരുന്നു ലഭിച്ചത്. അടുത്ത ദിവസം മരുഭൂമിയിലൂടെ കുറേദൂരം ഒട്ടകങ്ങളെയും കണ്ടുകൊണ്ടു യാത്ര ചെയ്തു. ആദ്യമായാണ് അങ്ങിനെയൊരു ദൃശ്യംകാണുന്നത്. സ്കൂളിന്റെ നിർമ്മാണത്തിന് പലരും സഹായിച്ചു എന്നുള്ളതുകൂടാതെ ഓരോ നിമിഷവും വളരെയേറെ പ്രയോജനപ്പെടുത്താനും ഈ നാല് ദിവസത്തെ പരിപാടികൾ കൊണ്ട് സാധിച്ചു.

ശ്രീകൃഷ്ണമൂർത്തിയായിരുന്നു ദുബായിലെ പരിപാടിയുടെ



Scanned with CamScanner

മൊത്തം നിയന്ത്രണം. തികച്ചും അടുക്കും ചിട്ടയോടും കൂടി നടന്ന പരിപാടിയിൽ അനവധി വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ട് എല്ലാവരേയും സമന്വയിപ്പിച്ചുകൊണ്ടുപോകാനുള്ള അസാധാരണമായ കഴിവുള്ള വ്യക്തിയാണ് പാലക്കാട്ടുകാരനായ ശ്രീ കൃഷ്ണമൂർത്തി. മിഡിൽ ഈസ്റ്റ് മുഴുവനും പരിപാടികൾ സംഘടിപ്പിക്കുമ്പോഴും കൃഷ്ണമൂർത്തി എന്നും പുറകിൽ നിന്ന് മറ്റുള്ളവരെ മുന്നിലാക്കുകയാണ് പതിവ്. ഇത്രയും അടുക്കും ചിട്ടയോടും, കാര്യങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ടും, വരുംവരായ്കകൾ വിലയിരുത്തികൊണ്ടും, സഹപ്രവർത്തകരുടെയെല്ലാം സഹായത്തോടെയുമാണ് കൃഷ്ണമൂർത്തി പരിപാടികൾ നടത്താറുള്ളത്. നാഷണൽ ഹെറിറ്റേജ് സെന്ററിന്റേയും ഭാരതീയ വിദ്യാവിഹാറിന്റേയും നിർമ്മാണത്തിൽ കൃഷ്ണമൂർത്തി വഹിച്ച പങ്ക് മഹത്തരമാണ്. അന്നുമുതൽക്കിന്നുവരെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏതു പ്രശ്നമുണ്ടായാലും, സന്തോഷമുണ്ടായാലും അതെല്ലാം മിക്കവാറും ആദ്യം അറിയിക്കുന്നതും ചർച്ച ചെയ്യുന്നതും കൃഷ്ണമൂർത്തിയോടായിരിക്കും. സമന്വയത്തിന്റെ പന്ഥാവ്, ഉറച്ച തീരുമാനം, എടുത്ത തീരുമാനത്തിലൂടെ മാത്രമുള്ള യാത്ര, തെറ്റുപറ്റിയാൽ അംഗീകരിക്കാനുള്ള മനസ്സ്, നന്മക്കുവേണ്ടിയുള്ള നിസ്വാർത്ഥത ഇതാണ് ശ്രീ. കൃഷ്ണമൂർത്തി.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യകാലം മുതൽക്കുള്ള സംഘാടകനായ ശ്രീ ഭാസി ഇരുത്തം വന്ന ഒരു വ്യവസായിയും ഇന്നും അചഞ്ചലനായി പ്രവർത്തനങ്ങൾക്ക് എല്ലാസഹായവും നൽകുന്ന ഒരു ഇരിങ്ങാലക്കുടക്കാരനുമാണ്. ജീവിതത്തിലെ അനവധി തിക്താനുഭവങ്ങളിലൂടെ കടന്നുപോയ അഥവാ പോയിക്കൊണ്ടിരിക്കുന്ന ഭാസിയുടെ മുഖത്തൊരിക്കലും സ്വയം അനുഭവിക്കുന്ന ദുഃഖത്തിന്റേയോ സങ്കീർണ്ണ പ്രശ്നങ്ങളുടേയോ നിഴൽ കാണാൻ സാധ്യമല്ല. ഒരു സുപ്രഭാതത്തിൽ സ്വന്തം സ്കോർപിയോ വാഹനം ഇൻസ്റ്റിറ്റ്യൂട്ടിനു നൽകിയതുപോലെ അനവധി വ്യക്തികൾക്ക് പൈതൃക നന്മകൾ പ്രചരിപ്പിക്കുന്നതിന് എല്ലാസീമകളും ലംഘിച്ച് ശ്രീ ഭാസി സഹായിക്കാറുണ്ട്. ദുബായിലെ പരിപാടികളിൽ ഞങ്ങൾക്ക് സാരഥിയായിരിക്കാനും ഈ വലിയ മനുഷ്യന് എന്നും സന്തോഷമേയുണ്ടാകാറുള്ളൂ, എന്നത് ഞങ്ങളെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. അനവധി വാഹനങ്ങളുടെയും അനവധി വ്യവസായ സ്ഥാപനങ്ങളുടെ ഉടമയുമായ ഭാസി, ഡ്രൈവറെപോലെയാണ് ഡ്രൈവറുടെ സീറ്റിലിരിക്കാറുള്ളത്. അത്രക്കും എളിമയും പക്വതയും വന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഹൃദയത്തുടിപ്പ് അറിയുന്ന അദ്ദേഹത്തിന് നല്ല പ്രവർത്തകരേയും അല്ലാത്തവരേയും തിരിച്ചറിയാൻ വിഷമമുണ്ടാകാറില്ല. ഈ ദുബായ് യാത്ര കാര്യമായ ഒരു പ്രൊഫഷണൽ യാത്രയായിരുന്നു.



Scanned with CamScanner

ഒരു ഫൈ്ളയിങ് വിസിറ്റ്! സ്കൂളിനാവശ്യമായ അനുഗ്രഹാശിസുകൾ സ്വീകരിക്കുക, കൂടുതൽ പ്രവർത്തകരെയുണ്ടാക്കുക. അതു സാധിച്ചു എന്ന് കൃതാർത്ഥതയോടെ പറയാൻ സംതൃപ്തിയേറെയുണ്ട്.

**കുവൈറ്റിലൂടെ ശ്രീനാരായണ സന്ദേശപ്രചരണം**

ശ്രീനാരായണ ഗുരുദേവന്റെ സന്ദേശ പ്രചരണത്തിനായിരുന്നു 2005 ആഗസ്റ്റ് 17 മുതൽ 21 വരെ ഈ യാത്ര നടത്തിയത്. ശ്രീനാരായണ ഗുരുദേവന്റെ കർമ്മ മണ്ഡലത്തിൽ പ്രവർത്തിക്കുന്നവരുടെ ക്ഷണമനുസരിച്ച് 17 ന്, കൊളംബോവഴി വൈകുന്നേരം 7 മണിക്കായിരുന്നു അവിടെ കാലുകുത്തിയത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ കുവൈറ്റിലെ കോർഡിനേറ്റർ ശ്രീകൃഷ്ണദാസമേനോന്റെ വീട്ടിലായിരുന്നു പതിവുപോലെ താമസം. അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ചുള്ള രീതികളാണവിടെ അവലംബിക്കാറുള്ളത്. ആഗസ്റ്റ് 18, 19, 20 തീയതികളിൽ നല്ല പ്രഭാഷണങ്ങൾ നടത്താനീശ്വരാനുഗ്രഹമുണ്ടായി. കൂടാതെ പല സ്കൂൾ ആഡിറ്റോറിയങ്ങളിലും, മറ്റു സ്ഥാപനങ്ങളിലും, വിവിധ സ്ഥലങ്ങളിലും നടത്തിയ പ്രഭാഷണങ്ങൾക്ക് പ്രതീക്ഷിച്ചതിനേക്കാളേറെ ജനത്തിരക്കുണ്ടായിരുന്നു. അസാധാരണ ചൂടുണ്ടായിരുന്നിട്ടും, ഇത്രയും ശ്രോതാക്കൾ ഇതുവരെയുള്ള പരിപാടികളിലൊന്നിലും പങ്കെടുത്തിട്ടില്ലെന്ന് സംഘാടകർ അറിയിച്ചപ്പോൾ സന്തോഷം തോന്നി. പല ആഡിറ്റോറിയങ്ങളിലും ഹാളുകളിലും എയർകണ്ടീഷനുകൾ പ്രവർത്തിക്കുന്നുണ്ടായിരുന്നെങ്കിലും മുറികളിലെല്ലാം ജനങ്ങൾ നിറഞ്ഞു നിന്നിരുന്നതിനാൽ താപനില 50 ഡിഗ്രിയായിരുന്നു, പുറത്ത് 55 ഡിഗ്രിയുമായിരുന്നു. ഏതോ ഒരു മഹാന്റെ പ്രഭാഷണം കേൾക്കാൻ വന്നിരുന്നതുപോലെയായിരുന്നു ജനങ്ങൾ നിറഞ്ഞത്. ഇതിനുമുമ്പ് ശ്രീനാരായണഗുരുദേവ സന്ദേശങ്ങളെക്കുറിച്ച് പ്രഭാഷണങ്ങൾ നടത്താൻ വന്നിരുന്നവർ എന്നേക്കാൾ എത്രയോ പ്രഗ്ത്ഭരായ വ്യക്തികളായിരുന്നു. അവർക്ക് ലഭിക്കാത്ത സ്വീകരണമായിരുന്നുവത്രെ,. ഈ പ്രഭാഷണവേദികളിലെല്ലാം കണ്ടത് എന്ന് സംഘാടകരെല്ലാം പറഞ്ഞു. കൃതജ്ഞതയോടെയും കൃതാർത്ഥയോടേയുമാണ് ഓരോ പ്രഭാഷണപരിപാടിയും കഴിഞ്ഞ് ഞാനിറങ്ങിയത്.

ആഗസ്റ്റ് 21 ന് വൈകുന്നേരം ശ്രീ മേനോന്റെ വീട്ടിൽ വെച്ച് നല്ല ഒരു സംഗമയാത്രയയപ്പും ഉണ്ടായിരുന്നു. അതിൽ പങ്കെടുത്ത ഒരു വ്യക്തിയുടെ അഭിപ്രായപ്രകടനം "ക്രിസ്ത്യാനികൾക്കും മുസ്ലീമുകൾക്കും ആത്മാർത്ഥതയുണ്ട്. പക്ഷേ ഒരു ഹിന്ദുവിന് ജോലി കൊടുക്കുകയോ സഹായിക്കുകയോ ചെയ്താൽ അവനെ സഹായിച്ചവനെ ത്തന്നെ അവൻ പാര വെയ്ക്കും," എന്നത് തമാശ രൂപത്തിലാണെങ്കിലും, ഇപ്പറഞ്ഞ അഭിപ്രായം പലരും കാര്യമായി എടുത്ത് ആ പ്രശ്നം



Scanned with CamScanner

'പരിഹരിക്കേണ്ടതെങ്ങിനെയാണെന്ന്' ചർച്ചയിലേയ്ക്ക് കടന്നു. ഞാൻ ജനലിലൂടെ പുറത്തേക്കു നോക്കിയുമിരുന്നു. കൃഷ്ണദാസമേനോനാണെങ്കിൽ പതിവുപോലെ ഒരഭിപ്രായവും പറയാതെ നിന്നു. ചർച്ച മുഴുവനും പഴിചാരലിലേക്കെത്തി മറക്കാനാവാത്ത നെഗറ്റീവിൽ ചെന്നവസാനിച്ചു. അതുകൊണ്ടു തന്നെ പിന്നെയെവിടെയെങ്കിലും ചർച്ച ചെയ്യുന്ന വേളയിൽ ഇപ്രകാരം വിഷയം മാറിപോയിട്ടുണ്ടെങ്കിൽ ആദ്യം തന്നെ ഞാൻ പറയും. "ഇത്തരത്തിലുള്ള ചർച്ചകളൊഴിവാക്കണമെന്ന്."

സന്തോഷത്തോടെയാരംഭിച്ച് സന്തോഷത്തോടെ നീങ്ങിയ ഒരു യജ്ഞം അസ്ഥാനത്തുള്ള ഒരഭിപ്രായപ്രകടനത്തിലൂടെ വിരൂപമാക്കി. ചർച്ചയും അവിടത്തെ അന്തരീക്ഷവും തികച്ചും മറ്റൊരു ദിശയിലേക്കു മാറി. ഇങ്ങിനെയുള്ള കാര്യങ്ങളൊന്നും ചർച്ച ചെയ്യാനുള്ള വേദിയല്ലല്ലോ ഇത് എന്ന് ഞാൻ പറഞ്ഞെങ്കിലും ചർച്ച അതേദിശയിലേക്ക് നീങ്ങിയത് ഏറെ വേദനതോന്നിച്ചു. ഭക്ഷണവും കഴിച്ച് കൊളംബോ വഴി ആഗസ്റ്റ് 22 ന് ഞാൻ തിരുവനന്തപുരത്ത് തിരിച്ചെത്തി.

**യു.എ. യിയുടെ ഉള്ളിലേക്ക് വീണ്ടുമൊരുയാത്ര**

യുഎഇയിലേക്കുള്ള യാത്ര പലപ്പോഴുമുണ്ടായിട്ടുണ്ടെങ്കിലും അത് ദുബായിൽ മാത്രം ഒതുങ്ങിയിരുന്നു. ഒന്നോ രണ്ടോ പ്രാവശ്യം അബുദാബിയിലേക്കും പോകുകയുണ്ടായി. ഇപ്രാവശ്യത്തെ യാത്ര തികച്ചും വ്യത്യസ്ഥമായിരുന്നു. 2005 നവംബർ 15 ന് രാവിലെ 7 മണിക്ക് പുറപ്പെട്ട് 11.00 ന് ദുബായിലെത്തി. കൃഷ്ണമൂർത്തിയുടെ വീട്ടിലായിരുന്നു പതിവുപോലെ താമസം. 16 ന് രാവിലെ മുതൽ വൈകുന്നേരം വരെ വീഡിയോ റെക്കാർഡിംഗ് ആയിരുന്നു. സജിയും കൂടെയുണ്ടായിരുന്നതിനാലും വളരെ നല്ല ഒരു വീഡിയോഗ്രാഫറെ ലഭിച്ചതിനാലും റെക്കാർഡിംഗ് ഏറെ നന്നായി, റീടേക്കൊന്നുമില്ലാതെ നടത്തി. അചാരങ്ങളെക്കുറിച്ചും ഭാരതീയ ഈശ്വരസങ്കൽപങ്ങളെക്കുറിച്ചുമുള്ളതായിരുന്നു ഏകദേശം ഏഴുമണിക്കൂർ നീണ്ടുനിന്ന സ്റ്റുഡിയോവിലേതുപൊലുള്ള റിക്കാർഡിംഗ്. ഇത്തരത്തിലൊരു റിക്കാർഡിംഗ് ജീവിതത്തിലാദ്യമായിരുന്നുതാനും. അതുകൊണ്ടുതന്നെ അതിന്റെ ഒരു പ്രത്യേകതയുമുണ്ട്. ഇപ്രകാരമുണ്ടാക്കിയ സിഡികൾ പാലക്കാട്ടെ യുടിവിയിലും എ.സി.വിയിലും മറ്റുപല ചാനലുകളിലും പ്രക്ഷേപണം ചെയ്യുകയുമുണ്ടായി. വൈകുന്നേരം പ്രമുഖരെ വിളിച്ചുവരുത്തി ഒരുകുടുംബസംഗമവുണ്ടായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തകരും സഹായിച്ചവരും, അഭ്യുദയകാംക്ഷികളും ചേർന്ന് ഏകദേശം നാൽപതുപേർ പങ്കെടുത്തതായിരുന്നു കുടുംബസംഗമം. തൃശ്ശൂർ മഴുവഞ്ചേരിയിൽ നാഷണൽ



Scanned with CamScanner

ഹെറിറ്റേജ് സെന്ററിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പുമുതൽക്കുതന്നെ ഇൻസ്റ്റിറ്റ്യൂട്ടിനെ എല്ലാവിധത്തിലും സഹായിച്ചു കൊണ്ടിരിക്കുന്ന പൂജനീയ ശ്രീ ഈശ്വർജി ആ മീറ്റിംഗിലും സന്നിഹിതനായിരുന്നു. ഒരു വലിയ സ്ഥാപനമാക്കി നാഷണൽ ഹെറിറ്റേജ് സെന്ററിനെ വളർത്താനുള്ള എല്ലാ സഹായവും അദ്ദേഹം വാഗ്ദാനം ചെയ്യുകയും അവിടെ വച്ചുതന്നെ മുന്ന് ഏക്കർ വയൽ വാങ്ങിക്കാനുള്ള സഹായം നൽകുകയു ചെയ്തു. സമ്പൂജ്യനായ ശ്രീ. ഈശ്വർജിയുടെ സഹായമില്ലായിരുന്നെങ്കിൽ, ഇൻസ്റ്റിറ്റ്യൂട്ടിന് ഇന്നത്തെ നിലവാരത്തിന്റെ അഞ്ചിലൊരംശം പോലും എത്താൻ സാധിക്കുമായിരുന്നില്ല. പരിപാടിയിൽ പങ്കെടുത്ത പലരും സഹായ വാഗ്ദാനം നടത്തിയിരുന്നു. ഇപ്രകാരമൊരു കുടുംബസംഗമം ഉദ്ദേശിച്ചതിനേക്കാൾ എത്രയോ വലിയഫലമാണുണ്ടാക്കിയത്. അത് എന്നെ സംബന്ധിച്ചിടത്തോളം അപ്രതീക്ഷിതവുമായിരുന്നു. ഇവിടെവച്ച് എന്റെ അനുജന്റെ പ്രവർത്തനരീതിയിലെ തെറ്റുകൾ ചൂണ്ടികാണിച്ച് ഞാൻ വിമർശിച്ചു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിൽ ശ്രീ രാധാകൃഷ്ണൻ എന്ന വ്യക്തിയെ കണ്ടില്ല.

വൈകുന്നേരം ദുബായിൽ നിന്ന് അബുദാബിയിലെ എംബസി ഹാളിലേക്ക് പ്രഭാഷണത്തിനു പോകുന്നതുവരെ ധാരാളം വ്യക്തികൾ സന്ദർശിക്കാനായി 17-ാം തീയതി എത്തിയിരുന്നു. എല്ലാവരും സി.ഡികളും കാസറ്റുകളും കേട്ടതിന്റെ സന്തോഷത്തിമർപ്പിലായിരുന്നു. അതിവേഗത്തിൽ മതപരിവർത്തനം നടക്കുന്ന തൊഴിലാളികൾക്കിടയിൽ ഭാരതീയ പൈതൃകത്തെക്കുറിച്ച് അറിയിക്കാനുള്ള ഒരേ ഒരു ഉപാധിയാണിതെന്നായിരുന്നു ഏവരുടേയും അഭിപ്രായം. വർഷങ്ങളായി പലരാജ്യങ്ങളിലും വളരെ പാവപ്പെട്ട ഹിന്ദു തൊഴിലാളികൾ പ്രവർത്തിക്കുന്ന ക്യാമ്പുകളിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സിഡികൾ നല്ലരീതിയിൽ വിതരണം ചെയ്യുന്നതിനെ ഈ കുടുംബസംഗമത്തിൽ പങ്കെടുത്തവർ ഹൃദയസ്പർശിയായി അഭിനന്ദിച്ചത് അപ്രതീക്ഷിതമായിരുന്നു. നവംബർ 17-ാം തീയതി അബുദാബിയിലെ പ്രഭാഷണത്തിന് ശ്രീ ബി.കെ. ഷെട്ടിയുൾപ്പെടെ പ്രമുഖരായ പലരും പങ്കെടുത്തിരുന്നു. അവിടെനിന്നും കാറിൽ തിരിച്ച് ദുബായിലെത്തിയത് അർദ്ധരാത്രി കഴിഞ്ഞായിരുന്നു. 18-ാം തീയതി ഷെദിയായിലെ ഫാക്ടറി തൊഴിലാളികൾക്കും, അൽഗൂസിലും വൈകുന്നേരം ദുബായിലെ ഇന്ത്യൻ കോൺസുലേറ്റിലും പ്രഭാഷണങ്ങൾ നടന്നു. എല്ലാ ക്ലാസുകളും അതിന്റേതായ പ്രത്യേകതകൾ പുലർത്തിയിരുന്നു. ഓരോ നിലവാരത്തിലുമുള്ളവർക്കുവേണ്ടിയായിരുന്നുവെങ്കിലും എല്ലാവർക്കും അവർക്കാവശ്യമുള്ളതു ലഭിച്ചു എന്ന കൃതാർത്ഥതയുണ്ടായിരുന്നു എന്നറിയാൻ സാധിച്ചു. 19 ന് ചെറിയ



Scanned with CamScanner

ഗ്രൂപ്പുകളുമായി, ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തെക്കുറിച്ചായിരുന്നു ചർച്ച. വൈകുന്നേരത്തെ എന്റെ പ്രഭാഷണത്തിന് ചീഫ് കോൺസുലേറ്റർ ജനറൽ തന്നെ ചീഫ് ഗസ്റ്റായിരുന്നു.

**ദുബായിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ**

നവംബർ 20-ാം തീയതി ദുബായിലെ എം.ജി. യൂണിവേഴ്സിറ്റി എക്സ്റ്റൻഷനിലായിരുന്നു ക്ലാസ്. ധനികരുടെ മക്കളെ പഠിപ്പിക്കാനുള്ള ബുദ്ധിമുട്ട് കുറച്ചൊന്നുമല്ല എന്നു മനസ്സിലായി. ക്ലാസു തുടങ്ങുമ്പോൾ പ്രത്യേകരീതിയിലായിരുന്നു ക്ലാസിന്റെ അവസ്ഥ. അഞ്ചുമിനിറ്റ് കഴിഞ്ഞ് ഞാൻ സംസാരിക്കുന്നതു നിർത്തി, സാവധാനത്തിൽ ക്ലാസ് ശാന്തമായി. അതിനുശേഷം ആസ്വദിച്ചുകൊണ്ടായിരുന്നു വിദ്യാർത്ഥികളിരുന്നത്. ആ കോളേജിന്റെ ചരിത്രത്തിൽ 'പൂത്തപണക്കാരുടെ മക്കളി'ങ്ങിനെയിരുന്നിട്ടില്ലെന്നായിരുന്നു പ്രധാനാദ്ധ്യാപിക പറഞ്ഞത്. ദുബായിൽ അരഡസനിലധികം പ്രാവശ്യം പ്രഭാഷണങ്ങൾക്കായി യാത്ര ചെയ്തിട്ടുണ്ടെങ്കിലും ഇപ്രകാരം വിദ്യാലയങ്ങളെല്ലാം ഉൾപ്പെട്ടിട്ടുള്ള ഒരു പരമ്പര ആദ്യമായിരുന്നു. അമേരിക്കയിലും കാനഡയിലും ക്ലാസെടുക്കുമ്പോൾ അനുഭവപ്പെടാത്ത പ്രത്യേകത സമ്പത്തിന്റെ അഹങ്കാരം നിറഞ്ഞു നിൽക്കുന്ന (മാതാപിതാക്കളുടെ മക്കളിൽ) വിദ്യാർത്ഥികളിൽ നിറഞ്ഞു നിന്നിരുന്നു. അതു ഒന്ന് ഒതുക്കി കയ്യിൽ കൊടുക്കാൻ, കൊച്ചിൻ കോളേജിലെ മലപ്പുറം കത്തി സംസ്കാരമുള്ള വിദ്യാർത്ഥികളെ കൈകാര്യം ചെയ്ത അനുഭവങ്ങൾ പ്രയോജനപ്പെട്ടു.

അവിടെ നിന്ന് പ്രസിദ്ധ വിദ്യാഭ്യാസ പ്രവർത്തകനും വിദ്യാലയ സ്ഥാപകനുമായ ശ്രീ സുധീർ ഗോപിയുടെകൂടെ കുറച്ചുസമയം ചിലവഴിച്ചു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ എല്ലാപ്രവർത്തനങ്ങൾക്കും ഭക്ത്യാദരവോടെ സഹായങ്ങൾ ചൊരിയുന്ന അദ്ദേഹത്തിന്റെ ജീവിതാനുഭവ പാഠങ്ങളും സംസാരരീതിയും പ്രത്യേകതകൾ നിറഞ്ഞതായിരുന്നു. വൈകുന്നേരം ഇന്ത്യൻ കോൺസുലേറ്റിൽ മലയാളത്തിലായിരുന്നു പ്രഭാഷണം. പതിവിൽ നിന്നു ഭിന്നമായി, പ്രസംഗിച്ച വിഷയങ്ങളെല്ലാം പുനരാവർത്തിച്ച് പഠിപ്പിക്കലായിരുന്നു ചെയ്തത്. വിഷയങ്ങൾ പ്രത്യേകം പ്രത്യേകം മുറിച്ച് തിരിച്ച് സ്കൂൾ വിദ്യാർത്ഥികൾക്കു പറഞ്ഞുകൊടുക്കുന്നതു പോലെയായിരുന്നു എന്റെ ക്ലാസ്. 21-ാം തീയതി രാസൽ കൈമയിലെ ബിർള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലായിരുന്നു ക്ലാസ്. തുടർന്ന് അവിടെയുള്ള വലിയ ആഡിറ്റോറിയത്തിലും ക്ലാസ് നടന്നു. 22 നാകട്ടെ മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ടിലും, ('മാഹി' യെന്നായിരുന്നു അതറിയപ്പെട്ടിരുന്നത്,) ഒരു ക്ലാസുണ്ടായിരുന്നു, വാസ്തുവിദ്യയുടെ മഹത്വം. അതിനുശേഷമുള്ള ക്ലാസാകട്ടെ ബയോടെക്നോളജിയിലുമായിരുന്നു.



Scanned with CamScanner

വൈകുന്നേരം ഫ്യൂജിറായിലായിരുന്നു പൊതുപരിപാടി. 23 നും അവിടെത്തന്നെയായിരുന്നു പൊതുപരിപാടി. മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലുള്ള ഈ പരിപാടികളെല്ലാം മണലാരണ്യത്തിലുള്ള ഭാരതീയരുടെ ഉള്ളറകളിലേക്ക് പ്രവേശിക്കുന്നതായിരുന്നു. ഇതുവരെ നടന്നവയിൽ നിന്നും ഭിന്നമായി, വിദ്യാലയങ്ങളിലേക്കും, സ്ഥാപനങ്ങളിലേക്കും യു.എ.ഇയിലെ വിവിധ ഉപരാജ്യങ്ങളിലേക്കും, കേരളീയരല്ലാത്തവരിലേക്കുമുള്ള ഈ യാത്ര ഒരു ജൈത്രയാത്രയായിരുന്നു. വ്യത്യസ്ഥതലത്തിലും തരത്തിലുമുള്ളവരുമായി മണിക്കൂറുകളോളം കണ്ടുമുട്ടി ചർച്ച ചെയ്തു. അവരിലെത്താൻ അവരുടെ അഭാരതീയനെ കളഞ്ഞ് ഭാരതീയനിലെത്താനുള്ള തീർത്ഥയാത്ര നൂറുശതമാനത്തിൽകൂടുതൽ വിജയിച്ചു. അതിനു പ്രധാന കാരണമാകട്ടെ ശ്രീ കൃഷ്ണമൂർത്തിയുടേയും ശ്രീ ഭാസിയുടേയും സഹപ്രവർത്തകരുടേയും തളരാത്ത വ്യക്തമായ ദിശാബോധത്തോടെയുള്ള പ്രവർത്തനവും അവരോടൊപ്പം നിസ്വാർത്ഥമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ബാലചന്ദ്രൻ രമേഷ്, കുറുപ്പ്, നരേന്ദ്രനാഥ്, ഗോപാലകൃഷ്ണൻ തുടങ്ങി അനവധി പ്രചാരകരുടെ, അക്ഷീണ പ്രയത്നവുമായിരുന്നു.

23-ാം തീയതി കുടുംബത്തെ ഫോണിലൂടെ ബന്ധപ്പെട്ടപ്പോൾ മകൻ ഹരീഷ് സ്വയം കാറോടിച്ച് ഇന്ന് മകളെ റെയിൽവേസ്റ്റേഷനിൽ എത്തിച്ചു എന്നറിഞ്ഞു. എല്ലാ ശനി, ഞായർ ദിവസങ്ങളിലും എന്റെ പ്രഭാഷണയാത്രകളിലും എന്നെ വല്ലാതെ വേദനിപ്പിച്ചിരുന്നത്, തിങ്കളാഴ്ച 4 മണിക്കുള്ള ട്രെയിനിലോ ബസ്സിലോ മകളെ വള്ളിക്കാവിലെ എഞ്ചിനീയറിംഗ് കോളേജിലേക്കയക്കാൻ, തമ്പാനൂരിലേയ്ക്ക് കൊണ്ടുവരണം എന്നതാണ്. ഇനി മുതൽ ഞാനില്ലാത്ത ദിവസങ്ങളിൽ, മകൻ ഈ ദൗത്യം നിർവ്വഹിക്കുമല്ലോ എന്ന സമാധാനമായിരുന്നു, ഈ വിവരണം കേട്ടപ്പോഴുണ്ടായത്. മിക്കവാറുമുള്ള ആഴ്ചകളിലെല്ലാം പ്രഭാഷണങ്ങളുണ്ടാവുക പതിവായതിനാൽ ഞായറാഴ്ച ദിവസങ്ങളിൽ മടങ്ങിയെത്തുന്നത് അർദ്ധരാത്രിക്കുശേഷമായിരിക്കും. തൃശ്ശൂരിനപ്പുറത്തുള്ള ഏത് ജില്ലയായാലും. തിരുവനന്തപുരത്തേക്ക് മടങ്ങിയെത്തുമ്പോൾ അടുത്തദിവസം രാവിലെ 4 മണി കഴിയും. വള്ളിക്കാവിലെ അമൃതാ എഞ്ചിനീയറിംഗ് കോളേജിലേക്കുള്ള മകളുടെ യാത്ര രാവിലത്തെ ബസ്സിലാണെങ്കിൽ തമ്പാനൂർ ബസ്സ്റ്റാന്റിലേക്കും ട്രെയിനിലാണെങ്കിൽ അതനുസരിച്ചും അവളെ എത്തിക്കാറുള്ളത് ഞാനാണ്. അതുകൊണ്ടുതന്നെ ഞങ്ങൾ മടക്കയാത്രയിൽ ഒന്നുകിൽ പ്രവർത്തകനായ കുമാർ ഉറങ്ങാതെ വണ്ടിയോടിക്കും അല്ലെങ്കിൽ കുമാർ കുറേ ഓടിച്ചതിനുശേഷം ഞാൻ വാഹനമോടിക്കും. തിങ്കളാഴ്ച 4 മണിക്ക് മുമ്പ്



Scanned with CamScanner

വീട്ടിലെത്തുക എന്നത് ഒഴിച്ചുകൂടാൻ പറ്റാത്ത യജ്ഞമാണ്. ആ യജ്ഞത്തിന് ഇനി മകൻ ഹരീഷ്കൂടി ഉണ്ടല്ലോ എന്നറിഞ്ഞതിൽ സന്തോഷത്തേക്കാളേറെ ആശ്വാസമായിരുന്നു തോന്നിയത്.

ദുബായിൽ 24-ാം തീയതി മിടുക്കരായ കുട്ടികൾക്ക് രാവിലെയും വൈകുന്നേരവും, രാത്രി വേദം പഠിക്കുന്നവർക്കുമായിരുന്നു ക്ലാസ്. നവംബർ 25 ന് വ്യത്യസ്ഥ വിഭാഗങ്ങൾക്ക് കരാമയിലും, സനാതന ധർമ്മഗ്രൂപ്പിനും, ഇന്ത്യൻ കോൺസുലേറ്റിൽ ഉച്ചയ്ക്ക് തമിഴ് സ്ത്രീകൾക്കും, വൈകുന്നേരം പൊതുപരിപാടിയുമുണ്ടായിരുന്നു. മേൽപറഞ്ഞ വിഭാഗത്തിനുള്ള ക്ലാസുകളെല്ലാം തികച്ചും പുതിയതലത്തിലേക്കായിരുന്നു വ്യാപിച്ചത്. അതിനു മുമ്പും പിന്നീട്, ഇതുവരേയും അപ്രകാരമുള്ള പരിപാടികൾ ആവിഷ്ക്കരിക്കപ്പെട്ടിട്ടില്ല എന്നതാണ്, മേൽപരിപാടികൾ മഹത്തരമാക്കുന്നത്.

26 ന് തിരുവനന്തപുരത്തേക്കെത്തി. ഇനി ആർ.ആർ. എല്ലിൽ ഞാൻ ചിലവഴിക്കേണ്ടത് 770 ദിവസങ്ങൾ മാത്രമാണെന്നു ഓർമ്മയിലും ഡയറിയിലും കുറിച്ചിട്ടു. സഫലമീയാത്ര എന്നുറക്കെ പറയാവുന്ന വിധത്തിലുള്ള തീർത്ഥാടനം കഴിഞ്ഞ് തിരുവനന്തപുരത്തെത്തിയപ്പോൾ സാധരണപോലെ കർമ്മ മണ്ഡലത്തിലേക്കിറങ്ങി നടക്കുകയാണ് പതിവ്. അതുതന്നെയായിരുന്നു ഇപ്പോഴും ചെയ്തത്.

**ഒമാനിലൂടെയൊരു യാത്ര വീണ്ടും**

2006 ഏപ്രിൽ 5 ന് ആദ്യമായി മകൻ സ്വയം കാറോടിച്ച് എന്നെ എയർപോർട്ടിലിറക്കി. 8 മണിക്കുള്ള ഫ്ളൈറ്റിൽ ഞാൻ മസ്കറ്റിലിറങ്ങി, അവിടെ നിന്നും സോഹറിലേക്ക് നേരിട്ട് കാറിൽ യാത്ര ചെയ്തു പോകുന്ന വഴി ഇന്ത്യാ സ്കൂൾ, സുവൈക്കിൽ ക്ലാസ്സെടുത്തു. ഇന്ത്യൻ സ്കൂളിൽ ഹെഡ്മാസ്റ്ററായിരുന്ന വ്യക്തി ഒരു ക്രിസ്ത്യനായിരുന്നു. അവിടെ പഠിപ്പിക്കുന്ന ഒരു ഗ്രൂപ്പ് ക്രിസ്ത്യൻ അദ്ധ്യാപകരും ചേർന്ന്, ആ ഇന്ത്യൻ സ്കൂളിലെ ക്രൈസ്തവവൽക്കരണം ശക്തിയായി നടത്തുന്നു എന്നറിയാൻ സാധിച്ചു. പുറമേ തേൻപുരട്ടിയതുപോലെ സംസാരിച്ച് അകമേ അവർ ക്രിസത്യൻ സ്കൂളിലുള്ളപോലെ സ്വന്തം മതത്തിലുള്ളവർക്കുവേണ്ടി ചരടുവലിക്കുന്നതായുള്ള കഥകൾ കൂടെയുള്ളവർ പറഞ്ഞു. ഇതെല്ലാം അപ്പപ്പോൾ ഇന്ത്യൻ അംബാസിഡറുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള സംവിധാനമുണ്ടാക്കിയാണ് ഞാൻ മടങ്ങിയത്. ആ സ്കൂളിലെ അദ്ധ്യാപക രക്ഷാകർതൃസമിതിയുടെ രക്ഷാധികാരിയായിരുന്നു ഗുജറാത്തുകാരനായ ശ്രീ മഹേഷ്ഭായി. അടുത്ത ക്ലാസ് സോഹറിലെ ഇന്ത്യൻ സ്കൂളിലായിരുന്നു. അവിടെയും എപ്പോഴെല്ലാം ഒരു ക്രിസ്ത്യൻ തലപ്പത്തുവരുന്നവോ അപ്പോഴെല്ലാം ഇന്ത്യൻ



Scanned with CamScanner

സ്കൂളിൽ ക്രൈസ്തവവൽക്കരണത്തിന്റെ പ്രക്രിയ ആരംഭിക്കുന്നു വെന്ന് അവിടെയുള്ളവരും പറഞ്ഞു. ഒമാൻ ഒരു മുസ്ലീം രാജ്യമായതി നാൽ ഹിന്ദുക്കൾ ഭയന്ന് കാര്യമായി പ്രതികരിക്കാറില്ല. മിക്കവാറും ഇന്ത്യൻ അംബാസഡർമാരായി വരുന്നതും മുസ്ലീങ്ങളായിരിക്കും. ന്യൂന പക്ഷങ്ങൾ ഒരുമിച്ചു ചേരുമെന്ന ഭയത്തിലാണ് ഹിന്ദുക്കൾ പ്രതികരി ക്കാത്തത്. ഇതെല്ലാം മുന്നിൽ കണ്ടു കൊണ്ടു ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്ത കർ ഒരു ഹെൽപ് ലൈൻ സോഹറിൽ തുടങ്ങിയിരുന്നു. പരസ്പരം സഹായിക്കുക, ഭാരതീയ പൈതൃകത്തിനെതിരെ നടക്കുന്ന കുഴപ്പ ങ്ങൾക്ക് പരിഹാരം കാണുക എന്നീ ലക്ഷ്യങ്ങളോടെയായിരുന്നു ഈ ഹെൽപ്ലൈൻ പ്രവർത്തിക്കുന്നത്. മഹേഷ്ഭായിയുടെ വീട്ടിൽ ഉച്ചഭ ക്ഷണം കഴിച്ച്, സോഹറിലെ ക്ലാസുകഴിഞ്ഞ്, രാത്രിതന്നെ മസ്ക്കറ്റി ലെ ശ്രീ പ്രസന്നന്റെ വീട്ടിലേക്കു പുറപ്പെട്ടു.

## സ്വദേശിശാസ്ത്ര പ്രസ്ഥാനത്തിലെ ജയകുമാറിനോടൊപ്പം

സ്വദേശിശാസ്ത്ര പ്രസ്ഥാനത്തിന്റെ സംഘാടകൻ ജയകുമാർ മസ്കറ്റിൽ സംഘടിപ്പിക്കുന്ന ശാസ്ത്രപ്രതിഭാമത്സരത്തിന്റെ സമ്മാന ദാനചടങ്ങിനായരുന്നു ഹോട്ടലിൽ എത്തിയത്. (ഗോപാലകൃഷ്ണൻ പ്രസ്ഥാനത്തിന്റെ പേരിൽ കുറേ കാശ് കട്ടു എന്നും കേരളീയരുള്ള സ്ഥലങ്ങളിലെല്ലാം നിരന്തരം പ്രചരിപ്പിച്ച് ആർ.എസ്.എസിലൂടെ അതിന് വൻ പ്രചാരണം കൊടുത്ത വ്യക്തിയാണ് ആർ.എസ്.എസ്. പ്രചാരക നായ ജയകുമാർ) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തകരുടെ ക്ഷണമനുസരിച്ച് പരം കമ്പ്യൂട്ടറിന്റെ സ്രഷ്ടാവ് ഡോ. ഭട്കർ ആയിരുന്നു മുഖ്യാതിഥി. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ് ഒമാൻ ചാപ്റ്റ റാണ് പരിപാടി സംഘടിപ്പിക്കുന്നതെന്നായിരുന്നു വ്യക്തമായിട്ട് എന്നെ അറിയിച്ചിരുന്നത്. എന്നെ അറിയിച്ചതിൽ നിന്ന് ഭിന്നമായി അവിടെ ബാന റിലോ, ലഘുലേഖയിലോ, ബാഡ്ജിലോ ഒന്നിലും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരി ല്ലായിരുന്നു എന്നുമാത്രമല്ല, സ്വദേശി ശാസ്ത്ര പ്രസ്ഥാനത്തിന്റെ പേരു ണ്ടായിരുന്നുതാനും. ഇതാണ് ചെയ്യാൻ പോകുന്നതെന്നറിയിച്ചിട്ടുമുണ്ടാ യിരുന്നില്ല. ഈ പരിപാടി ഒമാനിൽ രജിസ്ട്രേഷനുള്ള ഒരേ ഒരു സംഘ ടനയായ ബ്രഹ്മകുമാരീസിലൂടെയാണ് സംഘടിപ്പിക്കുന്നതെന്ന് പിന്നീടറിഞ്ഞു. ഇത്രയും കണ്ടപ്പോൾ ചെറിയൊരു ദുഃഖം തോന്നി. അസത്യങ്ങളും അവാസ്തവങ്ങളും കൊണ്ടുസത്യത്തിന്റെ മുഖം മറ ക്കാൻ ശ്രമിക്കുകയായിരുന്നു. എന്നെ ഈ പരിപാടിയിൽ നിന്നൊഴി വാക്കാമായിരുന്നു എന്ന് ശ്രീ പ്രസന്നനോടും അദ്ദേഹം ഈ പരിപാടി യുടെ ചുമതലയേൽപ്പിച്ച ശ്രീ സുഗതനോടും ഞാൻ പറഞ്ഞു. എന്നെ ആശ്വസിപ്പിക്കാനായി അല്ലെങ്കിൽ സന്തോഷിപ്പിക്കാനായി ഞാനെഴുതിയ



Scanned with CamScanner

പുസ്തകങ്ങളാണ് ശാസ്ത്രപ്രതിഭാ മത്സരത്തിനു വിജയികളായവർക്ക് പാരിതോഷികം നൽകുന്നതെന്ന് പറഞ്ഞ്, എന്നെ ബോധ്യപ്പെടുത്താനായി കുറേ പുസ്തകങ്ങൾ നേരത്തേ മസ്ക്കറ്റിലെത്തിച്ചുമിരുന്നു. ചില തെറ്റുകൾ സംഭവച്ചതിൽ ക്ഷമിക്കണം, ജയകുമാറാണ് ഈ പ്രശ്നങ്ങളുണ്ടാക്കിയതെന്നറിഞ്ഞില്ല എന്ന കള്ളവും സംഘാടകർ പറഞ്ഞു. ഒരു കാര്യത്തിൽ ഞാനുറച്ചുനിന്നു. എനിക്ക് സ്റ്റേജിൽ കയറി ആയിരത്തോളം വരുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ക്ലാസെടുക്കണമെന്നോ, ഈ പരിപാടിയിൽ പങ്കെടുക്കണമെന്നോ ഒരു താല്പര്യവുമില്ല. ഞാനുടനെ തിരിച്ചു പോകാനും തയ്യാറാണ്. വാശിയോ, പകയോ, വൈരാഗ്യമോ ഇല്ല. പക്ഷേ ലോകമെമ്പാടും സംഘപരിവാറിലൂടെ, അതിന്റെ പ്രചാരകനായ ജയകുമാർ പ്രചരിപ്പിച്ച നുണക്കഥ മറക്കാനും പൊറുക്കാനും പച്ച മനുഷ്യനായ എനിക്ക് ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് സ്റ്റേജിൽ അതിഥികൾ ഒരുമിച്ചിരിക്കുകയാണെങ്കിൽ ഒന്നുകിൽ ആ കൂട്ടത്തിൽ ഗോപാലകൃഷ്ണൻ അല്ലെങ്കിൽ ജയകുമാർ ഇവരിലൊരാൾ മാത്രം ഇരുന്നാൽ മതി.'' മുൻകൂട്ടി നിശ്ചയിച്ച നാടകം പോലെ ഞാൻ സ്റ്റേജിലിരിക്കണമെന്ന് സംഘാടകർ പറഞ്ഞു, ഞാനിരുന്നു ക്ലാസ്സെടുത്തു. ഉച്ചക്കുശേഷം ജയകുമാറിന്റെ ഊഴമായിരുന്നു. സംഘാടകരുടെ മുഖത്ത് കൃത്രിമമായ ദുഖാഭിനയവുമുണ്ടായിരുന്നു. ഗോപാലകൃഷ്ണനെ വേദനിപ്പിച്ചു എന്നു കാണിക്കാനുള്ള അഭിനയം. ''ഞാനവിടെ വന്നാലും വന്നില്ലെങ്കിലും ഒരു നന്മയും തിന്മയും ഉണ്ടാകാനും പോകുന്നില്ല. ഉണ്ടാകാതിരിക്കാനും പോകുന്നില്ല. അതൊന്നും ഒരാളും അറിയാനും പോകുന്നില്ല.'' എന്ന് ഞാൻ വ്യക്തമായി ഓർമ്മിച്ചിരുന്നു.

വൈകുന്നേരം വരെയുള്ള പരിപാടികഴിഞ്ഞ് പ്രസന്നന്റെ വീട്ടിൽ ജയകുമാറിന്റെ അദ്ധ്യക്ഷതയിൽ സ്വദേശിശാസ്ത്ര പ്രസ്ഥാനത്തിന്റെ മീറ്റിംഗ് കൂടിയപ്പോൾ, അതിൽ പങ്കെടുത്തവരെല്ലാം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തകരായിരുന്നു. ഇങ്ങിനെയൊരു മീറ്റിംഗ് സംഘടിപ്പിക്കുന്നതിൽ എനിക്ക് വിഷമമുണ്ടാകുമെന്നു വിചാരിച്ചായിരിക്കണം മീറ്റിംഗ് കൂടുന്ന വേളയിൽ എന്നെ ബ്രഹ്മകുമാരീസിന്റെ കേന്ദ്രത്തിലേക്കയച്ചത്. വിചിത്രമായ ഈ തന്ത്രം കണ്ടപ്പോൾ സത്യം ഞാനറിയുന്നു എന്ന് വ്യക്തമാക്കാൻ ബ്രഹ്മകുമാരീസിന്റെ ആശ്രമത്തിൽ അൽപസമയം മാത്രം ചെലവഴിച്ച ഞാൻ പെട്ടെന്ന് മടങ്ങിയെത്തി....... പലതരത്തിലുള്ള മനുഷ്യരും, പ്രവർത്തകരും, പ്രവർത്തനങ്ങളും നടക്കുമ്പോൾ അതിൽ എന്തെല്ലാം യാഥാർത്ഥ്യങ്ങളും അഭിനയങ്ങളും നടക്കുന്നുവെന്നറിയുമ്പോൾ, നമുക്കുണ്ടാകുന്നത് പലതരത്തിലുള്ള വികാരങ്ങളാണ് എന്നു മാത്രം എഴുതി ഞാനീ ദുഃഖസംഭവ വിവരണം നിർത്തട്ടെ!

(2006) ഏപ്രിൽ 8-ാം തീയതി ഇന്ത്യാസ്കൂളിലെ വിദ്യാർത്ഥികൾക്കും, തുടർന്ന് ടീച്ചേഴ്സിനും, ഉച്ചയ്ക്കുശേഷം ഭവാനി



Scanned with CamScanner

എൻജിനീയറിങ് കമ്പനിയുടെ പ്രശസ്തരായ 80 എഞ്ചിനീയർമാർക്കു മാത്രമായും മുന്നുമണിക്കൂർ ക്ലാസുണ്ടായിരുന്നു. 45 മിനിറ്റുമാത്രം നിശ്ച യിച്ചിരുന്ന എഞ്ചിനേഴ്സിന്റെ ക്ലാസ് ഏകദേശം രണ്ടരമണിക്കൂർ നീണ്ടു. ഓരോരുത്തരും ക്ലാസിലെ സന്ദേശങ്ങൾ സ്വീകരിച്ചത് ലോകമഹാത്ഭു തങ്ങളുടെ വിവരണങ്ങൾ കേൾക്കുന്നതുപോലെയായിരുന്നു. പലരും വന്ന് എന്നെ കാൽ തൊട്ടു വന്ദിക്കുന്ന അനുഭവം വിദേശത്ത് ആദ്യമാ യിട്ടായിരുന്നു. അതും ഒരു വൻ സമൂഹം എഞ്ചിനിയർമാരുടെ ക്ലാസി ൽ. അതേദിവസം മഹാരാഷ്ട്ര മണ്ഡലിലെ അംഗങ്ങൾക്കുള്ള ക്ലാസു മുണ്ടായിരുന്നു. 9 ന് മൂന്നു പ്രഭാഷണങ്ങൾ മസ്ക്കറ്റിൽ കഴിഞ്ഞ് രാത്രി വീണ്ടും സോഹറിലെത്തി. 10 ന് സോഹറിലും, മഹേഷ്ഭായിയുടെ വീട്ടിലെ വിസ്തൃതമായ ഹാളിലും ക്ലാസു കഴിഞ്ഞ് മസ്ക്കറ്റിലെക്ക് തിരിച്ചു. അവിടെനിന്ന് സലാലയിലേക്ക് ഫ്ളൈറ്റിലും, യാത്രയായി. 11 ന് വലിയ ഒരു പരിപാടിയായിരുന്നു സലാലയിൽ സ്കൂളിലും, തുടർന്ന് സലാല ക്ഷേത്രത്തിലുമുണ്ടായിരുന്നത്. അന്ന് താമസം ശ്രീസനാതന്റെ ഫ്ളാറ്റിലായിരുന്നു. അടുത്തദിവസം ശ്രീ ബ്രഹ്മാനന്ദനായിരുന്നു സലാ ലയിൽ എല്ലാം സംയോജിപ്പിച്ചത്. തികച്ചും നിസ്വാർത്ഥ സേവനത്തിന്റെ പ്രതീകമായ അദ്ദേഹത്തിന് ഒരു ലക്ഷ്യവും മാർഗവുമേ ഉണ്ടായിരു ന്നുള്ളു; രാഷ്ട്രത്തെക്കുറിച്ച് ഭാരതീയരെ അറിയിക്കുക. സലാലയിലെ എല്ലാ ക്ലാസുകളും വളരെ അച്ചടക്കവും ക്രമീകൃതവുമായിരുന്നു. അന്നു ഒമാനിലെ സുൽത്താൻ സലാലയിലേക്ക് വരുന്നുണ്ടായിരുന്നതിനാൽ മറ്റൊരു പരിപാടിക്കും അവസരം നൽകിയിരുന്നില്ല. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിപാടി ക്യാൻസൽ ചെയ്യാൻ സാധ്യതയുണ്ടെന്നു മുന്നറിയിപ്പുണ്ടാ യിരുന്നെങ്കിലും അതുണ്ടായില്ല. പരിപാടി നടന്ന വലിയ ഹോട്ടലിന്റെ നീന്തൽ കുളത്തിൽ ഉണ്ടായിരുന്ന ആരുടെയോ ഒരു ശവശരീരം എടു ക്കാൻ പോലീസ് വന്നപ്പോൾ നമ്മുടെ സംഘാടകർ ആദ്യമൊന്നു ഭയ ന്നുപോയി. പ്രശ്നങ്ങളൊന്നുമുണ്ടാകാതെ ഞാൻ പരിപാടി കഴിഞ്ഞ് മസ്കറ്റിലേക്കു തിരിച്ചു.

**ബഹ്റിനിലൂടെയൊരു യാത്ര കൂടി**

ഏപ്രിൽ 13-ാം തീയതി രാവിലെ ബഹ്റനിലെത്തി, വലിയ ഒരു ഹോട്ടലിലായിരുന്നു താമസം. 14 ന് വിവിധ ഹാളുകളിലും സ്ഥലങ്ങളി ലുമായി ശ്രീനാരായണഗുരുദേവ സന്ദേശങ്ങളായിരുന്നു ക്ലാസെടുക്കാ നുണ്ടായിരുന്ന വിഷയം. കൂടാതെ വിഷു ദിവസമായിരുന്നതുകൊണ്ട് വിഷുകൈനീട്ടവുമായി ബന്ധപ്പെട്ട ചടങ്ങുകളുമുണ്ടായിരുന്നു. അടു ത്തദിവസം ചെറിയ ചടങ്ങുകളും ഇന്ത്യൻ സ്കൂളിൽ ഒരു വലിയ പരി പാടിയുമായിരുന്നു സംഘടിപ്പിച്ചത്. ബഹ്റിനിലെ പരിപാടികളിൽ ഭൂരി

ഭാഗം ശ്രീനാരായണ പ്രസ്ഥാനങ്ങളും സംഘടനകളുമായി ബന്ധപ്പെട്ട തായിരുന്നു. ഓരോ പരിപാടിയിലും ഗുരുദേവന്റെ സന്ദേശങ്ങൾ ബുദ്ധിക്കും യുക്തിക്കും ശാസ്ത്രത്തിനും നിരക്കുന്ന വിധത്തിൽ വിവ രിച്ചുകൊടുത്തിരുന്നു. വളരെ ഉയർന്ന നിലവാരത്തിലുള്ള സദസ്സുകളും കുടുംബ സദസ്സുകളും ഉൾപ്പെടെ ഓരോ ദിവസവും വിവധങ്ങളായ ജനസമൂഹങ്ങളിലേക്ക് ഭാരതീയ സന്ദേശങ്ങളെത്തിക്കുവാനവസരം ലഭി ച്ചപ്പോൾ പഴയപ്രവർത്തകരിൽ പലരും അവിടെയുണ്ടായിരുന്നില്ല. പുതുതായി ധാരാളം പ്രവർത്തകരെ കാണുകയും ചെയ്തു. ഞായ റാഴ്ച 16-ാം തീയതി രാത്രി മസ്ക്കറ്റിലേക്ക് യാത്രയായി. അവിടെ നിന്ന് അർദ്ധരാത്രിയുള്ള ഫ്ളൈറ്റിൽ നേരെ 17-ാം തീയതി തിരുവനന്തപുര ത്തുമെത്തി. മടക്കയാത്രയിൽ ചിന്തിച്ചുകൊണ്ടിരുന്നത് ഒമാനിൽ ഇൻസ്റ്റി റ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചിരുന്ന ശ്രീ. ജനാർദ്ദനന്റെ അഭാവമായിരുന്നു. വളരെ അടുക്കും ചിട്ടയോടും കൂടി ഓരോ മീറ്റിംഗും സംഘടിപ്പിച്ച്, മിനിറ്റ്സ് എഴുതി, അതിന്റെ ഒരു കോപ്പി എനിക്കയച്ചു തന്ന് അനവധി അംഗങ്ങളെ ചേർത്ത് എതു പ്രശ്നങ്ങളും സധൈര്യം നേരിടാൻ കഴിവുള്ള അദ്ദേഹം അവിടത്തെ വലിയ കമ്പനിയിലെ ജന റൽ മാനേജരാണ്. ശ്രീ മുഹമ്മദലിയിലൂടെയും ഇൻസ്റ്റിറ്റ്യൂട്ടിന് സഹാ യമെത്തിച്ച അദ്ദേഹം ചെറിയ കാരണങ്ങളാലാണ് വിട്ടുപോയതെന്ന റിഞ്ഞു. പ്രഭാഷണ വേളകളിൽ സുദീർഘമായ പല വിവരണങ്ങളും നൽകുന്നത് സന്ദർഭത്തിന് യോജിക്കുന്നതാണോ എന്നു പരിശോധി ക്കണമെന്ന് ഞാൻ അദ്ദേഹത്തിനോട് ഒരിക്കൽ സൂചിപ്പിച്ചതും, ഇൻസ്റ്റി റ്റ്യൂട്ടിന്റെ ഒമാനിലെ ഏറ്റവും പ്രധാന വക്താവ് അവ്യക്തമായ കാര്യ ങ്ങൾ വിവരിക്കുമ്പോൾ അത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ വീക്ഷണമാണെന്ന് ജനം തെറ്റിദ്ധരിക്കാനിടവരരുതെന്ന് പറഞ്ഞതും അദ്ദേഹത്തിനിഷ്ടപ്പെട്ടി ല്ലെന്നു തോന്നുന്നു. അതുപോലെ പ്രവാസിഭാരതി പുരസ്കാരം അവി ടത്തെ പ്രഗത്ഭനായ വ്യക്തിക്ക് നൽകിയതിന്റെ അനുമോദനത്തിന് അദ്ദേഹം തയ്യാറാക്കിയ സൈറ്റേഷനിലെ ഗ്രാമറും, വരികളുടെ ഘട നയും ഞാൻ തിരുത്തിയതും അദ്ദേഹത്തിന് അവഹേളനമായി തോന്നി എന്നും ചിലർ പറഞ്ഞു. അങ്ങിനെ വളരെ ഉയർന്ന നിലവാരമുള്ള പ്രഗത്ഭനായ ഒരു പ്രവർത്തകന്റെ അഭാവം അവിടെയുണ്ടാകാതെ നോക്കാൻ എല്ലാവരും മസ്ക്കറ്റിൽ ശ്രമിച്ചിരുന്നു. ഇതെല്ലാം ഓർമ്മി ച്ചുകൊണ്ട് തിരുവനന്തപുരത്തെത്തിയതറിഞ്ഞില്ല.

**അമേരിക്കയിലൂടെയും കാനഡയിലൂടെയും വീണ്ടുമൊരു യാത്ര**

2006 നവംബർ 14 ന് അമേരിക്കയിലേക്ക് പുറപ്പെടുന്നതിനുമുമ്പ് തന്നെ കാനഡയിലെ ബ്രിട്ടീഷ് കൊളംബിയാ റേഡിയോവിനുവേണ്ടി,



Scanned with CamScanner

തിരുവനന്തപുരത്തു നിന്നും ടെലിഫോൺ വഴി രണ്ടു റേഡിയോ പ്രഭാഷണങ്ങളും ചോദ്യോത്തരങ്ങളുടെ പരിപാടിയും നടത്തിയിരുന്നു. 15 ന് ബോംബെ വഴി പുറപ്പെട്ട് 16 ന് ലോസ് എഞ്ചൽസിലെത്തി.

ഏതാനും മാസങ്ങൾക്കു മുമ്പ് ടെക്സാസിലെ തൃശ്ശൂർ നിവാസിയായ പ്രൊഫ. ശരത് മേനോൻ, മഴുവഞ്ചേരിയിൽ വന്നിരുന്നു. അദ്ദേഹത്തിനെ ഫോണിലൂടെ ബന്ധപ്പെട്ടപ്പോൾ, ഇപ്രകാരമൊരു സെമിനാർ ഭാരതത്തിന്റെ സങ്കീർണപ്രശ്നങ്ങളെക്കുറിച്ച് ഒരു ഇന്റലക്ചൽ ഗ്രൂപ്പ് ചർച്ച നടത്തുന്നുണ്ടെന്നും അതിൽ കേരളത്തിന്റെ പ്രശ്നങ്ങൾ വിവരിക്കാനുള്ള ഉത്തരവാദിത്വം ഡോ. മേനോനാണ് എന്നും അറിയിച്ചിരുന്നു. ഇങ്ങിനെ ആരംഭിച്ച ബന്ധമാണ് എന്നെ ഈ സെമിനാറിന് ലോസ് ഏജല്സിലേക്ക് ക്ഷണിക്കുന്നതിനും ഞാൻ അവിടെ പോകുന്നതിനും ഇടയായത്.

ലോസ്ഏഞ്ജൽസ് എയർപോർട്ടിൽ ടെക്സാസിലെ ശ്രീ സോമരാജൻനായർ കാത്തുനിൽപ്പുണ്ടായിരുന്നു. അദ്ദേഹമാണ് എന്നെ സെമിനാർ നടക്കുന്ന ലാ ക്വിന്റാ ഹോട്ടലിലേക്ക് കൂട്ടികൊണ്ടുപോയത്. ഹോട്ടലിലെത്തി ഒരു ചായ കുടിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു നിലവാരവും പുലർത്താത്ത വിധത്തിലുള്ള സംസാരത്തിനായി ഒരു മലയാളി ഡോക്ടർ എന്റെ അടുത്തുവന്നിരുന്ന് സ്വന്തം മഹത്വം വിവരിക്കാൻ തുടങ്ങി. ഒന്നു രണ്ടു മിനിറ്റുനേരം അതു ശ്രവിച്ച് കഴിഞ്ഞ് ബോറടിച്ചപ്പോൾ ഞാനദ്ദേഹത്തോടു പറഞ്ഞു ഈ വാചകമടി കേൾക്കാൻ എനിക്ക് വലിയ താല്പര്യമില്ലെന്ന്. എന്റെ സംസാരത്തിൽ അഹങ്കാരത്തിന്റെയും തലക്കനത്തിന്റേയും സ്വരം നിഴലിച്ചിരുന്നുവത്രെ. ഇതു ശ്രദ്ധിച്ചുകൊണ്ടിരുന്ന ശ്രീ സോമരാജൻനായർ പിന്നീട് വ്യക്തമായ ഭാഷയിൽ എന്നെ ഉപദേശിച്ചു. "നമ്മൾ ഇവിടെ വന്നിരിക്കുന്നത് പുതിയ ബന്ധങ്ങൾ സൃഷ്ടിക്കാനാണ്. അതിന് കുറെ സംസാരിക്കണം, കുറെ കേൾക്കണം ക്ഷമയോടെ കേട്ട് അവരെ നമ്മളുടെ കൂടെ ചേർക്കാൻ ശ്രമിക്കണം. ആരിലൂടെയാണ് നമുക്ക് നല്ല ബന്ധങ്ങളും പ്രയോജനപ്രദമായ കാര്യങ്ങൾ ചെയ്യാനുള്ള അവസരങ്ങളും ഉണ്ടാകുന്നതെന്നറിഞ്ഞുകൂടാ. നമ്മൾ അഹങ്കാരിയാണെന്ന ഒരു തോന്നൽ മറ്റുള്ളവരിലുണ്ടാക്കരുത്.

ഈ ഉപദേശത്തിൽ ശക്തമായ ജ്യേഷ്ഠസഹോദരന്റെ നിർദ്ദേശസ്വരവും അദ്ധ്യാപകന്റെ ധർമ്മബോധവുമുണ്ടായിരുന്നു. എന്നുമെന്നും ജീവിതത്തിൽ സ്മരിക്കുന്ന വാക്കുകളുടെ ഒരു ഹാരമായിരുന്നു ശ്രീ സോമരാജൻനായർ, ഈ ഹോട്ടലിൽ വെച്ച് എന്നെ അണിയിച്ചത്. ഇത്തരം നിർദ്ദേശങ്ങൾ എന്റെ മനസ്സിലുമുയരാറുണ്ട്. ജോലിത്തിരക്കി



Scanned with CamScanner

നിടയിൽ ചിലപ്പോൾ ഞാൻ ഒരു മിനിറ്റ് മാനസീകമായി മാറിപ്പോകാറുണ്ടെങ്കിലും തിരിച്ചുവരാൻ ഏതാനും നിമിഷങ്ങളുടെ സ്മരണകൊണ്ടു സാധിക്കാറുണ്ട്. എന്നോട് ഉപദേശിച്ച സന്ദേശങ്ങൾ ശ്രീ സോമരാജൻ നായർ സ്വന്തം ജീവിതത്തിൽ അക്ഷരാർത്ഥത്തിൽ പകർത്തിയ വ്യക്തിയാണ്. ഹ്യൂസ്റ്റണിലെ മീനാക്ഷി ക്ഷേത്രത്തിലെ ഉത്തരവാദിത്വമുണ്ടായിരുന്ന അദ്ദേഹത്തിന് അതിശക്തമായ വിമർശനങ്ങളുടെ കൂരമ്പുകളേൽക്കേണ്ടി വന്നിട്ടുണ്ട് എന്ന് അദ്ദേഹം പറഞ്ഞു. അതിനെയെല്ലാം അഭിമുഖീകരിച്ച രീതിയും പറഞ്ഞുതന്നത് നല്ല ഒരു പാഠമായി ജീവിതത്തിലെ അനുഭവത്തിൽ ഞാനുൾപ്പെടുത്തിയിട്ടുണ്ട്.

ഒരു ദുഃഖം മാത്രം മനസ്സിൽ ചിലപ്പോൾ നിറയാറുണ്ട്. ഓരോ ദിവസവും ഏതാണ്ട് 16 മണിക്കൂറും, ആഴ്ചയിലേഴുദിവസങ്ങളും, വർഷത്തിൽ 365 ദിവസങ്ങളും വിശ്രമമില്ലാതെ പ്രവർത്തിക്കുന്ന വ്യക്തിയുടെ മുന്നിലിരുന്ന് ഒരു പ്രയോജനവുമില്ലാതെ വാചകമടിക്കരുതെന്ന് ഓരോരുത്തരും മുന്നിൽ വരുമ്പോൾ ഞാൻ പ്രാർത്ഥിക്കാറുണ്ടെന്ന ആരുമറിയാറുമില്ല.

### ലോസ് ഏഞ്ജൽസിലെ വികൃതമായ സെമിനാർ

2006 നവംബർ 16-ാം തീയതി ലോസ് ഏഞ്ജൽസിലെ ലാക്വിൻറാ ഹോട്ടലിൽ തന്നെ താമസിച്ചു. എവിടെയോ ഒരു പാകപ്പിഴയുള്ള, ദിശാബോധമില്ലാത്ത സെമിനാറായി തോന്നി. രാത്രി ഭക്ഷണവിഭവങ്ങൾ വന്നതു വളരെ വൈകിയായിരുന്നു. ചോറിനുപോലും ടീ സ്പൂണാണ് വിളമ്പാനുപയോഗിച്ചത്. വിളമ്പിത്തരാനോ ഭക്ഷണം ക്രമീകരിക്കാനോ ആരുമുണ്ടായിരുന്നില്ല. പലരും ഊണുകഴിച്ചതിനുശേഷമായിരുന്നു ചില വിഭവങ്ങൾ വന്നത്. ഏതാണ്ട് എല്ലാ വിഭവങ്ങളും തുറന്ന പ്ലേറ്റുപോലുള്ള, അടപ്പിടാൻ പറ്റാത്ത പാത്രത്തിലായിരുന്നു കൊണ്ടുവന്നത്. ആ ഭക്ഷണക്രമീകരണത്തിൽ മുഴച്ചു നിന്നത് ഒരു നാഥനില്ലാക്കളരിയുടെ ആരംഭമാണിവിടെ നടക്കാൻ പോകുന്നതെന്നതായിരുന്നു. ബാക്കിവന്ന ഭക്ഷണം അതേപ്രകാരം അടുത്ത ദിവസവും അവിടെയുണ്ടായിരുന്നു. അസാധരണ ദുർഗന്ധം വന്നിട്ടും ശ്രദ്ധിക്കാനാരുമുണ്ടായില്ല. സനാതനധർമ്മത്തിന്റെ നിലനിൽപ്പിനെക്കുറിച്ചുള്ള നവംബർ 18 ന് നടന്ന ഈ സെമിനാറിൽ ഓരോ പ്രഭാഷണവും ദുഃഖങ്ങളുടെയും വേദനയുടേയും അതിശയോക്തിയുടേയും വിവരണങ്ങൾ മാത്രമായിരുന്നു. എത്ര ആത്മവിശ്വാസമുള്ളവന്റേയും മനസ്സ് തളർത്തുന്നതിനുമാത്രമായിട്ടെന്നപോലുള്ളതായിരുന്നു ഈ സെമിനാർ. എല്ലാവരും അവനവനെ പ്രദർശിപ്പിക്കാനാണ് സമയം ഉപയോഗിച്ചു കണ്ടത്. വൃദ്ധരായിരുന്ന പലരും സമൂഹത്തോട് പ്രതിഷേധമുള്ളതുപോലെയാണ്, പ്രസംഗിച്ചത്. ഈ



Scanned with CamScanner

പ്രഭാഷണങ്ങൾ കേട്ട് എന്റെ ശരീരവും മനസ്സും വിറങ്ങലിച്ചുപോയി എങ്കിലും ഞാൻ ശ്രീ സോമരാജൻനായർ പറഞ്ഞത് ഓർമ്മിച്ചു. ജീവിതത്തിൽ എത്രയോ സെമിനാറുകളിൽ പങ്കെടുക്കുകയും പലതും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സനാതനധർമ്മവിശ്വാസികളിലും ഭാരതീയ പൈതൃകം പഠിക്കുന്നവരിലും പ്രചരിപ്പിക്കുന്നവരിലും അഗാധമായ ദുഃഖവും, തളർച്ചയും അപകർഷതാബോധവും ഉണ്ടാക്കുന്ന ഇതുപോലുള്ള ഒരു സെമിനാറിൽ ആദ്യമായിട്ടാണ് പങ്കെടുക്കുന്നത്. അനവധി സംഘാടകർ എന്തു ചെയ്യണമെന്നറിയാതെ നടക്കുന്നു! ആധുനിക ലോകത്തെക്കുറിച്ചൊന്നുമറിയാത്ത വൃദ്ധരായ പണ്ഡിതരുടെ അസ്ഥാനത്തുള്ള അദ്ധ്യക്ഷ പ്രസംഗവും, ആശംസയും, വിഷയാവതരണവും. ഓരോ പ്രഭാഷണം /ക്ലാസുകഴിയുമ്പോഴും ഇനി ഭാരതീയന് ഈ ഭൂമിയിൽ ഒരു രക്ഷയുമില്ലെന്ന സന്ദേശം നൽകുന്ന വിധത്തിലുള്ള വികാരപ്രകടനങ്ങൾ സദസ്സിലും, വേദിയിലും. എത്ര മനോധൈര്യമുള്ളവനേയും മിനിറ്റുകൾ കൊണ്ട് തളർത്താൻ കഴിവുള്ള 'പണ്ഡിത ശ്രേഷ്ഠരുടെ' പ്രബന്ധങ്ങൾ ഇങ്ങിനെ പോകുന്നു (സെമിനാറിന്റെ മഹത്വം!)

ഭക്ഷണ സമയത്ത് നല്ല തിരക്കായിരുന്നു. ഏകദേശം 100ൽ താഴെ മാത്രം 'പണ്ഡിതന്മ'ാരുള്ള സദസ്സിന്റെ സൃഷ്ടിക്ക് ഇത്രയധികം ഡോളർ ചിലവഴിച്ചിരിക്കുന്നത് വേദനാജനകമായിരുന്നു. ഓരോരുത്തരും ഹിന്ദുധർമ്മത്തിന്റെ രക്ഷകനെപോലെ എല്ലാവരുടെയും മനസ്സിൽ ദുഃഖഭാരം നിറക്കുന്നതുകണ്ട് എന്താണ് ചെയ്യേണ്ടതെന്ന് ഞാൻ സോമരാജൻനായരോട് ചോദിച്ചു. ഇരുത്തം വന്ന മറുപടി അദ്ദേഹം തന്നു. "ഗോപാലകൃഷ്ണൻ ഇവിടെ വരെ വന്നു. ഇനി ഇതിനെ നേരയാക്കാൻ സാധിക്കുമോ എന്നു നോക്കുക. ആരേയും കുറ്റം പറയുന്നതിനു പകരം ശരിയേതെന്നു ചൂണ്ടിക്കാണിക്കുക."

**കത്തിക്കാളിയൊരു പ്രഭാഷണം**

അരമണിക്കൂറായിരുന്നു എന്റെ ക്ലാസ്. എല്ലാവരിലും ആത്മവിശ്വാസം നിറച്ച് ചിരിപ്പിച്ച് സന്തോഷിപ്പിച്ച് കരയാനും ദുഃഖിക്കാനുമൊന്നും സമയമില്ലെന്ന് പ്രഖ്യാപിച്ച് ഞാൻ പ്രസംഗമവസാനിപ്പിച്ച് പറഞ്ഞു. "നാളെ രാവിലെ മീറ്റിംഗ് തുടങ്ങുന്നതിനുമുമ്പും വൈകുന്നേരം സെമിനാറിനുശേഷവും എന്റെ ക്ലാസുണ്ടാകും" എന്ന്. ശ്രീ സോമരാജൻനായരുടെ ഉപദേശം ഞാനക്ഷരാർത്ഥത്തിൽ ശിരസാവഹിച്ചു. എന്റെ ക്ലാസ് നടക്കുമ്പോഴും കഴിഞ്ഞ ഉടനെയും സദസ്സിൽ പങ്കെടുക്കുന്നവരുടെ മുഖത്ത് നല്ല ആത്മവിശ്വാസം പ്രസരിച്ചിരുന്നുവെന്ന് ഡോ. ശരത് മേനോനും, ശ്രീ സോമരാജൻനായരും അഭിനന്ദിച്ചുകൊണ്ടു പറഞ്ഞു. എനിക്ക് മുമ്പ് പ്രസംഗിച്ച പലരുടേയും മുഖത്ത് സന്തോഷക്കു



Scanned with CamScanner

റവും കണ്ടു. ആരോടും അനുവാദം ചോദിക്കാതെ അങ്ങിനെ സദസ്സിനോട് നിർദ്ദേശിച്ചതിൽ ചില സംഘാടകർക്ക് ദേഷ്യമുണ്ടായതായി ഞാനറിഞ്ഞു. അതൊന്നും നോക്കാൻ ഞാൻ നിന്നില്ല. എന്റെ മനസ്സിലെ അഭിമാനം കുറച്ചു കൂടിപോയോ എന്നുപോലും ഞാൻ ഭയന്നു. അഹങ്കാരത്തിന്റെ ഒരു വാക്കും വരരുതെന്ന് ഞാൻ ഓർമ്മിച്ചുകൊണ്ടേയിരുന്നു. (മാത്രമല്ല ചിലപ്പോൾ ശ്രീ സത്യസായിബാബ വന്ന്, ഞാനുറങ്ങുമ്പോൾ, ഉപദേശിക്കാറുള്ളതുപോലെ തോന്നാറുണ്ട്. നിനക്ക് കുറച്ച് അഹങ്കാരമുണ്ട്. അതു മാറ്റണം എന്ന്) 19-ാം തീയതിയും ക്ലാസുണ്ടായിരുന്നു. അതുകഴിഞ്ഞ് തൃശ്ശൂർകാരനായ ശ്രീ രാമചന്ദ്രന്റെ വീട്ടിലേക്കുപോയി കുറേസമയം പഴയ അനുഭവങ്ങളയവിറക്കികൊണ്ട് മടങ്ങി. അന്ന് അതിരാവിലെയും പാതിരാത്രിവരെയും സെമിനാർ ഹാളിൽ ഭാരതീയ പൈതൃകത്തെക്കുറിച്ച് പദാനുപദം പഠിപ്പിച്ച് അവരിലെല്ലാം ആത്മവിശ്വാസമുറപ്പിച്ച് ശ്രീ സോമരാജൻനായർ പറഞ്ഞുതന്ന ഉപദേശം അക്ഷാർത്ഥത്തിൽ പ്രാവർത്തികമാക്കി. ജനതാപാർട്ടിക്കാരനായ ശ്രീ. സുബ്രഹ്മണ്യസ്വാമി സാധിക്കാവുന്നത്ര നെഗറ്റീവുകൾ വിളമ്പി. അദ്ദേഹം സ്വയം ഒരു രക്ഷകനെപോലെ ചമഞ്ഞുനടക്കുന്നുമുണ്ടായിരുന്നു. എല്ലാവരും അദ്ദേഹത്തിന്റെ ചുറ്റും കൂടുന്നതും കണ്ടു. ഒരു ഹീറോ വർഷിപ്പ് ആയിരുന്നു അവിടത്തെ ചായസൽക്കാരവേദിയിലും ഭക്ഷണ വേദിയിലുമെല്ലാം കണ്ടത്. അടുത്തദിവസം ഞാൻ പല ശ്രേഷ്ഠരായ ശ്രോതാക്കളോടും ചോദിച്ചു. "ഇവിടെ പലരും വിവരിച്ചതൊന്നും ശരിയല്ല. ഇപ്പോഴത്തെ ഇന്ത്യയെക്കുറിച്ചറിയാതെയാണ് ഇവിടെയുള്ള ഭാരതീയർ പലതും പ്രസംഗത്തിൽ കലക്കിവിടുന്നത്. ഇതൊക്കെ ഒന്നു പരിശോധിച്ചിട്ടുവേണ്ടേ ഇവരെയൊക്കെ ക്ലാസെടുക്കാനും പ്രസംഗിക്കാനും ക്ഷണിക്കാൻ". അവരുടെയെല്ലാവരുടേയും മറുപടി ഏകദേശം ഒരേപോലെയായിരുന്നു. "ഇവരു പറയുന്നതൊക്കെ ആര് ശ്രദ്ധിക്കാൻ, അതൊക്കെ ആർക്കാണ് സാധിക്കുക. നിങ്ങൾ കണ്ടില്ലേ പലരും സദസ്സിൽ ഉറങ്ങുകയും ചിലർ തുടർച്ചയായി. സംസാരിക്കുകയുമായിരുന്നു. മറ്റൊരിടത്തും ചിലവഴിക്കാൻ സാധിക്കാത്ത വികാരം, ഈ നാലു ചുമരുകൾക്കകത്ത് ചിലവഴിക്കുന്നു" എന്നു വിചാരിച്ചാൽ മതി. അതു കേട്ടപ്പോൾ എന്റെ ദുഃഖം ഇരട്ടിച്ചു, ഞാൻ യാത്രയായി.

2006 നവംബർ 20-ാം തീയതി തൃപ്പൂണിത്തുറക്കാരനായ ഡോ. നാരായണസ്വാമിയുടെ വീട്ടിലായിരുന്നു താമസം. ഒരു ക്ളാസുണ്ടായിരുന്നത് കാലിഫോർണിയായിലായിരുന്നു. അതിസമ്പന്നർ മാത്രമുണ്ടായിരുന്ന ക്ലാസിൽ, ശ്രീ സ്വാമി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രോജക്ടിനെക്കുറിച്ച് വിവരിച്ച് സഹായിക്കണമെന്നഭ്യർത്ഥിച്ചു എങ്കിലും ആരും സഹാ

യിച്ചില്ല. ആ സദസ്സിൽ ഒരു സ്ത്രീ ഭാരതത്തിലെ സ്ത്രീകളനുഭവിക്കുന്ന ദുഃഖത്തെക്കുറിച്ചും, മഹാഭാരതത്തിൽ പാഞ്ചാലിക്കും, രാമായണത്തിൽ സീതക്കും സംഭവിച്ചതിനെക്കുറിച്ചും നിർത്താതെ ചോദ്യം ചോദിക്കുന്നുണ്ടായിരുന്നു. ഈ സ്ത്രീകൾക്ക് ഇതൊക്കെ സംഭവിക്കാൻ കാരണം ഗോപാലകൃഷന്റെ പെരുമാറ്റദൂഷ്യം കൊണ്ടാണെന്നതുപോലെയായിരുന്നു, അവർ തട്ടികയറി സംസാരിച്ചത്. ഒരു ക്ലാസിന്റെ എല്ലാ അന്തരീക്ഷവും ആ സ്ത്രീ നശിപ്പിച്ചു. അവസാനം അവർ ക്ഷമ പറഞ്ഞുവെങ്കിലും വെറുതേ വാദിക്കാനായി മാത്രം ശ്രമിച്ച സ്ത്രീയുടെ വർത്തമാന രീതി ഇന്നും വെറുപ്പോടെ മനസ്സിൽ നിലനിൽക്കുന്നു. അവർക്ക് എന്നെ നല്ലപരിചയമുണ്ടെന്ന് പറഞ്ഞാണ് വാദമാരംഭിച്ചത്.

ലോസ് ഏഞ്ജൽസിൽ ഡോ. നാരായണസ്വാമിയുടെ വീട്ടിലിരുന്നുകൊണ്ട് വാൻകൂവറിലെ പല റേഡിയോകളിലൂടെയും ഞാൻ ക്ലാസ്സെടുത്തത് അവിടത്തുകാർക്ക് പുതിയ അനുഭവമായിരുന്നു. 21-ാം തീയതിയും നാരായണ സ്വാമിയുടെ കുറേ പരിചയക്കാരെ കണ്ടു. ഡോ. നാരായണസ്വാമി വലിയ ഒരു ഇൻഡസ്ട്രിയലിസ്റ്റാണ്. കൂടാതെ ഉപനിഷത്തുപുസ്തകങ്ങൾ വാങ്ങി സൗജന്യമായി വിതരണം ചെയ്യുകയും പഠിപ്പിക്കുകയും ചെയ്യുന്നു. കാലിഫോർണിയ യൂണിവേഴ്സിറ്റിയിലും മറ്റു പല സംഘടനകളുടെ ആഭിമുഖ്യത്തിലും അദ്ദേഹം ഉപനിഷദ് ക്ലാസ്സെടുക്കാറുണ്ട്. അങ്ങിനെയുള്ള സദസ്സിൽ ചിലതിലാണ് ഞാൻ ക്ലാസെടുത്തത് (മൾട്ടി മില്യനേഴ്സിനായിരുന്നു ക്ലാസ്). സ്വാമി അവരോടു താഴ്മയായി അഭ്യർത്ഥിച്ചുവെങ്കിൽപോലും ഒരു മെമ്പർഷിപ്പ് പോലും എടുക്കാൻ അവർ തയ്യാറായില്ലെന്നതിൽ സ്വാമിക്കും ദുഃഖം തോന്നി.

അന്ന് എയർപോർട്ടിനടത്ത് താമസമുള്ള ഒരു വ്യക്തി ശ്രീ ജയനും കുടുംബവും ക്ഷണിച്ചതനുസരിച്ച്, അവിടെയായിരുന്നു രാത്രിയുറക്കം. ജെറ്റ്ലാഗ് നിറഞ്ഞു നിന്നതിനാൽ ഞാൻ ഉറക്കം തൂങ്ങുന്നുണ്ടായിരുന്നു. ജയന്റെ കുടുംബാംഗങ്ങൾ ചോദിച്ച ചോദ്യങ്ങൾക്കൊന്നും മറുപടി പറയാൻ നിന്നില്ല. ചിലപ്പോൾ അവർക്കും എന്റെ പെരുമാറ്റത്തെക്കുറിച്ച് വല്ലതും തോന്നിയോ എന്നറിയില്ല. രാത്രി വളരെ വൈകുന്നതുവരെ ക്ലാസെടുത്ത ക്ഷീണവും. അടുത്തദിവസം അതിരാവിലെ ഉണർന്ന് എയർപോർട്ടിലെത്തണമെന്ന് ചിന്തയും ജെറ്റ്ലാഗും കീഴ്പ്പെടുത്തിയ ഞാൻ ആതിഥേയരുടെ ചില ചോദ്യങ്ങൾക്കു മാത്രമാണ് ഉത്തരം നൽകിയത്. നേരെ കിടപ്പുമുറിയിലേക്കായിരുന്നു യാത്ര.

**വീണ്ടും വൻകൂവറിലേക്ക്**

അടുത്തദിവസം രാവിലെയുള്ള ഫ്ളൈറ്റിൽ വാൻകൂറിലേക്ക്



Scanned with CamScanner

യാത്ര തിരിച്ചു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏറ്റവും പ്രധാന പ്രവർത്തകനായ ശ്രീ. കൃഷ്ണൻ അയ്യരുടെ വീട്ടിലായിരുന്നു താമസവും. അവിടെനിന്നായിരുന്നു പ്രഭാഷണയാത്രകളും, റേഡിയോ ക്ലാസ്സുകളുമെടുത്തത്. 25-ാം തീയതി വരെ ശ്രീ കൃഷ്ണൻ സംഘടിപ്പിച്ച കുറേയേറെ ക്ലാസുകൾ കൈകാര്യം ചെയ്ത് പൂർണ്ണ സംതൃപ്തിയോടെയായിരുന്നു മടക്കം. ശ്രീ ധനപത്റേ എന്ന പഞ്ചാബിയും, കുറേ സിഖുകാരും പ്രഭാഷണ പരിപാടികൾ ക്രമീകരിക്കുന്നതിൽ ശ്രീ അയ്യരെ സഹായിച്ചിരുന്നു. വളരെ അടുക്കും ചിട്ടയോടെയുമുള്ള പ്രവർത്തനത്തിൽ പലർക്കും അവരുടെതായപങ്കു വഹിക്കാൻ സാധിച്ചില്ലെന്നു ചിലർ പറഞ്ഞു. പല പ്രധാന വ്യക്തികൾ സദസ്സിലുണ്ടായിരുന്നുവെന്നും അവരെയെല്ലാം സദസ്സിന് പരിചയപ്പെടുത്തിയാൽ ഭാവിയിൽ വളരെയെറെ പ്രയോജനമുണ്ടാകുമെന്നും മറ്റുചിലരും അഭിപ്രായപ്പെട്ടു. കുറെ ടിവി പ്രോഗ്രാമുമുണ്ടായിരുന്നു. നവംബർ 25-ാം തീയതി ഞാൻ വാൻകൂർ എയർപോർട്ടിലെത്തി, ശ്രീകൃഷ്ണനും കുടുംബവും നൽകിയ ഭക്ഷണം കഴിച്ച്, ഭൂമിയുടെ ഭ്രമണം കൊണ്ടും തിരിച്ചുള്ള യാത്രയായിരുന്നതുകൊണ്ടും ഒരു ദിവസം നഷ്ടപ്പെട്ട് 26 എന്ന ദിവസമില്ലാതെ 27-ാം തീയതി ബോംബെയിൽ ലോസ്എൻജൽസ്, ലണ്ടൻ വഴി എത്തി, 27 ന് ബോംബേയിലെ കേരള ഹൗസിൽ ഒരു ക്ലാസെടുത്ത് 28 ന് തിരുവനന്തപുരത്തെത്തി. അടുത്തദിവസം തന്നെ 2006 നവംബർ 29 ന് ടിക്കറ്റെടുത്ത് ദുബായിലേക്ക് യാത്രതിരിച്ചു.

### ദുഃഖകരമായ ഒരു ദുബായ് യാത്ര

നവംബർ 29 ന് (2006) രാത്രി, ഞാനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജീവനാഡിയായ ശ്രീ ഗിരീഷും കൂടിയായിരുന്നു, ദുബായിലേക്ക് പോകാൻ തീരുമാനിച്ചത്. രാത്രി മുഴുവനും എയർപോർട്ടിലിരുന്ന് 30 ന് അതിരാവിലെ 3 മണിക്ക് ബോർഡിംഗ് പാസെടുത്ത് എമിഗ്രേഷൻ ക്ലിയറൻസിലെത്തിയപ്പോഴാണ് ഗിരിഷിന് പാസ്പോർട്ടിൽ എമിഗ്രേഷൻ ക്ലിയറൻസ് പ്രത്യേകം വേണമെന്ന് കണ്ടത്. ദുഃഖത്തോടെ ഗിരീഷ് മാത്രം എയർപോർട്ടിൽ നിന്ന് തിരിച്ചുവന്നു. ഞാൻമാത്രം ദുബായിലേക്കു യാത്രയായി. നവംബർ 30 മുതൽ ഡിസംബർ 3 വരെ ദുബായിലും അബുദാബിയിലും പ്രഭാഷണങ്ങൾ നടത്തി ചില നല്ല വ്യക്തികളെ കണ്ട് സ്കൂളിന് സംഭാവന സ്വീകരിക്കാനുമായി ശ്രമിച്ച്, വിജയത്തോടെ തിരിച്ചെത്തി. ശ്രീ ജിൻഡാൾ, ശ്രീ ഈശ്വർജി, ശ്രീ. പുഷ്പാകരൻ തുടങ്ങി അനവധി വ്യക്തികൾ സഹായിച്ചനുഗ്രഹിച്ചു.

ഈ പ്രഭാഷണങ്ങളെല്ലാം നടക്കുമ്പോഴും വളരെ സന്തോഷത്തോടെ എന്റെ കൂടെ എയർപോർട്ടിലിരുന്ന്, ദുബായിലേക്ക് വരാൻ

തയ്യാറായിരുന്ന ഗിരീഷിന്റെ തിരിച്ചുപോക്കായിരുന്നു മനസ്സിൽ. ജീവിതത്തിലെ വലിയൊരബദ്ധമായിരുന്നു അത്. യൂറോപ്യൻ രാജ്യങ്ങളിലേക്ക് പോയിട്ടുള്ള ഗിരീഷിന്, എമിഗ്രേഷൻ ക്ലിയറൻസ് സീൽ പാസ്പോർട്ടിലുണ്ടോയെന്ന് ചിന്തിക്കാതിരുന്നതിൽ എനിക്കിന്നും വിഷമം തോന്നുന്നു.

ദുബായിൽ പലപ്രാവശ്യം പോയി പല വിഷയങ്ങളിലും പലരീതിയിലും പ്രഭാഷണ പരമ്പരകൾ നടത്തിയതുപോലെതന്നെ ഒരു യാത്രയായിരുന്നു ഇതും എന്നുള്ളതുകൊണ്ട് ഒരു പുനരാവർത്തനം വിരസതയുണ്ടാക്കും. അതുകൊണ്ട് ദുബായിൽ പതിവുപോലുള്ള പ്രഭാഷണങ്ങൾ നടന്നു എന്നുമാത്രം. എഴുതുകയായിരിക്കും ശരിയെന്നു തോന്നുന്നു. 2006 ഡിസംബറിലെ ദുബായിലെ ഈ പ്രഭാഷണപരമ്പര, സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ ആരംഭം കുറിക്കാൻ വളരെയേറെ സാമ്പത്തീകമായ ആത്മവിശ്വാസം നൽകി.

**ജൂൺ മുതൽ ആഗസ്റ്റ് വരെയൊരു സുദൂർഘമായ വിദേശ പര്യടനം**

2007 ജൂൺ 27-ാം തീയതി സുദീർഘമായ ഒരു അമേരിക്കൻ, കാനഡ ദുബായ് ചേർത്തൊരുയാത്രാ പരമ്പരയ്ക്കായി പുറപ്പെട്ടു. കുടുംബാംഗങ്ങൾ തന്നെ എന്നെ രാത്രി തിരുവനന്തപുരം എയർപോർട്ടിലെത്തിച്ചു. ജൂൺ 28 ന് അതിരാവിലെ ദുബായിലെത്തി. അടുത്ത ഫ്ളൈറ്റിന് നേരെ ന്യൂയോർക്കിലേക്കായിരുന്നു യാത്ര. രാവിലെ 8 മണിക്ക് ദുബായിൽ നിന്നാരംഭിച്ചയാത്ര വൈകുന്നേരം 4 മണിക്ക് സുധീർഘമായ ഒറ്റയാത്രയിൽ ന്യൂയോർക്കിലെത്തി. അവിടത്തെ മലയാളി ഹിന്ദുക്കളുടെ ദ്വൈവാർഷിക സെമിനാറിൽ പങ്കെടുക്കാനായിരുന്നു യാത്ര. ന്യൂയോർക്കിൽ ഒരു ചെറുപ്പക്കാരനായ വ്യവസായി ശ്രീ പത്മകുമാർ എന്നെ സ്വീകരിച്ച് വീട്ടിലേക്കാനയിച്ചു. ഞാൻ ന്യൂയോർക്കിലേക്കു പുറപ്പെടുന്നതിനു ദിവസങ്ങൾക്കു മുമ്പുതന്നെ ടെലിഫോണിലൂടെ എന്നെ ബന്ധപ്പെട്ട് അദ്ദേഹവും ബന്ധുക്കളും എന്റെ 'ഫാൻസ്' ആണെന്നും അദ്ദേഹത്തിന്റെ വീട്ടിൽതന്നെ എല്ലാദിവസം താമസിക്കണമെന്നും അതദ്ദേഹത്തിന് ഒരു പുണ്യമാണെന്നും വിളിച്ചു പറഞ്ഞിരുന്നു. പലപ്രാവശ്യം എന്നെ വിളിച്ചപ്പോഴും ഞാൻ അദ്ദേഹത്തെ ഓർമ്മിപ്പിച്ചിരുന്നു, ഞാനൊരു സാധാരണക്കാരൻ മാത്രമാണെന്നും എന്നെക്കുറിച്ച് മഹത്വമേറിയ രീതിയിലൊന്നും ചിന്തിക്കുകയോ ഫാനാവുകയോ ചെയ്യേണ്ടതില്ലെന്നും! അവിടെ എത്തിയ അന്ന് അദ്ദേഹത്തിന്റെ വീട്ടിൽ കുറേയധികം സമയം ചർച്ച ചെയ്തു. അദ്ദേഹത്തിന്റെ ഭാര്യയും (ഒരു ഡോക്ടറായിരുന്നു) രണ്ടുപേരും അവരവരുടെ വലിയ വലിയ നേട്ടങ്ങളെക്കുറിച്ച് വളരെയധികം സമയം സംസാരിച്ചതെല്ലാം പലയി



Scanned with CamScanner

ടങ്ങളിലും കേട്ടുമടുത്ത വിഷയങ്ങളായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ നിറഞ്ഞു നിൽക്കുന്ന ന്യൂയോർക്കിലെ മെഡിസിൻ വിദ്യാർത്ഥിയായ മധുപിള്ളയും അദ്ദേഹത്തിന്റെ ബന്ധുവായ രാജീവും കുറേകഴിഞ്ഞപ്പോൾ അവിടെ എത്തി. രാത്രി 10 മണിവരെ കുറേ പൈതൃക പ്രവർത്തനങ്ങളെക്കുറിച്ച് അവർ സംസാരിച്ചുകൊണ്ടിരുന്നു.

എയർപോർട്ടിൽ നിന്ന് സ്വീകരിച്ചവേളയിലും പിന്നീട് വീട്ടിലെത്തിയ ഉടനെയുമുള്ള പത്മകുമാറിന്റെയും കുടുംബത്തിന്റെയും പെരുമാറ്റത്തിൽ മണിക്കൂറുകൾ കഴിയുംതോറും സന്തോഷം കുറഞ്ഞു വരുന്നതായി കണ്ടു. ഞാൻ തിരുവനന്തപുരത്തു നിന്ന് പുറപ്പെടുന്നതിനു മുമ്പ് എന്നെ വിളിച്ച് ന്യൂയോർക്കിലെ പരിപാടികൾ തീരുന്നതുവരെ ഞങ്ങളുടെ കൂടെ താമസിക്കണമെന്ന് പലപ്രാവശ്യം പറഞ്ഞതും, എയർപോർട്ടിലെത്തിയ ഉടനെ അതാവർത്തിച്ചതുമെല്ലാം സാവധാനത്തിൽ മാറുന്നതുപോലെയനുഭവപ്പെട്ടു. അന്ന് അദ്ദേഹത്തിന്റെ വീട്ടിൽ താമസിച്ച്, മടുപ്പു തോന്നുന്ന അവരുടെ സുദീർഘമായ ചരിത്രങ്ങളും കേട്ട് അവരുടെ പെരുമാറ്റത്തിൽ വലിയ വിരസതയും താല്പര്യമില്ലായ്മയും കണ്ടു.

അടുത്തദിവസം മധുപിള്ളയും രാജീവും എന്നെ ന്യൂയോർക്ക് നഗരം മുഴുവൻ അക്ഷരാർത്ഥത്തിൽ കാണിച്ചുതന്നു. തീവ്രവാദികൾ തകർത്ത കെട്ടിടത്തിന്റെ അവശിഷ്ടങ്ങളും, വൻ ഹോട്ടലും, ലിബർട്ടി സ്റ്റാച്ച്യൂവും എല്ലാം കാണിച്ചുതന്നു. 12 വർഷങ്ങൾക്ക് മുമ്പ് ഇവിടെ വന്നുകണ്ടപ്പോൾ എന്തെല്ലാമിവിടെ ഉണ്ടായിരുന്നുവോ അതിലെ രണ്ടു കൂറ്റൻ കെട്ടിടങ്ങൾ വിമാനമുപയോഗിച്ച് ഇടിച്ചു തകർത്തതും തൊട്ടടുത്തുള്ള കെട്ടിടങ്ങളിൽ, ഈ രണ്ടു കെട്ടിടങ്ങൾ കത്തിയപ്പോഴുണ്ടായ തീയുടെ കറുത്ത പുകപ്പാടുകൾ നിറഞ്ഞിരിക്കുന്നതുമല്ലാതെ വലിയ മാറ്റങ്ങളുണ്ടായിരുന്നില്ല. മധുപിള്ള അമേരിക്കയിൽ തന്നെ ജനിച്ചുവളർന്ന മലയാളിത്തനിമ ഒരിക്കലും കളയാത്ത അതിബുദ്ധിമാനായ വിദ്യാർത്ഥിയായിരുന്നു. മെഡിസിനിൽ നൂറുശതമാനം മാർക്കു വാങ്ങിയ അനിതരസാധാരണ വൈഭവശാലി. അദ്ദേഹത്തിന്റെ ബന്ധുവായ ശ്രീ മധുവും രാജീവും അതേപോലെ കർമ്മ ധർമ്മമണ്ഡലത്തിൽ ശക്തരായി പ്രവർത്തിക്കുന്നു. രണ്ടുപേർക്കും ന്യൂയോർക്ക് നഗരം ഹൃദിസ്ഥമായതിനാൽ അവരെല്ലാം കാണിച്ചുതന്നു എന്നു പറയുന്നതായിരിക്കും ശരി.

പകൽ മുഴുവനും ചുറ്റിക്കറങ്ങി വൈകുന്നേരം ശ്രീ പത്മകുമാറിന്റെ വീട്ടിലെത്തിയപ്പോൾ അവിടെ അവർക്ക് എന്നെ പാർപ്പിക്കുന്നതിൽ കാര്യമായ എതിർപ്പുള്ളതായി തോന്നി. അവർ സ്വയം ഏറ്റെടുത്തതായിരുന്നു എന്റെ രണ്ടു ദിവസത്തെ താമസത്തിനുള്ള ഉത്തരവാ



Scanned with CamScanner

ദിത്വം. (അടുത്ത ദിവസം മുതൽ സെമിനാർ നടത്തുന്ന ഹോട്ടലിൽ താമസസൗകര്യം ഏർപ്പെടുത്തിയിട്ടുമുണ്ട്) എന്തുകൊണ്ടോ 24 മണിക്കൂറിനകം അത് നേരെ തിരിഞ്ഞു വന്നപ്പോൾ എന്റെ ന്യൂയോർക്കിലെ താമസം ദുഃഖഭാരമായി. എന്റെ ഭാഗത്തു നിന്നു ഒരു ചെറിയ തെറ്റു പോലും ഉണ്ടായിട്ടില്ലെന്നത് ഉറപ്പായിരുന്നു. അവർ പ്രതീക്ഷിച്ചത്, ഒരു പക്ഷേ ഗോപാലകൃഷ്ണൻ ഒരു സിനിമാ നടനെപോലെയായിരിക്കുമെന്നായിരിക്കണം. ഞാൻ അറുപിന്തിരിപ്പനാണെന്നും, ജാഡ കണ്ടു മയങ്ങുന്നവനല്ലെന്നും, പലതും നിരന്തരം കാണാൻ ജഗദീശ്വരാനുഗ്രഹം പലപ്രാവശ്യമുണ്ടായിട്ടുള്ളവനാണെന്നും ഓർമ്മിക്കാൻ, അവർ വിട്ടു പോയിരിക്കണമെന്നാണ് എനിക്കു തോന്നിയത്. അവരുടെ നിരന്തരം മാറിക്കൊണ്ടിരിക്കുന്ന പെരുമാറ്റത്തിന്റെ പ്രത്യേകതയിൽ നിന്നെനിക്കു മനസ്സിലാക്കാൻ സാധിച്ചതാണ്. എന്റെ എല്ലാവസ്ത്രങ്ങളുമെടുത്ത് ദുഃഖത്തോടെ ഞാൻ രാജീവിന്റെ വീട്ടിലേക്ക് രാത്രി 9 മണിക്ക് യാത്രയായി. രാത്രി 9 മണിവരെ, ഞങ്ങൾ പത്മകുമാറിന്റെ വീട്ടിനുമുമ്പിൽ, സായാഹ്ന സാവരിക്കുപോയ അവരെയും കാത്തു നിൽക്കേണ്ട ഗതികേടിനു ശേഷമായിരുന്നു ഇത്. കേരളത്തിൽ നിന്ന് ന്യൂയോർക്കിലേക്കു വന്ന എനിക്ക് ഏൽക്കേണ്ടിവന്ന ഏറ്റവും വലിയ അവഹേളനമായിരുന്നു ഇത്. എന്റെ ബാഗുമായി ഞാനിറങ്ങുമ്പോൾ ശ്രീ പത്മകുമാറിന്റെ ഡോക്ടറായ ഭാര്യ പറയുന്നുണ്ടായിരുന്നു. "രാവിലത്തെ ചോറുണ്ട് വേണമെങ്കിൽ ഊണു കഴിച്ചിട്ടുപോകാം" എന്ന്. ഒന്നും പറയാതെ ദുഃഖത്തോടെ ഞാൻ രാജീവിനോടും മധുവിനോടുമൊപ്പം, രാജീവിന്റെ വീട്ടിലേക്കിറങ്ങി.

അടുത്തദിവസം രാവിലെ ക്ഷേത്രത്തിലെ ഒരു ചെറിയ പ്രഭാഷണം കഴിഞ്ഞ്, നായർ ബെനിവാലന്റ് അസോസിയേഷന്റെ മീറ്റിംഗിൽ സജീവമായി പങ്കെടുത്ത്, മധുവിന്റെ വീട്ടിൽ ഭക്ഷണം കഴിച്ച് എനിക്ക് താമസ സൗകര്യം ഏർപ്പെടുത്തിയിരുന്ന ന്യൂയോർക്ക് ഹിൽടൺ ഹോട്ടലിലേക്ക് പോകുമ്പോഴും എന്റെ മനസ്സിൽ പത്മകുമാറിന്റെ കുടുംബത്തിന്റെ പെരുമാറ്റത്തിന്റെ കയ്പുനിറഞ്ഞ വേദനയായിരുന്നു നിറഞ്ഞുനിന്നത്.

### അമേരിക്കയിലെ ഹിന്ദുമലയാളി സമ്മേളനം

അടുത്ത നാലുദിവസങ്ങളിലായി നടന്ന നോർത്ത് അമേരിക്കൻ ഹിന്ദു അസോസിയേഷൻ ഓഫ് കേരളത്തിന്റെ സമ്മേളനവേദിയായിരുന്ന ഹിൽട്ടൺ ഹോട്ടലിലെ താമസം അത്യാഡംബരപൂർവ്വമായിരുന്നു. അടുത്തദിവസത്തെ സെമിനാർ, ശോഭയാത്ര, എന്നിവയിലെല്ലാം പങ്കെടുത്തു. ചിക്കാഗോവിൽ നിന്ന് ശ്രീ ജയപ്രകാശ് എത്തിയിരുന്നതിനാൽ കുറേനേരം സംസാരിച്ചുകൊണ്ടിരുന്നു. രാജീവിനോടും മധുവി



Scanned with CamScanner

നോടും സംസാരിച്ച് അവർ കോപ്പി ചെയ്ത് കൊണ്ടു വന്നിരുന്ന സിഡി കളുടേയും വിസിഡികളുടെയും അനവധി കോപ്പികളെടുത്ത്, വിറ്റ് സ്കൂൾ ഫണ്ടുണ്ടാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു.

2007 ജൂലൈ 2-ാം തീയതി മലയാളി സമ്മേളത്തിന്റെ ഉത്ഘാടത്തിനു മുമ്പ് പ്രാതൽ കഴിച്ച് ഉദ്ഘാടന സമ്മേളനത്തിൽ 10 മിനിറ്റും തുടർന്ന് മീഡിയാ സമ്മേളനത്തിൽ 30 മിനിറ്റും സംസാരിച്ചു. കൈരളി ചാനലിന്റെ പ്രവർത്തകർ, മീഡിയാ സെമിനാറിനുമുമ്പ് ഞാനൊരു ആർ. എസ്.എസ്. കാരനാണെന്ന രീതിയിൽ തർക്കിക്കാനായി വന്നിരുന്നു. അതിനെല്ലാം അതേ നാണയത്തിൽ തിരിച്ചു മറുപടികൊടുത്തു. മീഡിയാ സെമിനാറിൽ പൈതൃകം പ്രചരിപ്പിക്കാൻ എല്ലാ മാധ്യമങ്ങളേയും എങ്ങിനെയുപയോഗിക്കണമെന്ന് ഞാൻ വിശദീകരിച്ചതും ഉദ്ഘാടനത്തിലെ 10 മിനിറ്റ് പ്രഭാഷണസന്ദേശവും ഞാനർഹിക്കുന്നതിന്റെ നൂറിരട്ടി അഭിനന്ദനങ്ങൾ ലഭിക്കാനുള്ള ഭാഗ്യമുണ്ടാക്കി.

അമൃത ടിവിയിലെ പരിപാടി കാണുന്നവരായിരുന്നു പങ്കെടുത്തവരിൽ ഭൂരിഭാഗവുമെന്ന് തോന്നി. ഏഷ്യാനെറ്റിലും, ഇന്ത്യാവിഷനിലും എന്റെ ഇന്റർവ്യൂ കണ്ടവരെല്ലാം അതോർക്കുന്നുമുണ്ടായിരുന്നു. ഏതാണ്ടെല്ലാവരും എന്റെ കൂടെ നിന്ന് ഫോട്ടോ എടുക്കണമെന്നാവശ്യപ്പെട്ടെങ്കിലും ഞാൻ വിസമ്മതിച്ചു. എന്റെ അഹങ്കാരമാണോ എന്ന് ചിലർ ശങ്കിച്ചു എന്നെനിക്കു തോന്നി. അവരെയെല്ലാം ഞാൻ ആശ്വസിപ്പിച്ചു. ഗോപാലകൃഷ്ണനല്ല പ്രധാനം, നാടും നാടിന്റെ പൈതൃകവുമാണ് പ്രധാനം അതുമാത്രം ശ്രദ്ധിക്കുക. പലർക്കും അതു വ്യക്തമായി ഉൾക്കൊള്ളാൻ സാധിച്ചു. അന്ന് സ്കൂൾ പ്രോജക്ടറ്റിനുവേണ്ടി സിഡി വിറ്റ് കുറേ കാശുണ്ടാക്കാൻ മധുവും രാജീവും വളരെയധികം സഹായിച്ചു.

ജൂലൈ 3-ാം തീയതി രാവിലെ 10 മണിക്ക് വിദ്യാർത്ഥികൾക്കുള്ള മീറ്റിംഗുണ്ടായിരുന്നു. അവർക്ക് സന്ദേശവും അവരുടെ ഓരോ സംശയത്തിനും മറുപടിയും നൽകി. പിന്നീട് ന്യൂയോർക്ക് ടിവി സ്റ്റേഷനിലേക്ക് റെക്കാർഡിംഗിനുപോയി. സാറ്റലൈറ്റ് ഉപയോഗിച്ച് സ്ഥലം ലൊക്കേറ്റ് ചെയ്യുന്ന ജി.പി.എസ്. ഉപയോഗിച്ച് ന്യൂയോർക്കിലെ ഒരു സർദാർജിയുടെ വീട്ടിൽപോയി നൂറുകണക്കിന് സിഡികൾ റെക്കാർഡു ചെയ്തു. ഇങ്ങിനെയൊരു സംവിധാനമുപയോഗിച്ച് കാറോടിക്കുന്നതിന് ദിശ കണ്ടെത്തുന്ന വഴി നേരിട്ട് കണ്ടറിഞ്ഞത് ഇതാദ്യമായിട്ടായിരുന്നു. ടെക്സാസിലെ സോമരാജൻനായർക്ക് കുറേ സിഡികൾ അയച്ചുകൊടുത്തു. (ഞാനവിടെയെത്തുമ്പോൾ അവിടെ വിൽക്കാനായിട്ടായിരുന്നു അത്) 4-ാം തീയതി അൽപം ടെൻഷനുണ്ടായിരുന്നു, അടുത്തദിവസം ഹോട്ടൽമുറി വെക്കേറ്റ് ചെയ്താൽ എവിടെ താമസിക്കും. ഒരു അനുഭവത്തിന്റെ ദുഃഖഭാരം മറ്റൊരു വീട്ടിൽ പോയി അനുഭവിക്കാനാഗ്രഹ



Scanned with CamScanner

മില്ല. 3-ാം തീയതി അസാധാരണമായ ഒരു ബാൻക്വറ്റ് അമേരിക്കൻ ശൈലിയിൽ സെമിനാറിന്റെ സംഘാടകർ നടത്തിയിരുന്നു. അതിലും അതിനു മുമ്പും എന്റെ ചെറു പ്രഭാഷണങ്ങളുണ്ടായിരുന്നു. ഹിന്ദു മലയാളികളുടെ സംഗമം നന്നായിരുന്നു. അത് എത്രത്തോളം തുടർച്ചയായി പ്രയോജനപ്പെടത്താൻ സാധിച്ചു എന്നതിൽ എന്തെങ്കിലും പറയാൻ ആർക്കെങ്കിലും സാധിക്കുമെന്നു തോന്നിയില്ല. അഭിപ്രായ വ്യത്യാസങ്ങൾ ഒതുക്കി നിർത്തിക്കൊണ്ട് കാര്യങ്ങൾ നടക്കട്ടെ എന്ന ടെൻഷനുമായി നടക്കുന്ന സംഘാടകരുടെ മുഖം സന്തോഷകരമായിരുന്നില്ല. സംശയങ്ങളും, ഭയവും അതിൽ നിഴലിച്ചിരുന്നു. സാമ്പത്തിക ഭാരം ഉണ്ടാകാൻ സാധ്യതയും വളരെ പ്രകടമായിരുന്നു. ഒരുപക്ഷേ അതുകൊണ്ടായിരിക്കാം ടിക്കറ്റിന്റെ ചാർജ്ജുമാത്രമായിരുന്നു സംഘാടകർ എനിക്കു നൽകിയത്.

2007 ജൂലൈ 4-ാം തീയതി ഒരു സംഘാടകനായ ശ്രീ ജനാർദ്ദനന്റെ വീട്ടിൽ താമസിച്ച് 5-ാം തീയതി അതിരാവിലെ ന്യൂയോർക്ക് ലഗ്വാഡിയ എയർപോർട്ടിലെത്തി ആദ്യത്തെ ഫ്ളൈറ്റിൽ തന്നെ ഇടം കിട്ടിയതുകൊണ്ട് ചിക്കാഗോവിലേക്ക് യാത്ര പുറപ്പെട്ടു.

**മാതാ അമൃതാനന്ദമയിയുടെ പുണ്യദർശനം**

ചിക്കാഗോവിൽ ഒരു മണിക്കൂർ നേരത്തെയെത്തി. അവിടെ നിന്നും ജയപ്രകാശിന്റെ കൂടെ വീട്ടിലേക്കും അവിടെ നിന്നും മറ്റു പരിപാടികളില്ലാതിരുന്നതിനാൽ 60 മൈൽ ദൂരെ മാതാ അമൃതാനന്ദമയീദേവിയുടെ ദർശനം നടക്കുന്ന മാരറ്റ് ഹോട്ടലിലേക്കും പോയി. അമൃതാനന്ദമയി, ദേശവിദേശങ്ങളിൽ പോയി അനുഷ്ഠിക്കുന്ന ഓരോ പ്രവർത്തനവും എന്റെ പ്രഭാഷണങ്ങളിലെ വിഷയമാകാറുണ്ട്. അവയെല്ലാം വായിച്ചും ടിവിയിൽ കണ്ടും പറയാറുള്ളതും എഴുതാറുള്ളതുമാണ്. വിദേശങ്ങളിൽ നടക്കുന്ന ഒരു പരിപാടിയും ഞാൻ നേരിട്ടു കണ്ടിട്ടില്ല. ഇപ്പോൾ ലഭിക്കുന്ന അവസരം പൂർണമായും ഉപയോഗിക്കാനായിരുന്നു, ഞങ്ങളുടെ യാത്ര. അമ്മയുടെ കൂടെ കുറേ സമയം ചിലവഴിച്ചു. കുറേനേരം പലകാര്യങ്ങളും സംസാരിക്കുകയും ചെയ്തു. പലരുടെ കണ്ണുനീരൊപ്പുന്നതും ചോദ്യങ്ങൾക്ക് മറുപടി പറയുന്നതും കേട്ടിരുന്നു. കുറേകഴിഞ്ഞപ്പോൾ സത്യസായി ബാബ എന്നോടു ചോദിച്ചതുപോലെ അമ്മ ചോദിച്ചു. "മോനെന്താ വേണ്ടത്." ഞാൻ പറഞ്ഞു. "അമ്മ എഴുന്നേറ്റു നിൽക്കുമ്പോൾ അമ്മയുടെ കാലിൽ എന്റെ ശിരസ് തൊട്ട് അമ്മയെ നമസ്ക്കരിക്കണമെന്നുണ്ട്. അനുവദിക്കുമോ!"

**മാതാ അമൃതാനന്ദമയിയുടെ പുണ്യദർശനം**

ഒരു നിമിഷം പോലും ചിന്തിക്കാതെ അമ്മ എഴുന്നേറ്റു നിന്നു



Scanned with CamScanner

ഞാൻ നമസ്കരിച്ചു. എനിക്ക് വളരെ സന്തോഷം തോന്നി. ധന്യമീ ദർശനം എന്നു പറയുകയും തോന്നുകയും ചെയ്തു. സായിബാബ യുടെ പാദങ്ങളിലും ഇങ്ങിനെ നമസ്കരിക്കാൻ സാധിച്ചു. ജയപ്രകാ ശിനോടൊത്തു അമ്മയുടെ ദർശനവേദികളെല്ലാം ചുറ്റിക്കണ്ട് പ്രവർത്ത കരുടെ പ്രത്യേകിച്ച് വിദേശികളുടെ ഔത്സുക്യവും കണ്ട് ഞങ്ങൾ ഒരു ചായ കുടിച്ച് മടങ്ങുമ്പോൾ അമ്മയുടെ പല ഭക്തന്മാരും അമൃതാ ടിവിയിൽ കണ്ടതിന്റെ ഓർമ്മവച്ച് എന്റെയടുത്തു വന്നുതൊഴുന്നുണ്ടാ യിരുന്നു.

ഭാരതത്തിൽ കാണുന്നതിനേക്കാൾ എത്രയോ അഗാധമായ ഭക്തിയും സത്യസന്ധമായ ബന്ധവും വിദേശികൾ പവിത്രതയോടെ വച്ചു പുലർത്തുന്നു. അമേരിക്കയിൽ ജനിച്ചു വളർന്ന ഇന്ത്യാക്കാരിലും ഈ പ്രത്യേകത കാണാമായിരുന്നു. ആത്മാർത്ഥയും വിശ്വാസവും എല്ലാം സംശയാതീതമാണ്. അതാണവരുടെ പ്രത്യേകത എന്ന് അവ രുടെ മുഖത്തും വാക്കിലും പ്രവർത്തിയിലും വ്യക്തമായി പ്രതിഫലി ച്ചിരുന്നു. 2007 ജൂലൈ 6-ാം തീയതി പത്തു മണിക്കൂർ സമയം ജയപ്ര കാശിന്റെ വീട്ടിലെ ഒരു മുറിയിലിരുന്ന് ചിക്കാഗോ ലെക്ചർ പ്രഭാഷണം ലാപ്ടോപ്പ് കമ്പ്യൂട്ടറിൽ റെക്കാർഡു ചെയ്തു. വൈകുന്നേരം ചെറി യൊരു ലക്ചർ ഉണ്ടായിരുന്നു. രണ്ടുദിവസം നഷ്ടപ്പെട്ടതിൽ ദുഃഖം തോന്നി. വിവേകാനന്ദന്റെ ചിക്കാഗോ ലക്ചറിനെ അനുസ്മരിപ്പിക്കു മാറ്, ലാപ്ടോപ്പിന്റെ സഹായത്താൽ റെക്കാർഡു ചെയ്ത പ്രഭാഷണ ത്തിനും ചിക്കാഗോ സ്പീച്ച് എന്നാണ് പേരുകൊടുത്തത്. സ്വാമി വിവേ കാനന്ദന്റെ പ്രസംഗവും എന്റേതും തമ്മിൽ അജ-ഗജാന്തരമുണ്ട് എന്നെ നിക്കറിയാം, കേൾക്കുന്നവർക്കുമറിയാമെന്നുമെനിക്കറിയാം. ജയപ്രകാശ് ഇടക്കു പറയുന്നുണ്ടായിരുന്നു, "ഇവിടെ വരുന്നത് പ്രഭാഷണത്തിനു മാത്രമല്ല, ഏതാനും ദിവസത്തെ വിശ്രമത്തിനും കൂടിയാണ് എന്നോർമ്മി ക്കണം."

അടുത്തദിവസം ശ്രീ പ്രദീപ് ചള്ളിയിൽ ജയപ്രകാശിന്റെ വീട്ടി ലെത്തിയിരുന്നു. ശക്തിഫൗണ്ടേഷൻ എന്ന ട്രസ്റ്റിന്റെ ചെയർമാനും ഇൻസ്റ്റിറ്റ്യൂട്ടിന് നല്ല സഹായം നൽകിയ വ്യക്തിയും കഴിഞ്ഞ വരവിൽ അയോവായിൽ കുറേ പരിപാടികൾ സംഘടിപ്പിച്ച വ്യക്തിയും മഹർഷി മഹേശ്യോഗിയുടെ യൂണിവേഴ്സിറ്റിയിലെ ഉദ്യോഗസ്ഥനുമായ അദ്ദേഹം എന്നെ അയോവയിലേക്ക് വീണ്ടും കൊണ്ടുപോയി. അറിവിന്റെയും അനുഭവ സമ്പത്തുക്കളുടേയും നിറകുടമായ പ്രദീപിന്റെ കൂടെയുള്ള യാത്ര പ്രത്യേകതകൾ നിറഞ്ഞതായിരുന്നു. എവിടെ നിന്നെല്ലാം കണ്ടതും, കേട്ടതും, അനുഭവിച്ചതും, ഓരോ ചർച്ചയും, പ്രദീപിന് പഠി

ക്കലും പഠിപ്പിക്കലുമാണ്. വലിയ ഒരു ജനകൂട്ടമൊന്നുമുണ്ടായിരുന്നില്ലെങ്കിലും ഒരു വലിയ ക്ഷേത്രത്തിലായിരുന്നു പ്രഭാഷണം. അവിടെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ കാര്യമായി സഹായിച്ച എറണാകുളത്തുകാരൻ ശ്രീ ഗോപിനാഥ് ഉണ്ടായിരുന്നു. അദ്ദേഹമായിരുന്നു ഞാൻ പ്രഭാഷണം നടത്തിയ ക്ഷേത്രത്തിന്റെ ഭരണാധികാരികളിലൊരാൾ. വളരെ കാര്യമായി ഞങ്ങൾ പല പൈതൃക വിഷയങ്ങളും ചർച്ചനടത്തികൊണ്ടുതന്നെ ഭക്ഷണം കഴിച്ച്, തിരിച്ച് ജയപ്രകാശിന്റെ വീട്ടിലെത്തിയപ്പോൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഹെറിറ്റേജ് ഇന്ത്യാന്യൂസ് എന്ന വെബ്സൈറ്റ് ഉണ്ടാക്കിയ തൃപ്പൂണിത്തുറക്കാരനായ ശ്രീ ശബരീഷ് അവിടെയുണ്ടായിരുന്നു. വളരെ ഏറെ സമയം ശബരീഷും ജയപ്രകാശുമായി ചർച്ച ചെയ്തു. പ്രദീപും, ശബരീഷും ഇൻസ്റ്റിറ്റ്യൂട്ടിന് കാര്യമായ സംഭാവന നൽകുകയുണ്ടായി. 8-ാം തീയതി ഞായറാഴ്ച ചിക്കാഗോവിലെ കടകളിൽ എനിക്കുവേണ്ടി ഒരു ലാപ്ടോപ് കമ്പ്യൂട്ടർ വാങ്ങുവാനായി കറങ്ങി, വൈകുന്നേരം ഗീതാമണ്ഡലത്തിൽ ക്ലാസ്സിനായി എത്തിച്ചേർന്ന് അവരും സ്കൂളിന് ഒരു സംഭാവന നൽകുകയുണ്ടായി. ഗീതാമണ്ഡലത്തിൽ ക്ലാസ്സെടുക്കുന്ന വേളയിൽ അതിൽ പങ്കെടുത്തവർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ചോദിച്ചറിഞ്ഞ്, ഓരോരുത്തരായി ഇൻസ്റ്റിറ്റ്യൂട്ടിന് സംഭാവനകൾ നൽകിയിരുന്നു.

ചിക്കാഗോവിൽ സ്വാമി വിവേകാനന്ദൻ പ്രഭാഷണം നടത്തിയ ഹാളിൽ ജൂലൈ 9 ന് സന്ദർശനം നടത്തി. ആ പുരാതന ഹാളിന്റെ ഇന്നവശേഷിക്കുന്ന ഭാഗങ്ങൾ കണ്ടു. അതിന്റെ മുൻവശത്തുള്ള വളരെ പ്രധാനപ്പെട്ട റോഡിന് സ്വാമി വിവേകാനന്ദാറോഡ് എന്ന് പേരിട്ടിരിക്കുന്നതും കണ്ടു. ഗീതാമണ്ഡലത്തിലെ പ്രഭാഷണത്തിൽ പങ്കെടുത്ത ചില വ്യക്തികളുടെ പരിശ്രമഫലമായിട്ടാണ് ചിക്കാഗോവിലെ ഈ പ്രധാന വീഥിക്ക് സ്വാമി വിവേകാനന്ദാ റോഡ് എന്ന് പേര് നൽകിയതെന്നുമറിഞ്ഞു. ഏതാനും വർഷങ്ങൾക്കു മുമ്പ് ഇവിടെ വന്നപ്പോൾ, ചിക്കാഗോ നാഷണൽ മ്യൂസിയം ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തായിരുന്നു സ്വാമി വിവേകാനന്ദൻ പ്രസംഗിച്ചത് എന്നും, പഴയ കെട്ടിടം പൊളിച്ചു കളഞ്ഞുവെന്നും, അതിന്റെ മുൻവശത്തിന് മാറ്റമൊന്നും വരുത്താതെ അതേപോലെ നിലനിൽക്കുന്നുണ്ടെന്നും, ഇതൊന്നും അവിടെയുള്ള ഒരു വ്യക്തിക്കും, ചരിത്രഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർക്കുമൊന്നും അറിഞ്ഞുകൂടായിരുന്നു. എന്നാൽ ഇപ്പോൾ അവർക്ക് ഒന്നറിയാം ചിക്കാഗോവിലെ പ്രധാന തെരുവുകളിലൊന്നിന്റെ പേര് സ്വാമി വിവേകാനന്ദാ റോഡെന്നാണ് എന്ന്. ആ പ്രദേശം മുഴുനും ആഫ്രിക്കൻ വംശജർ മദ്യപിച്ച് കൂത്താടുന്നുണ്ടായിരുന്നു. ചിക്കാഗോ തെരുവിന്റെ ഭയാന



Scanned with CamScanner

കത അവിടെക്കാണാമായിരുന്നു. ജയപ്രകാശ് അതെല്ലാം എനിക്ക് കാണിച്ചുതന്നു. 12 വർഷങ്ങൾക്കു മുമ്പ് മിഷിഗണിൽ നിന്ന് ബസുകയറി ചിക്കാഗോവിൽ വന്നുകണ്ടതിനേക്കാൾ കുറച്ചു മാത്രമേ ഇപ്പോൾ വ്യത്യാസമുള്ളു. ചിക്കാഗോ വീണ്ടും കണ്ടു എന്ന സംതൃപ്തിയോടെയാണ് ഞാൻ കുറേ മണിക്കൂറുകൾ അനുഭൂതിയുടെ സമാധിയിലിരുന്നത്.

ശാന്തനും ഇരുത്തം വന്ന ഐ ടി പ്രവർത്തകനുമായ ശബരീഷിന്റെ വീട്ടിൽ സന്ദർശനം നടത്തി. അടുത്ത ദിവസം ഹ്യൂസ്റ്റണിലേക്ക് പുറപ്പെട്ടു. ശ്രീ സോമരാജൻനായരുടെ വീട്ടിലായിരുന്നു താമസം. അന്ന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്ക് സഹായം വാഗ്ദാനം ചെയ്ത ശശിധരൻനായരുടെ വീട്ടിൽ ഒരു ക്ലാസുമുണ്ടായിരുന്നു. ജൂലൈ 13ന് ലമാർ യൂണിവേഴ്സിറ്റിയിൽ നല്ല ഒരു ക്ലാസെടുത്തു. പല പ്രൊഫസർമാരെയും കണ്ടു. ഞാൻ ഭാരതീയമായി നൽകിയ വീക്ഷണങ്ങളെല്ലാം ലമാർ യൂണിവേഴ്സിറ്റിയിലെ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ നടപ്പിലാക്കാൻ താല്പര്യമുണ്ടെന്ന് അവിടത്തെ ഡീൻ അറിയിച്ചു. ഈ പ്രഭാഷണത്തിനു ശേഷം നേരെ ടെക്സാസിലെ മീനാക്ഷിക്ഷേത്രത്തിലെ പ്രഭാഷണത്തിനു പോയി. ലമാർ യൂണിവേഴസിറ്റിയിലേക്ക് ഹ്യൂസ്റ്റണിൽ നിന്ന് ഏറെദൂരമുണ്ടായിരുന്നു. അവിടെ പരിപാടി സംഘടിപ്പിക്കാൻ മുൻകൈയെടുത്തത് ഡോ. ശരത്മേനോനായിരുന്നു. അവിടത്തെ ക്ലാസിൽ പങ്കെടുത്തത് വിദ്യാർത്ഥികളും അദ്ധ്യാപകരുമായിരുന്നു. ക്ലാസു കഴിഞ്ഞ് എന്നെയും ശ്രീ സോമരാജൻ നായരേയും, അവിടത്തെ ഇന്ത്യൻ അദ്ധ്യാപകരും ഇന്ത്യാക്കാരേക്കാൾ കൂടുതൽ സ്നേഹിക്കുന്ന അമേരിക്കൻ അദ്ധ്യാപകരും ചേർന്ന്, ഉച്ചഭക്ഷണത്തിനു ക്ഷണിച്ചു. ഞങ്ങളോടവർ പറഞ്ഞു അഞ്ചു ഡോളറാണ് ലഞ്ചിന് വില. നൂറ്റിയറുപത് വിഭവങ്ങളുണ്ട് എത്രവേണമെങ്കിലും കഴിക്കാം. ഞങ്ങളെല്ലാവരും ചിരകാല ബന്ധുക്കളെപോലെ കുറേനേരം സംസാരിച്ചുകൊണ്ടും പലകാര്യങ്ങളും ചിന്തിച്ചുകൊണ്ടും ഭക്ഷണം കഴിച്ച്, യൂണിവേഴ്സിറ്റിയിൽ നിന്നിറങ്ങി, ആ ക്ലാസുകളിൽ പങ്കെടുത്ത വിദ്യാർത്ഥികളെല്ലാം റെക്കാർഡർ കൊണ്ടു വന്ന് എന്റെ ക്ലാസ് റെക്കോർഡ് ചെയ്തിരുന്നു എന്നത് ഏറെ പ്രത്യേകതയുള്ള ക്ലാസാക്കി മാറ്റി. അർദ്ധരാത്രിക്കാണ് മടങ്ങിയത്. അടുത്തദിവസവും മീനാക്ഷി ക്ഷേത്രത്തിൽ ക്ലാസ്സുണ്ടായിരുന്നു. തുടർച്ചയായി നടന്ന ക്ലാസിൽ വളരെ ശ്രദ്ധയോടെ പങ്കെടുത്തവർ ധാരാളമായിരുന്നു. ആ ക്ലാസ് കഴിഞ്ഞപ്പോൾ ശ്രീ ചിത്പുരത്തിന്റെ അഭ്യർത്ഥനയനുസരിച്ച് പലരും ചെറിയ തുക (ചെക്ക്) സംഭാവനയായി നൽകിയിരുന്നു. അതിൽ പങ്കെടുത്ത ഒരു ഡോക്ടർ 200 ഡോളറിന്റെ ചെക്ക് സംഭാവനയായി തന്നിരുന്നു.



Scanned with CamScanner

അവർ കുറേ ചോദ്യങ്ങൾ ചോദിച്ചു. അതിനെല്ലാം മറുപടി പറഞ്ഞു. വീണ്ടും വീണ്ടും അവർ ചോദ്യങ്ങൾ ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു "ഇനി മറ്റുള്ളവർക്കുംചോദിക്കാനവസരം കൊടുക്കണം. മാഡം മാത്രം ചോദിച്ചാൽ മറ്റുള്ളവർക്ക് അവസരം ലഭിക്കില്ലല്ലോ?" എന്ന്. ഈ നിർദ്ദേശം അവർക്കിഷ്ടപെട്ടില്ല. എല്ലാവരുടെയും സാന്നിദ്ധ്യത്തിൽ അവർ പറഞ്ഞു ഞാൻ സംഭാവന തന്ന ചെക്ക് തിരിച്ചു നൽകുക. അത് അവർ വാങ്ങി, കീറിക്കളഞ്ഞു.

ന്യൂയോർക്കിൽ നിന്ന് രാജീവും മധുവും അയച്ച സിഡികളെല്ലാം ഇവിടെ വിൽപനയ്ക്കു വച്ചിരുന്നതിനാൽ നല്ലൊരു സംഖ്യ സ്കൂൾ ഫണ്ടിലേക്ക് ലഭിച്ചു. ശ്രീ സോമരാജൻനായർ സ്വയം ഈ സിഡിക ളെല്ലാം ജനങ്ങളിലെത്തിക്കാനുള്ള ഏർപ്പാടുകൾ ചെയ്തിരുന്നു. അന്ന് അവിടെ വന്ന ശ്രീ ചിത്പുരം എന്ന ചുരുക്കപേരിൽ അറിയപ്പെടുന്ന നമ്പൂതിരിപ്പാട്, വീട്ടിലേക്ക് ക്ഷണിച്ചു. അവിടന്ന് മടങ്ങുമ്പോൾ കാന ഡയിലെ വാങ്കൂവർ റേഡിയോയിലൂടെ പത്തുമിനിറ്റ് സമയദൈർഘ്യ മുള്ള സന്ദേശം മൊബൈൽ ഫോണിലുടെ നൽകുകയുണ്ടായി. 15-ാം തീയതി കേരള ഹിന്ദു അസോസിയേഷനിൽ രണ്ടു ക്ലാസുകളുണ്ടായി രുന്നു. അവരെല്ലാം വളരെ ആത്മാർത്ഥമായി ഇൻസ്റ്റിറ്റ്യൂട്ടിന് സഹായം നൽകി. ശ്രീ. രഘൂത്തമൻ, ശ്രീ. ഷൺമുഖൻ, ശ്രീ. സുകുമാരൻനായർ, ശ്രീ. ശശിധരൻനായർ, എന്നിവർ വ്യക്തിപരമായും കേരള ഹിന്ദു അസോസിയേഷൻ ഭാരവാഹികൾ, ചേർന്ന് സംഘടനയുടെ പേരിലും നല്ല സംഭാവന നൽകിയത് അപ്രതീക്ഷിതവും അവിസ്മരണീയവുമാ യിരുന്നു. ഇതിന്റെയെല്ലാം പുറകിൽ ശാന്തനായി പ്രവർത്തിച്ചത് ശ്രീ. സോമരാജൻ നായരായിരുന്നു. "അർപ്പണ ബോധത്തോടെയുള്ള അങ്ങ യുടെ ശാന്തമായ സേവനം അവസാനത്തെ ശ്വാസം വരെ ഓർമ്മിക്കു കതന്നെ ചെയ്യുമെന്ന് ഞാൻ പറഞ്ഞു." അവിടെ ഞാൻ നൽകിയ പ്രഭാ ഷണാന്ത്യത്തിൽ ചിലർ ചോദിച്ചു "സാറിന്റെ ജീവിതലക്ഷ്യമെന്ത്? സാറെന്തിനാണിങ്ങിനെ നിരന്തരം യാത്രചെയ്ത് നടന്ന് പ്രസംഗിക്കു ന്നത്? സാറിന് ന്യൂയോർക്കിലെ സമ്മേളനത്തിൽ നിന്ന് എത്ര സംഭാ വന ലഭിച്ചു....?" ഈ ചോദ്യങ്ങൾക്കെല്ലാം ചേർത്ത് ഞാൻ മറുപടി പറ ഞ്ഞത് "അവസാനത്തെ ശ്വാസത്തിനുമുമ്പ് മഴുവഞ്ചേരിയിൽ ഒരു യൂണി വേഴ്സിറ്റി സ്റ്റാറ്റസുള്ള സ്ഥാപനം ആധുനികവും പുരാതനവുമായ ഭാര തീയ അറിവുകൾ നൽകാനായി സ്ഥാപിക്കുക എന്നതുമാത്രമേ ലക്ഷ്യ മുള്ളൂ. ന്യൂയോർക്കിലെ സമ്മേളനം വൻനഷ്ടമായിരുന്നു എന്നതിനാൽ സംഘാടകർ യാത്രാചെലവുമാത്രമാണ് നൽകിയത്." എന്റെ ലക്ഷ്യ ങ്ങൾ വിവരിച്ചപ്പോൾ കണ്ണുനിറഞ്ഞിരുന്നു. അവിടെയുണ്ടായിരുന്നവരെ



Scanned with CamScanner

അതു കാര്യമായി സ്വാധീനിച്ചു. പലരും അവരുടെ പൂർണസഹകരണം വാഗ്ദാനം ചെയ്തു.

**കാനഡയിലെ വാങ്കൂവറിലേക്ക് വീണ്ടു വീണ്ടും!**

ജൂലൈ 17-ാം തീയതി (2007) രാവിലെ 3 മണിക്ക് എഴുന്നേറ്റ് ശ്രീ സോമരാജൻനായർ വീട്ടിലുണ്ടാക്കിയ ചായയുംകുടിച്ച്, അദ്ദേഹം തന്നെ എന്നെ എയർപോർട്ടിലെത്തിച്ചു. നേരെ ഡെൻവർ എന്ന ഭീമാകാര എയർപോർട്ടിലിറങ്ങിയപ്പോൾ തല കറങ്ങുന്നതുപോലെ തോന്നി. അവിടെ നിന്നും കാനഡയിലെ വാങ്കുവറിലേക്കുള്ളത് ഡൊമസ്റ്റിക് ഫ്ളൈറ്റ് ആണോ ഇന്റർനാഷണൽ ഫ്ളൈറ്റുകൾ പോകുന്ന എയർപോർട്ടാണോ എന്നറിഞ്ഞുകൂടായിരുന്നു. ഇറങ്ങികയറാനുള്ള സമയം കഷ്ടിച്ച് അരമണിക്കൂർമാത്രമേയുള്ളു. ഹ്യൂസ്റ്റണിൽ വച്ച് അറിയാവുന്നവർ പറഞ്ഞത് ഈ രണ്ടു എയർപോർട്ടുകളേയും ബന്ധിപ്പിക്കുന്ന ട്രെയിൻ എയർപോർട്ടിൽകൂടിതന്നെ പോകുന്നുണ്ടെന്നായിരുന്നു. ആറു ഡോളർ കൊടുത്ത് ഇന്റർ നാഷണൽ എയർപോർട്ടിൽ പോയി അവിടെനിന്ന് വാങ്കൂവറിലേക്കു പോകണം എന്നതായിരുന്നു നിർദ്ദേശം. അര മണിക്കൂർ കൊണ്ട് ഇതു സാധ്യമല്ല എന്നതായിരുന്നു എന്റെ ഭയം. ഒരു ഫ്ളൈററ് തെറ്റിയാൽ വാങ്കൂറിലേക്ക് അടുത്ത ഫ്ളൈറ്റ് അടുത്ത ദിവസമേയുള്ളൂ. അതുകൂടി കേട്ടപ്പോൾ ഭയന്നുപോയി.

ഡെൻവറിൽ ഫ്ളൈറ്റ് ഇറങ്ങുമ്പോൾ അനൗൺസ്മെന്റ് വന്നു. ഇറങ്ങുന്നത് ഗേറ്റ് നമ്പർ 72, വാങ്കൂറിലേക്കു കയറുന്ന ഗേറ്റ് തൊട്ടടുത്തത് 74! ഈശ്വരാനുഗ്രഹം പോലെ ഒരു പ്രശ്നവുമുണ്ടാകാതെ വാങ്കൂവറിലെത്തി എന്നു പറഞ്ഞാൽ അത് സംക്ഷിപ്തമാകും. വിദേശ യാത്രകളിൽ ഒന്നുരണ്ടിടത്തൊഴികെ മറ്റൊരിടത്തും ദൈവാനുഗ്രഹത്താൻ പ്രശ്നങ്ങളൊന്നുമുണ്ടായിട്ടില്ല. ഇവിടെ സംഭവിച്ചത് അത്ഭുതകരമായ ഒരനുഭവമായിരുന്നു. വാങ്കൂവറിലെ പരിപാടി അത്യുഗ്രനായിരുന്നു. ഇന്ത്യൻ കൗൺസിൽ ജനറലായിരുന്നു എന്റെ പ്രഭാഷണ പരമ്പര ഉദ്ഘാടനം ചെയ്തത്. ഞാൻ കാനഡയിലെ ഇന്ത്യൻ അംബാസിഡറുടെ അതിഥിയായിരുന്നു. ഒരു ദിവസം, അദ്ദേഹത്തോടൊപ്പം ഭക്ഷണം കഴിക്കാനും കുറേകാര്യങ്ങൾ ചർച്ച ചെയ്യാനും സാധിച്ചു. ഓരോ പ്രാവശ്യം വാൻകൂവറിലേക്കു പോകുമ്പോഴും അവിടെ സംഘടിപ്പിക്കുന്ന എല്ലാ പരിപാടികളുടേയും നിലവാരം ശ്രീ കൃഷ്ണൻ അയ്യർ ഉയർത്തികൊണ്ടുവന്നിരുന്നു. മിക്കവാറും പരപാടികളെല്ലാം സംഘടിപ്പിക്കുന്നതിന്റെ ചുക്കാൻ പിടിക്കുന്നത് അദ്ദേഹവും കുടുംബാംഗങ്ങളും ഒന്നുരണ്ടു സർദാർജിമാരുമാണ്. നിസ്വാർത്ഥമായ കുറെ ചെറുപ്പകാരും അദ്ദേഹത്തോടൊപ്പം ഉണ്ടാകാറുണ്ട്. ആത്മധൈര്യത്തോടെയും നൂതനമായ രീതിയിലുമായിരുന്നു ഈ പരിപാടികളെല്ലാം ക്രമീകരിച്ചത്.

എന്റെ പരിപാടികളെല്ലാം ഒരു നല്ല സ്കൂൾ ആഡിറ്റോറിയത്തിലായിരുന്നു ഈ പ്രാവശ്യം ക്രമീകരിച്ചിരുന്നത്. അതിന്റെ വാടകതന്നെ ഏകദേശം 6000 ഡോളർ വരുമായിരുന്നു. അതിന് കുറെ സ്പോൺസേഴ്സിനെ കണ്ടെത്താൻ ശ്രമിക്കുകയായിരുന്നു, 18-ാം തീയതി ചെയ്തത്. കാര്യമായിട്ടൊന്നും സാധിച്ചില്ലെന്നതിൽ ദുഃഖം തോന്നിയെങ്കിലും കൃഷ്ണ അയ്യർ കാര്യമായ ശുഭാപ്തിവിശ്വാസത്തിലായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ സിഡികളും, വിസിഡികളും നല്ലവണ്ണം വിറ്റഴിയുന്നുണ്ടായിരുന്നു. കൂടാതെ ഒരു ഭണ്ഡാരം വച്ചിരുന്നതിലും തരക്കേടില്ലാത്ത സംഭാവന ലഭിച്ചിരുന്നതും പരിപാടികൾ നല്ലരീതിയിൽ സംഘടിപ്പിക്കാനും ബാക്കി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കുമായും വിനിയോഗിച്ചു. 19-ാം തീയതി മകൻ ഹരീഷ് എന്നെ വിളിച്ച് അവന് മൈന്റ് ട്രീ എന്ന കമ്പനിയിൽ കാമ്പസ് ഇന്റർവ്യൂവിലൂടെ ജോലി ലഭിച്ചതായി അറിയിച്ചു. എന്റെ അനുഗ്രഹങ്ങളും പ്രാർത്ഥനകളും മകനെ അറിയിച്ചു.

2007 ജൂലൈ 20 ന് ആർ.എസ്.എസിന്റെ ഒരു പരിപാടി വാങ്കൂവറിലുണ്ടായിരുന്നു. അത് പകുതിവച്ച് നിർത്തേണ്ടിവന്നു. അത്രക്കും മോശമായ പെരുമാറ്റമാണ് പങ്കെടുത്ത കുട്ടികളിൽ നിന്നു ലഭിച്ചത്. ഇതുപോലെയുള്ള ഒരു വിദേശപരിപാടിയിലും ഞാൻ പങ്കെടുത്തിട്ടില്ല. അന്നു രാത്രി ഇന്ത്യൻ കൗൺസിൽ ജനറലും അവിടത്തെ എം.എൽ.എയും ചേർന്ന് എനിക്ക് ഒഫീഷ്യൽ ഡിന്നർ നൽകുകയുണ്ടായി.

## എന്നിലാരോപിക്കപ്പെട്ട ആരോപണം (വിശകലനം തുടർച്ച)

2007 ജൂലൈ 20-ാംതീയതി ജീവിതത്തിലെ മറക്കാനാവാത്ത ദിവസമായിരുന്നു. എനിക്കെതിരെയും, എന്റെ പുസ്തകം, കാസറ്റ് എന്നിവയിൽ പറഞ്ഞിരിക്കുന്നതെല്ലാം കോപ്പിയടിയും, അശാസ്ത്രീയവുമാണെന്നും, പല പ്രഗത്ഭരായവർ എനിക്കെഴുതിയ കത്തുകളെല്ലാം ഞാൻ സ്വയം കെട്ടിച്ചമച്ച് എഴുതിയുണ്ടാക്കിയതാണെന്നും പറഞ്ഞ് ചന്ദ്രഹരി എന്ന ഒരു വ്യക്തി പലർക്കും ഈ-മെയിൽ സന്ദേശമയച്ചതിന്റെ കോപ്പി എനിക്ക് വാങ്കൂവറിൽ വെച്ച് ലഭിച്ചു. ജീവിതത്തിലുണ്ടാക്കിയ സത്പേര്, വിശ്വാസം, ആദരവ് അവയെല്ലാം ഒരു നിമിഷം കൊണ്ട് ഒരാൾ തകർക്കാൻ ശ്രമിക്കുകയാണോ എന്നു തോന്നി. എനിക്കെതിരെ അതിഭയാനകമായ കുറ്റാരോപണമായിരുന്നു അത്. എന്റെ പ്രഭാഷണങ്ങളും, രചിച്ച പുസ്തകങ്ങളും, ലഭിച്ച അവാർഡുകളും, സ്വീകരിച്ച പ്രഗത്ഭരുടെ കത്തുകളുമെല്ലാം അടിമുടി കള്ളത്തരവും (ഫ്രോഡ്) കോപ്പിയടിയും (പ്ലെജിയറിസം) ആണെന്ന് 'പ്രഗത്ഭനായ' ഒരു വ്യക്തി എന്ന് സ്വയം പരിചയപ്പെടുത്തി (നല്ല ഇംഗ്ലീഷ് ഭാഷയിൽ) പ്രചരിപ്പിക്കുക. അതിന്റെയെല്ലാം ആരംഭം ഉണ്ടായത് ഈ ദിവസമാണ്.



Scanned with CamScanner

സ്വദേശി ശാസ്ത്ര പ്രസ്ഥാനവുമായി ബന്ധപ്പെട്ട കാലത്ത് ഓയിൽ & നാച്ചുറൽ ഗാസ് കമ്മീഷൻ ഓഫ് ഇന്ത്യയിൽ (ഒ.എൻ.ജി.സി) എൻജീനിയറായി പ്രവർത്തിക്കുന്ന ഒരു ചന്ദ്രഹരിയെകുറച്ച് എനിക്കറിയാമായിരുന്നു. ജ്യോതിശാസ്ത്രത്തെക്കുറിച്ച് കനപ്പെട്ടതെന്നു തോന്നുന്നവിധത്തിൽ ലേഖനങ്ങളും, ഗണിതക്രിയകളും അവതരിപ്പിക്കുന്ന അയാൾക്ക് എന്നോട് അവിശ്വാസമോ ദേഷ്യമോ തോന്നണ്ട ഒരു കാര്യമില്ല. ഒരു സുപ്രഭാതത്തിൽ എനിക്കെതിരെ കൊണ്ടുവന്ന ഒരു ഡസനോളം വിഷയങ്ങൾ ചേർത്ത കുറ്റപത്രത്തിന്റെ സംക്ഷിപ്തം ഇതായിരുന്നു. ഗോപാലകൃഷ്ണൻ ഒരു ശാസ്ത്രജ്ഞനേയല്ല. അയാളുടെ പുസ്തങ്ങളെല്ലാം മറ്റുള്ളവരുടെ പുസ്കങ്ങളുടെ കോപ്പിയടിയാണ്. ഇന്ത്യൻ നാഷണൽ സയൻസ് അക്കാഡമിയുടെ പുസ്തകങ്ങൾ അതേപടി കോപ്പിയടിച്ച് ഇയാളാണ് വ്യാഖ്യാനമെഴുതിയത് എന്നു പ്രചരിപ്പിക്കുന്നു. ഡോ. എ. പി.ജെ. അബ്ദുൾകലാമും, പ്ലാനിംഗ് കമ്മീഷൻ അംഗങ്ങളും ഇയാളെ അഭിനന്ദിച്ചയച്ച കത്തുകൾ ഇയാൾ സ്വയം എഴുതിയ കള്ള ഒപ്പിട്ട കത്തുകളാണ്. ഇയാളൊരു ഹിന്ദു വർഗ്ഗീയവാദിയും, ആര്യഭടനെ ബ്രാഹ്മണാക്കിയവനും, ബ്രാഹ്മണമേധാവിത്വം പ്രചരിപ്പിക്കാൻ ശ്രമിക്കുന്ന ഇയാളൊരു അന്ധവിശ്വാസം പ്രചരിപ്പിക്കുന്ന വ്യക്തിയുമാണ് മഹാനുഭാവനായ സ്യൂഡോ സയിന്റിസ്റ്റ് ആണ്.....! ഇങ്ങിനെ പോകുന്നു കുറ്റാരോപണം. വ്യക്തമായ നല്ല ഇംഗ്ലീഷിലായിരുന്നു ചന്ദ്രഹരി, എല്ലാവർക്കും ഈമെയിലയച്ചത്. ഞാൻ എല്ലാ വ്യാഴാഴ്ചയും ഈമെയിൽ ഗ്രൂപ്പായി അയക്കുന്നതിൽ നിന്നും ചന്ദ്രഹരിക്കും എന്റെ കൈയ്യിലുള്ള ഈ-മെയിൽ ലിസ്റ്റു പൂർണമായും ലഭിച്ചിരുന്നതിനാൽ എനിക്കെതിരെയുള്ള ഈ കുറ്റാരോപണ സന്ദേശം ഇൻസ്റ്റിറ്റ്യൂട്ടുമായി മെയിലിലൂടെ ബന്ധപ്പെട്ടിട്ടുള്ള എല്ലാവർക്കും ഇയാൾ അയക്കുകയുണ്ടായി.

ഇതെല്ലാം ഡൽഹിയിലുള്ള സി.എസ്.ഐ.ആർ. ഡയറക്ടർ ജനറലിനും, ഇന്ത്യൻ പ്രസിഡന്റ് ഡോ. എ.പി.ജെ.അബ്ദുൾകലാമിനും, ഇന്ത്യൻ നാഷണൽ സയൻസ് അക്കാദമി ചെയർമാനും അനവധി സംഘടനകൾക്കും, തിരുവനന്തപുരം ആർ.ആർ.എല്ലിലെ (ഞാൻ പ്രവർത്തിക്കുന്ന സ്ഥാപനത്തിലെ) പല ശാസ്ത്രജ്ഞന്മാർക്കും ഈ സന്ദേശവും തുടരെത്തുടരെയുള്ള പുതിയ പുതിയ ആരോപണങ്ങളും അയാൾ അയച്ചുകൊണ്ടേയിരുന്നു. കൂടാതെ എന്റെ ഡയറക്ടർക്കും ഇതെത്തിച്ചിരുന്നു. ആർ.ആർ.എല്ലിലെ ശാസ്ത്രജ്ഞനായ ഡോ. സെബാസ്റ്റ്യൻ ഈ സന്ദേശം ഈമെയിലിലൂടെ അനവധി ക്രിസ്ത്യൻ സംഘടകൾക്കും മറ്റു ശാസ്ത്രജന്മാർക്കും അയച്ചുകൊടുത്തുകൊണ്ടേയിരുന്നു എന്നറിയാൻ സാധിച്ചു. ചന്ദ്രഹരി മൂന്നുപ്രാവശ്യം എന്റെ ഡയറക്ടർക്കെഴുതി. "ഗോപാലകൃഷ്ണൻ സി.എസ്.ഐ.ആറിലെ ശാസ്ത്രജ്ഞന്റെ

പേരും പദവിയുപയോഗിച്ച് അന്ധവിശ്വാസം പ്രചരിപ്പിക്കുന്നു. അയാളെ ഡിസ്മിസ് ചെയ്യണം.'' മാസങ്ങൾക്കുശേഷം ഒരു ദിവസം ഡയറക്ടർ ഈ കത്തുകളെല്ലാം എന്റെ എച്ച്ഒഡി അറുമുഖനിലൂടെ എനിക്ക് മാർക്ക് ചെയ്ത് വേണ്ടതു ചെയ്യാൻ നിർദ്ദേശിച്ചു. ഇതേപോലൊരു കത്തുകളുടെ പരമ്പര ന്യൂഡെൽഹിയിലെ ഇന്ത്യൻ നാഷണൽ സയൻസ് അക്കാഡമിക്കും അയച്ചതായി അയാൾ ഈ മെയിലിൽ എല്ലാവരേയും അറിയിച്ചു. അവിടെ (ഡെൽഹി ഇൻസായിൽ) നിന്നും എല്ലാ ഡോക്യുമെന്റുകളും തെളിവുകളും സഹിതം രേഖകൾ സമർപ്പിക്കാൻ നിർദ്ദേശമുണ്ടായിട്ടുണ്ടെന്നും ഉടൻ നടപടികളുണ്ടാകുമെന്നും, ആർ ആർ.എല്ലിൽ ഗോപാലകൃഷ്ണൻ തുടരുന്നത് ശാസ്ത്ര സമൂഹത്തിന് അപമാനകരമാണെന്നും ചന്ദ്രഹരി ഡയറക്ടറെ അറിയിച്ചു.

അവസാനത്തെ ഈമെയിൽ പരമ്പര ഭീഷണിയുടേതായിരുന്നു. 2007 ആഗസ്റ്റ് 10 നുള്ളിൽ ഗോപാലകൃഷ്ണനെഴുതിയ എല്ലാ പുസ്തകങ്ങളും പിൻവലിച്ച് ശാസ്ത്രലോകത്തോട് മാപ്പു പറഞ്ഞില്ലെങ്കിൽ ആഗസ്റ്റ് 15 ന് തിരുവനന്തപുരത്ത് പ്രസ്ക്ലബിൽ മാധ്യമ മീറ്റിംഗ് വിളിച്ചുകൂട്ടി ഇതെല്ലാം വിളിച്ചുപറയുമെന്നായിരുന്നു ഭീഷണി. ചന്ദ്രഹരി പറഞ്ഞിട്ടുള്ളതിൽ ഒരു വരിയിൽപോലും സത്യത്തിന്റെ കണികയില്ലെന്ന് ഞാൻ പറഞ്ഞാലും പോരല്ലോ എന്നെ വിശ്വസിച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവർത്തിക്കുന്ന ആയിരങ്ങളുണ്ട്. അവരുടെയടുത്ത് എന്റെ സത്യസന്ധതയും ധർമ്മബോധവും തെളിവുസഹിതം നിരത്തണമല്ലോ! ആർ. ആർ.എല്ലിൽ നിന്ന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ എക്കാലത്തേയും പ്രവർത്തകനായ ശ്രീ. കെ.ആർ. പ്രസാദ്, അവിടത്തെ സയിന്റിസ്റ്റായ ഡോ. സെബാസ്റ്റ്യൻ ഓരോരുത്തർക്കായി ഫോർവേഡ് ചെയ്യുന്ന ചന്ദ്രഹരിയുടെ ഇമെയിൽകാര്യങ്ങൾ എന്നെ അറിയിച്ചിരുന്നു.

ജൂലൈ 20-ാം തീയതി ചന്ദ്രഹരിയുടെ ആദ്യത്തെ ഈമെയിൽ ലഭിച്ച ദിവസം മൂന്നുനാലു മണിക്കൂർ സമയം എന്താണ് ചെയ്യേണ്ടതെന്നറിയാതെ ഞാൻ ചിന്തിച്ചിരുന്നു. പെട്ടെന്ന് തലയിലുദിച്ച ഒരാശയമായിരുന്നു ഇംഗ്ലീഷ്കാർ പറയുന്നതുപോലെ 'വെയ്റ്റ് ആന്റ് സീ.' പീന്നീട് ഞാനൊന്നും ചെയ്തില്ല. ഒന്നുമാത്രം ശ്രദ്ധിച്ചിരുന്നു. എത്രപേർ ഇതിനെക്കുറിച്ച് കത്തും, ഈമെയിലും അയക്കുകയോ ടെലിഫോണിലൂടെ ബന്ധപ്പെടുകയോ ചെയ്യുന്നു. എന്നു നിരന്തരം ഞാൻ നോക്കിക്കൊണ്ടിരുന്നു. കാര്യമായിട്ടാരും എന്നോടൊന്നും തിരക്കുകയോ, സംശയം പ്രകടിപ്പിക്കുകയോ സത്യാവസ്ഥ എന്താണെന്നന്വേഷിക്കുകയോ പരിചയക്കാർ എനിക്കെതിരെ പ്രചരണം നടത്തുകയോ ചെയ്തതായി ആരും അറിയിച്ചില്ല. പല യൂണിവേഴിസിറ്റികളിലേക്കും, കോളേജുകളിലേക്കും സംഘടനകളിലേക്കും, സ്ഥാപനങ്ങളിലേക്കും, ചന്ദ്രഹരി ഈ



Scanned with CamScanner

മെയിലയച്ചതിന്റെ കൂട്ടത്തിൽ അവർക്കായി ഒരു നിർദ്ദേശവും വച്ചിരുന്നു. "താങ്കളുടെ സ്ഥാപനത്തിലെ വിദ്യാർത്ഥികളും ശാസ്ത്രജ്ഞന്മാരും ഗോപാലകൃഷ്ണന്റെ പ്രഭാഷണങ്ങളിലും സിഡികളിലും പുസ്തകങ്ങളിലും വഞ്ചിതരാകാതിരിക്കാൻ ഈ മെയിൽ നിങ്ങളുടെ സ്ഥാപനത്തിലെ എല്ലാ നോട്ടീസ് ബോർഡുകളിലും പ്രദർശിപ്പിക്കുക." ചില അഭ്യുദയ കാംക്ഷികളാണ് ഇങ്ങനെയൊരു വിവരംകൂടി എന്നെ അറിയിച്ചത്. പ്രത്യേകിച്ചും കേരളാ യൂണിവേഴ്സിറ്റിയിലേയും അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിലേയും എന്റെ സുഹൃത്തുക്കൾ. ജൂലൈ 20-ാം തീയതി തന്നെ ഞാൻ എന്റെ സഹപ്രവർത്തരിൽ ചിലർക്ക് ഈമെയിലയച്ചു. "ഗോപാലകൃഷ്ണന്റെ പ്രവർത്തനങ്ങളും വിശ്വാസ്യതയും, സത്യസന്ധതയും, ധർമ്മബോധവും ഈ കുറ്റാരോപണങ്ങൾക്കു മുമ്പിൽ നിലനിൽക്കുമോ തകരുമോ എന്ന് പരിശോധിക്കാനുള്ള ഒരു ദൈവനിയോഗംപോലെയുള്ള സുവർണാവസരമാണിത്. ആരും ഒന്നും പ്രതികരിക്കേണ്ടതില്ല. നായ്കൾ കുരച്ചാലും കാളവണ്ടി ചന്തയിലേക്കു തന്നെ പോകുമെന്നുറപ്പാണ്. ചന്ദ്രഹരിയുടെ സന്ദേശങ്ങളിലെ സത്യവും അസത്യവും തിരിച്ചറിഞ്ഞ് ലോകം എന്തും ചെയ്യട്ടെ. നമ്മുടെ കർമ്മണ്ഡലത്തിൽ നമുക്ക് മുമ്പോട്ടു പോകാം. നമ്മുടെ പ്രവർത്തനത്തെ സമൂഹം സ്വീകരിക്കുന്നില്ലെങ്കിൽ നമുക്കൊരുമിച്ച് ഇത് മതിയാക്കാം."

ഞാനുമായി ബന്ധപ്പെട്ടവർക്കെല്ലാമറിയാവുന്ന സത്യാവസ്ഥയാണ്. ഡോ. അബ്ദുൾകലാമുമായി കോയമ്പത്തൂർ ശ്രീ ശങ്കര ഐ ക്ലിനിക്കിൽ വളരെയധികം സമയം ചിലവഴിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലായിരുന്നു അദ്ദേഹത്തിന്റെ ലെറ്റർപാഡിൽ എനിക്കു ഡോ. കലാം കത്തെഴുതിയത്. എന്റെ പുസ്തകം പ്ലാനിംഗ് കമ്മീഷൻ അംഗം ഡോ. വെങ്കിടസുബ്രഹ്മണ്യനു കൊടുത്ത് കത്തയച്ചത് ഡോ. കലാമായിരുന്നു. ആ കത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഡോ. സുബ്രഹ്മണ്യൻ അഭിനന്ദിച്ചുകൊണ്ടെനിക്കെഴുതിയത്. ഈ കത്തിലെ അടിസ്ഥാനത്തിലായിരുന്നു ബാംഗ്ലൂർ നടന്ന നാഷണൽ സയൻസ് കോൺഗ്രസിൽ സ്റ്റാളു നൽകി, പ്രസിദ്ധീകരങ്ങൾ വെക്കണമെന്ന് ഐഎസ്ആർഒ ചെയർമാൻ ഡോ. കസ്തൂരിരംഗൻ കത്തയച്ചത്.

ഇന്ത്യൻ നാഷണൽ സയിൻസ് അക്കാഡമിതന്നെ ഇൻസ്റ്റിറ്റിട്യൂട്ടിനു നൽകിയ പ്രോജക്ടായിരുന്നു, അവരുടെ പുസ്തകത്തിന്റെ സംക്ഷിപ്തം പ്രചരിപ്പിക്കണമെന്നത്. ഇതുപോലെയുള്ള പുസ്തകങ്ങൾ പ്രചരിപ്പിക്കണമെന്ന് ഫണ്ട് നൽകി നിർദ്ദേശിച്ചത് ബാംഗ്ലൂരിലെ ഐ.എ.എസ്.ആർ.ഒ ആയിരുന്നു. ചന്ദ്രഹരിയുടെ ഒരു വാദത്തിലും,വരിയിലും സത്യത്തിന്റെ ഒരംശംപോലുമില്ലെന്നറിയമായിരുന്നതുകൊണ്ടുമാത്രമാണ് പതറാതെ മുമ്പോട്ടുപോകാൻ സാധിച്ചത്.

## പ്രഭാഷണം നടത്താതെ മടങ്ങി

അന്ന് വാങ്കൂവറിലെ എന്റെ പ്രഭാഷണ പരിപാടി ഗംഭീരമായി. സിഡികൾക്ക് വൻ ഡിമാന്റുണ്ടായിരുന്നതിനാൽ അവിടത്തെ ഒരു ശ്രീലങ്കൻ കടയിൽ നാമമാത്രമായി ചാർജുകൊടുത്ത് ആയിരക്കണക്കിന് സിഡികൾ കോപ്പി ചെയ്തു വാങ്ങി. അവയെല്ലാം പ്രഭാഷണസ്ഥലത്ത് ചെലവാകുകയും ചെയ്തു. മലയാളി സമാജത്തിന്റെ ഒരു മീറ്റിംഗുമുണ്ടായിരുന്നു. ശ്രോതാക്കളായി രണ്ടു മൂന്നുപേർ മാത്രമായിരുന്നതിനാൽ പരിപാടി നടന്നില്ല. ജൂലൈ 22 ന് വിശ്വഹിന്ദുപരീഷത്തിന്റെ മീറ്റിംഗിൽ പ്രഭാഷണത്തിന് ക്ഷണിച്ചിരുന്നു. വലിയ ഒരു സദസ്സുണ്ടായിരുന്ന സമയത്ത് മറ്റാരോ പ്രഭാഷണം നടത്തുന്നുണ്ടായിരുന്നു. അയാളുടെ ഹിന്ദിയിലുള്ള പ്രസംഗം തീപ്പൊരിപോലെയായിരുന്നു. 12 മണിക്കാണ് എന്റെ പ്രസംഗം വച്ചിരുന്നതെങ്കിലും, അയാൾ നിർത്തിയത് 1 മണിക്കായിരുന്നു. അതുകഴിഞ്ഞെല്ലാവരും ഭക്ഷണത്തിനുപോയി. പ്രഭാഷണമില്ലാതെ തിരിച്ചുവന്ന ആദ്യത്തെ അനുഭവമായിരുന്നു അത്. തിരിച്ചു വരുന്നതിനു മുമ്പ് ഞങ്ങൾ ചിലരോട് ചോദിച്ചു ഇത്രയും നേരം സംസാരിച്ചത് ആരായിരുന്നു എന്ന്. അവരിൽ ഭൂരിഭാഗവും പറഞ്ഞത് "ഗോപാലകൃഷ്ണനായിരുന്നു ഇത്രയും നേരം ഹിന്ദിയിൽ സംസാരിച്ചത്" എന്നായിരുന്നു. സംഘാടകരിൽ ചിലരും അതുതന്നെ പറഞ്ഞപ്പോൾ അവരുടെ സംഘടനാപാടവം വ്യക്തമായി. ആദ്യമായിരുന്നു നോർത്ത് അമേരിക്കയിൽ ഇങ്ങിനെയൊരു അനുഭവം. പക്ഷേ പ്രസംഗിക്കാനായി ക്ഷണിക്കപ്പെട്ടവനാണോ പ്രസംഗിക്കുന്നത്, അയാളെവിടെയാണ്, എന്നിപ്രകാരമുള്ള അടിസ്ഥാന കാര്യങ്ങൾപോലും സംഘാടകർ ശ്രദ്ധിച്ചില്ല.

## ഗോപാലകൃഷ്ണനെക്കൊണ്ടു സിഖുകാർ പിച്ചയെടുപ്പിച്ചു

അന്നു വൈകുന്നേരം ധാരാളം സിഖുകാർ പങ്കെടുത്ത ഒരു സിഖ് കുടുംബസംഗമത്തിൽ വലിയ ഒരു പരിപാടിയായിരുന്നു അത്. ധനപത്റായിയാണതു സംഘടിപ്പിച്ചത്. ആദ്യമായിട്ടായിരുന്നു സിഖുകാരുടെ കുടുംബ സംഗമത്തിൽ ഞാൻ പങ്കെടുക്കുന്നത്. കാനഡയിലെ ബ്രിട്ടീഷ് കൊളംബിയയിൽ പകുതിയോളം സിഖുകാരണുള്ളത്. എല്ലാവരും കോടിപ്രഭുക്കളുമാണ്. നല്ല പിശുക്കന്മാരുമാണവർ. അവരിൽ പലരും ഇന്നും വിശ്വസിക്കുന്നു പഞ്ചാബ് എന്ന് പറയുന്നത് ഖാലിസ്ഥാനാണെന്ന്. അവരുടെ പലരുടേയും കയ്യിൽ ഖാലിസ്ഥാനി പാസ്പോർട്ടുമുണ്ട്. അവരുടെ സമ്മേളനസ്ഥലത്തുപോയി ഗുരുഗ്രന്ഥസാഹിബിൽ, ഗുരുനാനാക്ക് പറഞ്ഞ പത്തു തത്വങ്ങളും ഉപനിഷദ് സന്ദേശങ്ങളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ക്ലാസ്സെടുത്തു. ഹിന്ദിയിലായിരുന്ന ക്ലാസ്,



Scanned with CamScanner

എല്ലാവർക്കും വളരെ ഇഷ്ടപ്പെട്ടു. അതിൽ അദ്ധ്യക്ഷം വഹിച്ച സർദാർജി പറഞ്ഞു "ഇയാൾ പുറത്തുകാത്തു നിൽക്കുന്നുണ്ടാവും പൈതൃകപഠനത്തിനായി നിങ്ങൾ ഭിക്ഷകൊടുക്കണം." അതിന്റെ അർത്ഥമെന്താണെന്ന് എനിക്കു മനസ്സിലായില്ല. അരമണിക്കൂർ കഴിഞ്ഞ് ഓരോരുത്തരും സമ്മേളനഹാളിൽ നിന്ന് പുറത്തുപോകുമ്പോൾ എനിക്ക് അഞ്ച്, പത്ത് ഡോളർവീതം തന്നു. തനിപിച്ചകൊടുക്കുന്നപോലെ അന്ന് ആദ്യമായി ഗോപാലകൃഷ്ണൻ പിച്ചക്കാരനായി, 600 ഡോളർ കിട്ടി. അടുത്തദിവസം സുഹൃത്തുക്കളോടൊപ്പം ചിലവഴിച്ച്, ഫോണിലൂടെയും നേരിട്ടും രണ്ടു മൂന്നു റേഡിയോ സന്ദേശങ്ങൾ മാത്രമാണ് നൽകാനുണ്ടായിരുന്നത്.

### വീണ്ടും ടൊറന്റോയിലേക്ക്

ജൂലൈ 24 ന് കൃഷ്ണൻ അയ്യരും കുടുംബവും ചേർന്ന് കഴിച്ച പ്രാതലിനുശേഷം അവർ നൽകിയ ഭക്ഷണപൊതിയുമായി ഞാൻ ടൊറന്റോയിലേക്കു പുറപ്പെട്ടു. മണിക്കൂറുകൾ കുറെ സ്വഭാവിക നഷ്ടത്തിലുണ്ടായിരുന്നതിനാൽ വൈകുന്നേരം 4.30ന് ടൊറന്റോയിലിറങ്ങി. 25-ാം തീയതി യോർക്ക് യൂണിവേഴ്സിറ്റിയിലും, ടൊറൻടോയിലൊരു ചെറിയ ഗ്രൂപ്പിനും ക്ലാസ്സുണ്ടായിരുന്നു. 26 ന് എഡ്മണ്ടനിലെ കോർഡിനേറ്റർ ഡോ: ഭാസ്കരനുമെത്തി, അന്ന് ഗയാനയിലെ ഒരു പ്രബല ഗ്രൂപ്പിനായി ക്ലാസെടുത്തു. ഗയാനയിലെ ഗ്രൂപ്പിൽപെട്ടവരിൽ പ്രഗത്ഭരായ ഡോക്ടർമാരും ഉന്നതരും ധാരാളമുണ്ടായിരുന്നു. സന്യാസിയുടെ ആശ്രമം പോലെ അവർ പണിത ക്ഷേത്രത്തിലായിരുന്നു ക്ലാസ്. എന്റെ ഇംഗ്ലീഷും, ഞാൻ ഏറ്റവും ലളിതമായി അവതരിപ്പിച്ച ഹൈന്ദവ സന്ദേശങ്ങളുമൊന്നും അവർക്ക് മനസ്സിലായതായി എനിക്ക് തോന്നിയില്ല. എല്ലാവരും ധാരാളം സിഡികൾ വാങ്ങുന്നുണ്ടായിരുന്നു. അവരുടെ പ്രത്യേകതരം ഭക്ഷണം കഴിച്ച് ഞങ്ങൾ മടങ്ങി. മൂന്നുനാലുതലമുറകൾക്കു മുമ്പ് ഭാരത്തിൽ നിന്നുപോയ അവർക്ക് ഭാരതം ഇന്നും മാതൃഭൂമിയും ദേവഭൂമിയുമാണ്. 27-ാം തീയതി പൂർണ്ണമായും ടൊറന്റോവിൽ ക്ലാസുകളുണ്ടായിരുന്നു. അടുത്തദിവസത്തെ നാലുക്ലാസുകളും വളരെ ശ്രദ്ധേയമായി. എല്ലായിടത്തും സിഡികൾ ധാരളമായി ചിലവാകുകയും ചെയ്തു. 29-ാം തീയതി ഗുരുപൂർണിമയോടനുബന്ധിച്ച് സായി സേവാസമതിയിലും മറ്റിടങ്ങളിലുമായി മൂന്നു ക്ലാസുകളുമുണ്ടായിരുന്നു.

വീടുവിട്ടിറങ്ങി ഇന്നത്തേയ്ക്ക് ഒരു മാസം കഴിഞ്ഞു എന്നുഞാനോർത്തു. പലരാജ്യങ്ങളിലുള്ള (ഗയാന, ട്രിനിയാഡ്, ഫിജി, സിറാലിയോൺ, സൗത് ആഫ്രിക്ക) ഹിന്ദുക്കൾക്കെല്ലാമായി ഒരു വലിയ സദസ്സിൽ ക്ലാസു സംഘടിപ്പിച്ചു. വിവിധ രാജ്യങ്ങളിലുള്ള ഇന്ത്യക്കാരുടെ മൂന്നാമത്തേതോ നാലമത്തേതോ ആയ തലമുറക്ക് ഭാരതീയ

പൈതൃകം അറിയാൻ ഉൾക്കടമായ ആഗ്രഹമുണ്ട്. അവരുടെ നാട്ടിൽ ചില സന്യാസിമാരുണ്ട്. അവരെല്ലാം സ്വന്തം ഗ്രൂപ്പുണ്ടാക്കാനും വളർത്താനുമാണ് ശ്രമിക്കുന്നത് എന്ന് അവിടത്തെ ഹിന്ദുക്കൾ ആരോപിക്കുന്നു. ശക്തമായ മതംമാറ്റവും അവിടെ നടക്കുന്നുണ്ട്. ഒരുതരത്തിൽ ഭാരതമെന്തെന്നോ ഹൈന്ദവപൈതൃകമെന്തെന്നോ ഇവർക്കൽപം പോലും അറിയില്ല. കഴിയുന്നത്രയും പഠിപ്പിച്ചു. ഇതോടുകൂടി ടൊറന്റോവിലെ പരിപാടി കഴിഞ്ഞു, മടക്കയാത്രയാരംഭിച്ചു.

**വീണ്ടും വീണ്ടും ദുബായിലൂടെ**

ജൂലൈ 31ന് ടൊറന്റോവിൽ നിന്ന് നേരെ ന്യൂയോർക്കിലെത്തി. മധുവും രാജീവും കാത്തുനിൽക്കുന്നുണ്ടായിരുന്നു. ഉച്ചയ്ക്ക് 3 മണി വരെ മധുവിന്റെ വീട്ടിൽ ചിലവഴിച്ച് രാത്രിക്കുള്ള ഫ്ളൈറ്റിൽ ദുബായിലേക്കു യാത്ര തിരിച്ചു. ഇതേ ന്യൂയോർക്കിലേക്ക്, ഒരു മാസം മുമ്പ് മലയാളി ഹിന്ദു അസോസിയേഷന്റെ സെമിനാറിനുവേണ്ടി വന്നതാണ്. അവിടെ നിന്നാരംഭിച്ച പരിക്രമമാണ് അമേരിക്കയിലെ വിവിധ ഭാഗങ്ങളും കാനഡയിലെ വിവിധ സ്ഥലങ്ങളും കഴിഞ്ഞ്, ആ ഭ്രമണചക്രം ന്യൂയോർക്കിൽ പൂർത്തിയാക്കി തിരിച്ചുപോകുന്നത്. തിരിച്ചുള്ള യാത്രയിൽ ആഗസ്റ്റ് 1 ഇല്ലാതെപോയി, 14 മണിക്കൂർ ഫ്ളൈറ്റും, ഭ്രമണത്തിന്റെ സമയനഷ്ടവും ചേർത്ത് ആഗസ്റ്റ് 1 ന് രാത്രി 8 മണിക്ക് ദുബായിലിറങ്ങി. അടുത്തദിവസം മുതൽ ആഗസ്റ്റ് 5-ാം തീയതി വരെ വലുതും ചെറുതുമായ ക്ലാസുകൾ ദുബായിലും, അബുദാബിയിലും നടത്തി. കൂടാതെ രണ്ടു മൂന്നു റേഡിയോ പരിപാടികളും, ഏഷ്യാനെറ്റിന്റേയും ദുബായ് റേഡിയോവിന്റേതുമായിട്ടുണ്ടായിരുന്നു. വൻകിട ബിസിനസ്സുകാരുടെ പരിപാടി ഭരത്ഷാ സംഘടിപ്പിച്ചത് വളരെ നന്നായിരുന്നുവെങ്കിലും ഇൻസ്റ്റിറ്റ്യൂട്ടിന് കാര്യമായ പ്രയോജനമൊന്നുമുണ്ടായിരുന്നില്ല. നമ്മുടെ പ്രവർത്തകരുടേയും അഭ്യുദയകാംക്ഷികളുടെയും വീട്ടിലേക്കു പോകുകയുണ്ടായി. ശ്രീ ഭാസിയുടേയും ഇൻസ്റ്റിറ്റ്യൂട്ടിനെ സഹായിച്ച ശ്രീ പുഷ്പാകരന്റേയും വീട്ടിലും സന്ദർശിച്ചു. ഇന്ത്യൻ അംബാസിഡറുടെ ക്ഷണമനുസരിച്ച് അദ്ദേഹത്തിനേയും കോൺസുലേറ്റിൽ പോയി കണ്ട് ചായകുടിച്ചു. ദുബായിലെ ഈ യാത്രയുടെയും പ്രഭാഷണങ്ങളുടേയും അവസാനത്തിൽ വളരെവ്യക്താമാകുന്ന ഒരു തോന്നലുണ്ടായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിലൂടെ ദുബായിലെ ഒരു വലിയ സമൂഹം ഭാരതീയരെ നന്മയിലേക്കു മാറ്റാൻ സാധിച്ചിട്ടുണ്ട്. അടിത്തറ മുതൽക്ക് മുകളറ്റം വരെ സ്വാധീനിക്കാൻ സാധിച്ചിട്ടുണ്ട്. അവിടത്തെ റേഡിയോവിലൂടെ പോകുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ (എന്റെ) സന്ദേശം

ശ്രോതാക്കളുടെ മനസ്സിന്റെ ഉള്ളിന്റെ ഉള്ളിൽ വിവരണാതീതമായ മാറ്റ മുണ്ടാക്കുന്നുണ്ട്. മണിക്കൂറുകളോളം അവർ ഈ സന്ദേശങ്ങൾ കേട്ടു കൊണ്ടിരിക്കാൻ സന്നദ്ധരാണ്. മറ്റുപല പണ്ഡിതന്മാർക്കുമുള്ള ആഡം ബരങ്ങളൊന്നും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിപാടികളിലില്ലെന്നു മാത്രമല്ല. ഓരോ സ്ഥലത്തും പ്രഭാഷണം തുടങ്ങുന്നത് കൃത്യ സമയത്തിന് അണുവിടെ വ്യത്യാസം വരാതെയാണ്. സദസ്സിന് ഒരു നിർദ്ദേശവും നൽകാറുമില്ല. അവർ സ്വയം നിയമം പാലിക്കുന്ന, കർമ്മനിരതരാകുന്നു. ചിലർ അംഗ ങ്ങളാകുന്നു മറ്റുചിലർ ചില ചെറിയ സഹായം നൽകുന്നു. കുറേപേർ അനുഗ്രഹത്തിനായി തലകുനിക്കുമ്പോൾ അവരോടെല്ലാം പറയാറുണ്ട് ഗോപാലകൃഷ്ണൻ ഒരു സാധാരണ പച്ചമനുഷ്യൻ മാത്രമാണ് ഒരു സിദ്ധിയുമില്ല, അനുഗ്രഹിക്കാൻ യോഗ്യതയുമില്ല എന്ന്. വളരെഫലവ ത്തായ ഒരു സുദീർഘയാത്ര ജൂൺ 29 ന് ആരംഭിച്ചത് ആഗസ്റ്റ് 6ന് രാവിലെ 4 മണിക്ക് തിരുവനന്തപുരം എയർപോർട്ടിൽ എന്റെ ഭാര്യയും മകനും മകളും കൂടെ വന്ന് സ്വീകരിച്ച് വാഹനത്തിൽ കയറി ഞാൻ വീട്ടിലെത്തിയതോടെ അവസാനിച്ചു.

**വീണ്ടും ഒരു ദുബായ്-കുവൈറ്റ് യാത്ര**

2008 ഏപ്രിൽ മാസത്തിൽ, മഴുവഞ്ചേരിയിലെ സ്കൂൾ കെട്ടിട ത്തിന്റെ തറക്കല്ലിടൽ കർമ്മം കഴിഞ്ഞ് 8-ാം തീയതി കോൺട്രാക്ടർക്ക് 25 ലക്ഷം രൂപ അഡ്വാൻസ് കൊടുത്ത്, 9-ാം തീയതി അർദ്ധരാത്രിക്ക് ഞാനും ഗിരീഷും തിരുവനന്തപുരം എയർപോർട്ടിലേക്ക് യാത്രയായി. കഴിഞ്ഞ പ്രാവശ്യത്തെ ദുബായ് യാത്രയിൽ ഗിരീഷിന്റെ പാസ്പോർട്ടിൽ എമിഗ്രേഷൻ ക്ലിയറൻസ് പ്രശ്നമുണ്ടായതിനാൽ ഇപ്രാ വശ്യം അതെല്ലാം പരിഹരിച്ചുള്ള യാത്രയായിരുന്നു. 10-ാം തീയതി രാവിലെ ദുബായിലെത്തി. മൂന്നു ദിവസങ്ങളിൽ ഇംഗ്ലീഷിലും മലയാള ത്തിലും പ്രഭാഷണങ്ങളുണ്ടായിരുന്നു. എല്ലാ പ്രഭാഷണങ്ങളിലും ഭാര തീയ വിദ്യാവിഹാറിന്റെ നിർമ്മാണത്തെക്കുറിച്ചുള്ള സാമ്പത്തിക പ്രശ്ന ങ്ങൾ അവതരിപ്പിച്ചുമിരുന്നു. കൃഷ്ണമൂർത്തിയും സഹപ്രവർത്തകരും കാണിച്ച അസാധാരണ സംഘടനാ പാഠവം കൊണ്ട് വളരെ കാര്യമായ രീതിയിലായിരുന്നു പ്രഭാഷണങ്ങളിലെ ജനപങ്കാളിത്തം. ഏഷ്യാനെറ്റ് റേഡി യോവിലൂടെ കൊടുത്ത സന്ദേശം ദുബായിൽ വളരെ ശ്രദ്ധേയമായി. ഹോട്ടലിലും ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായികളുടെ വീട്ടിലുമായിട്ടായിരുന്നു ഭക്ഷണം. ഗിരീഷിന്റെ സാന്നിദ്ധ്യം പരിപാടിയുടെ ലക്ഷ്യം വിജയിപ്പിക്കു ന്നതിൽ വളരെയേറെ പ്രയോജനപ്പെട്ടു. ഇപ്രാവശ്യത്തെ യാത്രയ്ക്ക് വളരെ പ്രാധാന്യമുണ്ടായിരുന്നു. കാരണം സാമ്പത്തിക മാന്ദ്യത്തിന്റെ കൊടുമുടിയിലായിരുന്നു ദുബായ്നഗരം. അവിടെയുള്ളവരെ അംഗത്വ മെടുപ്പിക്കുവാനും ചെറിയ സംഭാവനകൾ പിരിക്കാനുമായി നടത്തിയ



Scanned with CamScanner

ശ്രമം കുറേയൊക്കെ വിജയിക്കുമ്പോഴും സ്കൂൾ കെട്ടിടത്തിന്റെ സാമ്പത്തിക ബാധ്യത തന്നെയായിരുന്നു, 24 മണിക്കൂറും എന്റെ മനസ്സിൽ നിറഞ്ഞു നിന്നത്.

**ശാന്തഗംഭീര ഹൃദയസ്പർശിയായ ശ്രോതാക്കളും പ്രഭാഷണങ്ങളും**

ഇന്ത്യൻ കോൺസുലേറ്റ് ഹാളിൽ നടത്തിയ അഞ്ച് പ്രഭാഷണങ്ങളിലും വികാര തീവ്രമായ ശാന്തതയോടെയാണ് ക്രിസ്ത്യാനികളും പർദ്ദയിട്ട മുസ്ലീമുകളും ഉൾപ്പെടെ ഇരുന്നത്. രണ്ടര മണിക്കൂറിലധികം നീളുന്ന പ്രഭാഷണം, പിന്നെ ചോദ്യോത്തരങ്ങൾ ഇവയെല്ലാം കഴിഞ്ഞിട്ടും ഹാൾവിട്ടുപോകാൻ വിമുഖത കാണിക്കുന്ന ശ്രോതാക്കൾ. ഓരോരുത്തരുടെ മുഖത്തും വിഷയമനുസരിച്ച് സന്തോഷവും ദുഃഖവും കരച്ചിലും ചിരിയും നിറയുന്നുണ്ടായിരുന്നു, അഥവാ നിറക്കാൻ ഞാൻ ശ്രമിച്ചിരുന്നു. അവരുടെയെല്ലാം ബന്ധുവായി ഞാൻ മാറുന്നതുപോലെ എനിക്കും അവർക്കും അനുഭവപ്പെടുന്നുണ്ടായിരുന്നു. ആവേശത്തിമർപ്പില്ലാത്ത വിമർശനങ്ങളില്ലാത്ത എന്റെ വാക്കുകളിലൂടെ ജഗദീശ്വരൻ നിറച്ചതെല്ലാം ജീവിതസന്ദേശങ്ങളായിരുന്നു. ഇംഗ്ലീഷ് പ്രഭാഷണത്തിലും മലയാളികളുണ്ടായിരുന്നു. ആരും ഒന്നിനേയും കുറിച്ച് വീമ്പിളക്കിയില്ല. സാധാരണ നിലയിൽ നിന്ന് താഴുകയും ഉയരുകയുമുണ്ടായില്ല. സ്വാഗതം ഒന്നോ രണ്ടോ വരികളിലൊതുക്കി. നന്ദിപ്രകടനം, അടുത്ത പരിപാടികളുടെ അറിയിപ്പുമാത്രമായിരുന്നു. എല്ലാവരും കൃതാർത്ഥരായിരുന്നു. സംഘടിപ്പിക്കലിന്റെ ഭാരമെടുത്തവർക്ക് സീമകൾ ലംഘിച്ചുകൊണ്ടുള്ള സംതൃപ്തിയുമായി. സദസ്യരിൽ നിന്നു ലഭിച്ച അഭിപ്രായങ്ങളെല്ലാം (ഒന്നുപോലും വിടാതെ) ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാർഗവും ലക്ഷ്യവും രീതിയും കൃത്യമായി ന്യായീകരിക്കുന്നതായിരുന്നു. ഗിരീഷിന്റെ സാന്നിദ്ധ്യവും ലക്ഷ്യബോധത്തോടെയുള്ള നിർദ്ദേശങ്ങളും പ്രവർത്തനങ്ങളും തുറന്ന മനസ്സും പ്രവൃത്തിയും നമ്മുടെ പ്രവർത്തകരെ കുറച്ചൊന്നുമല്ല സ്വാധീനിച്ചത് എന്നുകൂടി പറഞ്ഞാലെ സഫലമീയാത്ര എന്നെഴുതാനാകൂ.

**ഒരു കുവയ്റ്റുയാത്ര കൂടി**

ഏപ്രിൽ 14 ന് കൃഷ്ണമൂർത്തിയുടെ കുടുംബാംഗങ്ങൾക്ക് കൈനീട്ടം കൊടുത്ത് യാത്രയായി. എയർപോർട്ടിലെത്തിയത്, രാവിലെ 10 മണിക്കായിരുന്നു. ചെറിയ ക്ലബുകളിലും ഇന്ത്യൻ സ്കൂളിലും ഭാരതീയ വിദ്യാഭവനിലും ക്ലാസുകളെടുത്തു. അമൃതാനന്ദമയിയുടെ ആരാധകർക്കായുള്ള ക്ലാസും നടന്നു. എതാനും മണിക്കൂറുകൾ ഒഴികെ ബാക്കി സമയമെല്ലാം ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോർഡിനേറ്ററായ ശ്രീ. കൃഷ്ണദാസമേ



Scanned with CamScanner

നോന്റെ വീട്ടിലായിരുന്നു സന്ദർശകരെ സ്വീകരിച്ച് കാര്യങ്ങൾ അറിയിച്ചത്. എന്റെ ജ്യേഷ്ഠൻ വാസുദേവനും കുവൈറ്റിൽ തന്നെ ഉദ്യോഗസ്ഥനായതിനാൽ ഉണ്ടായിരുന്നു. കുറച്ചു സമയം ജ്യേഷ്ഠനോടൊപ്പം ചില വഴിച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാവി പ്രവർത്തനങ്ങളെല്ലാം മുന്നോട്ടു കൊണ്ടുപോകാൻ സഹായിക്കണമെന്ന് പറഞ്ഞു. പലരും, കാണാനും സംഭാവനകൾ നൽകാനുമായി വന്നിരുന്നത് കർമ്മമണ്ഡലത്തിലൊരനുഗ്രഹമായി. അവസാന ദിവസം വൈകുന്നേരം ഇരിങ്ങാലക്കുടക്കാരനും ഇൻസ്റ്റിറ്റ്യൂട്ടിനെ എല്ലാവിധത്തിലും സഹായിക്കുന്ന വ്യക്തിയും എന്നും അഭിനന്ദന വാക്കുകൾ മാത്രം ചൊരിയുന്ന വ്യക്തികയുമായ ശ്രീ വിജയൻ ഏലംതൊലി ഒരു പാർട്ടി സംഘടിപ്പിച്ചിരുന്നു. അതിൽ, സാമ്പത്തീകമായി എല്ലാവിധത്തിലുള്ള സഹായവും, അംഗത്വമെടുപ്പിച്ചും സംഭാവനയായും നൽകാമെന്ന് ഏറ്റത് വളരെ ആശ്വാസകരമായി തോന്നി. അതുകൊണ്ട് ഈ യാത്ര ഏറ്റവും സഫലമായതായും അനുഭവപ്പെട്ടു. യാത്രാദിവസം ശ്രീ മേനോൻ കാര്യമായി ക്ഷീണിതനായിരുന്നു. അദ്ദേഹം അസുഖം മൂലം കിടപ്പിലായെങ്കിലും ഇൻസ്റ്റിറ്റ്യൂട്ടിന്റെ എല്ലാ കാര്യങ്ങളിലും അദ്ദേഹത്തിന്റെ നല്ല സഹകരണവും മാർഗ്ഗനിർദ്ദേശവുമുണ്ടായിരുന്നു. കുവൈറ്റിൽ നിന്ന് നല്ലഗുണനിലവാരമുള്ള ലൈബ്രറി പുസ്തകങ്ങൾ സംഭാവനയായി ലഭിച്ചത് ചിലവൊന്നും കൂടാതെ ഫ്ളൈറ്റിൽ കയറ്റിവിടാനും ശ്രീ. വിജയൻ സഹായിച്ചു. ഈ മഹായജ്ഞം ഏറ്റെടുത്ത് മുന്നോട്ടു പോകാനുള്ള ആത്മധൈര്യം നൽകുന്ന സ്വരത്തിലായിരുന്നു അദ്ദേഹത്തിന്റെ വാഗ്ദാനങ്ങൾ. കുവൈറ്റിൽ, വിഷു സംബന്ധമായ ആഘോഷങ്ങളിൽ ഞാൻ പങ്കെടുക്കുന്നുവെന്ന് പത്രങ്ങളിലും മറ്റും അടിച്ചുവന്നു. പലസംഘടകളും പല വിധത്തിലുള്ള പരിപാടികൾ ആവിഷ്കരിച്ചിരുന്നു. അവിടത്തെ ഭാരതീയ വിദ്യാഭവനിൽ സംഘടിപ്പിച്ച പരിപാടികളുടെ പരമ്പര വളരെ ശ്രദ്ധേയമായിരുന്നു.

### പ്രശ്നമുണ്ടാക്കിയ ചോദ്യവും ഉത്തരവും

ദുബായിൽ പ്രഭാഷണം നടത്തിയതിനുശേഷം, അവിടത്തെ ഇന്ത്യൻ കോൺസുലേറ്റ് ഹാളിൽ നടന്ന ചോദ്യോത്തരവേളയിൽ ഒരാൾ ഒരു ചോദ്യമുന്നയിച്ചത്, ഇന്ത്യക്കും ലങ്കക്കുമിടക്കുള്ള രാമർപാലം പൊളിച്ച് അതിലൂടെ കപ്പൽ മാർഗ്ഗം തുറക്കുന്ന ഇന്ത്യാഗവൺമെന്റിന്റെ പരിപാടിയെക്കുറിച്ചായിരുന്നു. മറുപടിയായി ഞാൻ ആദ്യം പറഞ്ഞത് ഒരു വിദേശ രാജ്യത്തിന്റെ മണ്ണിൽ നിന്നുകൊണ്ട്, പലർക്കും അഭിപ്രായ വ്യത്യാസമുള്ള ഒരു വിഷയത്തെക്കുറിച്ച് എന്റെ അഭിപ്രായം, ഞാൻ പൊതുവേദിയിൽ പറയുന്നത് ശരിയല്ല എന്നായിരുന്നു. പല മിഡിൽ ഈസ്റ്റ്

രാജ്യങ്ങളിലും നടക്കുന്ന പൊതുപരിപാടികളിൽ ഇത്തരത്തിലുള്ള മത-രാഷ്ട്രീയ അടിസ്ഥാനത്തിലുള്ള ചോദ്യങ്ങൾക്ക് ഞാൻ മറുപടി പറയാറില്ല. അപ്രകാരമുള്ള ചോദ്യങ്ങൾ ഒഴിവാക്കാൻ സദസ്യരോട് പ്രത്യേകം അഭ്യർത്ഥിക്കാറുമുണ്ട്. രണ്ടോ മൂന്നോ ദിവസത്തെ പരിപാടികൾക്കായി വരുന്ന ഞാനും എന്റെ കൂടെ പരിപാടികളാവിഷ്കരിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ കുടുംബാംഗങ്ങളും ഭാവിയിൽ ഒരു പ്രശ്നത്തിലും പെടരുതെന്ന് വളരെ നിർബന്ധമുണ്ട്, എന്നും ഞാനവരോടു പറയാറുണ്ട്. പരിപാടി വിജയിച്ചോ, ഗോപാലകൃഷ്ണന് സന്തോഷമായോ സദസ്യർക്ക് ഇഷ്ടപ്പെട്ടോ എന്നതിനേക്കാൾ മഹത്തരമായത്, ഇത്രയും വിയർത്ത്, വേദന സഹിച്ച് കുടുംബ പ്രശ്നങ്ങൾപോലും മാറ്റിവച്ച് എന്റെ പ്രഭാഷണപരിപാടികൾ സംഘടിപ്പിച്ചവർ സംതൃപ്തമാണോ എന്നുമാത്രമാണ്.

ഈ മറുപടികേട്ട് സദസ്സിലുള്ള പലരും എഴുന്നേറ്റ് നിന്നു. ഒരു ശാസ്ത്രജ്ഞനെന്ന നിലയിൽ റാമർ പാലത്തെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണെന്നറിയാൻ താല്പര്യമുണ്ടെന്ന് വീണ്ടും ചോദിച്ചു. ഇതിനു മറുപടിയായി ഞാൻ പറഞ്ഞത് "ഇരുപത് മൈൽ ദൂരമുള്ള രാമർ പാലത്തിന്റെ അര മൈൽ മാത്രം, നീക്കം ചെയ്ത് ബാക്കി ഭാഗങ്ങൾക്ക് അൽപംപോലും ക്ഷതം സംഭവിക്കാതെ സൂയസ് കനാലുപോലെ കപ്പൽ യാത്രക്കു സൗകര്യമുണ്ടാക്കിയാൽ ഭാരതത്തിലെ കപ്പലുകൾക്ക് ഏകദേശം ഒരു ദിവസത്തെ യാത്രയും അത്രയും ഇന്ധനവും ലാഭിക്കാം. കൂടാതെ അതിലൂടെ കടന്നുപോകുന്നവരെല്ലാം ശ്രീരാമനെക്കുറിച്ചും രാമായണത്തെക്കുറിച്ചും ഓർമ്മിച്ചാരാധിക്കുകയും ചെയ്യും." എന്നായിരുന്നു. സദസ്സ് ശ്രദ്ധയോടെ കേട്ടു, ഒന്നും പ്രതികരിച്ചില്ലതാനും. തീവ്രഹൈന്ദവ സംഘടനാ പ്രവർത്തകരായ കുറേപേർ എന്റെ ഈ മറുപടിക്കെതിരെ ദുബൈയിൽ നിന്ന് ശക്തമായ ഈമെയിൽ പ്രചരണം ഒന്നു രണ്ടു ദിവസങ്ങൾക്കുശേഷം തുടങ്ങിയിരുന്നു എന്നു ഞാനറിഞ്ഞത് കുവൈറ്റിലെത്തിയപ്പോഴാണ്. "ഹിന്ദുക്കൾക്കെതിരെ സംസാരിക്കുന്ന ഗോപാലകൃഷ്ണനെ ഇനി ഈ നാട്ടിൽ പ്രവേശിപ്പിക്കരുതെ"ന്നായിരുന്നു പ്രചരണ സംക്ഷിപ്തം.

**അമേരിക്കയിലും ദുബായിലും സമാന അനുഭവങ്ങൾ**

കഴിഞ്ഞവർഷം ന്യൂയോർക്കിൽ നടന്ന മലയാളി ഹിന്ദു സംഘടനാ സമ്മേളനത്തിൽ വളരെ വ്യക്തമായ ഭാഷയിൽ ഞാൻ പറഞ്ഞിരുന്നു. "ശ്രീനാരായണ ഗുരുദേവൻ പറഞ്ഞതുപോലെ ആരേയും ച



Scanned with CamScanner

വിട്ടി പുറത്താക്കരുത് എല്ലാവരേയും അടിച്ചകത്താക്കണം.'' മാർക്സിസ്റ്റുകാരുടെ ദേശാഭിമാനിയും, കൈരളിയും, ക്രൈസ്തവരുടെ മനോരമയും, പോലെയുള്ള എല്ലാ മാധ്യമങ്ങളും ഉപയോഗിച്ച് അതാതു വിഭാഗത്തിന്റെ വീട്ടിലേക്ക് നമ്മുടെ സന്ദേശമെത്തിക്കാൻ നമുക്ക് സാധിക്കണം. മാർക്സിസ്റ്റുകാർ ചെയ്യുന്ന എല്ലാ നല്ല പ്രവർത്തനങ്ങളെയും അഭിനന്ദിക്കണം. അവർ ചെയ്യുന്ന തിന്മയ്ക്കെതിരെ ശാന്തമായും ആവശ്യമെങ്കിൽ പരുഷമായും സാമ-ദാന-ഭേദ-ദണ്ഡകളിലൂടെയും പ്രവർത്തിച്ച് കാര്യങ്ങൾ നേടണം. വളരെ നല്ല കാര്യങ്ങൾ ഭാരതീയ പൈതൃക സംരക്ഷണത്തിന് ഇടതുപക്ഷ സർക്കാരിന്റെ പല മന്ത്രിമാരും ചെയ്യുന്നുണ്ട്. അതെല്ലാം പ്രോത്സാഹിപ്പിക്കണം. ഈ പ്രഭാഷണ ഭാഗം അക്ഷരാർത്ഥത്തിൽ തിളയ്ക്കുന്ന കയ്യടിയോടെയാണ് ന്യൂയോർക്കിലെ സദസ് സ്വീകരിച്ചത്. രണ്ടു മൂന്നു ദിവസം കഴിഞ്ഞപ്പോൾ സദസ്സിലുണ്ടായിരുന്ന ഒന്നു രണ്ടുപേർ ഗോപാലകൃഷ്ണൻ മാർക്സിസ്റ്റുകാർക്ക് കുഴലൂതുന്ന ആളാണെന്നും ഹിന്ദു സമ്മേളനത്തിന്റെ ചിലവിൽ അമേരിക്ക മുഴുവൻ കറങ്ങുകയാണെന്നും. ഇയാളുടെ ഇത്തരത്തിലുള്ള പ്രസംഗത്തിനെതിരെ ശക്തമായി പ്രതികരിക്കണമെന്നും, ഇനിയുള്ള പരിപാടികളിൽ ബോയിക്കോട്ടു ചെയ്യണമെന്നുമുള്ള ഈ മെയിലുകൾ പ്രചരിക്കുന്നുണ്ടായിരുന്നു. സംഘാടകരിൽ ഒന്നുരണ്ടു പേർ അതിനോട് യോജിക്കുന്നതായും അന്നറിഞ്ഞു.

അതുപോലെയായിരുന്നു ഈ സംഭവവും. ഞാൻ കുവൈറ്റിലെ പ്രഭാഷണ പരമ്പരയുടെ അവസാന ദിവസങ്ങളിലെത്തിയപ്പോൾ ദുബായിൽ നിന്നും (അവിടത്തെ പൊതുപരിപാടിയിൽ രാമർപാലത്തെക്കുറിച്ചു പറഞ്ഞതിനെതിരെയുള്ള വിമർശനങ്ങളുടെ) ഈ മെയിൽ എനിക്കും, മറ്റുപലർക്കും ലഭിക്കുന്നുണ്ടായിരുന്നു. സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ ചെലവിനുള്ള തുക അന്വേഷിച്ചിറങ്ങിയ എനിക്ക് ആത്മസംതൃപ്തിയോടെയായിരുന്നു 21-ാംതീയതി രാവിലെ ഞാൻ തിരുവനന്തപുരത്തെത്തിയത്.

## ഡിസംബറിന്റെ തണുപ്പിലൂടെ വീണ്ടുമൊരു ദുബായ് യാത്ര

2008 ഡിസംബർ 9 ന് ആർ.ആർ. എല്ലിൽ നിന്ന് അവസാനയാത്രയ്ക്കൊരുക്കം കൂട്ടുന്നവേളയിലായിരുന്നു ഈ യാത്ര. അടുത്തദിവസങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തകരുടെ മീറ്റിംഗുകളും കോൺസുലേറ്റ് ഹാളിലെ പ്രഭാഷണങ്ങളും നടന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ നട്ടെല്ലായി പ്രവർത്തിച്ച ശ്രീ ഭാസിയെ, സാമ്പത്തികമാന്ദ്യം കാര്യമായി ബാധിച്ചതിനെ,

സാധിക്കാവുന്നത്രയും ആശ്വസിപ്പിച്ചു. ഡിസംബർ 12 ന് കോൺസുലേറ്റ് ഹാളിൽ സുദീർഘമായ രണ്ടു പ്രഭാഷണങ്ങളും, മറ്റൊരിടത്ത് തൃശ്ശൂരിയൻസിന്റെ നല്ല ഒരു കുടുംബസംഗമത്തിലും പ്രഭാഷണം നടത്തി. ജനുവരി 1 ന് ഉദ്ഘാടനം നടത്താനുദ്ദേശിച്ചിരുന്ന തൃശ്ശൂരിയൻസ് സംഘടനയുടെ ആദ്യപരിപാടി, ഉദ്ഘാടനത്തിനുമുമ്പ് ഡിസംബർ 12ന് നടത്താനുള്ള യോഗമെനിക്കുണ്ടായി. വിദ്യാഭ്യാസ കർമ്മധർമ്മ മണ്ഡലത്തിൽ, ദുബായിലും മറ്റുപല രാജ്യങ്ങളിലും അനവധി സ്ഥാപനങ്ങൾ നടത്തി തിളങ്ങുന്ന ശ്രീ സുധീർ ഗോപിയുടെ നേതൃത്വത്തിലായിരുന്നു തൃശ്ശൂരിയൻസ് പരിപാടികളുടെ ക്രമീകരണം. മറ്റനവധി വ്യക്തികളും അദ്ദേഹത്തെ സഹായിക്കാനുണ്ടായിരുന്നു. ഡിസംബർ 13, 14, 15 തീയതികളിൽ പ്രഗത്ഭരായ പലരേയും കണ്ടു സംസാരിച്ച് ചെറുതും വലുതുമായ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ഹോട്ടലുകളിലും വീടുകളിലുമായി ഭക്ഷണവും കഴിച്ച് 16-ാം തീയതി സാമ്പത്തിക മാന്ദ്യത്തിൽ തകരുന്ന ദുബായ് എന്ന രാജ്യം പലപ്രാവശ്യം കണ്ടനുഭവിച്ചതിന്റെ സ്മരണയുമായി രാവിലെ തിരുവനന്തപുരത്തെത്തി.

ഇപ്രാവശ്യത്തെ ദുബായ് യാത്രയുടെ സംഘാടക പ്രവർത്തരെല്ലാം ആത്മസംതൃപ്തിയോടെയായിരുന്നു എന്നെ യാത്രയാക്കിയത്. കഴിഞ്ഞ പ്രാവശ്യത്തെ വരവിനേക്കാൾ സന്ദേശങ്ങൾക്കും പരിപാടികൾക്കും സ്വീകരണം ലഭിച്ചു എന്നത് വളരെ സന്തോഷം തോന്നാൻ കാരണമായി. തുടർച്ചയായുള്ള എന്റെ വരവ് ആരേയും വിരസതയിലേക്കു നയിക്കുന്നില്ല എന്നുമറിഞ്ഞു. അൽപം അഭിപ്രായ വ്യത്യാസങ്ങളുള്ള പ്രവർത്തകരെല്ലാം ശ്രീ കൃഷ്ണമൂർത്തിയുടേയും ശ്രീ ഭാസിയുടേയും ശ്രീ നരേന്ദ്രനാഥിനെ പോലെ ത്യാഗമനോഭാവമുള്ളവരുടേയും കൂടെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിൽ അടിയുറച്ചു നിൽക്കുന്നുണ്ടായിരുന്നു. ഭിന്നിച്ചവരെല്ലാം ഒന്നിച്ചു അല്ലെങ്കിൽ അവരെ ഒന്നിപ്പിച്ചു. സ്വാർത്ഥതയും ഹിഡൺ അജണ്ടയുമില്ലാതെ പ്രവർത്തിച്ചാലെ ഇതൊക്കെ സാധിക്കൂ എന്ന് എല്ലാവർക്കും ബോധ്യമായി. ഇപ്രാവശ്യം പതിവുപോലെ കുടുംബപ്രശ്നങ്ങൾ പരിഹരിക്കാനായി പലരും എന്റെയടുത്തു വന്നിരുന്നു. സമാധാനത്തിലും ശാസനരൂപത്തിലും അവരെയൊക്കെ ആശ്വസിപ്പിച്ചു യാത്രയാക്കി.

ഇത്രയും കാലത്തെ നിരന്തരമുള്ള ദുബായ് യാത്രയിൽ പലർക്കും എന്നെയും എനിക്കു പലരേയും കുടുംബബന്ധുക്കളെ പോലെ കാണാൻ സാധിച്ചു. അതൊരു അനുഭൂതിയായിരുന്നു. കഴിഞ്ഞകുറേ മാസങ്ങളായി രാവും പകലും പ്രവർത്തിച്ചവരെല്ലാം സ്ഥിതപ്രജ്ഞരുടെ നിലവാരത്തിലെത്തിയവരാണെങ്കിലും അവരിലും ആഹ്ലാദമുണ്ടായിരുന്നു.



Scanned with CamScanner

## ആറാം ഭാഗം

## വിദേശപ്രവർത്തകർക്കു നൽകിയ പ്രവർത്തന പരിശീലനം

വിദേശ രാജ്യങ്ങളിലെ പരിപാടികളിലെല്ലാം പ്രകടമാക്കാൻ ശ്രമിച്ചത് സമയനിഷ്ഠ പാലിക്കണമെന്ന് പ്രസംഗിക്കാതെ പ്രവർത്തിച്ചു കാണിക്കുക. സ്വാഗതത്തിന്റേയോ മതിമറന്നവാക്കുകളുടേയോ പ്രയോഗമില്ലാതെ ഏതാനും വരികളിൽ മാത്രം സ്വാഗതം പറഞ്ഞ് പരിപാടികൾ ആരംഭിക്കുക. പ്രാസംഗീകർക്കുൾപ്പെടെ സ്റ്റേജിൽ കസേരയും മേശയും ഒന്നും ഇല്ലാത്ത ക്രമീകരണമുണ്ടാക്കുക. അദ്ധ്യക്ഷനും ഉദ്ഘാടകനും ഇല്ലാതെകാര്യങ്ങൾ നടത്തുക. അതിശയോക്തി കലർന്ന ഒരു വരിയും ഉപയോഗിക്കാതിരിക്കുക. മൊബൈൽ ഫോൺ ഓഫാക്കണമെന്ന നിർദ്ദേശം നൽകാതിരിക്കുക. എല്ലാവരേയും ഒരുപോലെ സ്വീകരിക്കുക. ആവശ്യമില്ലാത്ത ക്രമീകരണങ്ങൾ ഫ്ളെക്സുകൾ, പരസ്യങ്ങൾ എല്ലാം ഒഴിവാക്കുക. പഠിക്കാനും പഠിപ്പിക്കാനും മാത്രമാണ് എല്ലാ പരിപാടികളുമെന്ന് ഉത്തമബോധ്യമുണ്ടാക്കുക, സ്റ്റേജിലൂടെ ബാഡ്ജും ധരിച്ച് ഷൈൻ ചെയ്യുന്ന രീതി പൂർണമായും ഒഴിവാക്കുക. വോളന്റീയേഴ്സ് എന്ന പദവി ഇല്ലാതാക്കുക. ഇടക്കിടയ്ക്കുള്ള അനൗൺസുമെന്റുകളെല്ലാം ഒഴിവാക്കുക. സഹായിച്ചവരേയും മഹാത്മാക്കളെയും ഒന്നോ രണ്ടോ വാക്കുകളിൽ ആവശ്യമെങ്കിൽ മാത്രം അഭിനന്ദിക്കുക. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ അതിശയോക്തി കലർന്ന ഒരു സന്ദേശവും ഉൾപ്പെടുത്താതിരിക്കുക. ഇൻസ്റ്റിറ്റ്യൂട്ടിന്റെ കർമ്മമണ്ഡലത്തിൽ വരുന്നവർ പരിചയസമ്പന്നരാകുന്നതുവരെ അവർക്ക് സ്റ്റേജിന്റെ ഉത്തരവാദിത്വം കൊടുക്കാതിരിക്കുക. ആർക്കെല്ലാം പരിപാടി സംഘടിപ്പിക്കുന്നതിനായി സ്വന്തം കയ്യിൽ നിന്ന് സാമ്പത്തിക ഭാരം ഏൽക്കേണ്ടിവന്നിട്ടുണ്ടോ അവരുടെയെല്ലാം അക്കൗണ്ടുകൾ അവിടവിടെതന്നെ സെറ്റിൽ ചെയ്യുക. ബൊക്കെയും, ഹാരവും, പൊന്നാടയും, സ്മാരക ഫലകങ്ങളും, പുരസ്ക്കാരങ്ങളും, പൂർണ്ണമായും ഒഴിവാക്കുക. ആരുടെ കൂടെ ഭക്ഷണം കഴിക്കാൻ പോയാലും വീടുകളിലാണെങ്കിൽ വളരെ ലളിതമായും, ഹോട്ടലുകളിലാണെങ്കിൽ വ്യക്തിപരമായും സാമ്പത്തീക ഭാരം ആരും ഏൽക്കാതെയും നടത്തുക. സ്നേഹിതരും ബന്ധുക്കളുമെല്ലാം വിരുന്നുകളിൽ നിന്നൊഴിവാകുക. പ്രവർത്തകരെമാത്രം ഉൾപ്പെടുത്തി ഭക്ഷണം കഴിക്കുവാൻ വരുന്നവരുടെ എണ്ണം നിജപ്പെടുത്തുക. അതിഥിക്ക് ഭക്ഷണം കൊടുക്കുന്നത് പുണ്യമാണെന്നധാരണ പൂർണമായും പ്രഭാഷണത്തിനു വരുന്നവരിൽ ഉണ്ടാകാതിരിക്കാൻ വേണ്ടതു ചെയ്യുക. ഭക്ഷണം കഴിക്കാൻ പോകുന്നതും സന്ദർശിക്കാൻ പോകുന്നതുമെല്ലാം വാർത്തയും ചർച്ചാവിഷയവുമാകാതിരിക്കാൻ നിർദ്ദേശിക്കുക. അതിഥിയെ നമസ്കരിക്കുന്നതും, കൂടെ



Scanned with CamScanner

നിന്ന് ഫോട്ടോ എടുക്കുന്നതും അതിന് പ്രചരണം കൊടുക്കുന്നതും അതിൽ നിന്ന് നേട്ടമുണ്ടാക്കാൻ ശ്രമിക്കുന്നതും കർശനമായും ഒഴിവാക്കുക. സംഘാടകരും പ്രഭാഷകരും ഓരോ കർമ്മത്തിലെ കുടുംബാംഗങ്ങൾ മാത്രമാണെന്ന ബോധമുണ്ടാക്കുക. ആരും ഒഴിച്ചുകൂടാൻ വയ്യാത്തവരാണെന്ന ധാരണയുണ്ടാക്കാതിരിക്കുക. ഒരു വ്യക്തിയിൽ ശ്രദ്ധ കേന്ദ്രീകരിക്കാതിരിക്കാൻ നിർദ്ദേശിക്കുക. രാഷ്ട്രവും, പൈതൃകവും പൈതൃക പഠനവും, പ്രചരണവും തന്നെ ലക്ഷ്യവും മാർഗ്ഗവും എന്ന് ബോധ്യപ്പെടുത്തുക. പ്രഹസനങ്ങളും അഭിനയങ്ങളും പൂർണ്ണമായും ഒഴിവാക്കി മുന്നോട്ടു പോകുക. ആരെയെങ്കിലും ബോധ്യപ്പെടുത്താനോ, അംഗീകാരം നേടാനോ പ്രശംസ ലഭ്യമാക്കാനോ പിന്നീട് നേട്ടങ്ങളുണ്ടാക്കാൻ സാധിക്കണമെന്ന ധാരണയുണ്ടാക്കിയോ ചെയ്യുന്ന കൃത്രിമമായ എല്ലാ ചടങ്ങുകളും പെരുമാറ്റങ്ങളും ഒഴിവാക്കുക. ജ്ഞാനിയാണെന്നോ, നേതാവാണെന്നോ പോലുള്ള തോന്നലുണ്ടാക്കുന്ന എല്ലാ ആന്തരീക ബാഹ്യ വേഷഭൂഷാദികളും ഒഴിവാക്കുക. ഇത് സ്വന്തം ജീവിതത്തിലും ഇൻസ്റ്റിറ്റ്യൂട്ടിന്റെ കർമ്മമണ്ഡലത്തിലും പ്രാവർത്തികമാക്കുക. ഇൻസ്റ്റിറ്റ്യൂട്ട്, പൈതൃകം പഠിപ്പിച്ചാലേ പൈതൃകപഠനം ശരിയാകൂ എന്ന ധാരണമാറ്റുക. നമ്മുടെ പ്രവർത്തനം മാത്രമാണ് ശരിയെന്ന തോന്നലുണ്ടാകാതിരിക്കാൻ വേണ്ടതു ചെയ്യുക. പൈതൃകത്തിന്റെ നന്മകൾ പഠിക്കുകയും പഠിപ്പിക്കുയം ചെയ്യുന്ന എല്ലാവരുടേയും എല്ലാ സംഘടനകളുടേയും സഹകരിപ്പിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക. എല്ലാ സംഘനടകളേയും കൂട്ടിയിണക്കുന്നവരാകട്ടെ നമ്മുടെ പ്രവർത്തകർ. എല്ലാ ഭാരതീയരുടേയും പൈതൃകമാണ് ഭാരതപൈതൃകമെന്നുറക്കെ ഉദ്ഘോഷിക്കുക. ഇതിൽ ജാതിയും മതവും രാഷ്ട്രീയവും കലർത്താതിരിക്കുക. ആരേയും മാറ്റിനിർത്താതെ എല്ലാവരേയും ഉൾപ്പെടുത്തി യോജിക്കാവുന്നതലങ്ങളിലെല്ലാം യോജിക്കുക. വിയോജിക്കുന്ന മേഖലകളിൽ വ്യക്തമായ ബോധമുണ്ടാക്കുക. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരും വിശ്വാസ്യതയും തെറ്റായും തെറ്റിനായും ഉപോഗിക്കാനനുവദിക്കാതിരിക്കുക. എല്ലാവരുടെയും നന്മകൾ കണ്ടെത്തുക. എന്നെങ്കിലും പ്രതിപ്രവർത്തനമുണ്ടാക്കാൻ സാധ്യതയുണ്ടെങ്കിൽ വേണ്ട മുൻകരുതലുകളെടുക്കുക. തുറന്നു പറയാനുള്ളത് വ്യക്തമായി പറഞ്ഞറിയിക്കുക. ഒടിച്ചും വളച്ചും പറയുന്നതൊഴിവാക്കുക... ഇങ്ങിനെയുള്ളതെല്ലാം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജിന്റെ പ്രവർത്തകരറിയണമെന്ന് നിർബന്ധിച്ചു.

ഈ സന്ദേശങ്ങൾ ഭാരതത്തിനകത്തും പുറത്തും പ്രാവർത്തികമാക്കാനും മറ്റുള്ളവർക്ക് മാതൃകയാകാനും ഭാരതീയ പൈതൃകത്തിന്റെ



Scanned with CamScanner

പ്രചരണാർത്ഥം നടക്കുന്ന എല്ലാ പരിപാടികളും വിജയിപ്പിക്കാനും സാധിക്കുമെന്ന് ഇൻസ്റ്റിറ്റ്യൂട്ട് തെളിയിച്ചുകൊണ്ടിരിക്കുന്നു.

**എന്റെ ശാസ്ത്രഗവേഷണ മണ്ഡലത്തിലെ പ്രവർത്തന സംക്ഷിപ്തം**

ഒരു സി. എസ്. ഐ. ആർ. സയിന്റിസ്റ്റ് എന്ന നിലയിൽ ചെയ്തു തീർക്കാൻ സാധിച്ച കർമ്മങ്ങളും സംക്ഷിപ്തമായി ഇവിടെ സൂചിപ്പിക്കട്ടെ.

ഹൈദരാബാദിലെ റീജിയണൽ റിസർച്ച് ലാബറട്ടറിയിൽ രണ്ടര വർഷക്കാലം ഞാൻ ചെയ്ത ഗവേഷണങ്ങൾ പ്രധാനമായും സൈക്ലോ പ്രൊപ്പിനോയ്ഡ് ഫാറ്റി ആസിഡുകളും, അവ സസ്യങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നത് എപ്രകാരമാണെന്നും, അവയുടെ ബയോകെമിസ്ട്രിയുമായിരുന്നു. അന്തർ ദേശീയ നിലവാരമുള്ള നാലു പ്രബന്ധങ്ങളും മൂന്നു ദേശീയ പ്രബന്ധങ്ങളും പ്രസിദ്ധീകരിക്കുവാൻ ഈ പഠനത്തിലൂടെ അവസരം ലഭിച്ചു.

തിരുവനന്തപുരം റിജിയണൽ റിസർച്ച് ലാബറട്ടറിയിൽ വ്യത്യസ്ഥ വിഷയങ്ങളിലായിരുന്നു 25 വർഷക്കാലം ഗവേഷണം നടത്തിയത്. അവയിൽ ആദ്യകാലങ്ങളിൽ ചെയ്തത്, മലേഷ്യയിൽ സുലഭമായിട്ടുള്ള എണ്ണപ്പന കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും കൃഷി ചെയ്യുമ്പോൾ അവയിൽ നിന്ന് എണ്ണ സംസ്കരിച്ചെടുക്കുന്നതിനെക്കുറിച്ചായിരുന്നു. ഈ എണ്ണയിലടങ്ങിയിട്ടുള്ള വിറ്റാമിൻ എ ഘടകം നേത്രരോഗശമനത്തിനു ഉപയോഗിക്കുന്നതിനായുള്ള പഠനവും നടന്നു. സാധുക്കളിൽ പോഷകാംശ കുറവു പരിഹരിക്കാനുള്ള ഒരു എളുപ്പമാർഗമന്വേഷിക്കുന്നതും പഠനമായിരുന്നു. എണ്ണ വ്യാവസായികമായി സംസ്കരിച്ചെടുക്കുന്ന സാങ്കേതികവും ശാസ്ത്രീയവുമായ പഠനം ഒരു വിഭാഗം ശാസ്ത്രജ്ഞന്മാരുടെ കൂട്ടായ്മയുടെ ഫലമായി വികസിപ്പിച്ചതാണ്.

ഇരിഞ്ഞാലക്കുടയിലെ കേരള സോൾവെന്റ് എക്സ്ട്രക്ഷൻസിനു വേണ്ടിയുള്ള പ്രോജക്റ്റ് വികസിപ്പിച്ചു നൽകിയതുപോലെ ചന്ദ്രിക സോപ്പ് നിർമ്മാണത്തിന് ആവശ്യമായ ഒരു സാങ്കേതിക വിദ്യയും വികസിപ്പിച്ചു നൽകാനായി. ഭാരതത്തിലാദ്യമായി കാർബൺഡയോക്സൈഡുപയോഗിച്ച് സുഗന്ധദ്രവ്യങ്ങളും സുഗന്ധവ്യഞ്ജനങ്ങളും നിഷ്കർഷണം ചെയ്ത് ശാസ്ത്ര-സാങ്കേതികവിദ്യ വികസിപ്പിച്ചു എന്നത് നിറഞ്ഞ സംതൃപ്തി നൽകുന്നു. കുറേ പേറ്റന്റുകളും ഇത്തരത്തിലുള്ള പഠനത്തിലൂടെ ലഭ്യമായി. ഭാരതത്തിൽ നിന്നുള്ള കയറ്റുമതി ദ്രവ്യങ്ങളിലുള്ള കീടനാശിനികളെക്കുറിച്ചു പഠിക്കാനും, അവയുടെ അളവു കണ്ടുപിടിക്കാനും, ദ്രവ്യങ്ങളിൽ നിന്ന് പൂർണമായും ഈ കീടനാശിനികൾ നീക്കം ചെയ്യാനുമുള്ള സാങ്കേതിക വിദ്യ വികസിപ്പിക്കലായിരുന്നു മറ്റൊരു പഠനം. മൈക്രോവേവുകളുപയോഗിച്ച് ഭക്ഷ്യവിഭവസംസ്കരണം എന്ന വിഷയത്തിലെ പഠനം തികച്ചും നൂതനമായ ആശയങ്ങൾ പ്രകാ



Scanned with CamScanner

ശനം ചെയ്യുവാൻ കാരണമായി. ഏകദേശം രണ്ടുവർഷം ഈ വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു.

കാനഡയിലെ ഗവേഷണകാലത്ത് ഭക്ഷ്യവിഭവങ്ങളിൽ പോളി അൺസാച്ചറേറ്റഡ് ഫാറ്റി ആസിഡുകളുടെ അളവ് പരമാവധി കൂട്ടി സാധാരണ വിഭവങ്ങളെ സംപുഷ്ട ഭക്ഷ്യങ്ങളാക്കി മാറ്റുന്ന വിദ്യയാണ് വികസിപ്പിച്ചത്. അത് വിവിധ കമ്പനികൾക്ക് കൈമാറുകയും ചെയ്തു.

ആയുർവേദ ഔഷധങ്ങളുടെ ഗുണനിലവാരം അളക്കുന്നതിനുള്ള സ്റ്റാൻഡേർഡ് വികസിപ്പിച്ചെടുക്കൽ ഒരു തീവ്രഗവേഷണ പരിപാടിയായി ചെയ്തു തീർത്തു.

ഏകദേശം 25 വർഷക്കാലത്തെ പഠന ഗവേഷണങ്ങളിൽ നിന്ന് ദേശീയവും അന്തർദേശീയവുമായ ഗവേഷണ ജേർണലുകളിൽ 50 ൽ പരം ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ പഠനത്തിന് ലഭിച്ച അവാർഡുകളുടെ അഭിമാനത്തോടെ ഓർമ്മിക്കുന്നു. ഗാർഡനേഴ്സ് അവാർഡ്, ഡി.വി. മെമ്മോറിയൽ അവാർഡ് രണ്ടു പ്രാവശ്യം, ധീംഗ്ര മെമ്മോറിയൽ അവാർഡും, സ്വർണ്ണമെഡലും ആയുർവേദ രത്ന അവാർഡ് എന്നിവയായിരുന്നു ലഭിച്ച അവാർഡുകൾ. ഇന്ത്യാഗവൺമെന്റിന്റെ നാഷണൽ സയൻസ് ടെക്നോളജി കൗൺസിൽ ഫെല്ലോഷിപ്പും, കാനഡ ഗവൺമെന്റിന്റെ കനേഡിയൻ ഇന്റർനാഷണൽ ഫെല്ലോഷിപ്പും എനിക്ക് ലഭിച്ചത് അവിസ്മരണീയാനുഭവമായി ഞാൻ മനസ്സിൽ സൂക്ഷിക്കുന്നു.

ഇവയെപ്പോലെ പ്രാധാന്യമർഹിക്കുന്നു, അനവധി സെമിനാറുകളും, വർഷോപ്പുകളും, പഠനക്ലാസുകളും, എക്സിബിഷനുകളും സംഘടിപ്പിക്കുവാൻ ലഭിച്ച അവസരവും.

**കർമ്മമണ്ഡലത്തിലെ സമർപ്പണം**

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ് ആരംഭിച്ചതും അതിലൂടെ ലോകമെമ്പാടും ഭാരതീയ പൈതൃകസന്ദേശം ആയിരക്കണക്കിന് പ്രവർത്തകരിലൂടെ, നൂറുകണക്കിന് സംഘടനകളിലൂടെ ദശകണക്കിന് സ്ഥാപനങ്ങളുമായി ചേർന്ന്, ലക്ഷകണക്കിന് ജനങ്ങൾക്കെത്തിക്കുവാൻ സാധിച്ചതിൽ കൃതാർത്ഥതയുടെ അനുഭൂതിയുമുണ്ട്.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്

സ്വതന്ത്രമായും, ജാതിക്കും, മതത്തിനും, ഇസത്തിനും അതീതമായും പ്രവർത്തിക്കുന്നതും, ഒരു സംഘടനയോടും വിധേയത്വമില്ലാത്തതും, എന്നാൽ എല്ലാവരേയും സമന്വയിപ്പിക്കുന്നതുമായ സംഘടനയായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ് സ്ഥാപിക്കാൻ 1999 ആഗസ്റ്റ് 1 ന് തീരുമാനിച്ചു. 1999 ആഗസ്റ്റ് 8-ാം തീയതി



Scanned with CamScanner

ശ്രാവണപൗർണമി ദിവസം ഡോ.എം. സാംബശിവൻ തിരുവനന്തപുരത്തെ ശൈവ പ്രകാശസഭാ ഹാളിൽ വൈകു. 6.30 അതുൽഘാടനം ചെയ്തു. അന്നുതന്നെ അതിന്റെ ഒന്നാമത്തെ മീറ്റിങ് കൂടുകയും ചെയ്തു. സെപ്തംബർ 8 ന് ചാർട്ടേഡ് എക്കൗണ്ടന്റ് ശ്രീരാമകൃഷ്ണനെക്കൊണ്ട് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബൈലോ എഴുതിക്കുകയുണ്ടായി. സെപ്റ്റംബർ 24 ന് രെജിസ്ട്രേഷന് അപേക്ഷ നൽകി, അന്നുവരെ സ്വന്തമായി പ്രസിദ്ധീകരിച്ച പുസ്തകങ്ങളും മറ്റും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരിലേക്ക് മാറ്റുകയുണ്ടായി. 1999 ന്റെ മധ്യത്തോടു കൂടി തന്നെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബാനറിൽ പ്രഭാഷണ പരമ്പരകൾ ആരംഭിച്ചു. 2000 മാർച്ച് മാസത്തിൽ കേരള സർക്കാർ ഒരു പ്രോജക്റ്റ് നൽകി. പൈതൃക സന്ദേശങ്ങൾ മലയാളത്തിൽ പ്രചരിപ്പിക്കാനുള്ള സിഡികളും കാസറ്റുകളും വിദ്യാർത്ഥികളിലെത്തിക്കുവാനുള്ളതായിരുന്നു പ്രോജക്റ്റ്. 2000 ആഗസ്റ്റ് 15 ന് സഹസ്രാഹയജ്ഞം ആരംഭിച്ചു. ആയിരം ദിവസങ്ങൾകൊണ്ട് മൂന്നുകോടി ജനങ്ങൾക്ക് ഭാരതീയ പൈതൃകത്തിന്റെ ഒരു വിഷയത്തെക്കുറിച്ചുള്ള സന്ദേശമെങ്കിലും എത്തിക്കുക എന്നതായിരുന്നു സഹസ്രാഹയജ്ഞത്തിന്റെ ലക്ഷ്യം. അത്യാധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുപയോഗിച്ച് അതിപുരാതന ഭാരതീയ പൈതൃകം പഠിച്ച് പഠിപ്പിച്ച് പ്രചരിപ്പിക്കലായിരുന്നു സഹസ്രായജ്ഞത്തിന്റെ ഉദ്ദേശം. ദേശീയ പ്രാധാന്യമുള്ള വിധത്തിൽ ശാസ്ത്രസമ്മേളനം സംഘടിപ്പിക്കുവാനുള്ള സംരംഭത്തിന് 'ശാസ്ത്ര' സെമിനാർ എന്ന പേരു കൊടുത്തു 2000 ഡിസംബറിൽ എറണാകുളത്ത് ആദ്യത്തെ 'ശാസ്ത്ര 2000' സെമിനാർ നടത്തി. രണ്ടാമത്തെ ശാസ്ത്ര സെമിനാർ കോട്ടയത്തും തുടർന്നുള്ളത് തൃശ്ശൂർ, കോട്ടക്കൽ, പാലക്കാട്, തലശ്ശേരി, വാടാനപ്പള്ളി, ഗുരുവായൂർ, എറണാകുളം, ആലപ്പുഴ എന്നിവിടങ്ങളിലും നടന്നു. എല്ലാ വർഷവും ഒരു ദിവസത്തെ സെമിനാർ എന്നുള്ളത് രണ്ടു ദിവസത്തേക്കും രണ്ടു സ്ഥലത്തേക്കുമാകുകയും ചെയ്തു. 2006 മുതൽക്ക് ഗുരുവായൂരും വാടാനപ്പള്ളിയും, തുടർന്ന് എറണാകുളത്ത് (2008 ൽ) നാലും ദിവസവും നാലു സ്ഥലത്തുമായി. ആലപ്പുഴയിലും നാലിടത്ത് സെമിനാർ നടക്കുകയുണ്ടായി. എല്ലാവർഷവും പോലെ ഡിസംബറിലാണ് സെമിനാർ നടക്കാറുള്ളത്. 2004 ഫെബ്രുവരി 15 മുതൽ ഏകാഹയജ്ഞം എന്ന പേരിൽ ഒരു ദിവസം നീണ്ടുനിൽക്കുന്ന ക്ലാസ്/പ്രഭാഷണം എറണാകുളം ജില്ലയിലെ ചെങ്ങമനാട് നടക്കുകയുണ്ടായി. തുടർന്ന് പലയിടങ്ങളിലും ഇത്തരം പ്രഭാഷണങ്ങൾ നടന്നു. പൈതൃക സ്മൃതി, സംസ്കൃതി, ഭാരതീയം, ഋഷിസ്മരണ എന്ന പേരിലും പല ജില്ലകളിലും പ്രഭാഷണങ്ങളും ഓരോ ദിവസം നീണ്ടുനിൽക്കുന്ന പഠനശിബിരങ്ങളും വ്യത്യസ്ഥ ജില്ലകളിൽ സംഘടിപ്പിക്കുന്നുണ്ട്. 2006 ആഗസ്റ്റ് മുതൽ ഭാര



Scanned with CamScanner

തസ്വാതന്ത്ര്യത്തിന്റെ 60-ാം വാർഷികം പഠിച്ചും പഠിപ്പിച്ചും ആഘോഷിക്കുന്ന ഇന്ത്യാസിക്സ്റ്റി വിഷൻ ആന്റ് മിഷൻ പരിപാടി ആവിഷ്കരിച്ചു തുടങ്ങി. 2006 ആഗസ്റ്റ് 15 ന് വീണ്ടും ഒരു സഹസ്രാഹയജ്ഞം ആരംഭിച്ചു. ആയിരം ദിവസം കൊണ്ട് കോടിക്കണക്കിന് ജനങ്ങൾക്ക് പൈതൃക സന്ദേശമെത്തിക്കുകയായിരുന്നു ലക്ഷ്യം. 2006 ഒക്ടോബർ 2-ാം തീയതി മുതൽ സേവനം സമർപ്പണം എന്ന പരിപാടിയിലൂടെ പാവപ്പെട്ടവർക്ക് ഭക്ഷണം, തിമിരശസ്ത്രക്രിയ, സ്കൂൾ കുട്ടികൾക്ക് പുസ്തകങ്ങൾ, തുടങ്ങിയവ ലഭ്യമാക്കിയുള്ള സേവന പ്രവർത്തനങ്ങൾ തുടങ്ങി. 2007 ജനുവരി മുതൽ മാസികയാരംഭിക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങി. തുടർന്നു 2008 വരെ ഇന്ത്യാഗവൺമെന്റിന്റെ രെജിസ്ട്രേഷൻ ഇല്ലാതെയും 2008 മുതൽ ന്യൂസ് പേപ്പർ രെജിസ്ട്രാർ ഓഫ് ഇന്ത്യയുടെ രെജിസ്ട്രേഷനോടു കൂടിയും ഇംഗ്ലീഷിലും മലയാളത്തിലും മാസിക പ്രസിദ്ധീകരിച്ചു തുടങ്ങി. എല്ലാവർഷവും ഒക്ടോബർ 2 ന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗങ്ങളുടെ സംഗമവും നടക്കുന്നുണ്ടായിരുന്നു. ദേശവിദേശങ്ങളിൽ സെമിനാറുകളും പ്രഭാഷണങ്ങളും നടത്തിക്കൊണ്ട് കേബിൾ ടിവിയിലൂടെയും, ടിവിയിലൂടെയും, റേഡിയോവിലൂടെയും പ്രഭാഷണങ്ങൾ നടത്തിക്കൊണ്ടും സന്ദേശങ്ങൾ നൽകിക്കൊണ്ടും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പൈതൃക പ്രചരണ പരിപാടി ആവിഷ്കരിച്ചു കൊണ്ടേയിരിക്കുന്നു.

**പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ, ലഘുലേഖകൾ**

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനോടു ചേർന്നു 1999 ഡിസംബർ 31 ന് മുമ്പായിത്തന്നെ ചെറുതും വലുതുമായ 13 പുസ്തകങ്ങൾ ഞാനെഴുതി പ്രസിദ്ധീകരിച്ചിരുന്നു. **ഭാരതീയ ഈശ്വരസങ്കൽപവും ശാസ്ത്രവും, ഈശാവാസ്യ ഉപനിഷദ് ഒരു ശാസ്ത്ര വിശകലനം**, ഭാരതീയ ശാസ്ത്ര തത്വങ്ങൾ ഉദ്ധരിച്ചുകൊണ്ടുള്ള **ഭാരതീയ ശാസ്ത്രരത്നങ്ങൾ**, 1500 വർഷങ്ങൾക്കുമുമ്പ് ആര്യഭടൻ ഒന്നാമൻ എഴുതിയ **ആര്യഭടീയം** എന്ന പുസ്തകത്തിന്റെ വ്യാഖ്യാനത്തോടു കൂടിയ മലയാളം പ്രസിദ്ധീകരണം **ആര്യഭടീയം**, വേദങ്ങളിലും മറ്റു പുരാതന ഭാരതീയ ഗ്രന്ഥങ്ങളിലുമുള്ള സമഗ്രവീക്ഷണങ്ങളെ ക്രോഡീകരിച്ചുകൊണ്ടെഴുതിയ **ഭാരതീയ ഗ്രന്ഥങ്ങളിലെ സമഗ്രവീക്ഷണം**. 1995 ൽ ഒരു യജ്ഞം പോലെ പഠനഗവേഷണങ്ങൾ നടത്തിയെഴുതിയ വേദങ്ങൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുകൾ, ആറുവേദാംഗങ്ങളായ ശിക്ഷ, നിരുക്തം, വ്യാകരണം, ഛന്ദശാസ്ത്രം, ശ്രൗതസൂത്രം, ഗൃഹ്യസൂത്രം, ധർമ്മസൂത്രം, പിതൃമേധസൂത്രം എന്നിവയടങ്ങുന്ന സമ്പൂർണ കൽപ്പശാസ്ത്രം, ജ്യോതിഷം, പതിനെട്ടു



Scanned with CamScanner

പുരാണങ്ങളും ഉപപുരാണങ്ങളും, സ്മൃതികളും, ഉപവേദങ്ങളായ അർത്ഥശാസ്ത്രം, ധർമ്മവേദം, ഗാന്ധർവവേദം, ആയുർവേദം, സ്ഥാപത്യവേദം എന്നിവയും ദർശനങ്ങളും ഇതിഹാസങ്ങളും ചേർത്ത് അവയുടെ സംഗ്രഹരൂപത്തിലെഴുതി പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ പുതിയ പതിപ്പായ **ഭാരതീയ വിചാരധാരയും** പ്രസിദ്ധീകരിച്ചു. **സസ്യാഹാരത്തിന്റെ ശാസ്ത്രീയ വിശകലനം, ഭഗവദ്ഗീതാസന്ദേശം, ഭാരതീയ ആചാരങ്ങൾ ഒരു ശാസ്ത്രവിശകലനം** എന്നീ മലയാള പുസ്തകങ്ങളും 2000 നു മുമ്പ് പ്രസിദ്ധീകരിച്ച കൂട്ടത്തിൽ തന്നെ Ancient Indian Scientific, Quotations, Ancient Indian Advice for Modern Management, Indian Scientific Heritage, Vrukshayurveda of Varahamihira, Spectrophotometer of Maharshi Bharadwaja, Ancient Indian thoughts for 3rd millenium എന്നീ ഇംഗ്ലീഷ് പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിരുന്നു. പത്രമാധ്യമങ്ങളുടെ ഉൾപ്പെടെയുള്ള ജനവിഭാഗത്തിന്റെ ശ്രദ്ധപിടിച്ചു പറ്റിയിരുന്ന Indian Scientific Heritage പുസ്തകത്തെക്കുറിച്ച് നല്ല രീതിയിൽ ഒരു വിവരണം ദ ഹിന്ദു പത്രം എഴുതുകയുണ്ടായി. അതിന്റെ ടൈറ്റിൽ From mantra to infinity എന്നായിരുന്നു. 2001 ആഗസ്റ്റ് ആയപ്പോഴെക്കും **കിർല്യൻ ഫോട്ടോ ഗ്രഫിയുടെ ശാസ്ത്രീയ വിശകലനം** എഴുതി ചിത്രസഹിതം പ്രസിദ്ധീകരിച്ചു. **പുരാതന ഭാരതീയ ബാങ്കിങ് സമ്പ്രദായം** എന്ന പുസ്തകം ധർമ്മശാസ്ത്രത്തിലേയും, അർത്ഥശാസ്ത്രത്തിലേയും വിവരങ്ങൾ ചേർത്തുകൊണ്ടായിരുന്നു എഴുതിയത്. യു ജി സി അംഗീകരിച്ച ചരിത്ര പുസ്തകങ്ങളിൽ നിന്നുദ്ധരിച്ചുകൊണ്ട് ഞാൻ എന്നെത്തന്നെ വിറങ്ങലിപ്പിച്ചു കൊണ്ടെഴുതിയ പുസ്തകമായിരുന്നു **പൈതൃകത്തിന്റെ വേദനയും ഹിന്ദു അനുഭവിച്ച ദുഃഖവും.** ഇന്നും ഞാൻ ഈ പുസ്തകം വായിച്ചാൽ തളർന്നുപോകും. ഭക്ഷണം കഴിക്കുന്നതിനു മുമ്പാണ് ഇതു വായിച്ചതെങ്കിൽ എനിക്ക് ചോറ് ഇറങ്ങില്ല എന്നു ഞാൻ പറയാറുണ്ട്. വേദത്തിന്റെ സംക്ഷിപ്ത പരിചയം ചേർത്ത് **വേദപരിചയം** എന്ന പുസ്തകമെഴുതി. അത്യന്താധുനീക ശാസ്ത്രത്തിന്റെ വിലയിരുത്തലിലൂടെ ജനശ്രദ്ധയും ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധയും പിടിച്ചുപറ്റിയ ഒരു പുസ്തകം **ബ്രഹ്മചൈതന്യം ഒരു ശാസ്ത്രീയ വിശകലനം** എഴുതി പ്രസിദ്ധീകരിച്ചു. **സനാതന ധർമ്മത്തിന്റെ അടിസ്ഥാനശിലകൾ** എന്ന പേരിൽ ഭാരതീയ ആചാരങ്ങൾ. ഈശ്വര സങ്കൽപം, ഗ്രന്ഥങ്ങൾ, ശാസ്ത്രസാങ്കേതിക പൈതൃകം ഇവയെല്ലാം ചേർത്ത് എഴുതി, പ്രസിദ്ധീകരിച്ചു. ഇതേകാലയളവിൽ തന്നെയായിരുന്നു Chemistry in Sanskrit എന്ന ഇംഗ്ലീഷ് പുസ്തകവും രചിച്ചത്.



Scanned with CamScanner

ഇന്ത്യൻ നാഷണൽ സയിൻസ് അക്കാദമിയുടെ സ്പോൺസർഷിപ്പോടു കൂടി ഭാരതീയ ശാസ്ത്ര പൈതൃകത്തിന്റെ 9 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. അവയോരോന്നും Indian Scientific Heritge എന്ന പുസ്തകത്തിലെ വിവിധ വിഷയങ്ങളെ ആധാരമാക്കിയായിരുന്നു. ഈ പുസ്തകങ്ങളിലെല്ലാം Sponsored by Indian National Science Academy എന്നെഴുതിയുമിരുന്നു. ഇത് എഴുതാനും പ്രസിദ്ധീകരിക്കാനുമുള്ള ചിലവു വഹിച്ചത് Indian National Science Academy ആയിരുന്നതുകൊണ്ട് അവരുടെ നിർദ്ദേശപ്രകാരമാണ് അവരുടെ പേര് ഈ പുസ്തകങ്ങളിൽ എഴുതിയത്.

2002 ആഗസ്റ്റ് ആകുമ്പോഴെക്കും ഭാരതീയ ഈശ്വര സങ്കൽപത്തിന്റേയും ആചാരങ്ങളുടേയും തമിൾ പതിപ്പ് പ്രസിദ്ധീകരിച്ചു. കൂടാതെ ഭാരതീയ **ജീവനശാസ്ത്രം**, Science of living എന്ന പുസ്തകം ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിച്ചത് ആധുനീക പുസ്തകം പൈതൃക വിജ്ഞാനവും ചേർത്തുകൊണ്ടായിരുന്നു. ഭാരതീയ ക്ഷേത്ര സങ്കൽപത്തിന്റെ സമഗ്ര വശങ്ങളും ചേർത്തു കൊണ്ട് എഴുതിയ പുസ്തകമായിരുന്നു **ഭാരതീയ ക്ഷേത്രസങ്കൽപം ഒരു ശാസ്ത്രീയ വിശകലനം**. പുരാതന ഭാരതീയ സാങ്കേതിക വിദ്യകളുടെ അന്വേഷണങ്ങളിൽ നിന്ന് ലഭിച്ച അറിവുകളെല്ലാം ക്രോഡീകരിച്ചെഴുതിയ ഇംഗ്ലീഷ് പുസ്തകമായിരുന്നു Indian Technological Heritage, പതഞ്ജലിയുടെ യോഗ ശാസ്ത്രയുടെ പദാനുപദ അർത്ഥവിവരണം പോലെ **യോഗചര്യ: ഒരു ശാസ്ത്ര ദർശനം** എന്ന പുസ്തകവുമെഴുതി. അടുത്ത ഒരു വർഷത്തിനുള്ളിൽ 2003 ആഗസ്റ്റിനുള്ളിൽ, വിദ്യാർഥികൾക്കും നമ്മുടെ പൈതൃകം പഠിക്കാനാഗ്രഹമുള്ളവർക്കും ആവശ്യമായ അറിവ് ഉപരിപ്ലവമായിട്ടാണെങ്കിലും ലഭ്യമാക്കാനായി **പൈതൃക പഠനം** ഒന്നാംഭാഗവും, **നമ്മയുടെ പൈതൃകസന്ദേശങ്ങൾ** എന്ന രണ്ടാംഭാഗവും, **പൈതൃക വിജ്ഞാന ക്വിസ്** മൂന്നാംഭാഗവും **ശാസ്ത്രീയ വീക്ഷണവും ചരിത്രബോധവും പുരാതന ഭാരതത്തിൽ** എന്ന നാലാംഭാഗവും, **ഭാരതീയ ഗണിതശാസ്ത്ര പൈതൃകം** എന്ന അഞ്ചു ഭാഗങ്ങൾ പൈതൃക പഠന സീരീസിന്റെ ഭാഗമായി എഴുതിപ്രസിദ്ധീകരിച്ചു. **വിദുരന്റെ 465 ഉപദേശങ്ങൾ** പ്രസിദ്ധീകരിച്ചതു കൂടാതെ ലഭ്യമായ പുരാതന സംസ്കൃതത്തിൽ നിന്നുള്ള ഇംഗ്ലീഷ് വിവർത്തനം Mahabhakareeyam, Ancient Indian Aircraft (Vaimaneeka sastram), Sreedharariharya's Patiganita, Vedic Geometry, Aryabhateeya എന്നീ പുസ്തങ്ങൾ ലഭ്യമായ ഇംഗ്ലീഷ് തർജ്ജമ അതേ പോലെ പ്രസിദ്ധീകരിക്കുകയുമുണ്ടായി.

ഏറ്റവും ശ്രദ്ധേയമായത് ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ച We Claim that these are Indian discoveries എന്ന പുസ്തകമായിരുന്നു. നമ്മുടെ



Scanned with CamScanner

പൂർവ്വീക ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ച അനവധി തിയറങ്ങൾ തെളിവു സഹിതം ലോകത്തിന്റെ മുമ്പിൽ സമർപ്പിക്കുന്നതായിരുന്നു പുസ്തക ത്തിലെ വിവരണം കെൽവിൻസ് തിയറം, ലെബ്നിറ്റ്സ് തിയറം, ല്യൂളേഴ്സ് തിയറം, ഗ്രീഗറീസ് സീരീസും തിയറവും, ടൈക്കോ ബ്രാഹി ഇക്വേഷൻ മുതൽക്ക് അനവധി ഭാരതീയ ഗണിത ശാസ്ത്ര സംഭാവന കൾ ഇവിടെ കണ്ടുപിടിച്ചതാണെന്ന തെളിവുസഹിതമാണ് ഈ പുസ്തകം പ്രസിദ്ധീകരിച്ചത്. അടുത്ത ഒരു വർഷത്തിൽ **ഭർതൃഹരി യുടെ ജീവിതദർശനവും മാനേജ്മെന്റ് ഉപദേശങ്ങളും**, സമഗ്രവും സമ്പൂർണവുമായ രീതിയിൽ ഭാരതത്തിന്റെ ചരിത്രരേഖകൾ ചേർത്ത് **എന്റെ ഭാരതത്തിന്റെ പൂർവ്വജന്മ ചരിത്രം** എന്ന പുസ്തകവുമെഴുതി പ്രസിദ്ധീകരിച്ചു. ഭാരതീയ ശാസ്ത്രങ്ങൾ പഠിക്കാനാഗ്രഹമുള്ളവർക്ക് അതിനൊരു **ഭാരതീയ ശാസ്ത്ര പൈതൃക സിലബസ്** തയ്യാറാക്കി. ഇത്രയും 2004 ആഗസ്റ്റിനുള്ളിൽ എഴുതിപ്രസിദ്ധീകരിച്ചിരുന്നു. Vegetarian Food A Scientific Analyses, 351 Indian Messages on Management, Science in Sanskrit, Bhaaratheeya Vijnaana Dhaara, Proof of Few Indian Discoveries, What is and What is not Hinduism എന്നീ പുസ്തക ങ്ങൾ രചിച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി.

പൂർണമായും ശാസ്ത്ര പിൻബലത്തോടെ **ഭാരതീയ ആത്മീയതക്കൊരു ശാസ്ത്രീയ വിവരണം** എന്ന പുസ്തകവും **മൂല്യാ ധിഷ്ഠിതജീവിതവും മൂല്യാധിഷ്ഠിത വിദ്യാഭ്യാസവും** എഴുതി പ്രസി ദ്ധീകരിച്ചു. ഇക്കാലയളവിൽ തന്നെ LKG മുതൽ മുകളിലേക്കുള്ള വിദ്യാർത്ഥികൾക്കായി അരഡസൻ ചെറിയ പുസ്തകങ്ങളും പ്രസിദ്ധീ കരിക്കുകയുണ്ടായി. **സനാതന ധർമ്മ പ്രകാശനം, ശ്രീ മഹാഭാഗവത സംക്ഷിപ്തം** തുടങ്ങിയ ചെറിയ പുസ്തകങ്ങളും ബ്രോഷറുകളും നൂറോളം എഴുതിപ്രസിദ്ധീകരിച്ച്, പതിനായിരക്കണക്കിന് കോപ്പികൾ ജനലക്ഷങ്ങളിലെത്തിക്കുകയും ചെയ്തു. വലിയ പുസ്തകങ്ങൾ ബുക്ഷെൽഫിൽ പോകും ചെറിയ പുസ്തകങ്ങൾ എല്ലാവരും വായി ക്കും." എന്ന് ISRO ചെയർമാനായിരുന്ന പ്രൊ: കസ്തൂരിരംഗൻ പറയു കയുണ്ടായി. ഇൻസ്റ്റിറ്റ്യൂട്ടിന് വാടകയില്ലാതെ ഒരു എക്സിബിഷൻ സ്റ്റാൾ തന്ന് അതിൽ ചെറിയ പുസ്തകങ്ങൾ കണ്ടുകൊണ്ട് അദ്ദേഹം മറ്റുള്ള വരോട് ഞങ്ങളുടെ മുന്നിൽ വെച്ച് പറഞ്ഞു "you all should follow the heritage institute's pathway. Print and circulate small books. We have to take the message to millions of people."

മേൽ വിവരിച്ച പുസ്തകങ്ങളിൽ പൈതൃകം പഠിക്കാനുള്ള പുസ്തകങ്ങൾ മാത്രമല്ല പൈതൃകത്തിനും ധർമ്മത്തിനുമെതിരെ



Scanned with CamScanner

പ്രവർത്തിക്കുന്നവർക്കെതിരേയും മതപരിവർത്തനത്തിനെതിരെയുമുള്ള പടഹധ്വനിയോടു കൂടിയ ധാരാളം ലഘുപുസ്തകങ്ങളുമുണ്ട്. ഇവ യൊന്നും കൂടാതെ നാൽപതോളം സന്ദേശ പത്രികകളും ലക്ഷകണ ക്കിന് കോപ്പികളടിച്ച് ജനലക്ഷങ്ങൾക്കെത്തിക്കുകയുണ്ടായി. അവയിൽ ആത്മീയവും, മതപരവും, രാഷ്ട്രീയവും, എല്ലാം പെടുന്നുണ്ട്. **രാമാ യണത്തിലെ ജീവിതസന്ദേശം, അമ്മ നൽകിയ 123 ഉപദേശങ്ങൾ, സ്വാമി നൽകിയ 123 ഉപദേശങ്ങൾ, നിത്യജീവിതത്തിലനുഷ്ഠിക്കേണ്ട സന്ദേ ശങ്ങൾ, ഹൈന്ദവ ചിന്താധാരകൾ, ഹൈന്ദവ ഗ്രന്ഥങ്ങൾ, വിദ്യാർത്ഥി കളേ ഇതിലേ ഇതിലേ, ഭാരതീയ ശാസ്ത്ര പൈതൃകം ഒരെത്തിനോ ട്ടം, ജ്യോതിഷം അന്ധവിശ്വാസമോ, ശ്രീനാരായണ ഗുരുദേവ സന്ദേ ശം, ജീവിത സന്ദേശം, മഹാഭാഗവത സംക്ഷിപ്തം, ഭഗവദ്ഗീതയുടെ കർമ്മസന്ദേശം, സ്വാമിയും അമ്മയും ഗുരുജിയും, ക്ഷേത്രാചാരങ്ങ ളിൽ മാറ്റങ്ങളനിവാര്യം, മാതാപിതാക്കൾക്കുള്ള സന്ദേശം, ആര്യനധി നിവേശ സിദ്ധാന്തം: ഇതു നാം പഠിക്കണോ? പഠിപ്പിക്കണോ?; ബുദ്ധി ജീവികളുടെ ലക്ഷണങ്ങളും സ്വഭാവങ്ങളും, ക്രിസ്തുമത ഛേദനം സംക്ഷിപ്തം, ഇസ്ലാം മത പ്രചരണ ചരിത്രം ഭാരതത്തിൽ, സമ്പൂർണ ക്രൈസ്തവവൽക്കരണം ചില വസ്തുതകൾ, ചോദ്യം ചെയ്തു മാത്രം വിശ്വസിപ്പിൻ, ക്രിസ്തുമത പരിശോധന ഒരു പഠനം,** ഇവയെല്ലാം ഇക്കാ ലയളവിൽ പ്രസിദ്ധീകരിച്ച ലഘുപുസ്തകങ്ങളും പത്രങ്ങളുമാണ്. **ഭാരത പൈതൃക സന്ദേശം,** Bhaarath Heritage News എന്നീ രണ്ടു മാസികകൾ യഥാക്രമം മലയാളത്തിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കുന്നതിന്റെ ഉത്തരവാദിത്വം എന്നിൽ നിക്ഷിപ്തമായത് ചിലപ്പോൾ കർമ്മഭാരം കൂട്ടുന്നു എങ്കിലും പൈതൃക സന്ദേശം എങ്ങിനെയാണ് ജന ങ്ങൾക്കെത്തിക്കേണ്ടത് എന്നതിന് ഒരു മാർഗദർശകമായിട്ടാണ് ഈ കർമ്മം ധർമ്മമായി ചെയ്യുന്നത്.

### കാസറ്റുകളുടെ റെക്കാഡിങ്ങും പ്രകാശനവും

അത്യാധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ സഹായത്താൽ അതിപുരാതനഭാരതീയ പൈതൃകം പഠിപ്പിക്കുക എന്ന യജ്ഞത്തിൽ പ്രഭാഷണങ്ങളുടെ കാസറ്റുകളിറക്കുവാനായി പട്ടം ശ്രീ ശിവരാമകൃ ഷ്ണയ്യരുടെ മകൻ ശ്രീ ശർമ്മ 1999 ൽ ഒരു കാസറ്റ് റെക്കാർഡർ വാങ്ങിക്കുവാനായി നൽകിയ 5000 രൂപയിൽ 2000 രൂപയുപയോഗിച്ച് ഒരു റെക്കോർഡർ ഉണ്ടാക്കി. അതുപയോഗിച്ചും, തുടർന്ന് ഒരു സാനി യോയുടെ ചെറിയ റെക്കോർഡർ വാങ്ങി, അതുപയോഗിച്ചുമാണ് 1999 ആഗസ്റ്റ് മുതൽ കാസറ്റുകളിറക്കുവാൻ തുടങ്ങിയത്. 2002 വരെ മാത്രമേ ഈ സംവിധാനമുപയോഗിച്ചിരുന്നുള്ളു. അതുപയോഗിച്ച് ഹെറിറ്റേജ്



Scanned with CamScanner

## നാഷണൽ ഹെറിറ്റേജ് സെന്റർ നിർമ്മാണവും വിപുലീകരണവും

ഭാരതീയ പൈതൃകത്തിന്റെ അകത്തളങ്ങളിലേക്ക് ഇറങ്ങിച്ചെന്ന്, അതിനകത്തുള്ള ചൈതന്യവത്തായ സന്ദേശങ്ങൾ അറിയാനാഗ്രഹമുള്ള ലോകജനതക്ക് അതിലെ ഓരോ അറിവിന്റെ ബിന്ദുവും എത്തിച്ചുകൊടുക്കാനുള്ള ഒരു കേന്ദ്രമുണ്ടാകണം, നാഷണൽ ഹെറിറ്റേജ് സെന്റർ. 1999 ആഗസ്റ്റ് 8-ാം തീയതി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉൽഘാടനം നടക്കുന്ന വേളയിൽ മനസ്സിലുദിച്ച ആഗ്രഹമാണിത്. രാവും പകലും ദേശവിദേശങ്ങളിൽ പ്രഭാഷണം നടത്തിയും കൈനീട്ടിയും, അംഗത്വമെടുപ്പിച്ചും, പുസ്തകങ്ങളും, സിഡികളും വിറ്റും ലഭിച്ച സംഖ്യകൊണ്ടു പടുത്തുയർത്തണം ഈ ഹെറിറ്റേജ് സെന്റർ എന്നതു മാത്രമായിരുന്നു ലക്ഷ്യവും, മാർഗവും, ആഗ്രഹവുമെല്ലാം. ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങി രണ്ടു വർഷം കഴിഞ്ഞപ്പോൾ തൃശ്ശൂരിലെ പാറമേക്കാവു ക്ഷേത്രത്തിലെ പ്രഭാഷണവേളയിൽ സദസ്സിനോട് അപേക്ഷിച്ചതനുസരിച്ച്, കൊട്ടിലിൽ തറവാട്ടിൽ നിന്ന് ദാനമായി ആഹ്ളാദപൂർവം ലഭിച്ച ഭൂമിയും പഴയ മഹാദേവ ക്ഷേത്രവും, രണ്ടേക്കർ സ്ഥലവും ഇതിനായി വികസിപ്പിച്ചു. 2003 ഒക്ടോബർ 17 ന് തൊട്ടടുത്തുള്ള 112 സെന്റ് സ്ഥലം വാങ്ങിയിരുന്നു, തുടർന്ന് 2007 ഏപ്രിൽ 6 ന് 90 സെന്റ് സ്ഥലം വാങ്ങിച്ചവസാനിപ്പിച്ച്, 10 ഏക്കർ വരെയാക്കിത്തീർക്കുന്നതു വരെ അയൽപക്കത്തെ സദ്ജനങ്ങൾ സമർപ്പിച്ച 1 ഏക്കർ, 40 സെന്റ്, 36 സെന്റ്, 72 സെന്റ്, 24 സെന്റ്, 51 സെന്റ്, 56 സെന്റ്, 116 സെന്റ്, 39 സെന്റ്, 22 സെന്റ് വീതം യഥാക്രമം വാങ്ങിയതെല്ലാം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിന്റെ രീതിയും, ഫലങ്ങളും, എല്ലാമെല്ലാം കണ്ടും കേട്ടും അനുഭവിച്ചും അറിഞ്ഞവരാണ്. അവർ നൽകിയ ചെറിയ സംഭാവനകളും പ്രഭാഷണങ്ങൾക്കു പോകുമ്പോൾ സംഘാടകർ തരുന്ന യാത്രാചിലവും, കാസറ്റും പുസ്തകങ്ങളും വിറ്റുകിട്ടുന്ന പൈസയുമാണ് ഒരു വശത്ത്. അതേ സമയം സർവതും മറന്ന് ഈ മഹായജ്ഞത്തിൽ പങ്കെടുത്ത് തിരിച്ചൊരുപേരും പ്രസിദ്ധിയും അവകാശപ്പെടാത്ത നൂറുകണക്കിന് പ്രവർത്തകരുണ്ട്, അഭ്യുദയ കാംക്ഷികളുണ്ട്, കുടുംബാംഗങ്ങളുണ്ട്, ഇന്ത്യക്കകത്തും പുറത്തുമുള്ളവരുമെല്ലാം 'ഒരാളിൽ' വിശ്വാസമർപ്പിക്കുന്നു എന്നുപറഞ്ഞിട്ടുണ്ട്. അവരൊഴുക്കിയ വിയർപ്പും അവർ വെച്ചുപുലർത്തിയ വിശ്വാസവുമാണ്. 2 ഏക്കർ സ്ഥലം പിന്നീട് 10 ഏക്കർ ആയി വികസിച്ചത്. ഇത്രയും സ്ഥലം വാങ്ങിക്കുവാൻ ശ്രീ. കെ. ആർ. ഉണ്ണികൃഷ്ണൻ, മാനേജിംഗ് കോർഡിനേറ്റർ വഹിച്ച പങ്കും ശ്രീ ഈശ്വർജി നൽകിയ അനുഗ്രഹങ്ങളും വാക്കുകൾ കൊണ്ടും ചിന്തകൾ കൊണ്ടും വിവരിക്കാൻ സാധിക്കുന്നതിലപ്പുറത്താണ്.



Scanned with CamScanner

## ഹെറിറ്റേജ് സെന്റർ സ്ഥാപനവും വികസനവും

ഒരു ലക്ഷം രൂപ പോലും ഇൻസ്റ്റിറ്റ്യൂട്ടിന്റെ അക്കൗണ്ടിലില്ലാത്ത കാലത്ത് 2002 മേയ് 6–ാം തീയതി, കൊട്ടിലിൽ തറവാട്ടിൽ നിന്നു നൽകിയ ഭൂമിയിൽ നാഷണൽ ഹെറിറ്റേജ് സെന്റർ (എൻ.എച്ച്.സി) പണിയുന്നതിന് പല കോൺട്രാക്ടർമാരുമായും ചർച്ച ചെയ്തത് 2002 ജൂണിലായിരുന്നു. തുടർന്ന് ജൂലൈയിൽ എനാർക്കുമായി ചർച്ച ചെയ്ത് പണിയാരംഭിച്ചു. ഒന്നുമല്ലാത്ത ഒരു സംഘടന, ഒരു വ്യക്തി, ഒരു സ്ഥാപനം ആരെങ്കിലും ധൈര്യമായി സഹായിക്കുമോ? കൊട്ടിലിൽ തറവാട്ടിൽ നിന്നു ലഭിച്ച തുകകൊണ്ട് ഫൗണ്ടേഷനിട്ടു. ബോംബേയിലെ പെട്രൺ കമ്പനി ചെയർമാൻ ശ്രീ കൃഷ്ണൻനായർ കുറച്ചു കാശ് തന്ന് "അമൃതാനന്ദമയി ദേവി സ്വപ്നത്തിൽ വന്ന് തന്ന നിർദ്ദേശ പ്രകാരമാണ് സഹായിക്കുന്നതെന്നു പറഞ്ഞു" സഹായിച്ചു. ആദ്യമായി ലഭിക്കുന്ന നല്ല സഹായം! കെട്ടിടം പണി തികച്ചും അലസമായി നടന്നപ്പോൾ എനാർക്കിനെ മാറ്റി, ഒരു സിവിൽ എൻജിനീയറായി വന്ന ശ്രീ നാരായണൻ നമ്പൂതിരിപ്പാടിനെയും ഏൽപിച്ചു പിന്നീട് മാറ്റി, മാനേജിംഗ് കോർഡിനേറ്ററായി പാലക്കാട്ടു നിന്നുവന്ന് ചാർജ്ജെടുത്ത ശ്രീ ഉണ്ണികൃഷ്ണൻ സ്വയം മേൽനോട്ടം വഹിച്ചു രണ്ടു നില വാർത്തു കഴിഞ്ഞിരുന്ന കെട്ടിടത്തിന്റെ മൂന്നാം നില, ഗസ്റ്റ് ഹൗസ് ഇവയെല്ലാം പണിതു. 2003 ഏപ്രിൽ 20 ന് നാഷണൽ ഹെറിറ്റേജ് സെന്റർ ഉൽഘാടനം ചെയ്യപ്പെട്ടു. വാസ്തു ഹോമത്തിന് യജമാനനായിരുന്നത് തൃശ്ശൂർ കോർഡിനേറ്റർ ശ്രീ. എം. വാസുദേവനായിരുന്നു. ഏപ്രിൽ 30 ന് ഗസ്റ്റ് ഹൗസിന്റെ കോൺക്രീറ്റ് കഴിഞ്ഞു. ജൂണിൽ എൻ.എച്.സിയുടെ അതിർത്തി മതിലുകൾ പൂർത്തിയാക്കി. ജൂൺ അവസാനത്തോടെ ഗസ്റ്റ് ഹൗസ് ഒന്നാം നില പണിതീർത്തു. 2003 നവംബറോടു കൂടി തിരുവനന്തപുരം വി.എസ്.എസ്സിയിൽ നിന്ന് റിട്ടയർ ചെയ്ത രാജപ്പൻ ചേട്ടന്റെ നേതൃത്വത്തിൽ ഓഡിറ്റോറിയം പണിയാരംഭിച്ചു. ആലപ്പുഴയിലെ ഭീമാജ്വല്ലേഴ്സിലെ ശ്രീ ലക്ഷ്മീകാന്തന്റെ അനുഗ്രഹത്തോടെ ആരംഭിച്ച ഓഡിറ്റോറിയം 2004 മാർച്ച് 21 ന് ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. ഡയറക്ടർ, പോലീസ് ട്രെയിനിങ് അക്കാദമി, (തൃശ്ശൂർ) ഉദ്ഘാടനം ചെയ്തു. ജഗദീശ്വരൻ വ്യക്തികളായി മുമ്പോട്ടു വരുമ്പോൾ ഞാൻ അവരോട് കൈനീട്ടുമായിരുന്നു. ഓഡിറ്റോറിയത്തിന്റെ പണി നടക്കുന്നതിന് മുമ്പു തന്നെ കിണറു കുഴിക്കലും മറ്റെല്ലാ പണികളും കാശിനു മുട്ടുവരാതെ ഈശ്വരൻ നടത്തിത്തരുമ്പോഴും ലക്ഷങ്ങളുടെ ബഡ്ജറ്റ് പ്ളാൻ പ്രശ്നങ്ങളില്ലാതെ പോകുന്നുണ്ടായിരുന്നു. 2005 എൻ.എച്ച്.സിയുടെ മൂന്നാം

നിലയുടെ പണിയും, ഏപ്രിലിൽ ഗസ്റ്റ് ഹൗസിന്റെ മൂന്നാം നിലയും ആരംഭിച്ചു. മൂന്നു മാസങ്ങൾക്കകം അതു പൂർത്തിയാക്കി ഉൽഘാടനവും ചെയ്തു. 2004 മേയ് 5 ന് കാന്റീൻ അഥവാ അന്ന ക്ഷേത്രം ഒമാനിലെ സുഹൃത്തുക്കളുടെ സാമ്പത്തീക സഹായത്താൽ ആരംഭിച്ച് ആഗസ്റ്റ് 15 ന് ഉൽഘാടനവും നടന്നു. എൻ.എച്ച്.സിയിൽ നടക്കുന്ന വൻ പരിപാടികൾക്ക് ആവശ്യമായ സ്ഥിരമായ ബാത്റൂമുകളും റെസ്റ്റ് റൂമുകളും തയ്യാറാക്കിയത് 2005 നവംബറിലായിരുന്നു. ജനറേറ്റർ മുറിയും മറ്റെല്ലാ സൗകര്യങ്ങളും എല്ലാം പിന്നീട് ചേർത്തുകൊണ്ടേയിരിക്കുന്നതിനാവശ്യമായ സഹായങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തകരും നൽകി. പ്രഭാഷണങ്ങളുള്ള സ്ഥലങ്ങളിൽ ജനങ്ങൾക്കെത്തിക്കുന്ന പഠനസാമഗ്രികളുടെ അടിസ്ഥാനത്തിൽ അവർ നൽകുന്ന സംഭാവനകളിൽ നിന്നും നിർമ്മാണത്തിനുള്ള തുക ലഭിച്ചുകൊണ്ടിരുന്നു. എല്ലാവിധ പൈതൃകസന്ദേശങ്ങളും ജനലക്ഷങ്ങൾക്കെത്തിക്കുവാൻ ഇവിടെയുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നു. ഭാരതപൂജ, വിഷു, ദേശീയ ശാസ്ത്ര ദിനം, സ്വാതന്ത്ര്യദിനം, ഇടവപ്പാതി വൃക്ഷപൂജ എന്നിങ്ങനെ ദേശീയ പ്രാധാന്യമുള്ള എല്ലാ ആഘോഷങ്ങളും എൻ.എച്. സിയിൽ കൊണ്ടാടാറുണ്ട്.

**മഴുവഞ്ചേരി മഹാദേവ ക്ഷേത്ര നവീകരണം**

ജാതിക്കും മതത്തിനും വിശ്വാസത്തിനും രാഷ്ട്രീയത്തിനും അതീതമായി ഒരു ക്ഷേത്രമുണ്ടാകണം എന്നാഗ്രഹിച്ചിരുന്നു. അത് ജഗദീശ്വരൻ അനുഗ്രഹിച്ചു നൽകി. കൊട്ടിൽ തറവാട്ടിൽ നിന്നു ലഭിച്ച ഭൂമിയിൽ തന്നെ പഴയ ഒരു ക്ഷേത്രമുണ്ടായിരുന്നു. 2002 മേയ് 6 ന് ആ ക്ഷേത്രം ലഭിച്ച ഉടനെ തൊട്ടടുത്ത വീട്ടിലെ ശ്രീപാദം രവി ക്ഷേത്രത്തിന്റെ വാതിലും, ശ്രീകോവിലിന്റെ വാതിലും എല്ലാം തേക്കുകൊണ്ട് നിർമ്മിക്കുവാൻ സ്വയം മേൽനോട്ടം വഹിച്ചെന്നെ സഹായിച്ചു. സാമ്പത്തീകമായി നല്ല തുക അദ്ദേഹം സ്വയം ബഹ്റൈനിൽ നിന്നുള്ള സഹപ്രവർത്തകരിൽ നിന്നും ബന്ധുക്കളിൽ നിന്നും കണ്ടെത്തി.

2002 ആഗസ്റ്റിൽ ക്ഷേത്രം നവീകരിക്കാനുള്ള സംരംഭത്തിന് തുടക്കം കുറിച്ചു. ഇരുമ്പു വാതിൽ ക്ഷേത്രത്തിനും, തേക്കിന്റെ വാതിൽ ശ്രീ കോവിലിനും വെച്ച് വലിയമ്പലം ഓലമേഞ്ഞു. ഇടിഞ്ഞു പൊളിഞ്ഞ മതിലുകളും, തിടപ്പള്ളിയുമെല്ലാം ശ്രീപാദം രവി തന്നെ ശരിയാക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു. 2003 മാർച്ചിൽ വലിയമ്പലം കോൺക്രീറ്റിങ് തുടങ്ങി, ജൂലൈയിൽ പൂർത്തിയാക്കി. ക്ഷേത്ര മതിലുകളും രണ്ടു മാസത്തിനകം പുതുക്കിപ്പണിതു. കൊല്ലത്തെ വിജയലക്ഷ്മി കാഷ്യു എക്സ്പോർട്ടേഴ്സിന്റെ ഉടമ ശ്രീ. രവീന്ദ്രനാഥൻ നായരുടെ സഹായ



Scanned with CamScanner

ത്താൽ നവംബറിൽ ശ്രീ കോവിൽ പൂർണമായും നവീകരിച്ചു. 2004 ഏപ്രിൽ 14 വിഷുവിന് ക്ഷേത്രം ഹിന്ദുവിനും, മുസ്ലീമിനും, ക്രിസ്ത്യാനിക്കുമായി തുറന്നു കൊടുത്തു. അത്യന്താധുനിക ക്ഷേത്രത്തിൽ ആധുനീക സംവിധാനത്തോടെ എല്ലാ കാര്യങ്ങളും ഇന്നും ചലിക്കുന്നു.

**ആചാരങ്ങളും ആഘോഷങ്ങളും സാമൂഹിക നന്മക്ക്**

ശിവരാത്രി തീർത്ഥാടനം, കർക്കിടകത്തിലെ കറുത്തവാവ്, ഓണാഘോഷം, നവരാത്രി ചടങ്ങുകൾ, ജന്മാഷ്ടമി, കർക്കിടക രാമായണ പാരായണം തുടങ്ങിയ ആചാരങ്ങളെല്ലാം തികച്ചും നൂതനമായ ലക്ഷ്യത്തോടെയും മാർഗത്തോടെയും ആചരിപ്പിച്ച് ഭാരതീയ പൈതൃകത്തിന്റെ എല്ലാ മൂല്യങ്ങളും എല്ലാ വിഭാഗത്തിലെ ജനതക്കുമെത്തിക്കാനുള്ള ശ്രമം അതീവ താൽപര്യത്തോടെ ജനസഹസ്രങ്ങൾ സ്വീകരിക്കുവാൻ പാകത്തിന് ജനങ്ങൾക്കെത്തിച്ചുകൊണ്ടേയിരിക്കുന്നു.

**ആര്യഭട്ട ലൈബ്രറി**

നാഷണൽ ഹെറിറ്റേജ് സെന്ററിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി പുതിയതും ഉപയോഗിച്ചതുമായ പുരാതന/ആധുനീക വിഷയ പുസ്തകങ്ങൾ ചേർന്ന ആര്യഭട്ട ഹെറിറ്റേജ് ലൈബ്രറിയും മോഡേൺ ലൈബ്രറിയും ഉൽഘാടനം ചെയ്തത്, 2004 ഫെബ്രുവരി 15 നാണ്. ഏപ്രിൽ 14 ന് വൻ തോതിൽ പുസ്തകങ്ങൾ സംഭാവനയായി ദേശവിദേശങ്ങളിൽ നിന്നും ലഭിച്ചതെല്ലാം 24 മണിക്കൂറും പ്രവർത്തിക്കുന്ന രീതിയിൽ നില നിർത്തുവാൻ സാധിച്ചത് എന്റെ ജീവിതത്തിലെ ഒരു പുണ്യമായി കരുതുന്നു. ആധുനീക വിഷയ പുസ്തകങ്ങളെല്ലാം ഭാരതീയ വിദ്യാവിഹാറിന്റെ പുതിയ കെട്ടിടത്തിലേക്ക് മാറുമ്പോൾ എൻ.എച്ച്.സി ഒരു വലിയ ഹെറിറ്റേജ് ലൈബ്രറിയുടെ കേന്ദ്രമായിത്തീരുന്നതായിരിക്കും നടത്തിയത് ഹെറിറ്റേജ് ലൈബ്രറി പൂർണമായും സജ്ജമാക്കി ഉൽഘാടനം. നടത്തിയതിന് 2007 മേയ് 1 നായിരുന്നു. ശ്രീ താരാനാഥ് ലൈബ്രറിയെ സംപുഷ്ടവും ചൈതന്യവത്തുമാക്കി.

**ഹെറിറ്റേജ് മ്യൂസിയം**

2004 മേയ് 1 ന് ഹെറിറ്റേജ് വസ്തുക്കളുമായി ബന്ധപ്പെട്ട ഒരു മ്യൂസിയം ആരംഭിക്കുന്നതിനായുള്ള പൈതൃക ദ്രവ്യങ്ങളുടെ ശേഖരണം ആരംഭിച്ചു. 2005 ഏപ്രിൽ 9 ന് പൂർണസൗകര്യത്തോടെ പൈതൃക ചരിത്രവസ്തുതകളുടെ വിവരണങ്ങളും പ്രദർശിപ്പിച്ചുകൊണ്ടുള്ള ഹെറിറ്റേജ് മ്യൂസിയം ഉൽഘാടനം ചെയ്തത് തിരുവിതാംകൂർ മഹാരാജാവ് മാർത്താണ്ഡവർമ്മയാണ്. ഇവയെല്ലാം ലഭ്യമാക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തകരേയും അഭ്യുദയകാംക്ഷികളേയുമെല്ലാം പ്രവർത്ത



Scanned with CamScanner

നോന്മുഖരാക്കാൻ ജഗദീശ്വരൻ അവസരം നൽകി.

## ഭാരതീയ വിദ്യാവിഹാർ

സർക്കാർ നയ പ്രകാരം ഒരു സ്കൂളിന് അംഗീകാരം ലഭിക്കാൻ വളരെയേറെ ബുദ്ധിമുട്ടുള്ളതുകൊണ്ട് മറ്റു ചാരിറ്റബിൾ സംഘടനകൾ ചെയ്യുന്നതു പോലെ പാരലൽ ക്ലാസുകളും ട്യൂഷൻ ക്ലാസുകളും ആരംഭിക്കാനാഗ്രഹമുണ്ടായിരുന്നു. മാനേജിംഗ് കോർഡിനേറ്ററായിരുന്ന ശ്രീ. ഉണ്ണികൃഷ്ണന്റെ നേതൃത്വത്തിൽ 2005 ജൂൺ 1 ന് ഭാരതീയ ശിശുവിഹാർ ആരംഭിക്കുന്നതിനു രെജിസ്ട്രേഷൻ എടുത്ത് നവംബർ 1 ന് 6 ശിശുക്കളുമായി ശിശുവിഹാർ ആരംഭിച്ചു. 2006 മാർച്ച് 1 ന് ഭാരതീയ വിദ്യാവിഹാറിന് വിദ്യാർത്ഥികളെ രജിസ്റ്റർ ചെയ്യിക്കാൻ തീരുമാനിച്ചു, 2006 ജൂൺ 1 ന് നാലാം ക്ലാസുവരെയുള്ള ക്ലാസുകൾ ആരംഭിച്ച് അതിനാവശ്യമായി മൂന്നുവാഹനങ്ങളും 2006 ഡിസംബർ, 2007 ജനുവരിയോടെ സ്വന്തമാക്കി. 2007 ജൂൺ 3 ന് 5-ാം ക്ലാസും ചേർന്ന്, സ്കൂൾ ക്ലാസ് 2008 ജൂൺ 1 ന് 400 ൽ പരം വിദ്യാർത്ഥികളും അവർക്കു വേണ്ട കാന്റീനും വാഹന ഷെഡും ചേർത്ത് ആരംഭിക്കുവാൻ എല്ലാവിധ കാര്യങ്ങളും ചെയ്തു. 2007 ജൂൺ മാസത്തിൽ ഡോ. ഹരിദാസൻ പിള്ള അക്കാദമിക് പ്രോഗ്രാം കോർഡിനേറ്ററായി ചാർജ് എടുത്തതോടെ എന്റെ ഭാരം കാര്യമായി കുറഞ്ഞു.

## ഭാരതീയ വിദ്യാവിഹാർ പുതിയ കെട്ടിട സമുച്ചയം

ഏകദേശം 28,000 സ്ക്വയർ ഫീറ്റുള്ള ഒരു മൂന്നുനില കെട്ടിടം ഭാരതീയ വിദ്യാവിഹാറിന്റെ എല്ലാ ആവശ്യങ്ങൾക്കുമായി നിർമ്മിക്കാനുള്ള യജ്ഞം കൂടെയുള്ളവരുമായി ചേർന്ന് ഏറ്റെടുക്കാനുള്ള ഭാഗ്യമുണ്ടായി. ഈ വരികൾ എഴുതുമ്പോൾ ആ കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ട് എന്ന് അഭിമാനത്തോടെ എഴുതുകയാണ്. 2007 ആഗസ്റ്റിൽ ഒരു പ്ലാൻ വരക്കുന്നതു മുതൽക്കാരംഭിച്ച് ഒക്ടോബറിൽ അതു സമർപ്പിച്ച് അതിലുള്ള കുറവുകളെല്ലാം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തകനും എൻജിനീയറുമായ ശ്രീ യു.എസ്. നാരായണന്റെ നേതൃത്വത്തിലും എൻ.എച്ച്.സി. ഡയറക്ടറായ ഡോ. ഹരിദാസൻ പിള്ളയുടെ പൂർണ്ണ ഉത്തരവാദിത്വത്തിലും ചെയ്ത്, പടിപടിയായി ഓരോയിടത്തുമുണ്ടാകാൻ സാധ്യതയുള്ള തടസ്സങ്ങളെല്ലാം നീക്കി, എൽ.ഐ.സിയിലെ ശ്രീ. ഗോപകുമാറിന്റെയും സഹായത്തോടെ തിരുവനന്തപുരത്തെ സി.ടി.ഒയിൽ നിന്നും അനുമതി ലഭിച്ച് മുമ്പോട്ടു പോയി.

ലോകമെമ്പാടും പ്രഭാഷണത്തിനു നടന്നും, പ്രവർത്തകരെ കണ്ട് സാധിക്കുന്നീടത്തോളം സഹായം സ്വീകരിച്ചും സ്വീകരിപ്പിച്ചും, ഏപ്രിൽ



Scanned with CamScanner

6-ാം തീയതി ജ്ഞാനപീഠം അവാർഡ് നേടിയ ശ്രീ.എം. ടി. വാസുദേവൻ നായർ തറക്കല്ലിട്ട്, ആ മാസാവസാനം, കുറ്റി തറച്ച്, മേയ് മാസത്തിൽ പണിയാരംഭിച്ചു. വളരെ ചുരുങ്ങിയ സംഖ്യ മാത്രം കയ്യിലുണ്ടായിരുന്നതിനാൽ ആളിക്കത്തുന്ന ഭയത്തോടു കൂടിയാണ് രാത്രി ഉറങ്ങാതെ ചിന്തിച്ചിരുന്നത്. ഹെതർ കൺസ്ട്രക്ഷൻസ് ഏറ്റെടുത്ത നിർമ്മാണ പ്രവർത്തനം വളരെ വേഗത്തിൽ നടക്കുന്നതിന്റെ സന്തോഷം മനസ്സിൽ നിറഞ്ഞപ്പോഴും, ഓരോ ബില്ലുവരുമ്പോഴുമുള്ള ഭയവുമുണ്ടായിരുന്നു. അഭ്യുദയകാംക്ഷികളുടേയും, സഹപ്രവർത്തകരുടേയും, ഐ.ഐ.എസ്.എച്ച്. കുടുംബാംഗങ്ങളുടേയും, സഹകരണവും അനുഗ്രഹവും അവരുടെ വിയർപ്പിന്റെ വിലയും എനിക്ക് വെച്ച് നീട്ടിയപ്പോൾ അതുപയോഗിച്ചായിരുന്നു രണ്ടു കോടി രൂപ ഈ കെട്ടിടമുയർന്നത്.

2009 മാർച്ച് 8-ാം തീയതി സ്കൂളിന്റെ ഉൽഘാടനം നിശ്ചയിച്ചിരുന്നത് ഒരു ദിവസം നേരത്തേയാക്കി മാർച്ച് 7-ാം തീയതി ശനിയാഴ്ച നടത്തുകയായിരുന്നു. പ്രഗത്ഭരായ എം.എൽ.എമാരും പഞ്ചായത്ത് പ്രസിഡന്റും, ആരാധ്യനായ പത്മഭൂഷൺ യേശുദാസും ഈ കെട്ടിടം ഉൽഘാടനം ചെയ്യുന്നവേളയിൽ അവരുടേതായ പങ്കുവഹിച്ചിരുന്നു. ഭാരതീയ വിദ്യാവിഹാറിനും നാഷണൽ ഹെറിറ്റേജ് സെന്ററിനും ഇൻസ്റ്റിറ്റ്യൂട്ടിനും എല്ലാവിധ സഹായങ്ങളും സഹകരണവും പഞ്ചായത്ത് പ്രസിഡന്റും എം.എൽ.എ മാരും വാഗ്ദാനം ചെയ്തപ്പോൾ "ഭാരതീയമായ 64 കലകളും പഠിപ്പിക്കാനുള്ള ഒരു കേന്ദ്രമാക്കി അതിനെ വളർത്തണമെന്നും അത് എന്റെ അവസാന ശ്വാസത്തിനു മുമ്പാകണമെന്ന് ഞാനഭ്യർത്ഥിക്കുന്നു" എന്ന് ഞാൻ പറഞ്ഞു. ആയിരത്തി അഞ്ഞൂറിൽ പരം ജനങ്ങൾ പങ്കെടുത്ത സദസ്സിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ എല്ലാ പ്രവർത്തകരും പറയുന്നുണ്ടായിരുന്നു ഇത്രയും ഉജ്ജ്വലമായ കെട്ടിടം ഇത്രയും വേഗത്തിൽ തീർന്നത് അത്യത്ഭുതകരമാണെന്ന്! ഞാൻ മനസ്സിൽ പ്രാർത്ഥിച്ചു. അഹം എന്ന സിനിമയിൽ മോഹൻ ലാൽ പാടി നടന്ന പാട്ടിന്റെ വരി ഞാനും രാഗമില്ലാതെ ഭക്തിയോടെ പറഞ്ഞു.

"നന്ദിയാരോടു ഞാൻ ചൊല്ലേണ്ടു......"

ജഗദീശ്വരനോടും മറ്റെല്ലാവരോടും....!

## നൂതനസന്ദേശ പ്രചരണ മാർഗം

അത്യന്താധുനിക സംവിധാനമുപയോഗിച്ച് പ്രഭാഷണങ്ങളും, ലേഖനങ്ങളും പൈതൃക പുസ്തകങ്ങളും, സന്ദേശങ്ങളും, വിവരണങ്ങളുമെല്ലാം നിരന്തരം വെബ് സൈറ്റിലൂടെ ലോകത്തിലെല്ലായിടത്തും എത്തിക്കാനുള്ള സംവിധാനങ്ങൾ പൂർത്തിയാക്കി നിരന്തരം നവീകരിച്ചുകൊണ്ടേയിരുന്നത് ടാറ്റാ എലിക്സിയിലെ ഗിരീഷും, ബാംഗ്ലൂരിലെ ശ്രീ.



Scanned with CamScanner

ദിനേശ് ബാബുവും, ദുബായിലെ ശ്രീകൃഷ്ണമൂർത്തിയുമായിരുന്നു. ഈ വെബ്സൈറ്റിലൂടെ എന്റെ പ്രഭാഷണപരിപാടികൾ ജനങ്ങൾക്കെത്തിച്ചുകൊണ്ടേയിരുന്നു. എല്ലാ വ്യാഴാഴ്ച ദിവസവും ലക്ഷക്കണക്കിന് ജനങ്ങൾക്ക് നേരിട്ട് തിരുവനന്തപുരം, ബാംഗ്ലൂർ, ദുബായ് എന്നിവിടങ്ങളിൽ നിന്നും കൂടാതെ ആയിരക്കണക്കിന് പ്രവർത്തകരിലൂടെയും തേസ്ഡേ മെസ്സേജ് അയച്ചുകൊണ്ടിരുന്നു.

ഇന്ത്യാവിഷൻ, ഏഷ്യാനെറ്റ്, കൈരളീ ടിവിയിലൂടെ സമകാലീന പ്രസക്തമായ പ്രശ്നങ്ങൾക്ക് മറുപടിയും പ്രശ്ന പരിഹാരങ്ങളും വാർത്തകൾക്കിടക്ക് നൽകികൊണ്ടിരുന്നു. സൂര്യ ടിവി, എ.സി.വിയിലൂടെ കേരളമെമ്പാടും, കേരളത്തിനു പുറത്തും മാസങ്ങളോളം നീണ്ടുനിൽക്കുന്ന പ്രഭാഷണപരമ്പരകൾ നടക്കുന്നു. പാലക്കാട് എസിവിയിലൂടെ മാസങ്ങളോളം നീണ്ടുനിൽക്കുന്ന പരിപാടികൾ നടക്കുകയുണ്ടായി. പാലക്കാട് ജില്ലയിൽ അങ്ങോളമിങ്ങോളമുള്ള കേബിൾ ടിവികളായ യു.ടി.വി, പി.സി.വി, എസ്.ടിവി, സി.ടിവി എന്നിവയിലൂടെ വർഷങ്ങളായി രാവിലേയും വൈകുന്നേരവും എന്റെ പ്രഭാഷണങ്ങൾ എത്താറുണ്ടെന്ന് അവിടത്തെ ജനസഹസ്രങ്ങളറിയിക്കാറുണ്ട്. ആൾ ഇന്ത്യാ റേഡിയോവിലൂടെ തേൻതുള്ളികൾ എന്ന ലഘുസന്ദേശപരിപാടികൾ കാര്യമായി ജനശ്രദ്ധ പിടിച്ചു പറ്റിയപ്പോളാണ് റേഡിയോയുടെ മഹത്വം ഞാനറിഞ്ഞത്.

അമൃത ടിവിയിലൂടെ കഴിഞ്ഞ മൂന്നു വർഷങ്ങളായി പ്രതിദിനം മൂന്നു സമയങ്ങളിൽ പൈതൃക സന്ദേശം അസാധാരണമായ സ്വീകരണം ഏറ്റുവാങ്ങുന്നു എന്ന് അതിന്റെ സംഘാടകൻ ശ്രീ. രെജി സൈൻ അറിയിക്കുമ്പോൾ സംതൃപ്തി തോന്നാറുണ്ട്.

### ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശാഖോപശാഖകൾ

കേരളത്തിലെ വിവിധ ജില്ലകളിലും, കേരളത്തിനു പുറത്തും പലയിടങ്ങളിൽ മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലും, അമേരിക്ക, കാനഡ, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിലുമെല്ലാം ചെറിയ രീതിയിൽ പ്രഭാഷണങ്ങളും ശിബിരങ്ങളും സംഘടിപ്പിക്കുവാൻ ശാഖകളാരംഭിക്കുവാൻ പാകത്തിനുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ ജഗദീശ്വരൻ അനുഗ്രഹിച്ചു.

### ലഭിച്ച പുരസ്കാരങ്ങളും അംഗീകാരങ്ങളും

ഈ സംഭവങ്ങൾക്കെല്ലാം സമൂഹം ഞാൻ അർഹിക്കുന്നതിനേക്കാൾ കൂടുതൽ അംഗീകാരം നൽകിക്കൊണ്ടിരിക്കുന്നു എന്നു തോന്നുന്നു. ശ്രീ രാഘവേന്ദ്ര പുരസ്കാരം, (രണ്ടു പ്രാവശ്യം) ജീനിയസ് ഓഫ് ദ ഇയർ പുരസ്കാരം, സേവാ രത്ന പുരസ്കാരം, പരീക്ഷിത് തമ്പു

രാൻ സ്മാരക പുരസ്കാരം, ഭാരതീയ സംസ്കൃതി രത്ന പുരസ്കാരം, വിജയദശമി പുരസ്കാരം, ശ്രീ.കെ.വി.ബാലകൃഷ്ണ മേനോൻ സ്മാരക പുരസ്കാരം, കർട്ടിസ് വിൽസൺ കൊളോക്കിയം അവാർഡ്, ജ്യോതിഷ ചൂഡാമണി, ജ്യോതിശാസ്ത്ര ശിരോമണി, ഫിലോസഫർ സയിന്റിസ്റ്റ് ടൈറ്റിൽ സ്വതന്ത്ര ഭാരതത്തിൽ ആദ്ധ്യമായി ശാസ്ത്രമണ്ഡലത്തിൽ ഔദ്യോഗികമായി പ്രവർത്തിക്കുന്ന വ്യക്തിക്ക് ഡി.ലിറ്റ് ബിരുദം എന്നിവ യെല്ലാം സ്വീകരിക്കാനുള്ള അവസരം ഭാരത മാതാവ് എനിക്കു നൽകി.

**എന്റെ അനൗദ്ധ്യോഗിക ജീവിതത്തിന്റെ ഭാഗമായ ഇവരെ ഞാനി വിടെ ഒരിക്കൽ കൂടി സ്മരിക്കട്ടെ**

എന്റെ ഔദ്യോഗിക ജീവിതത്തിൽ ചെയ്യുവാൻ സാധിച്ചതിനേക്കാൾ കുറേയേറെ കാര്യങ്ങൾ ഭാരതത്തിലും ഭാരതത്തിനു പുറത്തും ചെയ്തു തീർക്കുവാൻ ജഗദീശ്വരാനുഗ്രഹമുണ്ടായി. ഭാരതീയ പൈതൃകം ലോകമെമ്പാടുമുള്ളവർക്ക് എത്തിക്കുക, ലക്ഷ്യവും മാർഗവുമതാണ്. വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ജനറേറ്റർ എത്ര ശക്തിയുള്ളതാണെങ്കിലും അവിടെയുൽപാദിപ്പിക്കുന്ന വൈദ്യുതി ഓരോ ഗൃഹത്തിലുമെത്തണമെങ്കിൽ അതുവഹിച്ചുകൊണ്ടുപോകുന്ന കമ്പികൾക്ക് താങ്ങായി ഇലക്ട്രിക് പോസ്റ്റുകൾ ഉണ്ട്. ആ വൈദ്യുതിയുടെ നിലവാരം താഴാതെ ഉയർത്തി നിലനിർത്താൻ ട്രാൻസ്ഫോർമറുകൾ വേണം. ഇവയെല്ലാം ശരിയായിട്ടു തന്നെ നിലനിർത്താൻ പവർ ഹൗസുകൾ വേണം. ഇതേപോലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജിന്റെ സന്ദേശം ജനലക്ഷങ്ങളിലെത്തിക്കാൻ ആയിരക്കണക്കിന് ജനങ്ങൾ നിരന്തരം പ്രവർത്തിക്കുന്നു, അവരെ കോർഡിനേറ്റ് ചെയ്യാൻ, കോർഡിനേറ്റഴ്സും, അവർക്ക് നിർദേശം നൽകാൻ പവർ ഹൗസുകളായി അനവധി പ്രഗൽഭരും വേണം. ഇവരില്ലാതെ ഈ പൈതൃകയജ്ഞം എനിക്കും എന്റെ കൂടെ പ്രവർത്തിക്കുന്നവർക്കും മുന്നോട്ടുകൊണ്ടു പോകാൻ സാധ്യമല്ല. ഞാനവരിൽ ചിലരെ ഇവിടെ സ്മരിക്കട്ടെ.

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാനായ ഡോ. സാംബശിവനും, ട്രസ്റ്റികളായ ശ്രീ. അച്ചുതൻ നായർ, ശ്രീ. പരമേശ്വരൻ, ശ്രീ. ശീനിവാസൻ, ശ്രീ. വാസുദേവൻ, ശ്രീ. ഗിരീഷ് എന്നും കൂടെയുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാമ്പത്തീക കാര്യങ്ങൾക്കെല്ലാം അതീവ ആത്മാർത്ഥതയോടെ മാർഗനിർദേശങ്ങൾ നൽകുന്ന ശ്രീ. ദിലീപ് (ഓഡിറ്റർ) എനിക്ക് ഒരു സഹോദരനും ബന്ധുവും സുഹൃത്തുമെല്ലാമാണ്.

തിരുവനന്തപുരത്തെ കർമ്മമണ്ഡലത്തിൽ സഹായിക്കുന്ന ശ്രീ.കെ. ആർ. പ്രസാദ്, ശ്രീ. കുഞ്ഞ് ഇവർ ആർ ആറെല്ലിലെ എന്റെ സഹപ്രവർത്തകരുമാണ്. ശ്രീ.രാജപ്പൻ (VSSC), ശ്രീ. കൃഷ്ണകുമാർ (LIC), ശ്രീ.



Scanned with CamScanner

ഗോപകുമാർ (LIC), ശ്രീ. ഗോപകുമാർ (ISRO) അഡ്വ. പ്രസാദ് എന്നിവരുമുണ്ട്. എന്നെ നിത്യവും ഓഫീസിൽ സഹായിക്കുന്ന ശ്രീ. വിജയാ ഗോപകുമാർ, സിന്ധു എന്നിവരും വാഹനത്തിന്റെ സാരഥിയായി ശ്രീകുമാറും, എക്കൗണ്ട്സ് കാര്യങ്ങൾ നോക്കുന്ന ശ്രീ ശ്യാം, മറ്റു സഹായങ്ങൾ തരുന്ന ശ്രീ. വിനോദ് എന്നിവരും കൂടെയുണ്ട്.

എറണാകുളത്ത്, ശ്രീ.ആർ.വി. ഷേണായ്, ശ്രീ. അജിത് കുമാർ, ശ്രീ. സദാനന്ദ ഭട്, ശ്രീ. ഹരികുമാർ, ശ്രീ. ദിവാകരൻ, ശ്രീ. മധുസൂദനൻ, ശ്രീ. പ്രഭാകരൻനായർ, ശ്രീ. എൻ.എൻ. മേനോൻ, ശ്രീ. ശ്രീനിവാസൻ ശ്രീ. സെന്തിൽനാഥ്, ശ്രീ. പ്രകാശ് എന്നിവർ സ്മരണയിലുണ്ടാകും. ആലപ്പുഴയിലെ ശ്രീ. കെ. വി. ഗോപാലകൃഷ്ണൻ, പ്രൊഫ. ഗോപാലകൃഷ്ണൻ, ശ്രീ. പണിക്കർ, ശ്രീ. നായക്, ശ്രീ. പത്മകുമാർ, തുറവൂരിലെ രാജേഷ് ഡി. പൈ, ഹരിപ്പാടിലെ ശ്രീ. കുട്ടൻ വൈദ്യൻ, ചേർത്തലയിലെ സനൽ എന്നും കൂടെയുള്ളവരാണ്.

കോട്ടയത്തെ ശ്രീ. ജി. കെ. നായർ, ശ്രീ. പി. എൻ. ഗോപാലകൃഷ്ണൻ, മാവേലിക്കരയിലെ പ്രൊഫ. അനന്തശിവ അയ്യർ, കൊല്ലത്തെ ശ്രീ. ഗോപാലകൃഷ്ണൻ സ്മരണയിൽ എന്നുമുണ്ടാകും. തൃശ്ശൂരിലെ എന്റെ ജ്യേഷ്ഠ സഹോദരനു തുല്യനായ ശ്രീ.എം. വാസുദേവൻ, വാടാനപ്പള്ളിയിലെ ശ്രീ. മോഹനൻ, ഇരിഞ്ഞാലക്കുടയിലെ പ്രൊഫ. മാധവൻ കുടെയെന്നുമുള്ളവരാണ്. ശ്രീ. താരാനാഥും, ശ്രീ. ഹരിഹരനും, നിത്യസഹായികളായി കൂടെ പ്രവർത്തിക്കുന്നു.

പാലക്കാട് ജില്ലയെ മാറ്റി മറിച്ച് ഭാരതീയ പൈതൃകം ജനലക്ഷങ്ങളിലെത്തിച്ചത് ശ്രീ. മാണിക്കൻ (UTV), ശ്രീ. മനോഹരൻ, ശ്രീ. ശങ്കരനാരായണൻ (Khadi board), ശ്രീ.സി.കെ. ഹരിദാസ് (BSNL), മായിമനോഹർ (ITI) കൂടാതെ നിരന്തരം പ്രവൃത്തി പഥത്തിലുള്ള ശ്രീ. സാജു, ശ്രീ. സോമസുന്ദരൻ മാഷ്, ശ്രീ. മോഹനൻ, ശ്രീ. രവീന്ദ്രൻ, ശ്രീ. എൻ.എൻ. രാമചന്ദ്രൻ, ശ്രീ. വിജയകുമാർ ഇവരെപോലെ ഇനിയുമുണ്ട് അനവധി പേർ.

മലപ്പുറത്തെ ശ്രീ. മുരളിയും, ശ്രീ. ഗോപാലകൃഷ്ണനും, വയനാട്ടിലെ ശ്രീ. കെ. പി. ശ്രീധരനും, ഡോ. നാരായണൻനായരും, കോഴിക്കോടിലെ ശ്രീ.ഡി.വി.എസ്. നമ്പൂതിരിപ്പാടും, ശ്രീ. ബാലകൃഷ്ണൻ പണിക്കശ്ശേരിയും, ശ്രീ. എ.കെ. നാരായണനും, വടകരയിലെ ശ്രീ. അനിൽകുമാർ, ശ്രീ. ബിജു, തലശ്ശേരിയിലെ ശ്രീ. പ്രസാദും, പ്രശാന്തും, ശ്രീ. ഗോപാലകൃഷ്ണനും, കണ്ണൂരിലെ ശ്രീ. പി.എൻ. ശശികുമാറും, ശ്രീരഞ്ജിത്, ശ്രീ. രാജേഷ്, ശ്രീ.കെ.എം. നാരായണൻ, കാസർഗോഡിലെ അഡ്വ. ബാലകൃഷ്ണൻനായർ എന്നിവരുടെ സഹകരണം മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.



Scanned with CamScanner

മംഗലാപുരത്തെ ശ്രീ. എം. എൻ. ഷേണായ്, ബാംഗ്ലൂരിലെ ശ്രീ. കല്യാണരാമൻ, പ്രൊഫ. രാമസ്വാമി, ശ്രീ. ദിനേഷ് പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നവരാണ്. കോയമ്പത്തൂരിലെ ശ്രീകാന്ത്, ഡോ.കൃഷ്ണകുമാർ (AVP), പ്രൊഫ. ജോഷി. സി. ഹരൻ, ചെന്നൈയിലെ ശ്രീ. ഹരിനാരായണൻ, അജിൽ കുമാർ, ശ്രീ. ശശികുമാർ, ബോംബേയിലെ ശ്രീ. ജയരാമൻ, ശ്രീ. രാജൻനായർ, ശ്രീ. അനിൽകുമാർ, ശ്രീദേവദാസ് നായർ കർമ്മമണ്ഡലമുപേക്ഷിച്ചും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരാണ്. സാമ്പത്തീകമായി സഹായിച്ച ബോംബേയിലെ ശ്രീ. ശിവശങ്കരനെ ഈ ജന്മത്ത് മറക്കാനാവില്ല, അതുപോലെതന്നെ ശ്രീനാരായണ മന്ദിര സമിതി പ്രവർത്തകരേയും. ഡൽഹിയിലെ ശ്രീ. ആർ.ജി. നായർ, അവിടെയുണ്ടായിരുന്ന ശ്രീ. വിനോദ്, ശ്രീ. ഉണ്ണിത്താൻ ഇവരും സ്വന്തം നിലയിൽ പ്രവർത്തിച്ചവരാണ്.

ദുബായിലെ ശ്രീ. കൃഷ്ണമൂർത്തി, ശ്രീ. ഭാസി, ശ്രീ. രമേഷ്, ശ്രീ. ഗോപാലകൃഷ്ണൻ, ശ്രീ. ബാലചന്ദ്രൻ, ശ്രീ. നുരേന്ദ്രനാഥ് തുടങ്ങി അനവധി വ്യക്തികളും മസ്കറ്റിലെ ശ്രീ. പ്രസന്നൻ, ശ്രീ. ജനാർദ്ദനൻ, ശ്രീ. സി.എൻ.പി. നമ്പൂതിരി, ശ്രീ. ദിവാകരൻ, സോഹറിലെ ശ്രീ. രമേഷ്, ശ്രീ. ബാബു, സലാലയിലെ ശ്രീ. സനാതനൻ, ആനന്ദൻ, കുവൈറ്റിലെ ശ്രീ. കൃഷ്ണദാസമേനോൻ, ശ്രീ. വിജയൻ എലതൊലി സ്മരണയിൽ മായാതെ നിൽക്കുന്നവരാണെന്നും!

അമേരിക്കയിലെ ടെക്സാസിലെ ശ്രീ. സോമരാജൻ നായർ, ചിക്കാഗോവിലെ ശ്രീ. ജയപ്രകാശ്, ഡോ. നാരായണ സ്വാമി, ശ്രീ. രാജീവ്, പ്രൊഫ. മുരളി ഡി നായർ, ശ്രീ. ശ്രീധരൻനായർ, കാനഡയിലെ ഡോ. ഭാസ്കരൻ, ശ്രീ. വേണുഗോപാൽ, ശ്രീ. കുറുപ്പ്, ടൊറന്റോയിലെ ശ്രീ. ബാബു സഹദേവ്, വാങ്കൂവറിലെ ശ്രീ കൃഷ്ണൻ അയ്യർ, ശ്രീ. ധനപത്റായി കർമ്മമണ്ഡലത്തിലെ ചിരഞ്ജീവികളാണ്. ഇംഗ്ലണ്ടിലെ ഡോ. പരമേശ്വരൻ, ഡോ. സുകുമാരൻനായർ, ആസ്ട്രേലിയായിലെ ശ്രീമതി സരസ്വതി, ശ്രീ. രഘുനാഥ്, ശ്രീ. അനിൽ ഇവരെല്ലാം അവിസ്മരണീയരാണ്. സിംഗപ്പൂരിലെ ശ്രീ. മണികണ്ഠൻ, ശ്രീമതി ലളിതയും എന്നു മനസ്സിലുണ്ട്.

തൃശ്ശൂർ മഴുവഞ്ചേരിയിലെ ക്ഷേത്രവും ഭൂമിയും ഇൻസ്റ്റിറ്റ്യൂട്ടിനു നൽകിയ കൊട്ടിലിൽ തറവാട്ടിലെ അംഗങ്ങൾക്കും, അതിനു കാരണക്കാരനായ ശ്രീ. രാഘവമാരാർക്കും ശതകോടിവന്ദനം അർപ്പിക്കുന്നു.

എൻ.എച്ച്.സിയിലെ ഡയറക്ടറായി പ്രവർത്തിക്കുന്ന ഡോ. ഹരിദാസൻ പിള്ളക്കും സഹപ്രവർത്തകരായ ശ്രീ. താരാനാഥ്, ശ്രീ. കൃഷ്ണമൂർത്തി, ശ്രീ. ബാബു, ശ്രീ. രാജൻ, എൻജിനീയറായ ശ്രീ. നാരായണനും, ഭാരതീയ വിദ്യാവിഹാർ കെട്ടിടം നിർമ്മിച്ച ശ്രീ. രാജീവിനും അദ്ദേ



Scanned with CamScanner

ഹത്തിന്റെ ഹെതർ കൺസ്ട്രക്ഷൻസിലെ എല്ലാ സഹപ്രവർത്തകർക്കും പ്രണാമമുണ്ട്. അവിടത്തെ സൂപ്പർവൈസർമാരും, ടോണിയും, മനോജും, ടാറ്റാ എലിക്സിയിലെ ശ്രീ. ജോർജും, കെട്ടിടനിർമ്മാണത്തിൽ സഹായിച്ച അനേകം വ്യക്തികൾക്കും പ്രണാമമുണ്ട്.

എല്ലാ സിഡികളും വിസിഡികളും യഥാസമയം നൽകുന്ന ശ്രീ. അഭിലാഷിനും, എല്ലാ പ്രസിദ്ധീകരണങ്ങളും അടുക്കും ചിട്ടയോടെയും ചെയ്തു കൊണ്ടിരിക്കുന്ന ശ്രീപ്രിന്റേഴ്സിലെ ശ്രീ. രാമകൃഷ്ണൻ നായർക്കും അദ്ദേഹത്തിന്റെ സഹപ്രവർത്തകർക്കും കൃതജ്ഞതയുണ്ട്. ഭാരതീയ വിദ്യാവിഹാറിലേയും, ഭാരതീയ ശിശുവിഹാറിലേയും, ഭാരതീയ കലാവിഹാറിലേയും എല്ലാ അദ്ധ്യാപികമാരും, സഹപ്രവർത്തകരും എന്നുമെന്നും സ്മരണയിലുണ്ടാകും.

ചെറുതും വലുതും ലളിതവും കഠിനവുമായ അനവധി കർമ്മങ്ങൾ രാഷ്ട്രത്തിനുവേണ്ടി ചെയ്യുവാൻ എന്നെ സഹായിച്ച നൂറുകണക്കിന് വ്യക്തികളുണ്ട്. അവരുടെ എല്ലാവരുടേയും പേരുകൾ ഇവിടെ ചേർക്കുന്നത് അപ്രായോഗികം. എങ്കിലും അവരുടെയെല്ലാം ചിത്രവും, കർമ്മവും, ത്യാഗവും എന്റെ കർമ്മധർമ്മ ബന്ധത്തിലെ കണ്ണികളാണ്. ജനറേറ്ററിലെ വൈദ്യുതി ലോകമെമ്പാടും എത്തിച്ചുകൊണ്ടിരിക്കുന്നവരാണവർ, ഭാരതീയ ചൈതന്യം ലോകമെമ്പാടും എത്തിക്കുന്ന അവർക്കുമെന്റെ കൃതജ്ഞത.

**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജിന്റെ നാഷണൽ ഹെറിറ്റേജ് സെന്ററിനെ അനുനിമിഷം വളർത്തിയ പരമപൂജനീയ ശ്രീ.ജി.വി. ഈശ്വർജിയോടും കുടുംബത്തിനോടും അനന്തമായ കടപ്പാടുണ്ട്.**

വളരെയേറേ പേരുകൾ ഇവിടെ ചേർക്കാൻ സാധിക്കാതെ മനസ്സിലുണ്ട്. അവർക്കെല്ലാം നിറഞ്ഞ ഹൃദയത്തോടെ പ്രണാമവും കൃതജ്ഞതയുമുണ്ട്.

**ഈ ജീവചരിത്ര രചന ഇവിടെ അവസാനിപ്പിക്കട്ടെ!**

എന്നും കരയുന്ന ഈ ശിശു ദാരിദ്ര്യത്തിൽ ജനിച്ച്, വളർന്ന് ശാന്തിക്കാരനും, പൂജാരിയും, വിളമ്പുകാരനും, ഹോട്ടൽ സപ്ലയറും, പാചകക്കാരനും, ട്യൂഷൻ മാഷും, കെമിസ്റ്റും, ട്യൂട്ടോറിയൽ കോളേജ് അദ്ധ്യാപകനും, റിസർച്ച് ഫെല്ലോയും, ശാസ്ത്രജ്ഞനും ആയിത്തീർന്ന് ഇന്നും ജീവിക്കുന്നു. പത്തുവർഷം പഠിച്ചാലും കെമിസ്ട്രി പാസ്സാവില്ലെന്ന അനുഗ്രഹം, പത്തുവർഷം കഴിഞ്ഞാലും മാത്തമറ്റിക്സിൽ കരകയറില്ലെന്ന അനുഗ്രഹം, ബാവർച്ചി എന്ന സിനിമയിലെ കഥാപാത്രത്തിലെ ആവേശം, സ്വദേശി ശാസ്ത്രപ്രസ്ഥാനത്തിൽ നിന്നു ലഭിച്ച കുറ്റാരോപണം, കർമ്മമണ്ഡലത്തിലെ ഗവേഷണശാലയിൽ നിന്നു



Scanned with CamScanner

ലഭിച്ച ദുഃഖാനുഭവങ്ങൾ എല്ലാം എന്റെ ജീവിതാനുഭവങ്ങൾ ആസ്വദിക്കുന്നതിന് ജഗദീശ്വരൻ നൽകിയ ഏറ്റവും വലിയ അനുഗ്രഹങ്ങളായി ജീവിതത്തിന്റെ അവസാന ശ്വാസം വരെ സ്മൃതി മണ്ഡലത്തിലുണ്ടാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

എനിക്ക് ജന്മം നൽകി വളർത്തി വലുതാക്കിയ എന്റെ അച്ഛൻ ശ്രീ. നാരായണൻ എമ്പ്രാന്തിരിയോടും, എന്റെ അമ്മ ശ്രീമതി സത്യഭാമയോടും, എന്റെ കർമ്മമണ്ഡലത്തിലെ പ്രവർത്തനങ്ങൾ ക്രമാതീതമായി വർധിക്കുമ്പോഴും ആ വേളയിലെല്ലാം സഹനശക്തി കാണിച്ച് നിശ്ശബ്ദയായി എന്നെ സഹായിച്ച എന്റെ ഭാര്യ രുഗ്മിണിയോടും അച്ഛന്റെ സ്നേഹവാത്സ്യങ്ങൾ അർഹിക്കുന്നത്രയും കൊടുക്കാതിരുന്നിട്ടും പരിഭവങ്ങളില്ലാത്ത എന്റെ മകൾ ഹേമയോടും മകൻ ഹരീഷിനോടും എന്നെ തളർത്താതെ ഈ കർമ്മമണ്ഡലത്തിൽ നിലനിർത്തിയതിന് അവരോടെല്ലാം കടപ്പാടുണ്ട്.

ഈ കർമ്മമണ്ഡലത്തിലൂടെ പ്രയാണം ചെയ്യാൻ എന്നെ സഹായിച്ചനുഗ്രഹിച്ച, സഹകരിച്ച, പ്രോത്സാഹിപ്പിച്ച, മാർഗനിർദ്ദേശം നൽകിയ ഓരോരുത്തരോടും ഈ ഗോപാലകൃഷ്ണൻ നിറഞ്ഞ ഹൃദയത്തോടെ, നന്ദിയുടെ പുഷ്പങ്ങളർപ്പിച്ചു പറയുന്നു പ്രണാമം! ഏറ്റെടുത്ത ദൗത്യം, സത്യം, ധർമ്മം, നീതി, ന്യായം എന്നീ ലക്ഷ്യത്തോടെയും മാർഗത്തോടെയും ചെയ്തു തീർക്കുവാൻ ഒപ്പം നിന്ന് സഹകരിച്ച നൂറുകണക്കിന് പ്രവർത്തകരുണ്ട്. സമയവും, ഊർജ്ജവും, സമ്പത്തും സമർപ്പിച്ച് തിരിച്ചൊന്നും പ്രതീക്ഷിക്കാതെയും, പേരിനും പ്രസിദ്ധിക്കും വേണ്ടി ചിന്തിക്കാതെയും, നഷ്ടവും വേദനയും സഹിച്ചും ഭാരതത്തിനു വേണ്ടി പ്രവർത്തിച്ചവരോടെല്ലാം പറയുന്നു. "എന്റെ പ്രാർത്ഥനയും പ്രാർത്ഥനയുടെ ഫലവും എന്നും നമുക്കു പങ്കുവെക്കാം. അത് രാഷ്ട്രത്തിനും കൂടെ നിന്നവർക്കുമായി സമർപ്പിക്കുന്നു." **ഇനി ഒരു പത്തു ജന്മമുണ്ടെങ്കിൽ പത്തു ജന്മവും പരമ പവിത്ര ഭാരതത്തിന്റെ തന്നെ മക്കളായി ജനിക്കാൻ നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം, കർമ്മനിരതരാകാം.**

നിറഞ്ഞ കണ്ണുകളോടെ, നിറഞ്ഞ ഹൃദയത്തോടെ എന്റെ സഹപ്രവർത്തകരായ കുടുംബാംഗങ്ങളെ നിങ്ങൾക്കു പ്രണാമം!

രാഷ്ട്രായ സ്വാഹാ രാഷ്ട്രായ ഇദം ന മമ

*



Scanned with CamScanner

Prof. A. Anantha Siva Iyer
Valia Matom, Mavelikara
0479-2302883

Dear Shri. Gopalakrishnan,

Hope this finds you in the best of your spirits. I write this to convey to you my impressions about your biographical sketch.

Once while Gandhiji was writing his autobiography to be published as a serial in the magazine 'Navajeevan' one of his close friends approached him and asked him whether he did not know that writing an autobiography was a practice peculiar to the westerners. They did it for two reasons-self glorification and running down their rivals. They indulged in exaggeration to speak about their greatness and in extenuation to belittle the achievements of their adversaries. Gandhiji was struck by this well-intentioned remark. He told his friend that he would not call the sketch an autobiography. Instead he preferred to call it 'The story of My Experiments with Truth'. The Mahatma never swerned from the path of Truth. In the book he speaks the truth, the whole truth and nothing but the truth. Even a casual reading of Gandhiji's work will tell you that it is more a confession of his short comings and failures than a record of his achievements.

Gopalakrishnan's life story 'എന്റെ ജീവിതാനുഭവങ്ങൾ' deserves to be read along with the great work mentioned above.

The sufferings and hardship you underwent as a boy, your bitter experiences as a supplier in hotel Dwaraka, your assignment as a priest in the Paaramara Temple, your visit to the Ayyappa Temple of the fisherfolk in Kovalam, the inspiration and encouragement you got from Dr. P.S. Raman Sir, the tension and anxiety you experienced before joining the C.S.I.R, your bitter experiences in the Sankara University where the officers and Professors were politically motivated and how they refused to consider your thesis, how you finally withdrew your thesis and how the Thirupathy University recognized your genius and offered you the highest honour 'D. Lit', your visit to Canada, America and Chicago, the vivid de-

Scanned with CamScanner

scription of you travel reminding one of Shri. S.K. Pottakkad's Travelogues,your meeting Bhagavan Baba and the valuable directions he offered to you in your dreams and how you strictly follow His instructions even today, the circumstances under which you were forced to start the Indian Institute of Scientific Heritage and the hundreds of lectures you have delivered in various places in India and abroad exhorting the listeners to become aware of India's proud heritage, how you have been able to undertake and complete many useful projects, how the Mazhavancherry unit of the I.I.S.H and the Bharatheeya Vidya Vihar started functioning-fill one with awe and admiration. The candid but vivid descriptions of your experiences bear testimony to the remarkable trait of your personality, namely your buoyant optimism, your unfinching faith in the Providence that guides and inspires you, your indomitable will and the eagerness to inculcate in all the awareness about our proud heritage. It has been pointed out by your revered teacher Shri. T.P. Aravindakshan that you have come only half the way. Let me bring to your kind attention that yu have 'many more miles to go before you sleep'. You have done much, but kindly remember that much more remains to be done. I am quite confident that you will be able to transform the society whose values have eroded into the abyss.

On this occasion I offer my sincere prayers to the Alimighty to bless you with long life, and sound healh, to carry on your mission conscientiously.

One word-I have read your book only once. Now my wife is reading it. Reading the book is as interesting and impressive as listening to your lectures. One does not look at tha watch or yawn while listening to your lectures or reading your life sketch.

With blessings

Yours in service

12.12.2009

A. ANANTHASIVA IYER

ഈ മനുഷ്യജന്മത്തിൽ ജീവിതത്തിന്റെ സുഗന്ധം ആസ്വദിക്കാൻ അവസരം നൽകിയ ജഗദീശ്വരനും, ഈ മഹായജ്ഞത്തിൽ കൂടെനിന്നവർക്കും, രാഷ്ട്ര ത്തിനായി ജീവിതത്തിന്റെ ഓരോ നിമിഷവും ഉപയോ ഗിക്കണമെന്ന് നിർദ്ദേശിച്ചാശീർവദിച്ച മാതാപിതാ ക്കൾക്കും, അതിനായി എന്നെ സഹായിച്ച ലോക ത്തിലെ എന്റെ എല്ലാ കുടുംബാംഗങ്ങൾക്കുമായി ഞാനെന്റെ ചെറുതും വലുതുമായ ജീവിതത്തിലെ അനുഭവങ്ങൾ ക്രോഡീകരിച്ചെഴുതിയ ഈ

പുസ്തകം

**എന്റെ ജീവിതാനുഭവങ്ങൾ**

സമർപ്പിക്കുന്നു

നമുക്കു നമ്മുടെ രാഷ്ട്രത്തിനായി ജീവിക്കാം!
ഭാരതത്തിനായി ജീവിക്കാം

പ്രണാമം പ്രണാമം പ്രണാമം

Scanned with CamScanner